# ദാമ്പത്യ മര്യാദകള്‍
## പ്രവാചക ചര്യയില്‍

മുഹമ്മദ് നാസ്വിറുദ്ദീന്‍ അല്‍ബാനി(റ)

വിവര്‍ത്തനം:
സയ്യിദ് സഅ്ഫര്‍ സ്വാദിഖ്

# آداب الزفاف
## في السنة المطهرة

محمد ناصر الدين الألباني - رحمه الله-

ترجمة: سيد سعفر صادق

Web edition by:
islamhouse.com

# മുഖവുര

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹു വിൻെറ നാമത്തിൽ, അവൻെറ പ്രവാചകരിലും, കുടുംബ ങ്ങളിലും, അനുചരന്മാരിലും സദാ ശാന്തിയും, സമാധാന വും വർഷിക്കുമാറാവട്ടെ,

മാനവരാശിയുടെ മുന്നിൽ പ്രവാചകതിരുമേനി (ﷺ)യുടെ ജീവിതം തുറന്ന് വെച്ച രൂപത്തിൽ ഒരാളുടെയും ജീവിതം നമുക്ക് ലോകത്ത് കാണുവാൻ സാധ്യമല്ല, ചെറുതും, വലുതും, നിസ്സാരവുമായിട്ടുള്ള എല്ലാ കാര്യവും അതിൽ അടങ്ങിയിട്ടുണ്ട്. മുസ്ലിംസമൂഹം വിശുദ്ധ ഖുർആനിനോടൊപ്പം തന്നെ പ്രവാച കതിരുമേനിയുടെ ജിവിതചര്യയും പ്രമാണമായി അംഗീകരിക്കുന്നു, ഇസ്ലാ മിക ശരീഅത്തനുസരിച്ച് ഒരു പ്രവർത്തനം സൽകർമ്മമാ യി അംഗീകരിക്കുവാനും, അതിന് പരലോകത്ത് പ്രതിഫ ലം ലഭിക്കുവാനുമുള്ള നിബന്ധനയിൽപെട്ടതാണ് പ്രവാച ക(ﷺ) യുടെ ജീവിത ചര്യയിൽപെട്ട കാര്യം ചെയ്യുക യെന്നുള്ളത്. ആയതിനാൽ ഒരു മുസ്ലിം തൻെറ ജീവിത ത്തിൽ എല്ലാ രംഗങ്ങളിലും പ്രവാചകതിരുമേനിയെ മാതൃകാപുരുഷനായി സ്വീകരിക്കേണ്ടതുണ്ട്. ആധുനിക കാലഘട്ടത്തിൽ പ്രവാചകൻെറ ചര്യ എന്താണെന്ന് ശാസ്ത്രീയമായിതന്നെ നമുക്ക് കണ്ടെത്തുവാൻ സാധിക്കു ന്നു. അതിലെ നെല്ലും പതിരും ഉന്നതരായിട്ടുള്ള പ ണ്ഡിതന്മാർ നമുക്ക് വേർതിരിച്ച് തന്നിട്ടുണ്ട്. അതിനാൽ തന്നെ ഭൗതിക സുഖാസ്വാദനങ്ങൾ നാം അന്വേഷിച്ച് കണ്ടെ ത്തുന്നത്പോലെ തന്നെ മതത്തിൻെറ പേരിൽ ചെയ്യുന്ന ഓരോ കാര്യത്തിലും പ്രവാചക ചര്യയെന്താ ണെന്ന് നാം അന്വേഷിച്ച് കണ്ടെത്തൽ നമ്മുടെ ബാധ്യത യാകുന്നു.

ഒരു സത്യവിശ്വാസിയുടെ ജീവിതത്തിൽ ഏറ്റവും പ്രധാനപ്പെട്ട കാര്യമാകുന്നു അവൻെറ വിവാഹം. വിവാഹ വുമായി ഒരുപാട് അനാചാരങ്ങളും ബിദ്അത്തുകളും നടമാടുന്ന നാടാണ് നമ്മുടെ കേരളം. പ്രവാചകൻ(ﷺ) പറയുന്നത് ഈ ലോകത്ത് നേടാനാവുന്ന ഏറ്റവും നല്ല വിഭവം സദ്വൃത്തയായ ഭാര്യയാകുന്നു. കാരണം ഓരാ ളുടെ ജീവിതം പൂർണമാകുന്നത് വിവാഹത്തിലൂടെയാണ്, തൻെറ രാവിലും, പകലിലും, രഹസ്യ ത്തിലും പരസ്യ ത്തിലും എല്ലാം തന്നെ അനുഗമിക്കുന്ന സഹധർമ്മിണി യെ തിരെഞ്ഞെടുക്കുമ്പോൾ നാം ഒരുപാട് കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതുണ്ട്, അതോടൊപ്പം തന്നെ വിവാഹ ശേഷം അവളുമായി ഒരുമിച്ച് ജീവിക്കുമ്പോൾ അനുവർത്തിക്കേണ്ട അനേകം മര്യാദക ളുമുണ്ട്. ഈ വിഷയത്തിലും പ്രവാചക മാതൃക പാലിക്കുവാൻ ഓരോ മുസ്ലിമും ബാധ്യസ്ഥനാ കുന്നു.

ഈ നൂറ്റാണ്ടിൽ ലോകം ദർശിച്ചിട്ടുള്ള ഏറ്റവും വലിയ ഹദീസ് പണ്ഡിതനായിരുന്ന മുഹമ്മദ് നാസ്വിറുദ്ധീൻ അൽബാനി(റ) ഒരു വിശ്വാസിയുടെ ദാമ്പത്യ ജീവിതം എങ്ങിനെയായിരി ക്കണമെന്ന് പ്രവാചകചര്യയിൽ നിന്നും സ്ഥിരപ്പെട്ട ഹദീസിൻെറ വെളിച്ചത്തിൽ വിവരിക്കുന്ന ഒരു കൊച്ചു കൃതിയുടെ വിവർത്തനമാണ് നിങ്ങളുടെ കൈകളിൽ, പരിഭാഷ പദാനുപദമാക്കുവാൻ പരമാവധി ശ്രമിച്ചിട്ടുണ്ട്. ഇതിൽ ഉദ്ദരിച്ചിട്ടുള്ള ഹദീസു കൾ ബുഖാരിയും മുസ്ലിമും ഉദ്ദരിച്ചതും, അത്പോലെ മറ്റു ഹദീസ് ഗ്രന്ഥങ്ങളിൽ നിന്നുമുള്ള സ്വഹീഹായ ഹദിസുകളുമാകുന്നു.

ഓരോ ഹദീസും ഉദ്ദരിക്കുമ്പോൾ അവിടെതന്നെ ആരാണ് ഹദീസ് ഉദ്ദരിച്ചുട്ടുള്ളതെന്ന് രേഖ പ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഗ്രന്ഥത്തിൻെറ വാള്യം, പേജ് എന്നിവ സാധാരണക്കാരെ സംബന്ധിച്ചിടത്തോളം ഉപ കാരമില്ലാത്തതിനാൽ രേഖപ്പെടുത്തിയിട്ടില്ല, അതാവശ്യ മായിവരുന്നവർക്കത് ഈ കിതാബിൻെറ അറബി മൂലത്തിൽ നിന്നും ലഭിക്കുന്നതാണ്. ഹദീസുകളിലെ നിവേദകനെ പല സ്ഥലത്തും ഉദ്ദരിച്ചിട്ടില്ല. അൽബാനി പല സ്ഥലത്തും നൽകിയിട്ടുള്ള അടിക്കുറിപ്പുകൾ അത് പോലെ ചേർത്തിട്ടുണ്ട്, എന്നാൽ സാധാരണ വായന ക്കാരെ സംബന്ധിച്ചിടത്തോളം ഉപകാരപ്രദമല്ലെന്നു തോന്നിയ ഹദീസിൻെറ നിദാനശാസ്ത്രത്തെ സംബന്ധി ച്ചിട്ടുള്ള ചർച്ചകൾ ഉപേക്ഷിച്ചിട്ടുണ്ട്, അത്പോലെ സ്ത്രീ കൾക്ക് സ്വർണം നിഷിദ്ധമാണോ, അനുവദനീയമാണോ എന്ന വിഷയത്തിൽ അൽബാനി പണ്ഡിതോചിതവും, പ്രമാണബദ്ധവുമായിട്ടുള്ള വിശാലമായ ഒരു ചർച്ച നട ത്തുന്നുണ്ട്, ഈ ചർച്ച സാധാരണക്കാരെ സംബന്ധി ച്ചിടത്തോളം ഉപകാരപ്രദമല്ലാത്തതിനാൽ നാം അത് വിട്ട് കളഞ്ഞിട്ടുണ്ട് അതിൻെറ രത്ന ചുരുക്കം മാത്രമേ നാം ഉദ്ദരിച്ചിട്ടൊള്ളൂ. വിവർത്തനത്തിന് ഞാൻ ഉപയോഗിച്ചിട്ടുള്ള പുസ്തകം ഈജിപ്തിലെ പുസ്തക ശാലയായ 'ദാറുസ്സലാം' (120- അസ്ഹർ റോഡ്. പി.ബി. നമ്പർ: 161. അൽ ഗൂറിയ) പുറത്തിറക്കിയിട്ടുള്ള പുതിയ പതിപ്പാണ്. ഈ പതിപ്പിൽ അൽബാനിയെ വിമർശിച്ചിട്ടുള്ളവർക്ക് വിശദമായി ഒരു മറുപടി ഇതിൻെറ മുഖവുരയിൽതന്നെ അൽബാനി നൽകുന്നുണ്ട്. ഇത് ഹദീസ് നിദാന ശാസ്ത്ര നിയമങ്ങളും മറ്റും ഉദ്ദരിച്ച് കൊണ്ടുള്ള സുദീർഘമായ ഒരു ചർച്ചയാണ്, പണ്ഡിതന്മാർക്ക് മാത്രം ഉപയോഗപ്പെടു ന്നതായത് കൊണ്ട്തന്നെ അതിൻെറ വിവർത്തനം ഇവിടെ ചേർത്തിട്ടില്ല. അത് പോലെ തന്നെ ഈ പുസ്തക ത്തിലുള്ള മൂന്നാം പതിപ്പിലെ മുഖവുരയുടെ വിവർത്തനം മാത്രമേ ഇവിടെ ചേർത്തിട്ടൊള്ളൂ. മലയാള ഭാഷയിൽ അഗാധപാണ്ഡിത്യം ഇല്ലാത്തതിനാൽ തന്നെ ചില വാചകങ്ങളും പ്രയോഗങ്ങളും വിരസതയുണ്ടാക്കിയേക്കാം അത് സദയം ക്ഷമിക്കണമെന്ന് അപേക്ഷിക്കുകയാണ്. അവസാനമായി അല്ലാഹു ഇതൊരു സൽകർമ്മമായി സ്വീകരിക്കട്ടെയെന്നും, കേരള മുസ്ലീങ്ങൾക്ക് ഉപകാര പ്രദമാവട്ടെയെന്നും പ്രാർത്ഥിക്കുകയാണ്.

പ്രവാചകനിലും, കുടുംബാധികളിലും, അനുചരന്മാരിലും സദാ ശാന്തിയും, സമാധാനവും വർഷിക്കുമാറാവട്ടെ,

വിവർത്തകൻ:
സയ്യിദ് സഅ്ഫർ സ്വാദിഖ്
ജുബൈൽ ദഅ്വാ സെൻറർ
സൗദിഅറേബ്യ

# മൂന്നാം പതിപ്പിന്റെ മുഖവുര

സർവ്വസ്തുതിയും അല്ലാഹുവിനാകുന്നു, അവനെ ഞ ങ്ങൾ സ്തുതിക്കുകയും, അവനോട് ഞങ്ങൾ സഹായം ചോ ദിക്കുകയും, പാപമോചനവും തേടുകയും ചെയ്യുന്നു, ഞങ്ങളിലെ ബുദ്ധിമുട്ടുകളിൽ നിന്നും, ചീത്ത പ്രവർത്തനങ്ങളിൽ നിന്നും അല്ലാഹുവിനോട് രക്ഷ തേടു ന്നു, അല്ലാഹു സന്മാർഗം നൽകിയവനെ വഴികേടി ലാക്കുവാനോ, അവൻ വഴികേടിലാക്കിയവനെ സന്മാർഗ ത്തിലാക്കുവാനോ ആർക്കും സാധ്യമല്ല, അല്ലാഹുവല്ലാതെ യഥാർത്ഥത്തിൽ മറ്റൊരു ആരാധ്യ നില്ലായെന്നും, അവന്ന് യാതൊരു പങ്കുകാരനില്ലായെന്നും ഞാൻ സാക്ഷ്യം വഹി ക്കുന്നതോടൊപ്പം, മുഹമ്മദ്(ﷺ) അല്ലാഹുവിൻെറ അടിമ യും പ്രവാചകനുമാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു.

(يَاأَيُّهَا الَّذِينَ آمَنُوا اتَّقُوا اللَّهَ حَقَّ تُقَاتِهِ وَلاَ تَمُوتُنَّ إلاَّ وَأَنْتُمْ مُسْلِمُونَ) (آل عمران: ١٠٢)

“സത്യവിശ്വാസികളെ, നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കേണ്ട മുറ പ്രകാരം സൂക്ഷിക്കുക. നിങ്ങൾ മുസ്ലീങ്ങളായി ക്കൊണ്ടല്ലാതെ മരിക്കാനിടയാകരുത്” (ആലുഇംറാൻ- 102)

(يَاأَيُّهَا النَّاسُ اتَّقُوا رَبَّكُمْ الَّذِي خَلَقَكُمْ مِنْ نَفْسٍ وَاحِدَةٍ وَخَلَقَ مِنْهَا زَوْجَهَا وَبَثَّ مِنْهُمَا رِجَالاً كَثِيرًا وَنِسَاءً وَاتَّقُوا اللَّهَ الَّذِي تَسَاءَلُونَ بِهِ وَالأَرْحَامَ إِنَّ اللَّهَ كَانَ عَلَيْكُمْ رَقِيبًا) (سورة النساء:١)

“മനുഷ്യരെ, നിങ്ങളെ ഓരേ ആത്മാവിൽ നിന്ന് സൃഷ്ടിക്കുകയും, അതിൽ നിന്നുതന്നെ അതിൻെറ ഇണയേയും സൃഷ്ടിക്കുകയും, അവർ ഇരുവരിൽ നിന്നുമായി ധാരാളം പുരുഷന്മാരെയും സ്ത്രീകളെയും വ്യാപിപ്പിക്കുകയും ചെയ്തവനായ നിങ്ങളുടെ രക്ഷിതാ വിനെ നിങ്ങൾ സൂക്ഷിക്കുവിൻ. ഏതൊരു അല്ലാഹുവി ൻെറ പേരിൽ നിങ്ങൾ അന്യോന്യം ചോദിച്ച് കൊ ണ്ടിരിക്കുന്നുവോ അവനെ നിങ്ങൾ സൂക്ഷിക്കുക. കുടുംബ ബ ന്ധങ്ങളെയും (നിങ്ങൾ സൂക്ഷിക്കുക) തീർച്ചയായും അല്ലാഹു നിരീക്ഷിച്ചു കൊണ്ടിരിക്കുന്നവനാകുന്നു” (നിസാഅ് - 1)

(يَاأَيُّهَا الَّذِينَ آمَنُوا اتَّقُوا اللَّهَ وَقُولُوا قَوْلاً سَدِيدًايُصْلِحْ لَكُمْ أَعْمَالَكُمْ وَيَغْفِرْ لَكُمْ ذُنُوبَكُمْ وَمَنْ يُطِعْ اللَّهَ وَرَسُولَهُ فَقَدْ فَازَ فَوْزًا عَظِيمًا) ( سورة الأحزاب: ٧٠-٧١)

“സത്യവിശ്വാസികളെ, നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കു കയും, ശരിയായ വാക്ക് പറയുകയും ചെയ്യുക. എങ്കിൽ അവൻ നിങ്ങൾക്ക് നിങ്ങളുടെ കർമ്മങ്ങൾ നന്നാ ക്കിതരികയും, നിങ്ങളുടെ പാപങ്ങൾ നിങ്ങൾക്കവൻ പൊറുത്ത് തരികയും ചെയ്യും. അല്ലാഹുവെയും അവൻെറ ദൂതനെയും ആർ അനുസരിക്കുന്നുവോ അവൻ മഹത്താ യ വിജയം നേടിയിരിക്കുന്നു” (അഹ് സാബ് - 70-71)

ഏറ്റവും നല്ല വർത്തമാനം അല്ലാഹുവിൻെറ ഗ്രന്ഥ വും, നല്ല സന്മാർഗ്ഗം പ്രവാചകൻ മുഹമ്മദ(ﷺ)യുടേതുമാ കുന്നു, ഏറ്റവും ചീത്തയായ കാര്യം ദീനിൽ പുതുതാ യുണ്ടാക്കിയതും, പുതുതായി ഉണ്ടാക്കിയതെല്ലാം

ബിദ്അ ത്തുകളും, ബിദ്അത്തുക ളെല്ലാം വഴികേടും, എല്ലാ വഴി കേടുകളുടെയും പര്യവസാനം നരകത്തിലേക്കുമാകുന്നു.

അല്ലയോ സഹോദരാ, നിൻെറ കയ്യിലുള്ള ഈ കൊച്ചു കൃതി "ദാമ്പത്യ മര്യാദകൾ പ്രവാചക ചര്യയിൽ" എന്ന പുസ്തകത്തിൻെറ മൂന്നാം പതിപ്പാകുന്നു. കുറച്ച് കാലങ്ങൾ കൊണ്ട് തന്നെ മുൻ പതിപ്പുകളെല്ലാം തീർന്ന് പോയി, വ്യത്യസ്ത നാടു കളിൽ നിന്ന് ആവശ്യക്കാർ വർദ്ധിക്കുകയും ചെയ്ത്കൊണ്ടിരിക്കുന്ന അവസരത്തിൽ കൂടുതൽ ഉപകാരപ്പെടുന്ന രൂപത്തിൽ ചില കാര്യങ്ങൾകൂടി ഉൾപ്പെടുത്തികൊണ്ടാണ് ഈ പതിപ്പിറക്കുന്നത്. അല്ലാഹു വിങ്കൽ ഇത് വർദ്ധിക്കുന്ന ഒരു സൽകർമ്മമാവട്ടെ യെന്ന് ആഗ്രഹിച്ച്കൊണ്ടാണ് ഇതിന് മുതിരുന്നത്. അല്ലാഹു പറയുന്നു

( وَنَكْتُبُ مَا قَدَّمُوا وَآثَارَهُمْ) (سورة يس-١٢)

"അവർ ചെയ്തുവെച്ചതും അവരുടെ (പ്രവർത്തനങ്ങളുടെ) അനന്തര ഫലങ്ങളും നാം എഴുതിവെക്കുകയും ചെയ്യു ന്നു" (യാസീൻ - 12)

പ്രവാചകൻ(ﷺ) പറയുന്നു:

( مَنْ دَعَا إِلَى هُدًى كَانَ لَهُ مِنَ الأَجْرِ مِثْلُ أُجُورِ مَنْ تَبِعَهُ لاَ يَـنْقُصُ ذَلِـكَ مِـنْ أُجُـورِهِمْ ) (رواه مسلم)

"ആരെങ്കിലും നന്മയിലേക്ക് ക്ഷണിച്ചാൽ, ക്ഷണി ച്ചവന്നും ചെയ്യുന്നവനെ പേലെ പ്രതിഫലം ലഭിക്കു ന്നതാണ്, ചെയ്തവൻെറ പ്രതിഫലം ഒട്ടും കുറയുക യുമില്ലതാനും" (മുസ്ലിം) ഇത് അല്ലാഹുവിൻെറ വിശ്വാസി കളായ അടിമകൾക്ക് ഉപകാരപ്പെടുമാറാവട്ടെ, രക്ഷപ്പെട്ട ഹൃദയവുമായി വന്നവർക്ക് മാത്രം രക്ഷകിട്ടുന്ന, ധനവും, സന്താനങ്ങളും ഉപാകാരപ്പെടാത്ത പരലോകത്തെനിക്ക് അല്ലാഹു പ്രതിഫലം നൽകുമാറാവട്ടെ, അല്ലാഹുവിന്നാ കുന്നു സർവ്വ സ്തുതിയും.

ദിമഷ്ഖ്- 22 സഫർ 1388ഹി
മുഹമ്മദ് നാസ്വിറുദ്ധീൻ അൽ അൽബാനി.
(അല്ലാഹു അദ്ദേഹത്തിന് മർഹമത്ത് നൽകട്ടെ)

# രക്ഷിതാവിന്റെ നാമത്തിൽ

بسم الله الرحمن الرحيم

പരമകാരുണികനും, കരുണാനിധിയുമായ അല്ലാ ഹുവിൻെറ നാമത്തിൽ, വിശുദ്ധഖുർആനിൽ ഇങ്ങനെ പറഞ്ഞ അല്ലാഹു വിന്നാകുന്നു സർവ്വ സ്തുതിയും.

(وَمِنْ آيَاتِهِ أَنْ خَلَقَ لَكُمْ مِنْ أَنفُسِكُمْ أَزْوَاجًا لِتَسْكُنُوا إِلَيْهَا وَجَعَلَ بَيْنَكُمْ مَوَدَّةً وَرَحْمَةً إِنَّ فِي ذَلِكَ لَآيَاتٍ لِقَوْمٍ يَتَفَكَّرُونَ) (٢١سورة الروم:٢١)

"നിങ്ങൾക്ക് സമാധാനപൂർവ്വം ഒത്തു ചേരേണ്ടതിനായി നിങ്ങ ളിൽ നിന്ന് തന്നെ നിങ്ങൾക്ക് ഇണകളെ സൃഷ്ടി ക്കുകയും, നിങ്ങൾക്കിടയിൽ സ്നേഹവും കാരുണ്യവും ഉണ്ടാക്കുകയും ചെയ്തതും അവൻെറ ദൃഷ്ടാന്തങ്ങളിൽ പെട്ടതത്രേ. തീർച്ചയായും അതിൽ ചിന്തിക്കുന്ന ജന ങ്ങൾക്ക് ദൃഷ്ടാന്തങ്ങളുണ്ട്" (റൂം- 21)

(تَزَوَّجُوا الْوَدُودَ الْوَلُودَ إِنِّي مُكَاثِرٌ الأَنْبِيَاءَ يَوْمَ الْقِيَامَةِ)

"പരലോകത്ത് പ്രവാചകന്മാരുടെ കൂട്ടത്തിൽ കൂടുതൽ അനുചരന്മാരുള്ളവൻ ഞാനാകുവാൻ വേണ്ടി കൂടുതൽ സ്നേഹവും, കുടുതൽ പ്രസവിക്കുകയും ചെയ്യുന്നവരെ നിങ്ങൾ വിവാഹം കഴിക്കുക" (അഹ്മദ്, ത്വബറാനി ഇബ്നു ഹിബ്ബാൻ സ്വഹീഹാക്കിയത്) എന്ന് പറഞ്ഞ പ്രവാചകൻെറ മേലിൽ അല്ലാഹുവിൻെറ ശാന്തിയും സമാധാനവും ഉണ്ടാവട്ടെ,

വിവാഹം കഴിച്ച് ഭാര്യയുമായി സഹവസിക്ക ന്നവരോട് ഇസ്ലാം ഒരുപാട് മര്യാദകൾ പാലിക്കുവാൻ കൽപിക്കുന്നുണ്ട്, എന്നാൽ അധികമാളുകളും അതിനെ തൊട്ട് അശ്രദ്ധരോ അല്ലെങ്കിൽ അജ്ഞരോ ആണ്, ഏത് വരെയെന്ന് ചോദിച്ചാൽ നല്ലരൂപത്തിൽ ആരാധനകള ർപ്പിച്ച് സൂക്ഷ്മതയുള്ളവരായി ജീവിക്കുന്നവർ പോലും. ആയതിനാൽ ഒരു സുഹൃത്തിൻെറ വിവാഹവുമായി ബന്ധപ്പെട്ട് കൊണ്ട് ചില കാര്യങ്ങൾ അദ്ധേഹത്തിനും മറ്റുള്ളവർക്കും സഹായമാകട്ടെ എന്ന ഉദ്ധേശത്തിലും, വിവാഹിതരായ കുറെയാളുകൾ പരീക്ഷിക്കപ്പെടുകയും ചെയ്ത കാര്യത്തിൽ പ്രവാചകൻ(ﷺ) തൻെറ രക്ഷിതാ വി ൽ നിന്ന് വൈവാഹിക ജീവിതത്തിൽ നിയമമാക്കി യതിനെ സംബന്ധിച്ച് വൈവാഹിക ജീവിതം നയിക്കുന്ന എല്ലാവരെയും ഉദ്ധേശിച്ച് കൊണ്ട് ചില കാര്യങ്ങൾ ഉണർത്തുകയാണ്. ഈ സംരഭം അല്ലാഹു വിൻെറ പ്രീതി മാത്രം കാംക്ഷിച്ച് കൊണ്ടുള്ള ഒരു സൽകർമ്മമാവട്ടെയെന്ന് പ്രാർത്ഥിക്കുന്നു, കാരണം അല്ലാഹു കരുണാനി ധിയാകുന്നു.

വൈവാഹിക ജീവിതത്തിൽ പാലിക്കേണ്ട മര്യാദകൾ അനേകമുണ്ട്, എന്നാൽ ഈ അവസരത്തിൽ പ്രവാച കൻെറ ചര്യയിൽ സ്ഥിരപ്പെട്ട യാതൊരു നിഷേധത്തിനും പഴുതില്ലാ ത്തവിധം വ്യക്തമായ ഹദീസുകളിൽ സ്ഥിരപ്പെട്ട കാര്യമാണ് ഉണർത്തുന്നത്. അത്പോലെ എല്ലാ വിധ സംശയങ്ങളും നീക്കി തൻെറ മതത്തിൽ അറിവും സ്ഥിരതയും ഉണ്ടാക്കുവാനുതകും വിധവും, പ്രവാചകചര്യ പിൻപറ്റികൊണ്ട് വൈവാഹിക

ജീവിതത്ത ലേക്ക് പ്രവേശിച്ചവർക്ക് അവരുടെ ജീവിതാവസാനം വരെ സന്തോഷം നിലനിൽക്കുവാനും പര്യാപ്തവുമായ ചില കാര്യങ്ങൾ ഉണർത്തുവാനാകുന്നു ഞാൻ ആഗ്രഹി ക്കുന്നത്.

(رَبَّنَا هَبْ لَنَا مِنْ أَزْوَاجِنَا وَذُرِّيَّاتِنَا قُرَّةَ أَعْيُنٍ وَاجْعَلْنَا لِلْمُتَّقِينَ إِمَامًا) (سورة الفرقان:٧٤)

“ഞങ്ങളുടെ രക്ഷിതാവെ, ഞങ്ങളുടെ ഭാര്യമാരിൽ നിന്നും സന്തതികളിൽ നിന്നും ഞങ്ങൾക്ക് നീ കൺകുളിർമ നൽകുകയും, ധർമ്മ നിഷ്ഠപാലിക്കുന്നവർക്ക് ഞങ്ങളെ നീ മാതൃകയാക്കുകയും ചെയ്യേണമേ”(ഫുർഖാൻ-74) എന്ന് പ്രാർത്ഥിക്കുന്നഅല്ലാഹുവിൻെറ യഥാർത്ഥ അടിമ കളിൽ ഞങ്ങളെ നീ ഉൾപ്പെടുത്തുകയും ചെയ്യേണമേ. കാരണം യഥാർത്ഥ മടക്കം അവനെ സൂക്ഷിച്ച് ജീവിക്കു ന്നവർക്കാകുന്നു. അല്ലാഹു പറയുന്നു:

(إِنَّ الْمُتَّقِينَ فِي ظِلَالٍ وَعُيُونٍ (*) وَفَوَاكِهَ مِمَّا يَشْتَهُونَ (*) كُلُوا وَاشْرَبُوا هَنِيئًا بِمَا كُنتُمْ تَعْمَلُونَ (*) إِنَّا كَذَلِكَ نَجْزِي الْمُحْسِنِينَ) (سورة المرسلات:٤١-٤٤)

“തീർച്ചയായും സൂക്ഷമത പാലിച്ചവർ (സ്വർഗത്തിൽ) തണലുകളിലും അരുവികൾക്കിടയിലുമാകുന്നു. അവർ ഇഷ്ടപ്പെടുന്ന തരത്തിലുള്ള പഴങ്ങൾക്കിടയിലും. (അവ രോട് പറയപ്പെടും) നിങ്ങൾ പ്രവർത്തിച്ചിരുന്നതിൻെറ ഫല മായി ആഹ്ളാദത്തോടെ നിങ്ങൾ തിന്നുകയും കുടിക്കു കയും ചെയ്ത് കൊള്ളുക. തീർച്ചയായും നാം അപ്രകാ രമാകുന്നു സദ്‌വൃത്തർക്ക് പ്രതിഫലം നൽകുന്നത്” (മുർസലാത്ത്- 41-44)

# അനുവർത്തിക്കേണ്ട മര്യാദകൾ

## ഒന്ന്:

### വീട്കൂടുമ്പോൾ ഭാര്യയോട് അനുകമ്പ കാണിക്കുക:

പ്രഥമ രാത്രിയിൽ തൻെറ പുതുമണവാട്ടിക്കരികിൽ പ്രവേശിക്കുമ്പോൾ അവളോട് അനുകമ്പയും, ദയയും സന്തോഷവും പ്രകടിപ്പിക്കൽ സുന്നത്താണ്. അസ്മാ ബിൻത് യസീദിൻെറ ഹദീസിൽ കാണുന്നത് പ്രകാരം പാനീയമോ മറ്റുവല്ല മധുരമോ നൽകി കൊണ്ട് അവളെ സന്തോഷപ്പിക്കൽ സുന്നത്താകുന്നു. അസ്മാ(റ) പറയു ന്നു:

( إِنِّي قَيَّنْتُ عَائِشَةَ لِرَسُولِ اللَّهِ صَلَّى اللهُ عَلَيْهِ وَسَلَّمَ ثُمَّ جِئْتُهُ فَدَعَوْتُهُ لِجِلْوَتِهَا فَجَاءَ فَجَلَسَ إِلَى جَنْبِهَا فَأُتِيَ بِعُسٍّ لَبَنٍ فَشَرِبَ ثُمَّ نَاوَلَهَا النَّبِيُّ صَلَّى اللهُ عَلَيْهِ وَسَلَّمَ فَخَفَضَتْ رَأْسَهَا وَاسْتَحْيَا قَالَتْ أَسْمَاءُ فَانْتَهَرْتُهَا وَقُلْتُ لَهَا خُذِي مِنْ يَدِ النَّبِيِّ صَلَّى اللهُ عَلَيْهِ وَسَلَّمَ قَالَتْ فَأَخَذَتْ فَشَرِبَتْ شَيْئًا ثُمَّ قَالَ لَهَا النَّبِيُّ صَلَّى اللهُ عَلَيْهِ وَسَلَّمَ أَعْطِي تِرْبَكِ قَالَتْ أَسْمَاءُ فَقُلْتُ يَا رَسُولَ اللَّهِ بَلْ خُذْهُ فَاشْرَبْ مِنْهُ ثُمَّ نَاوِلْنِيهِ مِنْ يَدِكَ فَأَخَذَهُ فَشَرِبَ مِنْهُ ثُمَّ نَاوَلَنِيهِ قَالَتْ فَجَلَسْتُ ثُمَّ وَضَعْتُهُ عَلَى رُكْبَتِي ثُمَّ طَفِقْتُ أُدِيرُهُ وَأَتْبَعُهُ بِشَفَتَيَّ لِأُصِيبَ مِنْهُ مَشْرَبَ النَّبِيِّ صَلَّى اللهُ عَلَيْهِ وَسَلَّمَ ثُمَّ قَالَ لِنِسْوَةٍ عِنْدِي نَاوِلِيهِنَّ فَقُلْنَ لَا نَشْتَهِيهِ فَقَالَ النَّبِيُّ صَلَّى اللهُ عَلَيْهِ وَسَلَّمَ لَا تَجْمَعْنَ جُوعًا وَكَذِبًا) (أخرجه أحمد)

(പ്രവാചകന് വേണ്ടി ഞാൻ ആഇഷാ(റ)വിനെ അണിയിച്ചൊരുക്കി, പിന്നീട് പ്രവാചക(ﷺ)യുടെയടുത്ത് ആഇഷാ(റ) വിനെ കൊണ്ട് വരുകയും ചെയ്തു, അങ്ങി നെ പ്രവാചകൻ (ﷺ) ആഇഷാ(റ)യുടെ അടുത്തിരുന്നു, തുടർന്ന് ഒരു വലിയ പാത്രത്തിൽ പാൽ കൊണ്ട്വന്നു, പ്രവാചകൻ (ﷺ) അതിൽനിന്ന് കുടിച്ച് ആഇഷാ(റ)ക്ക് നീട്ടിയപ്പോൾ ലജ്ജ കാരണത്താൽ ആഇഷാ(റ) തല താഴ്ത്തി. അസ്മ(റ)പറയുന്നു: പ്രവാചകൻെറ കയ്യിൽ നിന്നത് വാങ്ങുകയെന്ന് പറഞ്ഞ്കൊണ്ട് ഞാൻ ആഇഷാ (റ)യെ അൽപം ദേഷ്യത്തോടെ ഉണർത്തി. ആഇഷാ (റ)പറയുന്നു: ഞാനത് വാങ്ങുകയും അൽപം കുടിക്കുക യും ചെയ്തു. പിന്നീട് നബി (ﷺ) പറയുകയുണ്ടായി; നീ നിൻെറ കൂട്ടുകാരിക്ക് കൊടുക്കുക, അസ്മ(റ) പറയുന്നു: ഞാൻ പ്രവാചകനോട് പറഞ്ഞു: താങ്കൾ തന്നെ എനിക്കത് വാങ്ങിതരിക, പ്രവാചകൻ അത് വാങ്ങി അൽപം കുടിച്ച് കൊണ്ട് കൊടുക്കുകയും ഞാൻ ഇരുന്ന തിന്ന് ശേഷം നബി(ﷺ) കുടിച്ച ഭാഗത്തേക്ക് തിരിച്ച് ആ ഭാഗം കൊണ്ട് കുടിക്കുകയും ചെയ്തു. പിന്നീട് എൻെറ യടുത്തുണ്ടായിരുന്ന സ്ത്രീകൾക്ക് കൊടുക്കുവാൻ വേണ്ടി കൽപിക്കുകയുണ്ടായി: അവർ പ്രത്യുത്തരം നൽകി ഞങ്ങ ൾക്ക് വേണ്ടായെന്ന്. അപ്പോൾ പ്രവാചകൻ(ﷺ) പറഞ്ഞു: 'നിങ്ങൾ

കളവും വിശപ്പും ഒരിക്കലും യോജിപ്പിക്കരുത്' (അഹ്മദ് ഉദ്ദരിച്ചത്, ഹുമൈദി തൻെറ മുസ്നദിലും, ത്വബറാനിതൻെറ കബീറിലും, സ്വഹീറിലും ഉദ്ദരിച്ചത്)

# രണ്ട്:

## ഭാര്യയുടെ തലയിൽ കൈ വെച്ച് കൊണ്ട് പ്രാർത്ഥിക്കുക:

ഭാര്യയുമായി ബന്ധപ്പെടുമ്പോഴോ, അതിന് മുമ്പോ തലയുടെ മുൻഭാഗത്ത് കൈ വെച്ച്കൊണ്ട് അല്ലാഹു വിൻെറ നാമം ഉച്ചരിച്ച് അല്ലാഹുവിൻെറ അനുഗ്രഹത്തിന് വേണ്ടി പ്രാർത്ഥിക്കേണ്ടതാണ്. പ്രവാചകൻ(ﷺ)യുടെ ചര്യയിൽ വന്നത് പ്രകാരം പ്രാർത്ഥിക്കുക. പ്രവാചകൻ (ﷺ) പറയുകയുണ്ടായി:

عَنِ النَّبِيِّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ قَالَ: إِذَا تَزَوَّجَ أَحَدُكُمُ امْرَأَةً أَوِ اشْتَرَى خَادِمًا فَلْيَقُلِ اللَّهُمَّ إِنِّي أَسْأَلُكَ خَيْرَهَا وَخَيْرَ مَا جَبَلْتَهَا عَلَيْهِ وَأَعُوذُ بِكَ مِنْ شَرِّهَا وَمِنْ شَرِّ مَا جَبَلْتَهَا عَلَيْهِ)

( وَإِذَا اشْتَرَى بَعِيرًا فَلْيَأْخُذْ بِذِرْوَةِ سَنَامِهِ وَلْيَقُلْ مِثْلَ ذَلِكَ)

"ആരെങ്കിലും വിവാഹം കഴിക്കുകയോ, അല്ലെങ്കിൽ ഒരു അടിമയെ വാങ്ങുകയോ ചെയ്താൽ അവൻ അവളുടെ തലയുടെ മുൻ ഭാഗത്ത് കൈ വെച്ച് അല്ലാഹുവിൻെറ നാമം ഉച്ചരിച്ച് ഇങ്ങനെ പറയട്ടെ,
"അല്ലാഹുവെ ഞാൻ നിന്നോട് ഇവളുടെ നന്മയേയും, ഇവളുടെ പ്രകൃതത്തിലും, സൃഷ്ടിപ്പിലുമുള്ള നന്മയേയും ചോദിക്കുന്നു, അതോടൊപ്പം ഇവളുടെ തിന്മയിൽ നിന്നും, ഇവളുടെ പ്രകൃതത്തിലും, സൃഷ്ടിപ്പിലുമുള്ള തിന്മയിൽ നിന്നും നിന്നോട് ഞാൻ ശരണം ചോദിക്കുകയും ചെയ്യുന്നു" എന്ന് നാം ഭാര്യയുടെ തലയുടെ മുൻഭാഗത്ത് കൈ വെച്ച്കൊണ്ട് പ്രാർത്ഥിക്കുക. മറ്റൊരു റിപ്പോർട്ടിൽ നമുക്ക് ഇപ്രകാരം കൂടി കാണാവുന്നതാണ്. "നിങ്ങൾ ഒരു മൃഗത്തെ വാങ്ങിയാൽ അതിൻെറ ഏറ്റവും ഉയർന്ന ഭാഗം പിടിച്ച് കൊണ്ടും ഇപ്രകാരം പ്രാർത്ഥിക്കട്ടെ." (ബുഖാരി അഫ്ആലുൽ ഇബാദിലും, അബൂദാവൂദ്, തിർമിദി, ഹാഖിം, ബൈഅഖി എന്നിവരും ഉദ്ദരിച്ചത്)

# മൂന്ന്:

## ദമ്പതികളുടെ ഒന്നിച്ചുള്ള നമസ്കാരം

വൈവാഹിക ജീവിതത്തിലേക്ക് പ്രവേശിച്ചവർക്ക് ഒന്നിച്ച് രണ്ട് റകഅത്ത് നമസ്കരിക്കൽ സുന്നത്താണ്. കാരണം സച്ചരിതരായ പൂർവ്വസൂരികളിൽ നിന്ന് ഇങ്ങനെ ഉദ്ദരിക്കപ്പെട്ടിട്ടുണ്ട്. ഇതിന്നുപയുക്തമായ രണ്ട് അഥറുകൾ (സ്വഹാബാക്കളുടെ വാക്കുകൾ) നമുക്ക് കാണാൻ സാധിക്കും.

ഒന്ന്:

അബീ ഉസൈദിൻെറ മൗല(അടിമ)യായിരുന്ന അബീ സഈദ് ഉദ്ദരിക്കുന്നു: (ഞാൻ അടിമയായിരിക്കെ വിവാഹം കഴിച്ചു, അങ്ങിനെ പ്രവാചകൻെറ ചില സ്വാഹാബികളെ ഞാൻ ക്ഷണിച്ചു അവരിൽ ഇബ്നു മസ്ഊദും, അബൂദർറും, ഹുദൈഫയും(റ) ഉണ്ടായിരുന്നു. നമസ്കാരത്തിന് വിളിക്കപ്പെട്ടപ്പോൾ അബൂദർറ് മുന്നിടുവാൻ തുനിഞ്ഞ പ്പോൾ അവർ എന്നോട് നീ ഇമാം നിൽക്കുകയെന്ന് പറയുകയുണ്ടായി.[1]

തുടർന്ന് ഞാൻ ചോദിച്ചു അങ്ങനെയാണോ കാര്യം? അവർ പറഞ്ഞു: അതേ. അങ്ങിനെ ഒരു അടിമയായ ഞാൻ മുന്നിട്ട് കൊണ്ട് അവരുമായി നമസ്കരിച്ചു. തുടർന്നവർ എനിക്കിങ്ങനെ പഠിപ്പിച്ച് തരുകയും ചെയ്തു. (നിൻെറ അടുത്ത് നിൻെറ ഭാര്യ പ്രവേശിച്ചാൽ നീ അവളെയും കൊണ്ട് രണ്ട് റകഅത്ത് നമസ്കരിക്കുക, പിന്നീട് നീ നിൻെറയടുത്ത് പ്രവേശിച്ച (ഭാര്യയുടെ) തിൻെറ നന്മയെപ്പറ്റി അല്ലാഹുവിനോട് ചോദിക്കുക, അ തിൻെറ തിന്മയിൽ നിന്ന് ശരണം തേടുകയും ചെയ്യുക. തുടർന്ന് നിൻെറയും ഭാര്യയുടെയും പ്രശ്നം) (അബീബക്ക റുബ്നു അബീ ശൈബ തൻെറ മുസ്വന്നഫിൽ ഉദ്ദരിച്ചത്, അത്പോലെ അബ്ദുർറസാഖും)

രണ്ട്:

ശഖീഖിൽ നിന്ന്: (അബൂ ഹരീസ് എന്ന് പറയുന്ന ഒരാൾ വന്നു കൊണ്ട് പറഞ്ഞു: ഞാൻ ഒരു അടിമയായിട്ടുള്ള കന്യകയെ വിവാഹം കഴിക്കുകയുണ്ടായി, അവൾ എന്നോട് കോപിക്കുമെന്ന് ഞാൻ ഭയപ്പെടുന്നു. അപ്പോൾ അബ്ദുല്ലാഇബ്നു മസ്ഊദ് പറയുകയുണ്ടായി: (തീർച്ചയായും യോജിപ്പ് അല്ലാഹുവിൽ നിന്നും, കോപം പിശാചിൽ നിന്നുമാകുന്നു, അല്ലാഹു നിങ്ങൾക്ക് അനുവദനീയമാക്കിയതിൽ കോപമുണ്ടാക്കുവാൻ വേണ്ടി പിശാച് ഉദ്ദേശിക്കുന്നു, അവൾ നിൻെറയടുത്ത് വന്നാൽ അവളോട് നിൻെറ പിന്നിൽ നിന്ന് രണ്ട് റകഅത്ത് നമസ്കരിക്കുവാൻ വേണ്ടി നീ കൽപിക്കുക) മറ്റു റിപ്പോർട്ടിൽ ഇബ്നു മസ്ഊദിൽ നിന്ന് തന്നെ ഇങ്ങനെ കൂടി വർദ്ദിപ്പിച്ചിട്ടുണ്ട് (നീ പറയണം: അല്ലാഹുവേ, എൻെറ ഭാര്യയിൽ നീ എനിക്ക് അനുഗ്രഹം ചൊരിയേണമേ, അവർക്ക് എന്നിൽ നിന്നും അനുഗ്രഹം ചൊരിയേ ണമേ, അല്ലാഹുവെ നീ ഞങ്ങളെ നന്മയിൽ ഒരുമിപ്പിക്കുകയും, നീ ഞങ്ങളെ വേർപ്പെടുത്തുക യാണെങ്കിൽ നന്മയിൽ തന്നെ വേർപ്പെടുത്തുകയും ചെയ്യേണമേ) (അബീബക്കറുബ്നു അബീ ശൈബ മുസ്വന്നഫിലും, ത്വബ്റാനി ശരിയായ സനദിലൂടെ ഉദ്ദരിച്ചത്)

# നാല്:

## സംയോഗം ചെയ്യുമ്പോഴുള്ള പ്രാർത്ഥന

---

[1] അൽബാനി പറയുന്നു: പ്രവാചകൻെറ ചര്യയനുസരിച്ച് ആ തിഥേയന് അതിഥി ഇമാമായി നമസ്കരിക്കുവാൻ പാടില്ല അനുവാദം കൂടിയാലല്ലാതെ എന്ന് ഈ ഹദീസിൽ നിന്നും പഠിക്കാവുന്നതാണ്. മുസ്ലിം ഉദ്ദരിക്കുന്ന ഹദീസിൽ കാണാവുന്ന താണ്. പ്രവാചകൻ(ﷺ) പറഞ്ഞു: (തൻെറ ആധിപത്യത്തിലോ, വീട്ടിലോ ഒരാൾ മഅ്മൂമായി നമസ്കരിക്കാവതല്ല)

ഭാര്യയുമായി സംയോഗം ചെയ്യുമ്പോൾ ഇപ്രകാരം പ്രാർത്ഥിക്കൽ പ്രവാചക(ﷺ)യുടെ ചര്യയിൽ പെട്ടതാണ്.

(بِسْمِ اللهِ، اللَّهُمَّ جَنِّبْنَا الشَّيْطَانَ، وَجَنِّبِ الشَّيْطَانَ مَا رَزَقْتَنَا)

(അല്ലാഹുവിൻെറ നാമത്തിൽ, അല്ലാഹുവെ, ഞങ്ങളിൽ നിന്ന് നീ പിശാചിനെ അകറ്റേണമേ, ഞങ്ങൾക്ക് നൽകുന്നതിൽ നിന്നും നീ പിശാചിനെ അകറ്റേണമേ)

قَالَ النَّبِيَّ صَلَّى اللهُ عَلَيْهِ وَسَلَّمَ: (فَإِنْ يُقَدَّرْ بَيْنَهُمَا وَلَدٌ فِي ذَلِكَ لَمْ يَضُرَّهُ شَيْطَانٌ أَبَدًا) (رواه البخاري)

പ്രവാചകൻ(ﷺ) പറയുന്നു: “അതിൽ അല്ലാഹു സന്താനം നൽകുവാൻ വിധിക്കുകയാണെങ്കിൽ അവനെ ഒരിക്കലും പിശാച് ബുദ്ധിമുട്ടിപ്പിക്കുകയില്ല തന്നെ” (ബുഖാരി, അബൂദാവൂദ്, തിർമിദി, ഇബ്നു മാജ)

# അഞ്ച്:

## ഭാര്യയെ സമീപിക്കേണ്ട രൂപം

സംയോഗം ചെയ്യുന്നത് യോനിയിലൂടെയാണെങ്കിൽ പിന്നിൽ നിന്നോ, മുന്നിൽ നിന്നോ ഏത് ഭാഗത്ത് നിന്നും ഭാര്യയെ സമീപിക്കാവുന്നതാണ്. കാരണം അല്ലാഹു പറയുന്നു:

(نِسَاؤُكُمْ حَرْثٌ لَكُمْ فَأْتُوا حَرْثَكُمْ أَنَّى شِئْتُمْ) (سورة النساء:٢٢٣)

“നിങ്ങളുടെ ഭാര്യമാർ നിങ്ങളുടെ കൃഷിയിടമാകുന്നു. അതിനാൽ നിങ്ങൾ ഇച്ഛരിക്കും വിധം നിങ്ങൾക്ക് നിങ്ങളുടെ കൃഷിയിടത്തിൽ ചെല്ലാവുന്നതാണ്” (അൽബഖറ - 233)

അതായത് നിങ്ങൾ ആഗ്രഹിക്കുന്ന രൂപത്തിൽ മുന്നിട്ട് കൊണ്ടോ പിന്നിട്ട് കൊണ്ടോ നിങ്ങളുടെ കൃഷിയിടമായ ഭാര്യയെ സമീപിക്കാവുന്നതാണ്. ഈ വിഷയത്തിൽ ഒരുപാട് ഹദീസുകൾ നമുക്ക് കാണാവുന്നതാണെങ്കിലും രണ്ടെണ്ണം മാത്രമേ ഉദ്ദരിക്കു ന്നൊള്ളൂ.

ഒന്ന്:

(كَانَتِ الْيَهُودُ تَقُولُ إِذَا أَتَى الرَّجُلُ امْرَأَتَهُ مِنْ دُبُرِهَا فِي قُبُلِهَا كَانَ الْوَلَدُ أَحْوَلَ فَنَزَلَتْ ( نِسَاؤُكُمْ حَرْثٌ لَكُمْ فَأْتُوا حَرْثَكُمْ أَنَّى شِئْتُمْ)

فقال رسول الله صلى الله عليه وسلم: (مقبلة ومدبرة إذا كان ذلك في الفرج)

ജാബിർ(റ) പറയുന്നു: “ജൂതന്മാർ പറയാറുണ്ടായിരുന്നു: ആരെങ്കിലും തൻെറ ഭാര്യയെ പിന്നിൽ നിന്ന് യേനിയിലൂടെ സംയോഗം ചെയ്യുകയാണെങ്കിൽ അതിൽ ഉണ്ടാകുന്ന കുട്ടികൾ കോങ്കണ്ണുള്ളവരായിരിക്കുമെന്ന്. അപ്പോഴാണ് ഈ ആയത്തിറങ്ങിയത്:

( نِسَاؤُكُمْ حَرْثٌ لَكُمْ فَأْتُوا حَرْثَكُمْ أَنَّى شِئْتُمْ )

“നിങ്ങളുടെ ഭാര്യമാർ നിങ്ങളുടെ കൃഷിയിടമാകുന്നു. അതിനാൽ നിങ്ങൾ ഇച്ഛരിക്കും വിധം നിങ്ങൾക്ക് നിങ്ങ ളുടെ കൃഷിയിടത്തിൽ ചെല്ലാവുന്നതാണ്” (അൽബഖറ - 233)

അപ്പോൾ പ്രവാചകൻ(ﷺ) പറഞ്ഞു: യോനിയിലൂടെ യാണെങ്കിൽ മുന്നിട്ടോ, പിന്നിട്ടോ പ്രവേശിക്കാവുന്നതാണ്” (ബുഖാരി, മുസ്‌ലിം, നസാഇ ഹിശ്റത്തുന്നിസാഇൽ, ഇബ്നു അബീ ആത്വിം, ബൈഅഖി)

<u>രണ്ട്:</u>

ഇബ്നുഅബ്ബാസ്(റ) പറയുന്നു:

( كَانَ هَذَا الحَيُّ مِنَ الأَنْصَارِ وَهُمْ أَهْلُ وَثَنٍ مَعَ هَذَا الحَيِّ مِنْ يَهُودَ وَهُمْ أَهْلُ كِتَابٍ وَكَانُوا يَرَوْنَ لَهُمْ فَضْلاً عَلَيْهِمْ فِي الْعِلْمِ فَكَانُوا يَقْتَدُونَ بِكَثِيرٍ مِنْ فِعْلِهِمْ وَكَانَ مِنْ أَمْرِ أَهْلِ الْكِتَابِ أَنْ لاَ يَأْتُوا النِّسَاءَ إِلاَّ عَلَى حَرْفٍ وَذَلِكَ أَسْتَرُ مَا تَكُونُ الْمَرْأَةُ فَكَانَ هَذَا الحَيُّ مِنَ الأَنْصَارِ قَدْ أَخَذُوا بِذَلِكَ مِنْ فِعْلِهِمْ وَكَانَ هَذَا الحَيُّ مِنْ قُرَيْشٍ يَشْرَحُونَ النِّسَاءَ شَرْحًا مُنْكَرًا وَيَتَلَذَّذُونَ مِنْهُنَّ مُقْبِلاَتٍ وَمُدْبِرَاتٍ وَمُسْتَلْقِيَاتٍ فَلَمَّا قَدِمَ المُهَاجِرُونَ الْمَدِينَةَ تَزَوَّجَ رَجُلٌ مِنْهُمُ امْرَأَةً مِنَ الأَنْصَارِ فَذَهَبَ يَصْنَعُ بِهَا ذَلِكَ فَأَنْكَرَتْهُ عَلَيْهِ وَقَالَتْ إِنَّمَا كُنَّا نُؤْتَى عَلَى حَرْفٍ فَاصْنَعْ ذَلِكَ وَإِلاَّ فَاجْتَنِبْنِي حَتَّى شَرِيَ أَمْرُهُمَا فَبَلَغَ ذَلِكَ رَسُولَ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ فَأَنْزَلَ اللهُ عَزَّ وَجَلَّ ( نِسَاؤُكُمْ حَرْثٌ لَكُمْ فَأْتُوا حَرْثَكُمْ أَنَّى شِئْتُمْ ) أَيْ مُقْبِلاَتٍ وَمُدْبِرَاتٍ وَمُسْتَلْقِيَاتٍ يَعْنِي بِذَلِكَ مَوْضِعَ الْوَلَدِ ) (أخرجه أبوداود)

“ഈ പ്രദേശം അൻസാറുകളുടേതായിരുന്നു, അവർ വിഗ്രഹാരാധകരായിരുന്നു, ഈ പ്രദേശം വേദക്കാരായ ജൂദന്മാരുടേതായിരുന്നു, അവർ അഭ്യസ്ഥ വിദ്യരായത് കൊണ്ട് അവർ ജൂതന്മാർക്ക് ശ്രേഷ്ടത കൽപിച്ചിരുന്നു, ആയതിനാൽ തന്നെ ധാരാളം കാര്യങ്ങളിൽ അവർ അവരെ പിൻപറ്റിയിരുന്നു, ജൂതന്മാർ തങ്ങളുടെ ഭാര്യമാരെ ഒരു ഭാഗത്തിലൂടെ മാത്രമേ സമീപിച്ചിരുന്നൊള്ളു. ആ രൂപം സ്ത്രീകൾക്ക് മറയാകുന്ന രൂപത്തിലായിരുന്നു, അതായത് മുന്നിലൂടെ മാത്രമായിരുന്നു സംയോഗം ചെയ്തിരുന്നത്. ഈ പ്രദേശത്ത് താമസിക്കുന്ന അൻസാരികൾ ഈ കാര്യം ജൂതന്മാരിൽ നിന്ന് സ്വീകരിച്ചിരുന്നു, ഈ പ്രദേശം ഖുറൈശികളുടേതായിരുന്നു, അവർ തങ്ങളുടെ സ്ത്രീ കളുമായി വൈവിദ്യമാർന്ന രൂപത്തിൽ സംയോഗം ചെയ്യാ റുണ്ടായിരുന്നു, കുനിഞ്ഞും, മുന്നിട്ട്കൊണ്ടും, പിന്നിട്ട് കൊണ്ടും തങ്ങളുടെ ഭാര്യമാരുമായി സംയോഗ സുഖം ആസ്വദിക്കാറുണ്ടായിരുന്നു ഖുറൈഷികൾ. അങ്ങിനെ മക്കയിൽ നിന്ന് ഹിജ്റ വന്ന മുഹാജിറുകൾ മദീനയിൽ പ്രവേശിക്കുകയും അതിൽ നിന്ന് ഒരാൾ അൻസാരി സ്ത്രീയെ വിവാഹം ചെയ്യുകയും താൻ പതിവാക്കിയ രൂ പങ്ങളിൽ തൻെറ ഭാര്യയെ സമീപിച്ചപ്പോൾ അവൾ അങ്ങിനെ ചെയ്യുന്നതിനെ വെറുക്കുകയും ഞങ്ങൾ ഒരു രൂപത്തിൽ മാത്രമേ സംയോഗം ചെയ്യാറൊള്ളു, അങ്ങിനെ ചെയ്യുക ഇല്ലെങ്കിൽ എന്നിൽ നിന്നും വിട്ട് നിൽക്കു കയെന്ന് പറയുകയും ചെയ്തു. ആ പ്രശ്നം വളരെ വലുതായി വഴക്കായി തീരുകയും പ്രശ്നം പ്രവാചക ൻെറയടുത്തെത്തുകയും ചെയ്തു. അപ്പോഴാണ് ഈ ആയത്തിറങ്ങിയത്

(نِسَاؤُكُمْ حَرْثٌ لَكُمْ فَأْتُوا حَرْثَكُمْ أَنَّى شِئْتُمْ)

“നിങ്ങളുടെ ഭാര്യമാർ നിങ്ങളുടെ കൃഷിയിടമാകുന്നു. അതിനാൽ നിങ്ങൾ ഇച്ഛിക്കും വിധം നിങ്ങൾക്ക് നിങ്ങളുടെ കൃഷിയിടത്തിൽ ചെല്ലുവുന്നതാണ്” (അൽ ബഖറ - 233) അതായത് സംയോഗം യോനിയിലൂടെ യാണെങ്കിൽ മുന്നിട്ടോ, പിന്നിട്ടോ ചെയ്യാവുന്നതാണ് അതിന്ന് യാതൊരു കുറ്റവുമില്ല” (അബൂദാവൂദ്, ഹാഖിം, ബൈഅഖി, വാഇദി, നസാഇ നല്ല സനദിലൂടെ തൻെറ ഇഷ്റത്തുന്നിസാഅ് എന്ന ഗ്രന്ഥത്തിലും ഉദ്ദരിച്ചിട്ടുണ്ട്. അൽബാനി പറയുന്നു: ഇതിൻെറ പരമ്പര സ്വഹീ ഹാകുന്നു)

# ആറ്:

## ഗുദ മൈഥുനം നിഷിദ്ധം

മേൽ വിവരിച്ച ആയത്തിൻെറയും, ഹദീസിൻെറയും അടിസ്ഥാനത്തിൽ സ്ത്രീകളുടെ ഗുദത്തിലൂടെ സംയോഗം ചെയ്യുന്നത് ഹറാമാകുന്നു.

(نِسَاؤُكُمْ حَرْثٌ لَكُمْ فَأْتُوا حَرْثَكُمْ أَنَّى شِئْتُمْ)

“നിങ്ങളുടെ ഭാര്യമാർ നിങ്ങളുടെ കൃഷിയിടമാകുന്നു. അതിനാൽ നിങ്ങൾ ഇച്ഛിക്കും വിധം നിങ്ങൾക്ക് നിങ്ങളുടെ കൃഷിയിടത്തിൽ ചെല്ലാവുന്നതാണ്” (അൽ ബഖറ-233) വേറേയും ഹദീസുകൾ കാണുക.

ഒന്ന്:

( لمَّا قَدِمَ المُهَاجِرُونَ المَدِينَةَ عَلَى الأَنْصَارِ تَزَوَّجُوا مِنْ نِسَائِهِمْ وَكَانَ المُهَاجِرُونَ يجُبُّونَ وَكَانَتِ الأَنْصَارُ لاَ تجُبِّي فَأَرَادَ رَجُلٌ مِنَ المُهَاجِرِينَ امْرَأَتَهُ عَلَى ذَلِكَ فَأَبَتْ عَلَيْهِ حَتَّى تَسْأَلَ رَسُولَ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ قَالَتْ فَأَتَتْهُ فَاسْتَحيَتْ أَنْ تَسْأَلَهُ فَسَأَلَتْهُ أُمُّ سَلَمَةَ فَنَزَلَتْ ( نِسَاؤُكُمْ حَرْثٌ لَكُمْ فَأْتُوا حَرْثَكُمْ أَنَّى شِئْتُمْ ) وَقَالَ لاَ إِلاَّ فِي صِمَامٍ وَاحِدٍ ) (أحمد)

ഉമ്മുസലമാ(റ) പറയുന്നു: (അൻസാരികളുടെയടുത്തേക്ക് മുഹാജിറുകൾ പ്രവേശിച്ചപ്പോൾ അവർ അൻസാരി സ്ത്രീ കളുമായി വിവാഹത്തിലേർപ്പെടുകയുണ്ടായി. മുഹാ ജിറു കൾ വ്യത്യസ്ഥ രൂപത്തിൽ സംയോഗം ചെയ്തിരുന്നു, എന്നാൽ അൻസാരികൾ അങ്ങിനെ ചെയ്തിരുന്നില്ല. അങ്ങിനെ മുഹാജിറിൽപെട്ട ഒരാൾ തൻെറ അൻസാരി കളിൽപെട്ട ഭാര്യയുമായി മക്കയിൽ വെച്ച് ചെയ്യാറുള്ള പോലെ ചെയ്യാൻ ഉദ്ദേശിച്ചപ്പോൾ പ്രവാചകനോട് ചോദിച്ച് കാര്യം ബോധ്യപ്പെടുന്നത്വരെ അവൾ അതിന്ന് സമ്മ തിച്ചില്ല. അങ്ങിനെ അവൾ പ്രവാചകൻെറയടുത്ത് ചെല്ലുകയും ലജ്ജ കാരണത്താൽ ഉമ്മുസലമ(റ) അതിനെ പ്പറ്റി ചോദിക്കുകയും ചെയ്തു. അപ്പോഴാണ് ഈ ആയത്തിറങ്ങിയത്. “നിങ്ങളുടെ ഭാര്യമാർ നിങ്ങളുടെ കൃഷിയിടമാകുന്നു. അതിനാൽ നിങ്ങൾ ഇച്ഛിക്കും വിധം നിങ്ങൾക്ക് നിങ്ങളുടെ കൃഷിയിടത്തിൽ ചെല്ലുവുന്ന താണ്” (അൽബഖറ - 233) എന്നിട്ട് പ്രവാചകൻ പറഞ്ഞു: മുൻ ദ്വാരത്തിലൂടെ മാത്രമേ പാടൊള്ളൂ” (അഹ്മദ്, തിർമിദി സ്വഹീഹാക്കിയത്, അബൂയഹ്ല, ഇബ്നു

അബീ ആതിം, ബൈഹഖി, ഇതിൻെറ സനദ് മുസ്ലിമിൻെറ നിബന്ധന പ്രകാരം സ്വഹിഹാകുന്നു)

**രണ്ട്:**

ഇബ്നു അബ്ബാസ്(റ) പറയുന്നു:

( جَاءَ عُمَرُبن الخطاب إِلَى رَسُولِ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ فَقَالَ يَا رَسُولَ اللهِ هَلَكْتُ. قَالَ وَمَا أَهْلَكَكَ ؟ قَالَ حَوَّلْتُ رَحْلِيَ اللَّيْلَةَ . قَالَ فَلَمْ يَرُدَّ عَلَيْهِ رَسُولُ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ شَيْئًا قَالَ فَأُنْزِلَتْ عَلَى رَسُولِ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ هَذِهِ الْآيَةَ ( نِسَاؤُكُمْ حَرْثٌ لَكُمْ فَأْتُوا حَرْثَكُمْ أَنَّى شِئْتُمْ ) يقول: أَقْبِلْ وَأَدْبِرْ وَاتَّقِ الدُّبُرَ وَالْحَيْضَةَ ) (رواه الترمذي)

"ഉമറുബ്നുൽ ഖത്വാബ്(റ) വന്ന് കൊണ്ട് പ്രവാചകനോട് പറയുകയുണ്ടായി, അല്ലയോ പ്രവാചകരെ ഞാൻ നശിച്ചു, പ്രവാചകൻ ചോദിച്ചു എന്താണ് നിന്നെ നശിപ്പിച്ചത്? അദ്ദേഹം പറഞ്ഞു: ഇന്നലെ രാത്രി ഞാനെൻെറ വാഹന ത്തെ മറിച്ചിട്ടു ( അറബികൾ തൻെറ ഭാര്യയുമായി യോനി യിലൂടെ പിന്നിൽ നിന്ന് സംയോഗം ചെയ്യുന്നതിന്ന് ഉപയോഗിക്കുന്ന ഒരു പ്രയോഗമാകുന്നു ഇത്) പ്രവാചകൻ (ﷺ) ഒന്നും മറുപടി നൽകിയില്ല. അപ്പോഴാണ് പ്രവാചകന്ന് വഹ്യ് ഇറങ്ങിയത്. "നിങ്ങളുടെ ഭാര്യമാർ നിങ്ങളുടെ കൃഷിയിടമാകുന്നു. അതിനാൽ നിങ്ങൾ ഇച്ഛിക്കും വിധം നിങ്ങൾക്ക് നിങ്ങളുടെ കൃഷിയിടത്തിൽ ചെല്ലുവുന്ന താണ്" (അൽബഖറ - 233). എന്നിട്ട് പറയുകയുണ്ടായി: നീ മുന്നിടുകയും, പിന്നിടുകയും ചെയ്യുക, എന്നാൽ ആർത്തവ മുള്ളപ്പോഴും, ഗുദത്തിലൂടെയും നീ സംയോഗം ചെയ്യരു ത്" (നസാഇ തൻെറ ഹിശ്റ ത്തുന്നിസാഇൽ ഉദ്ദരിച്ചത്, തിർമിദി, ഇബ്നു അബീആത്വിം, ത്വബ്റാനി, അൽ വാഹിദി, തിർമിദി ഹസനാണെന്ന് പറഞ്ഞിട്ടുണ്ട്)

**മൂന്ന്:**

ഖുസൈമബ്നു സാബിത്(റ)വിൽ നിന്ന്:

(أَنَّ رَجُلاً سأَلَ النبيَّ صَلَّى اللهُ عَلَيْهِ وَسَلَّمَ عنْ إتيانِ النساء في أدبارهنَّ ، أو إتيان الرجل امرأته في دبرها؟ فقال النبيَّ صَلَّى اللهُ عَلَيْهِ وَسَلَّمَ: حلال. فلما ولى الرجل دعاه، أو أمر به فدعي، فقال كيف قلت؟ في أي الخربتين، أي في أي الخرزتين، أو في أي الخصفتين ؟ أمن دبرها في قبلها؟ فنعم، أم من دبرها في دبرها؟ فلا، فإن الله لايستحيي من الحق، لاتأتوا النساء في أدبارهن) (الدارمي)

"ഒരാൾ പ്രവാചകനോട് സ്ത്രീകളുടെ ഗുദത്തിലൂടെ സംയോഗം ചെയ്യുന്നതിനെപ്പറ്റി ചോദിക്കുകയുണ്ടായി അപ്പോൾ പ്രവാചകൻ(ﷺ) പറയുകയുണ്ടായി, അനുവദനീ യമാകുന്നു. അങ്ങിനെ അയാൾ മടങ്ങി പോയപ്പോൾ അയാളെ മടക്കി വിളിക്കുവാൻ പറഞ്ഞു. എന്നിട്ട് ചോദിച്ചു എങ്ങിനെയാണ് നീ പറഞ്ഞത്? ഏത് ഗുഹ്യാവയവത്തിലൂ ടെയാണ് നീ ചോദിച്ചത്? (പ്രവാചകൻ ഒരേ അർത്ഥമുള്ള മൂന്ന് വ്യത്യസ്ഥ പദങ്ങൾ ഉപയോഗിച്ച് കൊണ്ട് ചോ ദിക്കുകയുണ്ടായി) സ്ത്രീകളുടെ പിന്നിൽ നിന്ന് യോനി യിലൂടെയാണെങ്കിൽ അനുവദനീയമാകുന്നു, എന്നാൽ പിന്നിൽ നിന്ന് ഗുദത്തിലൂടെയാണെങ്കിൽ പറ്റുകയില്ല, കാരണം അല്ലാഹു സത്യം

വെളിവാക്കുന്ന കാര്യത്തിൽ ലജ്ജിക്കുന്നില്ല. നിങ്ങൾ സ്ത്രീകളുമായി ഗുദമൈഥുനം ചെയ്യുവാൻ പാടില്ല" (ഇമാം ശാഫി, ബൈഅഖി, ദാരിമി, ത്വഹാവി എന്നിവർ ഉദ്ദരിച്ചത്. ഇതിൻെറ സനദ് സ്വഹീഹാകുന്നു)

നാല്:

(قَالَ النَّبِيِّ صَلَّى اللهُ عَلَيْهِ وَسَلَّمَ قَالَ لاَ يَنْظُرُ اللهُ عَزَّ وَجَلَّ إِلَى رَجُلٍ يأتي امْرَأَتَهُ فِي دُبُرِهَا)

പ്രവാചകൻ(ﷺ) പറയുകയുണ്ടായി: "ഭാര്യയുമായി ഗുദ മൈഥുനം ചെയ്തവരെ അല്ലാഹു നോക്കുകയില്ല" (നസാഇ, തിർമിദി, ഇബ്നു ഹിബ്ബാൻ എന്നിവർ ഇബ്നു അബ്ബാസിൽ നിന്ന് ഉദ്ദരിച്ചത്. ഇതിൻെറ സനദ് ഹസനാകുന്നു. തിർമിദി ഇതിനെ ഹസനാക്കിയിട്ടുണ്ട്)

അഞ്ച്:

( قَالَ رَسُولُ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ مَلْعُونٌ مَنْ أَتَى امْرَأَتَهُ فِي محاشهن. يعني: أدبارهن)

പ്രവാചകൻ(ﷺ) പറയുകയുണ്ടായി: "സ്ത്രീകളുടെ ഗുദത്തിലൂടെ സംയോഗം ചെയ്യുന്നവർ ശപിക്കപ്പെട്ട വരാകുന്നു" (ഇബ്നു അദിയ്യ് ഉഖ്ബത്ബ്നു ആമിറിൽ നിന്ന് ഹസനായി ഉദ്ദരിച്ചത്, ഇതിന് തെളിവായി അബൂദാവൂദ് അബൂഹുറൈറയിൽ നിന്ന് മർഫൂഹായി ഉദ്ധരിച്ച ഒരു ഹദീസും കൂടി കാണാം)

ആറ്:

قَالَ النَّبِيِّ صَلَّى اللهُ عَلَيْهِ وَسَلَّمَ : مَنْ أَتَى حَائِضًا أَوِ امْرَأَةً فِي دُبُرِهَا أَوْ كَاهِنًا فَقَدْ كَفَرَ بِمَا أُنْزِلَ عَلَى مُحَمَّدٍ صَلَّى اللهُ عَلَيْهِ وَسَلَّمَ )

പ്രവാചകൻ(ﷺ) പറയുകയുണ്ടായി: "ആരെങ്കിലും ആർത്തവകാരിയേയോ, ഭാര്യയുടെ ഗുദത്തിലൂടെയോ സമീ പിക്കുകയോ, ജോൽസ്യനെ സമീപിച്ച് അവൻ പറയുന്നത് വിശ്വസിക്കുകയോ ചെയ്താൽ അവൻ മുഹമ്മദ് നബി(ﷺ)ക്ക് ഇറക്കിയതിൽ അവിശ്വസി ച്ചിരിക്കുന്നു" (അബൂദാവൂദ്, തിർമിദി, ഇബ്നു മാജ, എന്നിവരും, നസാഇ തൻെറ ഹുസ്നുൽ ഹിഷ്റ എന്ന ഗ്രന്ഥത്തിലും, ദാരിമി, അഹ്മദ് എന്നിവരും ഉദ്ദരിച്ചത്"

# ഏഴ്:

## രണ്ട് സംയോഗങ്ങൾക്കിടയിൽ വുളുവെടുക്കൽ

ആരെങ്കിലും ഇസ്ലാം അനുവദിച്ച രൂപത്തിലൂടെ തൻെറ ഭാര്യയുമായി സംയോഗം ചെയ്തതിന് ശേഷം വീണ്ടും ആവർത്തിക്കുവാൻ ഉദ്ദേശിക്കുകയാണെങ്കിൽ വുളുഅ് ചെയ്യൽ പ്രവാചക ചര്യയിൽ പെട്ടതാണ്. കാരണം നബി(ﷺ) പറയുന്നു:

(إِذَا أَتَى أَحَدُكُمْ أَهْلَهُ ثُمَّ أَرَادَ أَنْ يَعُودَ) ( بَيْنَهُمَا وُضُوءًا) (وفي رواية: وضوءه للصلاة)
(فإنه أنشط في العود))

"ആരെങ്കിലും തൻെറ ഭാര്യയുമായി സംയോഗം ചെയ്തതിന് ശേഷം വീണ്ടും ആവർത്തിക്കുവാൻ ഉദ്ദേശി ക്കുകയാണെങ്കിൽ അവൻ വുളൂഅ് ചെയ്യട്ടേ. (വേറെ റിപ്പോർട്ടിൽ ഉള്ളത് - നമസ്കാരത്തിന് വേണ്ടിയുള്ള വുളൂഅ് പോലെ) കാരണം അത് മടങ്ങുവാൻ ഉൽസാഹം നൽകുന്നതാണ്" (മുസ്ലിം, ഇബ്നു അബീശൈബ തൻെറ മുസ്വന്നഫിലും, അഹ്മദ്, അബൂനുഹൈം തൻെറ ത്വിബ്ബ് എന്ന കിതാബിലും ഉദ്ധരിച്ചത്. നാം (അൽബാനി) സ്വഹീഹ് അബീദാവൂദ് എന്ന ഗ്രന്ഥത്തിൽ 216-ാം നമ്പറായി സ്വഹീഹാക്കിയത്

# <u>എട്ട്:</u>

## <u>സംയോഗങ്ങൾക്കിടയിലുള്ള കുളി</u>

ഇണയുമായി ബന്ധപ്പെട്ടതിന് ശേഷം വീണ്ടും ബന്ധപ്പെടുവാൻ ഉദ്ദേശിക്കുകയാണെങ്കിൽ വുളുവെടുക്കു ന്നതിനേക്കാളും ഉത്തമം കുളിക്കലാണ്.

( عَنْ أَبِي رَافِعٍ أَنَّ النَّبِيَّ صَلَّى اللهُ عَلَيْهِ وَسَلَّمَ طَافَ ذَاتَ يَوْمٍ عَلَى نِسَائِهِ يَغْتَسِلُ عِنْدَ هَذِهِ وَعِنْدَ هَذِهِ قَالَ: قُلْتُ لَهُ يَا رَسُولَ اللهِ أَلاَ تَجْعَلُهُ غُسْلاً وَاحِدًا قَالَ هَذَا أَزْكَى وَأَطْيَبُ وَأَطْهَرُ )

"അബീറാഫിഇൽ നിന്നും ഉദ്ധരിക്കുന്ന ഹദീസിൽ നമുക്ക് കാണാം നബി(ﷺ) ഒരു ദിവസം തൻെറ ഭാര്യമാരെ മുഴുവനും സന്ദർശിക്കുകയുണ്ടായി, എന്നിട്ട് ഓരോ സ്ത്രീയുടെ അടുത്ത് നിന്നും കുളിക്കുകയുണ്ടായി, അപ്പോൾ ഞാൻ ചോദിച്ചു: അല്ലയോ പ്രവാചകരെ, എല്ലാത്തിനും കൂടി ഒരു കുളി കുളിച്ചാൽ പോരെ? അപ്പോൾ പ്രവാചകൻ(ﷺ) പറഞ്ഞു: ഇതാണ് എറ്റവും നല്ല സംസ്കാരവും, ഉത്തമവും, ശുദ്ധിക്ക് നല്ലതും" ( അബൂദാ വൂദ്, നസാഇ തൻെറ ഹിഷ്റത്തു നിസാഅ്ലും, ത്വബ്റാനി, അബൂനുഹൈം എന്നിവരും ഉദ്ധരിച്ചത്)

# <u>ഒൻപത്:</u>

## <u>ദമ്പതിമാരുടെ ഒന്നിച്ചുള്ള കുളി</u>

ഭാര്യ ഭർത്താക്കന്മാർക്ക് ഒന്നിച്ച് ഒരു സ്ഥലത്ത് നിന്ന് കുളിക്കാവുന്നതാണ്, ഭാര്യ ഭർത്താവിൽ നിന്നും ഭർത്താവ് ഭാര്യയിൽ നിന്നും കണ്ട് കൊണ്ടായിരുന്നാലും ശരി. ഇതിന്ന് തെളിവായി ഒരുപാട് ഹദീസുകളുണ്ട്.

**ഒന്ന്:**

( عَنْ عَائِشَةَ قَالَتْ كُنْتُ أَغْتَسِلُ أَنَا وَرَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ مِنْ إِنَاءٍ بَيْنِي وَبَيْنَهُ وَاحِدٍ (تختلف أيدينا فيه) فَيُبَادِرُنِي حَتَّى أَقُولَ دَعْ لِي دَعْ لِي قَالَتْ وَهُمَا جُنُبَانِ)

“ആഇഷാ(റ)പറയുന്നു:(ഞാനും പ്രവാചക തിരുമേനി(ﷺ)യും ഒരു പാത്രത്തിൽ നിന്ന് കുളിക്കാറുണ്ടായിരുന്നു, ഞങ്ങളുടെ കൈകൾ മാറി മാറി ആ പാത്രത്തിലേക്ക് താഴ്ത്താറു ണ്ടായിരുന്നു. എന്നെ വിട്ടേക്കൂ, എന്നെ വിട്ടേക്കൂ എന്ന് ഞാൻ പറയുന്നത് വരെ പ്രവാചകൻ(ﷺ) പെട്ടെന്ന് പെട്ടെന്ന് വെള്ളം കോരി ഒഴിക്കുമായിരുന്നു. ആഇഷാ(റ) പറയുന്നു: ഞങ്ങൾ രണ്ട്പേരും വലിയ അശുദ്ധി യുള്ളവരായിരുന്നു” (ബുഖാരി, മുസ്‌ലിം, അബൂഅവാന എന്നിവർ അവരുടെ സ്വഹീഹിൽ ഉദ്ദരിച്ചത്)[2]

**രണ്ട്:**

( عَنْ معاوية بن حيدة قَالَ: قُلْتُ: يَا رَسُولَ اللَّهِ عَوْرَاتُنَا مَا نَأْتِي مِنْهَا وَمَا نَذَرُ قَالَ: احْفَظْ عَوْرَتَكَ إِلاَّ مِنْ زَوْجَتِكَ أَوْ مَا مَلَكَتْ يَمِينُكَ قَالَ: قُلْتُ: يَا رَسُولَ اللَّهِ إِذَا كَانَ الْقَوْمُ بَعْضُهُمْ فِي بَعْضٍ قَالَ: إِنِ

[2] ഇവിടെ നാം മനസ്സിലാക്കേണ്ട ഒരുകാര്യം പ്രത്യേകം അൽബാനി(റ) ഉണർത്തുന്നുണ്ട്.

عن عائشة رضي الله عنها قالت ( ما رأيت عورة رسول الله صلي الله عليه وسلم قط)

“ഞാൻ പ്രവാചകനിൽ നിന്ന് നഗ്നത ഒരിക്കലും കണ്ടിട്ടില്ല”

ചില ആളുകൾ ഈ ഹദീസ് പിടിച്ചിട്ട് പറയാറുണ്ട് ഭാര്യാഭർത്താക്കന്മാർക്ക് പരസ്പരം നഗ്നത കാണാൻ പറ്റുകയില്ലെന്ന്. എന്നാൽ ഇമാം അൽബാനി പറയുന്നത് ഈ ഹദീസിൻെറ പരമ്പരയിൽ ബറകത് എന്ന് പേരുള്ള ഒരാളുണ്ട്, അയാളിൽ ബറകത്തില്ലായെന്നാണ് അതായത് അയാളിൽ നിന്ന് ഹദീസ് സ്വീകരിക്കുവാൻ പറ്റില്ലെന്നാണ്. കാരണം അയാൾ കള്ളനും, ഹദീസ് കെട്ടിയു ണ്ടാക്കുന്ന്വ നുമാകുന്നു. മഹാനായ ഇബ്നു ഹജറുൽ അസ്‌ഖ ലാനി തൻെറ ലിസാൻ എന്ന കിതാബിൽ ഈ ഹദീസ് ഈ ബറകത് എന്ന് പറയുന്നയാളുടെ കെട്ട് കഥയാണെന്ന് പറഞ്ഞിട്ടുണ്ട്. അത്പോലെ മറ്റൊരു ദുർബ്ബലമായ ഹദീസാകുന്നു

( إذا أتي أحدكم أهله فليستتر ، ولا يتجردا تجرد العيرين)

“ആരെങ്കിലും തൻെറ ഭാര്യയുടെ അടുത്ത് ചെന്നാൽ മറ സ്വീകരിക്കട്ടെ, നഗ്നത വെളിവാക്കുന്നവരെ പോലെ നിങ്ങൾ നഗ്നത വെളിവാക്കുവാൻ പാടില്ല” (ഇബ്നു മാജ ഉത്ബബ്നു അബ്ദുസുലമിയിൽ നിന്ന് ഉദ്ദരിച്ചത്, ഇതിൽ അഹ്‌വസ് ബ്നു ഹഖീം എന്ന് പറയുന്ന ഒരാളുണ്ട് അയാൾ ദുർബ്ബലനാകുന്നു, ഇദ്ദേഹത്തെ ബൂസുരി അയോഗ്യനാക്കിയിട്ടുണ്ട്, അത്പോലെ ഇതിൻെറ സനദിൽ വേറെയും പോരായ്മകളുണ്ട്. വലീദ്ബ്നു അൽഖാസിം അൽഹമദാനി എന്ന് പറയുന്ന റിപ്പോർട്ടർ അയോ ഗ്യനാകുന്നു, കാരണം അദ്ധേഹത്തെ ഇബ്നു മഈൻ (ളഈഫ്) അയോഗ്യനാക്കിയിട്ടുണ്ട് ആക്കിയിട്ടുണ്ട്).

اسْتَطَعْتَ أَنْ لاَ يَرَيَنَّهَا أَحَدٌ فَلاَ يَرَيَنَّهَا قَالَ: قُلْتُ: يَا رَسُولَ اللهِ إِذَا كَانَ أَحَدُنَا خَالِيًا قَالَ اللهُ أَحَقُّ أَنْ يُسْتَحْيَا مِنْهُ مِنَ النَّاسِ)

"മുആവിയബ്നു ഹൈദ(റ)വിൽ നിന്ന് നിവേദനം: (ഞാൻ ചോദിച്ചു: അല്ലയോ പ്രവാചകരെ, ഞങ്ങളുടെ നഗ്നത കാണാൻ പറ്റുന്നവരും, കാണാൻ പാടില്ലാതെ ഞങ്ങൾ സൂക്ഷിക്കേണ്ടവരും ആരാണ്? പ്രവാചകൻ(ﷺ) പറഞ്ഞു: നീ നിന്റെ നഗ്നത നിന്റെ ഭാര്യയും, നി ഉടമപ്പെടുത്തിയ അടിമ സ്ത്രീകളും ഒഴിച്ചുള്ളവരിൽ നിന്ന് സൂക്ഷിക്കുക)[3] അദ്ദേഹം പറയുന്നു: ഞാൻ ചോദിച്ചു: അല്ലയോ പ്ര വാചകരെ, ഞങ്ങൾ (പുരുഷന്മാർ) മാത്രമാണെങ്കിലോ? അ പ്പോൾ പ്രവാചകൻ(ﷺ) പറയുകയുണ്ടായി നിനക്ക് അവരെ നിന്റെ നഗ്നത കാണിക്കാതിരിക്കുവാൻ സാധി ക്കുമെങ്കിൽ നീ അവരെ കാണിക്കരുത്. വീണ്ടും ഞാൻ ചോദിച്ചു: അല്ലയോ പ്രവാചകരെ, ഞങ്ങളിൽ ഒരുത്തൻ സ്വന്തമാണെങ്കിലോ? അപ്പോൾ പ്രവാചകൻ(ﷺ) പറയുക യുണ്ടായി: ജനങ്ങളെക്കാൾ അവനിൽ ലജ്ജക്ക് അർഹൻ അല്ലാഹുവാകുന്നു" (അബൂദാവൂദ്, തിർമിദി, ഇബ്നു മാജ, നസാഇ ഹിഷ്റത്തുന്നി സാഇൽ, അഹ്മദ്, ബൈഅകിയും ഉദ്ദരിച്ചത്. ഹാകിം സ്വഹീ ഹാക്കുകയും അതിനോട് ഇമാം ദഅബി യോജിക്കുകയും ചെയ്തിട്ടുണ്ട്. ഇമാം നസാഇ ഈ അധ്യായത്തിന് നൽകിയത് "ഭർത്താവിന്റെ നഗ്നത യിലേക്ക് ഭാര്യയുടെ നോട്ടം" എന്നാകുന്നു.

# പത്ത്:

[3] ഇബ്നു ഉർവ അൽഹമ്പലി തന്റെ "കവാകിബ്" എന്ന കിതാബിൽ പറയുന്നു:

(إذا جامع أحدكم زوجته أو جاريته فلاينظر إلى فرجها ، فإن ذلك يورث العمى)

"ഭാര്യഭർത്താക്കന്മാർ ആരെങ്കിലും തന്റെ ഭാര്യയുമായോ, അടിമസ്ത്രീയുമായോ സംയോഗം ചെയ്യുകയാണെങ്കിൽ അവളുടെ ഗുഹ്യസ്ഥാനത്തേക്ക് നോക്കുവാൻ പാടില്ല, കാരണം അങ്ങിനെ ചെയ്താൽ അതിൽ ഉണ്ടാകുന്ന കുട്ടികൾ അന്ധന്മാരായിരിക്കും" എന്ന ഈ ഹദീസും കെട്ടിയുണ്ടാക്കിയതാകുന്നു, അത് സ്വീകരിക്കുവാൻ കൊള്ളില്ല. കാരണം ഇമാം അബു ആതിം ആർറാസി യും, ഇബ്നു ഹിബ്ബാനും, ഇവരെ പിൻപറ്റി കൊണ്ട് ഇ ബ്നുൽ ജൗസിയും ഇത് മൗളൂഹ് (കെട്ടിയുണ്ടാക്കിയത്) ആണെന്ന് പറഞ്ഞിട്ടുണ്ട്. അപ്പോൾ ദമ്പതികൾക്ക് പരസ്പ രം തങ്ങളുടെ ശരീരത്തിന്റെ എല്ലാഭാഗങ്ങ ളിലേക്കും നോക്കലും, ഗുഹ്യാ വയവം വരെ സ്പർശിക്കലും ഈ ഹദീസിന്റെ അടിസ്ഥാനത്തിൽ അനുവദനീയമാകുന്നു, കാരണം ഗുഹ്യാവയവം കൊണ്ട വന്ന്സുഖമെടുക്കൽ അനുവദനീയമാണ് ആയതിനാൽ അതിലേക്ക് നോക്കലും, അത് സ്പർശിക്കലും ശരീരത്തിലെ മറ്റു അവയവങ്ങളെപോലെ അനുവദനീയമാകുന്നു" ഇതാകുന്നു മാലികിന്റെയും, മറ്റുള്ളവരുടെയും മദ്ഹബ്.

## വലിയ അശുദ്ധിയുള്ളവർ ഉറങ്ങുന്നതിന് മുമ്പ് വുളൂഅ് ചെയ്യൽ

സംയോഗം ചെയ്ത ദമ്പതികൾ വുളൂഅ് ചെയ്താ ണ് ഉറങ്ങേണ്ടത്. അതിന് തെളിവായി ഒരുപാട് ഹദീസു കൾ പ്രവാചകചര്യയിൽ കാണാനാവും.

**ഒന്ന്:**

( عَنْ عَائِشَةَ قَالَتْ: كَانَ النَّبِيُّ صَلَّى اللهُ عَلَيْهِ وَسَلَّمَ إِذَا أَرَادَ أَنْ (يأكل أو) يَنَامَ وَهُوَ جُنُبٌ غَسَلَ فَرْجَهُ وَتَوَضَّأَ لِلصَّلَاةِ )

ആഇഷാ(റ)വിൽ നിന്ന് നിവേദനം: “നബി(ﷺ) വലിയ അശുദ്ധിയുള്ളപ്പോൾ ഉറങ്ങുവാനോ, (ഭക്ഷണം കഴിക്കുവാ നോ) ഉദ്ദേശിക്കുകയാണെങ്കിൽ നമസ്കരിക്കുവാൻ വുളു വെടുക്കുന്നത് പോലെ വുളുവെടുക്കാറുണ്ടായിരുന്നു” (ബുഖാരി, മുസ്ലിം, അബൂ അവാന, അൽബാനി തന്റെ സ്വഹീഹ് അബീദാവൂദിൽ 218 -ാം നമ്പറായി തഖ്രീജും നടത്തിയ ഹദീസ്)

**രണ്ട്:**

عن إبن عمر رضي الله عنهما:أن عُمَرقال: يارسول ! أَيَنَامُ أَحَدُنَا وَهُوَ جُنُبٌ قَالَ: نَعَمْ إِذَا تَوَضَّأَ)

وفي رواية: (توضأ واغسل ذكرك، ثم نم) وفي رواية: (نعم، ليتوضأ ثم لينم حتي يغتسل إذا شاء)

وفي أخرى: (نعم، ويتوضأ إن شاء)

ഇബ്നു ഉമർ(റ)വിൽ നിന്ന് നിവേദനം: “ഉമർ(റ) പ്രവാചകൻ(ﷺ) യോട് ചോദിച്ചു: അല്ലയോ പ്രവാചകരെ, വലിയ അശുദ്ധിയുള്ള വരായി ഞങ്ങളിൽ ആരെങ്കിലും ഉറങ്ങാമോ? പ്രവാചകൻ (ﷺ) പറഞ്ഞു: അതേ, വുളു വെടുത്താൽ: മറ്റൊരു റിപ്പോർട്ടിൽ വന്നത് ഇപ്രകാരമാണ് “നിന്റെ ഗുഹ്യാവയവം കഴുകുക, വുളുവെടുക്കുക, പിന്നീട് ഉറങ്ങുക” വേറൊരു റിപ്പോർട്ടിൽ ഇങ്ങനെയും കാണാവുന്നതാണ് “അതെ, വുളുവെടുക്കുക, ഉദ്ദേശിക്കു കയാണെങ്കിൽ കുളിക്കുകയും, ശേഷം ഉറങ്ങുകയും ചെയ്യുക” വെറെ ഒരു റിപ്പോർട്ടിലുള്ളത് “അതെ, നീ ഉദ്ദേശിക്കുകയാണെങ്കിൽ വുളുവെടുക്കുക” (ബുഖാരി, മുസ്ലിം, അബൂഅവാന, ഇബ്നു അസാകിർ, രണ്ടാമത്തെ റിപ്പോർട്ട് സ്വഹീഹ് അബീദാവൂദിലും, മൂന്നാമത്തെ റിപ്പോർട്ട് മുസ്ലിം, അബീഅവാന, ബൈഹഖി എന്നിവ രും, അവസാനത്തെ റിപ്പോർട്ട് ഇബ്നു ഖുസൈമയും ഇബ്നു ഹിബ്ബാനും അവരുടെ സ്വഹീഹിലും ഉദ്ദരിച്ച താകുന്നു.)[4]

**മൂന്ന്:**

[4] അവസാനത്തെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വുളൂഅ് നിർബ്ബന്ധമില്ല എന്നാണ്, ഇത് തന്നെയാണ് ഭൂരിപക്ഷ പണ്ഡിതന്മാരുടെയും അഭിപ്രായം. തുടർന്ന്വരുന്ന മസ്അല യിൽ ഇതിന്റെ വിശദീകരണം വരുന്നതാണ്, ഇങ്ങനെയാണ് കാര്യമെങ്കിൽ വലിയ അശുദ്ധിയില്ലാത്തവർക്ക് ഉറങ്ങുവാൻ വുളൂഅ് തീരെ നിർബ്ബന്ധമില്ലായെന്ന് നമുക്കിതിൽ നിന്നും പ്രത്യേകിച്ച് മനസ്സിലാക്കാവുന്നതാണ്. നീ ശ്രദ്ധിക്കുക.

( عَنْ عَمَّارِ بْنِ يَاسِرٍ أَنَّ رَسُولَ اللهَّ صَلَّى اللهَّ عَلَيْهِ وَسَلَّمَ قَالَ ثَلاَثَةٌ لاَ تَقْرَبُهُمُ الْمَلاَئِكَةُ جِيفَةُ الْكَافِرِ وَالْمُتَضَمِّخُ بِالْخُلُوقِ وَالْجُنُبُ إِلاَّ أَنْ يَتَوَضَّأَ)

അമ്മാറുബ്നു യാസിറിൽ(റ)നിന്ന് നിവേദനം: "മൂന്നാളു കളെ മലക്കുകൾ സമീപിക്കുകയില്ല. സത്യനിഷേധിയുടെ ജഡത്തെയും, ഖലൂഖ് (അറബിക ൾക്കിടയിലെ സ്ത്രീകൾ ധാരാളമായി ഉപയോഗിക്കുന്ന കുങ്കുമവും മറ്റു പല വസ്തുക്കളും ചേർന്ന ഒരുതരം സുഗന്ധം) എന്ന സുഗന്ധം ധാരാളമായി ഉപയോഗിക്കുന്നവനെയും, വുളു വെടുക്കാത്ത വലിയ അശുദ്ധി യുള്ളവനെയും" (ഈ ഹദീസ് ഹസനാകുന്നു, അബൂദാവൂദ് രണ്ട് മാർഗത്തിലൂടെ തൻെറ സുനനിലും, അഹ്മദ്, ത്വഹാവി, ബൈ അഖി എന്നിവരും, തിർമിദിയും മറ്റുള്ളവരും സ്വഹീഹാക്കിയതും. അൽബാനി പറയുന്നു: ഇതിൽ ചില അഭിപ്രായങ്ങൾ ഉണ്ട് അത് തൻെറ ളഈഫ് സുനനുഅബീദാവൂദിൽ വിശദീക രിച്ചിട്ടുണ്ട്. എന്നാൽ ഒന്നാമത്തെ മാർഗത്തിലൂടെ വന്നഹദീസിൻെറ വാ ചകങ്ങൾക്ക് രണ്ട് സാക്ഷികൾ കൂടിയുണ്ട് അത് ഹൈസമി തൻെറ അൽമജ്മഉലും (ഇത് കൊണ്ടാണ് അബീദാവൂദ് ഹസനാ ക്കിയത്) ത്വബറാനി തൻെറ കബീറിലും ഉദ്ദരിച്ചതാകുന്നു ആ തെളിവുകൾ)

# പതിനൊന്ന്

## ഈ വുളുവിന്റെ വിധി

മുകളിൽ നാം വിശദീകരിച്ച വുളൂഅ് നിർബ്ബന്ധമല്ല, മറിച്ച് ശക്തിയായ സുന്നത്താകുന്നു, അതാണ് ഉമർ(റ)വിൻെറ ഹദീസിൽ നിന്ന് നമുക്ക് ഗ്രഹിക്കുവാൻ സാധിക്കുന്നത്.

أن عُمَرسأل: يارسول ! أَيَنَامُ أَحَدُنَا وَهُوَ جُنُبٌ فَقَالَ: نَعَمْ ويتوضأ إن شاء)

ഉമർ(റ) പ്രവാചകൻ(ﷺ) യോട് ചോദിച്ചു: "അല്ലയോ പ്രവാചകരെ, വലിയ അശുദ്ധിയുള്ളവരായി ഞങ്ങളിൽ ആരെങ്കിലും ഉറങ്ങാമോ? പ്രവാചകൻ(ﷺ) പറഞ്ഞു: അതെ, നീ ഉദ്ദേശിക്കുകയാണെങ്കിൽ വുളു വെടുക്കുക" (ഇബ്നു ഹിബ്ബാൻ തൻെറ ശൈഖായ ഇബ്നുഖുസൈമയിൽ നിന്ന് ഉദ്ദരിച്ചത്. ഹാഫിള് തൻെറ തൽഖീസിൽ(تلخيص) പറയുന്നു ഈ ഹദീസിൻെറ أصل സ്വഹീഹൈനിയിൽ ഉള്ളതാണ്. എന്നാൽ إن شاء എന്നത് കൂ ടാതെ. അൽബാനി പറയുന്നു: إن شاء എന്നത് സ്വഹീഹ് മുസ്ലി മിൽ വന്നതാണ്. ഇത് വളരെ വ്യക്തമായ തെളിവാകുന്നു വലിയ അശുദ്ധിയുള്ളവന്ന് ഉറങ്ങുവാൻ വുളൂഅ് നിർബ്ബന്ധമല്ലായെന്നുള്ളതിന്)

ഈ അഭിപ്രായത്തെ ഒന്നുകൂടി ബലപ്പെടുത്തു ന്നതാണ് ആഇഷാ(റ) വിൻെറ ഹദീസ്.

( عَنْ عَائِشَةَ قَالَتْ كَانَ رَسُولُ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ يَنَامُ وَهُوَ جُنُبٌ مِنْ غَيْرِ أَنْ يَمَسَّ مَاءً

حتي يقوم بعد ذلك فيغتسل )

ആഇഷാ(റ) പറയുന്നു: "പ്രവാചകതിരുമേനി(ﷺ) വെള്ളം തൊടാതെ വലിയ അശുദ്ധിയുള്ളവനായിരിക്കെ ഉറങ്ങാറുണ്ടായിരുന്നു, (ഉറക്കിൽ നിന്ന് ഉണർന്നതിന് ശേഷം കുളിക്കുമായിരുന്നു)" (ഇബ്നു അബീ ശൈബ, തിർമിദി, അബീദാവൂദ്, ഇബ്നു മാജ, നസാഇ തൻെറ ഹിഷ്റയിലും, ത്വഹാവി, ത്വയാലിസി, അഹ്മദ്, ബഗ്വി, അബൂയഹ്ല തൻെറ മുസ്നദി ലും, ബൈഹഖി- ഹാഖിം എന്നിവർ എന്നിവർ തങ്ങളുടെ സ്വഹീഹിലും ഉദ്ദരിച്ചത്. അൽബാനി തൻെറ صحيح أبوداود ൽ 223-ാം നമ്പർ ആയി സ്വഹീ ഹാക്കിയത്. അഫീഫുദ്ദീൻ തൻെറ ستين حديثا എന്ന ഗ്രന്ഥത്തിൽ 6-ാം നമ്പർ ഹദീസായി ഇങ്ങനെ പറയുന്നു: "ആരെങ്കിലും രാത്രിയുടെ അവസാന സമയത്ത് ഉണ ർന്നാൽ, എന്നിട്ട് തൻെറ ഭാര്യയുമായി സംയോഗം ചെയ്യുവാൻ ഉദ്ദേശിക്കുകയും ചെയ്താൽ അവൻ ചെയ്ത് കുളിക്കട്ടെ" ഇതിൻെറ സനദിൽ അബൂ ഹനീഫ(റ) കൂടി ഉണ്ട്. ഇബ്നു അബ്ബാസിൽ നിന്ന് ഇബ്നു അബീശൈബ ഹസനായ സനദിലൂടെ റിപ്പോർട്ട് ചെയ്യുന്നു: "ആരെങ്കിലും തൻെറ ഭാര്യയുമായി സം യോഗം ചെയ്ത് വീണ്ടും ആവർത്തിക്കണമെന്ന് ഉദ്ദേ ശിച്ചാൽ അവന്ന് കുളി പിന്തിപ്പിക്കുന്നത് കൊണ്ട് വിരോ ധമില്ല".
സഈദ്ബ്നു മസയ്യിബിൽ നിന്ന് നിവേദനം: "വലിയ അശുദ്ധിയുള്ളവൻ ഉദ്ദേശിക്കുയാണെങ്കിൽ വുളൂഅ് എടുക്കുന്നതിന്ന് മുമ്പ് ഉറങ്ങട്ടെ" ഇതിൻെറ സനദ് സ്വഹീഹാകുന്നു, ഇത് തന്നെയാണ് ഭൂരിപക്ഷം പണ്ഡിത ന്മാരുടെയും അഭിപ്രായം.

( عَنْ عَائِشَةَ قَالَتْ كَانَ رَسُولُ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ يَبِيتُ جُنُبًا فَيَأْتِيهِ بِلَالٌ فَيُؤْذِنُهُ بِالصَّلَاةِ فَيَقُومُ فَيَغْتَسِلُ فَأَنْظُرُ إِلَى تَحَادُرِ الْمَاءِ فِي شَعْرِهِ وَجِلْدِهِ ثُمَّ يَخْرُجُ فَأَسْمَعُ صَوْتَهُ فِي صَلَاةِ الْفَجْرِ ثُمَّ يَظَلُّ صَائِمًا. قَالَ مُطَرِّفٌ: فَقُلْتُ لِعَامِرٍ أَفِي رَمَضَانَ؟ قَالَ: نعم،رَمَضَانُ وَغَيْرُهُ سَوَاءٌ)

ആഇഷാ(റ)യിൽ നിന്ന് തന്നെ വെറെ ഒരു റിപ്പോർട്ട് "പ്രവാചകതിരുമേനി(ﷺ) വലിയ അശുദ്ധി യുള്ളവനായിരിക്കെ ഉറങ്ങാറുണ്ടായിരുന്നു, അങ്ങിനെ ബിലാൽ വന്ന് നമസ്കാരത്തിന് ബാങ്ക് കൊടുക്കും, തുടർന്ന് നബി(ﷺ) എഴുന്നേറ്റ് കുളിക്കും, അദ്ദേഹത്തിൻെറ തലയിൽ നിന്നും, ശരീരത്തിൽ നിന്നും വെള്ളം ഉറ്റിവീഴുന്നത് ഞാൻ നോക്കാറുണ്ടായിരുന്നു, പിന്നീട് പള്ളിയിലേക്ക് പുറപ്പെടുകയും, സുബഹി നമസ്കാരത്തിൽ നിന്ന് അദ്ദേഹത്തിൻെറ ശബ്ദം ഞാൻ കേൾക്കുകയും ചെയ്യാറുണ്ടായിരുന്നു, പിന്നീട് നോമ്പിൽ തന്നെ തുടരു കയും ചെയ്യാറുണ്ടായിരുന്നു. മുത്തരിഫ് പറയുന്നു: ഞാൻ ആമിറിനോട് ചോദിച്ചു: അത് റമളാ നിലായിരുന്നോ? അദ്ദേഹം പറഞ്ഞു: അതെ, റമളാനിലും, മറ്റുള്ളയവ സരത്തിലും ഒരേപോലെയായിരുന്നു" "സ്വഹീഹായ സനദിലൂടെ മസ്റൂഖിൽ നിന്ന് ശഅബിയുടെ രിവായത്തായി ഇബ്നു അബീശൈബ ഉദ്ദരിച്ചത്. അഹ്മദ്, അബൂയഹ്ല എന്നിവരും ഉദ്ദരിച്ചിട്ടുണ്ട് ഈ ഹദീസ്. അൽബാനി വെറെ ഒരു രിവായത്തിലൂടെയും ഉദ്ദരിച്ചിട്ടുണ്ട)

# പന്ത്രണ്ട്

## വലിയ അശുദ്ധിയുള്ളവന് വുളുവിന് പകരം തയമ്മും ചെയ്യാം

ചിലപ്പോഴെല്ലാം വലിയ അശുദ്ധിയുള്ള ദമ്പതി മാർക്ക് വുളുവിന്ന് പകരം തയമ്മും ചെയ്യാവുന്നതാണ്.

( عَنْ عَائِشَةَ قَالَتْ: كَانَ رَسُولُ اللَّهِ صَلَّى اللهُ عَلَيْهِ وَسَلَّمَ إِذَا أَجْنَبَ فَأَرَادَ أَنْ يَنَامَ تَوَضَّأَ ، أو تيمم)

ആഇഷാ(ﷺ) പറയുന്നു: "നബി(ﷺ) ജനാബത്തു ള്ളവനായി ഉറങ്ങാനുദ്ദേശിച്ചാൽ വുളുവെടു ക്കാറുണ്ട്, അല്ലെങ്കിൽ തയമ്മും ചെയ്യാറുണ്ടായിരുന്നു" (ബൈഹഖി ഹിഥാമ്ബ്നു അലിയ്യിൽ നിന്ന് ഉദ്ദരിച്ചത്. ഫത്ഹുൽ ബാരിയിൽ ഹാഫിള് പറയുന്നു: ഇതിൻെറ സനദ് ഹസനാകുന്നു. അൽബാനി പറയുന്നു: (ഇബ്നു അബീ ശൈബ ഹിഥാമിൽ നിന്ന് മൗഖൂഫായി ആഇ ഷാ(റ)യിൽ നിന്ന് ഉദ്ദരിക്കുന്നു: (ജനാബത്ത് ബാധിച്ച ഒരാൾ ഉറങ്ങുവാൻ ഉദ്ദേശിക്കുന്നവന്ന് വേണ്ടതെന്താണെന്ന് ചോദിച്ചപ്പോൾ ആഇഷാ(റ) പറഞ്ഞു: "വുളുവെടുക്കട്ടെ, അല്ലെങ്കിൽ തയമ്മും ചെയ്യട്ടെ) ഇതിൻെറ സനദ് സ്വഹീ ഹാകുന്നു)

# പതിമൂന്ന്

## കുളിക്കൽ ഏററവും ഉത്തമം

സംയോഗം കഴിഞ്ഞതിന് ശേഷം കുളിക്കലാണ് ഏറ്റവും ഉത്തമമായിട്ടുള്ളത്.

عَنْ عَبْدِ اللَّهِ بْنِ قَيْسٍ قَالَ: سَأَلْتُ عَائِشَةَ قُلْتُ: كَيْفَ كَانَ يَصْنَعُ فِي الْجَنَابَةِ أَكَانَ يَغْتَسِلُ قَبْلَ أَنْ يَنَامَ أَمْ يَنَامُ قَبْلَ أَنْ يَغْتَسِلَ قَالَتْ كُلُّ ذَلِكَ قَدْ كَانَ يَفْعَلُ رُبَّمَا اغْتَسَلَ فَنَامَ وَرُبَّمَا تَوَضَّأَ فَنَامَ قُلْتُ: الْحَمْدُ لِلَّهِ الَّذِي جَعَلَ فِي الْأَمْرِ سَعَةً )

അബ്ദുല്ലാഇബ്നു ഖൈസ് പറയുന്നു: "ഞാൻ ആഇഷാ(റ)യോട് ചോദിച്ചു: വലിയ അശുദ്ധിയു ണ്ടാകുമ്പോൾ എങ്ങിനെയായിരുന്നു പ്രവാചകൻെറ ചര്യ? ഉറങ്ങുന്നതിന്ന് മുമ്പ് കുളിക്കാറുണ്ടായിരുന്നോ, അതല്ല കുളിക്കുന്നതിന് മുമ്പ് ഉറങ്ങാറുണ്ടോ? ആഇഷാ(റ) പറയുന്നു: അങ്ങനെയെല്ലാം പ്രവാചകൻ ചെയ്യാറുണ്ടാ യിരുന്നു, ചിലപ്പോൾ കുളിച്ച് ഉറങ്ങും, ചിലപ്പോൾ വുളുവെടുത്ത് ഉറങ്ങും, അപ്പോൾ ഞാൻ (റാവി) പറഞ്ഞു: ഓരോ കാര്യത്തിലും വിശാലത നൽകിയ അല്ലാഹുവിന്ന് സർവ്വ സ്തുതിയും" (മുസ്ലിം അബൂഅവാന, അഹ്മദ്)

# പതിനാല്

## ഋതുമതികളെ സംയോഗം ചെയ്യൽ നിഷിദ്ധം

ആർത്തവകാരികളെ സംയോഗം ചെയ്യൽ നിഷിദ്ധമാ കുന്നു.[5] കാരണം അല്ലാഹു പറയുന്നു:

(وَيَسْأَلُونَكَ عَنْ المَحِيضِ قُلْ هُوَ أَذًى فَاعْتَزِلُوا النِّسَاءَ فِي المَحِيضِ وَلاَ تَقْرَبُوهُنَّ حَتَّى يَطْهُرْنَ فَإِذَا تَطَهَّرْنَ فَأْتُوهُنَّ مِنْ حَيْثُ أَمَرَكُمْ اللهُ إِنَّ اللهَ يُحِبُّ التَّوَّابِينَ وَيُحِبُّ المُتَطَهِّرِينَ) (البقرة ٢٢٢)

"ആർത്തവത്തെപ്പറ്റി നിന്നോടവർ ചോദിക്കുന്നു. പറയുക, അതൊരു മാലിന്യമാകുന്നു. അതിനാൽ ആർത്തവ ഘട്ടത്തിൽ നിങ്ങൾ സ്ത്രീകളിൽ നിന്ന് അകന്ന് നിൽക്കേണ്ടതാണ്. അവർ ശുദ്ധിയാകുന്നത് വരെ അവരെ സമീപിക്കുവാൻ പാടില്ല. എന്നാൽ അവർ ശുചീകരിച്ച് കഴിഞ്ഞാൽ അല്ലാഹു നിങ്ങളോട് കൽപി ച്ചവിധത്തിൽ നിങ്ങൾ അവരുടെ അടുത്ത് ചെന്നുകൊള്ളുക. തീർച്ചയാ യും അല്ലാഹു പശ്ചാതാപിക്കുന്നവരെ ഇഷ്ടപ്പെടുന്നു. ശുചിത്വം പാലിക്കുന്നവരെയും ഇഷ്ടപ്പെടുന്നു" (അൽ ബഖറ - 222)

ഈ വിഷയത്തിൽ ഒരുപാട് ഹദീസുകളും ഉണ്ട്.

ഒന്ന്:

(قال صَلَّى اللهُ عَلَيْهِ وَسَلَّمَ : مَنْ أَتَى حَائِضًا أَوِ امْرَأَةً فِي دُبُرِهَا أَوْ كَاهِنًا فصدقهُ بما يقول فَقَدْ كَفَرَ بِمَا أُنْزِلَ عَلَى مُحَمَّدٍ صَلَّى اللهُ عَلَيْهِ وَسَلَّمَ)

നബി(ﷺ) പറയുന്നു: "ആരെങ്കിലും ആർത്തവകാരിയേയോ, ഭാര്യയുടെ ഗുദത്തിലൂടെ സമീപിക്കുകയോ, ജോൽസ്യനെ സമീപിച്ച് അവൻ പറയുന്നത് വിശ്വസിക്കുകയോ ചെയ്താൽ അവൻ മുഹമ്മദ് നബി(ﷺ)ക്ക് ഇറക്കിയതിൽ അവിശ്വസിച്ചിരിക്കുന്നു" (അബൂദാവൂദ്, തിർമിദി, ഇബ്നു മാജയും മറ്റുള്ളവരും ഉദ്ദരിച്ചത്)

രണ്ട്:

(عَنْ أَنَسِ بْنِ مَالِكٍ أَنَّ الْيَهُودَ كَانَتْ إِذَا حَاضَتْ مِنْهُمُ الْمَرْأَةُ أَخْرَجُوهَا مِنَ الْبَيْتِ وَلَمْ يُؤَاكِلُوهَا وَلَمْ يُشَارِبُوهَا وَلَمْ يُجَامِعُوهَا فِي الْبَيْتِ فَسُئِلَ رَسُولُ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ عَنْ ذَلِكَ فَأَنْزَلَ اللهُ

[5] ശൗകാനി തന്റെ فتح القدير ൽ പറയുന്നു: പണ്ഡിത ന്മാരുടെയിടയിൽ അഭിപ്രായ വ്യത്യാസം ഇല്ലാത്ത കാര്യ മാണ് ആർത്തവകാരിയുമായി സംയോഗം ചെയ്യൽ നിഷിദ്ധമാ ണെന്നുള്ളത്. മതത്തിൽ നിർബ്ബന്ധമായും ഓരോ ആളുകളും അറിഞ്ഞിരിക്കേണ്ട കാര്യവുമാണിത്.

سُبْحَانَهُ ( وَيَسْأَلُونَكَ عَنِ الْمَحِيضِ قُلْ هُوَ أَذًى فَاعْتَزِلُوا النِّسَاءَ فِي الْمَحِيضِ ) إِلَى آخِرِ الْآيَةِ فَقَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ جَامِعُوهُنَّ فِي الْبُيُوتِ وَاصْنَعُوا كُلَّ شَيْءٍ غَيْرَ النِّكَاحِ فَقَالَتِ الْيَهُودُ مَا يُرِيدُ هَذَا الرَّجُلُ أَنْ يَدَعَ شَيْئًا مِنْ أَمْرِنَا إِلاَّ خَالَفَنَا فِيهِ فَجَاءَ أُسَيْدُ بْنُ حُضَيْرٍ وَعَبَّادُ بْنُ بِشْرٍ- إِلَى النَّبِيِّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ فَقَالاَ يَا رَسُولَ اللَّهِ إِنَّ الْيَهُودَ تَقُولُ كَذَا وَكَذَا أَفَلاَ نَنْكِحُهُنَّ فِي الْمَحِيضِ فَتَمَعَّرَ وَجْهُ رَسُولِ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ حَتَّى ظَنَنَّا أَنْ قَدْ وَجَدَ عَلَيْهِمَا فَخَرَجَا فَاسْتَقْبَلَتْهُمَا هَدِيَّةٌ مِنْ لَبَنٍ إِلَى رَسُولِ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ فَبَعَثَ فِي آثَارِهِمَا فَسَقَاهُمَا فَظَنَنَّا أَنَّهُ لَمْ يَجِدْ عَلَيْهِمَا )

ജൂതന്മാര്‍ തങ്ങളുടെ സ്ത്രീകള്‍ ആര്‍ത്തവകാരികളാ ണെങ്കില്‍ അവരെ വീടുകളില്‍ നിന്ന് പുറത്താക്കുകയും, അവ രോടൊപ്പം ഭക്ഷണ പാനീയങ്ങള്‍ കഴിക്കുകയോ, അവരുമായി വീട്ടില്‍ കൂടികലരുകയോ ചെയ്യുമായിരുന്നില്ല. ഇതിനെ സംബ ന്ധിച്ച് നബ(ﷺ)യോട് ചോദിക്കപ്പെട്ടു. അപ്പോള്‍ ഈ ആയത്തിറങ്ങി "ആര്‍ത്തവത്തെപ്പറ്റി നിന്നോടവര്‍ ചോദിക്കുന്നു. പറയുക, അതൊരു മാലിന്യ മാകുന്നു. അതിനാല്‍ ആര്‍ത്തവ ഘട്ടത്തില്‍ നിങ്ങള്‍ സ്ത്രീകളില്‍ നിന്ന് അകന്ന് നില്‍ക്കേണ്ടതാണ്. അവര്‍ ശുദ്ധിയാകുന്നത് വരെ അവരെ സമീപിക്കുവാന്‍ പാടില്ല. എന്നാല്‍ അവര്‍ ശുചീകരിച്ച് കഴിഞ്ഞാല്‍ അല്ലാഹു നിങ്ങളോട് കല്‍പിച്ചവിധത്തില്‍ നിങ്ങള്‍ അവരുടെ അടുത്ത് ചെന്നുകൊള്ളുക. തീര്‍ച്ചയായും അല്ലാഹു പശ്ചാതാപിക്കുന്നവരെ ഇഷ്ടപ്പെടുന്നു. ശുചിത്വം പാലിക്കുന്നവരെയും ഇഷ്ടപ്പെടുന്നു" (അല്‍ബഖറ - 222) അപ്പോള്‍ പ്രവാചകന്‍(ﷺ) പറയുകയുണ്ടായി നിങ്ങള്‍ അവരോടൊപ്പം വീടുകളില്‍ കൂടികലരുകയും, പെരുമാറു കയും ചെയ്യുക, സംയോഗമല്ലാതെ എല്ലാം അവരുമായി നിങ്ങള്‍ പങ്കിടുക. അപ്പോള്‍ ജൂതന്മാര്‍ പറയുകയുണ്ടായി: ഈ മനുഷ്യന്‍ (പ്രവാചകന്‍) ഒരു കാര്യവും നമ്മോട് എതിരാവാതെ വിട്ടേച്ചിട്ടില്ല. അങ്ങിനെ ഉസൈദ്ബ്നു ഉളൈറും, അബ്ബാദ്ബ്നു ബഷീറും വന്ന് പ്രവാചകനോട് ചോദിച്ചു: അല്ലയോ പ്രവാചകരെ, ജൂതന്മാര്‍ ഇപ്രകാരമെല്ലാം പറയുന്നുണ്ട്, നാം ആര്‍ത്തവഘട്ടത്തില്‍ സംയോഗം ചെയ്യുവാന്‍ പാടില്ലേ? അപ്പോള്‍ പ്രവാചക ന്‍റെ മുഖം വിവര്‍ണമാകുകയും, അദ്ദേഹം ഞങ്ങളോട് കോപിച്ചിട്ടുണ്ടെന്ന് ഞങ്ങള്‍ മനസ്സിലാക്കുകയും ചെയ്തു. ഞങ്ങള്‍ അവിടെ നിന്നും പുറപ്പെട്ട് പ്രവാചകന് കുറച്ച് പാല്‍ സമ്മാനമായി നല്‍കി, അങ്ങിനെ പ്രവാചകന്‍ അവരുടെ പിന്നാലെ ആളെ അയക്കുകയും, ദേഷ്യം കൊണ്ട് ഞങ്ങളെ കാണ്ടിട്ടില്ലായെന്ന് ഞങ്ങള്‍ വിചാരിക്കുകയും ചെയ്തു." (മുസ്ലിമും, അബൂഅവാ നയും തങ്ങളുടെ സ്വഹീഹില്‍ ഉദ്ദരിച്ചത്. സ്വഹീഹ് അബൂദാവൂ ദില്‍ 250-ാം നമ്പര്‍ ആയി ഉദ്ദരിച്ചത്)

# പതിനഞ്ച്

## ഋതുമതിയെ സംയോഗം ചെയ്താലുള്ള പ്രായശ്ചിത്തം

ആർക്കെങ്കിലും തന്നെ നിയന്ത്രിക്കുവാൻ കഴി യാതെ ആർത്തവകാരി ശുദ്ധിയാകുന്നതിന്ന് മുമ്പായി സംയോഗം ചെയ്താൽ അവൻ ഏകദേശം പകുതി ജുനൈഹ് (ഇംഗ്ളീഷ് സ്വർണ്ണ നാണയം) ധാനമായി നൽകേണ്ടതാണ്, അല്ലെങ്കിൽ അതിൻെറ നാലിലൊന്നോ നൽകണം.

( عَنِ ابْنِ عَبَّاسٍ عَنِ النَّبِيِّ صَلَّى اللهُ عَلَيْهِ وَسَلَّمَ فِي الرَّجُلِ يَأْتِي امْرَأَتَهُ وَهِيَ حَائِضٌ قَالَ: يَتَصَدَّقُ بِدِينَارٍ أَوْ بِنِصْفِ دِينَارٍ )

അബ്ദുല്ലാഇബ്നു അബ്ബാസ്(റ): നബി(ﷺ)യിൽ നിന്ന് ആർത്തവകാരിയെ സംയോഗം ചെയ്യുന്നതിനെ സംബന്ധിച്ച് റിപ്പോർട്ട് ചെയ്യുന്നു: അദ്ദേഹം പറഞ്ഞു: “അവൻ ഒരു ദീനാറോ അല്ലെങ്കിൽ പകുതി ദീനാറോ സ്വദഖ ചെയ്യട്ടെ” ( അബൂദാവൂദ്, തിർമിദി, ഇബ്നു മാജ, നസാഇ, ത്വബറാനി തൻെറ കബീറിലും ഉദ്ധരിച്ചത്. ദാരിമി, ഹാകിം, ബൈഹഖി എന്നിവർ ബുഖാരിയുടെ ശർത്തോടെ സ്വഹീഹായി ഉദ്ധരിച്ചതും ഹാകിം സ്വഹീഹാ ക്കിയതും, ദഹബി അതിനോട് യോചിക്കുകയും ചെ യ്തിട്ടുണ്ട്. ഇമാം അൽബാനി തൻെറ സ്വഹീഹ് അബീ ദാവൂദിൽ 256-ാം നമ്പർ ഹദീസിൽ യോചിക്കുകയും ചെയ്തിട്ടുണ്ട്)

# പതിനാറ്

## ഋതുമതിയിൽ നിന്ന് അനുവദനീയമായ കാര്യങ്ങൾ

ആർത്തവകാരിയുടെ യോനിയല്ലാത്ത എല്ലാ ശരീര ഭാഗങ്ങൾ കൊണ്ടും സുഖമാസ്വദിക്കൽ അനുവദനീ യമാകുന്നു. ഇതിന് തെളിവായി ഒരുപാട് ഹദീസുകൾ നമുക്ക് കാണാവുന്നതാണ്.

**ഒന്ന്:**

قول النَّبِيِّ صَلَّى اللهُ عَلَيْهِ وَسَلَّمَ...وَاصْنَعُوا كُلَّ شَيْءٍ غَيْرَ النِّكَاحِ )

പ്രവാചകൻ(ﷺ)പറയുന്നു: “ ... സംയോഗം ഒഴിച്ച് നിങ്ങൾ എല്ലാം ചെയ്യുക” (ഈ ഹദീസ് മുകളിൽ വന്നിട്ടുണ്ട്)

**രണ്ട്:**

( عَنْ عَائِشَةَ قَالَتْ كَانَ رَسُولُ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ يَأْمُرُ إِحْدَانَا إِذَا كَانَتْ حَائِضًا أَنْ تَتَّزِرَ ثُمَّ يُضَاجِعُهَا زَوْجُهَا وَقَالَ مَرَّةً يُبَاشِرُهَا)

ആഇഷാ(റ) പറയുന്നു: “പ്രവാചകൻ(ﷺ) ഞങ്ങളിൽ ആർത്തവകാരിയോട് യോനിയുടെ ഭാഗത്ത് വസ്ത്രം ധരിക്കുവാനും പിന്നീട് അവളുടെ

ഭർത്താവുമായി ശയി ക്കുവാനും പറയാറുണ്ടായിരുന്നു, ഒരിക്കൽ പറഞ്ഞത് അവളുമായി സമീപിക്കട്ടെ (യോനിയിലെ സംയോഗം ഒഴിച്ച് ബാക്കിയുള്ളത് ചെയ്യട്ടെ) യെന്നുമാണ്" (ബുഖാരി, മുസ്ലിം, അബൂഅവാന അവരുടെ സ്വഹീഹിൽ ഉദ്ദരിച്ചത്, അത്പോലെ സ്വഹീഹ് അബൂദാവൂദിൽ 260-ാം നമ്പർ ആയി മേൽ പറഞ്ഞ വാചകങ്ങളോടെ ഉദ്ദരിച്ചത)

മൂന്ന്:

( عَنْ بَعْضِ أَزْوَاجِ النَّبِيِّ صَلَّى اللهُ عَلَيْهِ وَسَلَّمَ أَنَّ النَّبِيَّ صَلَّى اللهُ عَلَيْهِ وَسَلَّمَ كَانَ إِذَا أَرَادَ مِنَ الْحَائِضِ شَيْئًا أَلْقَى عَلَى فَرْجِهَا ثَوْبًا (ثم صنع ما أراد)

പ്രവാചകൻ(ﷺ)യുടെ ചില ഭാര്യമാരിൽ നിന്ന് നിവേദനം: "നബി (ﷺ) ആർത്തവകാരിയിൽ നിന്ന് എന്തെങ്കിലും ഉദ്ദേശിച്ചാൽ യോനിയുടെ ഭാഗത്ത് വസ്ത്രം ഇടുകയും പിന്നീട് അദ്ദേഹം ഉദ്ദേശിക്കുന്നത് ചെയ്യുമായിരുന്നു" (സ്വഹിഹ് അബീദാവൂദിൽ 262-ാം നമ്പറായി റിപ്പോർട്ട് ചെയ്തത്. ഇതിന്റെ പരമ്പര മുസ്ലിമിന്റെ നിബന്ധ നയോടെ സ്വഹീഹായത്, ഇബ്നു അബ്ദുൽ ഹാദി സ്വഹീഹാക്കുകയും അതിനെ ഇബ്നു ഹജറും, ബൈഅ ഖിയും ശക്തിപ്പെടുത്തുകയും ചെയ്തിട്ടുണ്ട്)

# പതിനേഴ്

## ആർത്തവകാരി ശുദ്ധിയായാൽ സമീപിക്കേണ്ടതെപ്പോൾ

ആർത്തവത്തിൽ നിന്ന് ശുദ്ധിയാകുകയും, രക്തം നിലക്കുകയും ചെയ്താൽ അവൾ തന്റെ ഗുഹ്യസ്ഥാനം മാത്രം കഴുകുകയോ, വുളുവെടുക്കുകയോ, കുളിക്കു കയോ (ഇതിൽ ഏതെങ്കിലും ഒന്ന്) ചെയ്താൽ അവളു മായി സംയോഗം ചെയ്യൽ അനുവദനീയമാകുന്നു[6]

---

[6] ഇതാകുന്നു ഇബ്നുഹസമിന്റെ അഭിപ്രായം, അദ്ദേഹം അത്വാഅ്, ഖത്വാദ എന്നിവരിൽ നിന്ന് ഉദ്ദരിക്കുന്നു: അവർ രണ്ട് പേരും പറയുന്നു: ഒരു ആർത്തവകാരി ശുദ്ധിയായിയെന്ന് കാണുകയും അവൾ തന്റെ ഗുഹ്യ സ്ഥാനം കഴുകുകയും ചെയ്താൽ അവളുമായി ഭർത്താവിന് സംയോഗം ചെയ്യാവു ന്നതാണ്. ഇത് തന്നെയാണ് ഔസാഇ തന്റെ അഭിപ്രായമായി ബിദായതുൽ മുജ്തഹിദിൽ രേഖപ്പെടുത്തുന്നതും.

ഇബ്നു ഹസം പറയുന്നു: (നാം അത്വാഅ്-ൽ നിന്ന് റി പ്പോർട്ട് ചെയ്തിട്ടുണ്ട് ഒരു ആർത്തവകാരി ശുദ്ധിയാ യിയെന്ന് കാണുകയും വുളുവെടുക്കുകയും ചെയ്താൽ അവളുമായി ഭർത്താവിന് സംയോഗം ചെയ്യൽ അനുവ ദനീയമാണ്. ഇത് തന്നെയാണ് അബീസുലൈമാ നിന്റെയും, നമ്മുടെ എല്ലാ ആളുകളുടെയും അഭിപ്രാ യവും.) അത്പോലെ അത്വാഅ്-ൽ നിന്ന് ഇബ്നു അബീശൈബ തന്റെ മുസ്വന്നഫിലും ഇത് രേഖപ്പെടു ത്തിയിട്ടുണ്ട്.

ഇബ്നു മുൻദിർ മുജാഹിദ്, അത്വാഅ് എന്നിവരിൽ നി ന്ന് റിപ്പോർട്ട് ചെയ്യുന്നു: (അവൾ (ആർത്തവകാരി) ശുദ്ധി കണ്ടാ ൽ അവൾ സുഗന്ധം

പൂശുന്നതിനും, അവൾ കുളിക്കുന്നതിന്ന് മുമ്പ് ഭർത്താവന് അവളെ സമീപിക്കുന്നതിന്നും വിരോധമില്ല) ഇത് ശൗകാനിയും ഉദ്ദരിച്ചിട്ടുണ്ട്.

ഇബ്നു കഥീർ പറയുന്നു: (ആർത്തവകാരി ശുദ്ധിയായ തിന് ശേഷം കുളിക്കാതെ അല്ലെങ്കിൽ കുളിക്കുവാൻ പറ്റാത്തയ വസരത്തിൽ അവൾ അനുവദനീയമായ അവസരത്തിൽ തയമ്മും ചെയ്യുകയോ ചെയ്യാതെ അവളുമായി സംയോഗം ചെയ്യുവാൻ അനുവദനീയമല്ലെന്നതിൽ പണ്ഡിതന്മാർ യോജിട്ടുട്ട്. എന്നാൽ അബീ ഹനീഫ പറയുന്നത്: ആർത്തവത്തിന്റെ കൂടിയ പരിധിയായ പത്ത് ദിവസം ആർത്തവമുണ്ടായി രക്തം നിലച്ചാൽ കുളിക്കാൻ കാത്ത് നിൽക്കാതെ ശുദ്ധിയായിയെന്ന് കണ്ടാൽ അവളുമായി ഭർത്താവിന് സംയോഗം ചെയ്യാവുന്നതാകുന്നു) 1/ 260

എന്നാൽ ഇമാം അൽബാനി പറയുന്നത്: (മേൽ പറയപ്പെട്ട ഇജ്മാഅ് (യോജിപ്പ്) ശരിയല്ല, മുകളിൽ നാം മനസ്സിലാക്കി താബിഉകളിൽപ്പെട്ട മൂന്ന് വലിയ പണ്ഡി തന്മാരായ മുജാഹിദ്, ഖത്വാദ, അത്വാഅ് എന്നിവർ പറയുന്നത് ആർത്തവകാരി ശുദ്ധിയായാൽ കുളിക്കു ന്നതിന്ന് മുമ്പ് തന്നെ ഭർത്താവിന്ന് അവളുമായി സംയോ ഗം ചെയ്യാവുന്നതാകുന്നു, കാര്യം ഇങ്ങനെയാ യിരിക്കെ എങ്ങിനെയാണ് ഇജ്മാഅ് ഉണ്ടാകുക? ആയതിനാൽ അഭിപ്രായവ്യത്യാസമുള്ള, വിധി നടത്തുവാൻ പ്രയാസമുള്ള കാര്യങ്ങളിൽ പെട്ടെന്ന് വിധി നടത്തുവാൻ പാടില്ലെന്ന് ചിന്തിക്കുന്നവർക്ക് ഇതിൽ ഗുണപാഠമുണ്ട്. അത്പോലെ അങ്ങിനെ വിധി പ്രഖ്യാപിച്ചതിനെ സത്യപ്പെടുത്തുകയെ ന്നുള്ളതും ഇത്പോലെയാണ്, പ്രത്യേകിച്ച് പ്രവാചക ചര്യക്കോ, ഇസ്ലാമികവിധിക്കോ എതിരാണെങ്കിൽ. അത്പോലത്തന്നെ ഇബ്നുകഥീർ അബൂ ഹനീഫയുടെ അഭിപ്രായമായി പറഞ്ഞ കാര്യം മറ്റുള്ളവരും സംശയ ത്തോടെ ഉദ്ദരിച്ചിട്ടുണ്ട്. ഈ അഭിപ്രായത്തെപ്പറ്റി ഇബ്നു ഹസം പറയുന്നു: (ഈ അഭിപ്രായം അദ്ദേഹത്തിൽ നിന്ന് വന്ന വീഴ്ചയാകുന്നു, കാരണം ഇത് യഥാർത്ഥത്തിൽ തെളിവ് കൂടാതെയുള്ള വിധിപ്രസ്ഥാവമാകുന്നു, അബീഹനീഫക്ക് മുമ്പ് ഇങ്ങനെയൊരു അഭിപ്രായം ആരും തന്നെ പ്രകടിപ്പി ച്ചിട്ടില്ലതന്നെ, അത്പോലെ അദ്ദേ ഹത്തിന് ശേഷവും അദ്ദേഹത്തെ പിൻപറ്റിയവരല്ലാതെ മറ്റാരും ഇങ്ങനെ അഭിപ്രായപ്പെട്ടിട്ടില്ല.)

ഖുർതുബി പറയുന്നു:3/79 ( യാതൊരു തെളിവുമില്ലാ തെയുള്ള ഒരു വിധി പ്രസ്ഥാവമാകുന്നു ഇത്) ഇത്കൊ ണ്ടാണ് റഷീദുര റിളാ പറഞ്ഞത്: (ഇത് വിചിത്രമായ ഒരു വിശദീകരണമാണെന്ന്) ഇതിന്നുള്ള തെളിവ് അല്ലാഹു ആയത്തിൽ ആർത്തവകാരിയെ സമീപിക്കുവാൻ നിബ ന്ധന വെച്ചത് അവൾ ശുദ്ധിയാ ക്കുകയെന്നതാണ്, അത് വെള്ളം ഉപയോഗിക്കലാകുന്നു, മേൽ വിസ്തരിച്ചത് പ്രാകരം വെള്ളം ഉപയോഗിച്ച് ശുദ്ധിയാക്കുകയെന്നത് അവരുടെ ശുദ്ധിക്ക് അധികമായ ഒരു കാര്യമാകുന്നു, ആയതിനാൽ ശുദ്ധിയാകുകയെന്ന നിബന്ധന ഇല്ലാതാ ക്കുവാനോ, അതെല്ലെങ്കിൽ പത്ത് ദിവസത്തിന് മുമ്പ് ശുദ്ധിയാകുകയെന്ന് പ്രത്യേകമാക്കുവാനോ അനുവാദ മില്ല. ഇത് അബീ ഹനിഫക്ക് രൂപപെട്ട് വന്നൊരു അഭിപ്രായം മാത്രമാകുന്നു, ആയത്തിന് വിപരീതമായി വന്ന അഭിപ്രായം സ്വീകരിക്കുവാൻ നമുക്ക് നിർവാഹമില്ല, ഇമാം അബൂഹനീഫ(റ)യിൽ നിന്ന് സ്വ ഹീഹായി വന്നിട്ടു ണ്ട് (ഞങ്ങൾ എവിടെനിന്നാണ് തെളിവെടുത്തതെന്ന് അറിയുന്നില്ലെങ്കിൽ

അല്ലാഹു പറയുന്നു:

( فَإِذَا تَطَهَّرْنَ فَأْتُوهُنَّ مِنْ حَيْثُ أَمَرَكُمْ اللهُ إِنَّ اللهَ يُحِبُّ التَّوَّابِينَ وَيُحِبُّ المتَطَهِّرِينَ) (سورة البقر:٢٢٢)

"എന്നാൽ അവർ ശുചീകരിച്ച് കഴിഞ്ഞാൽ അല്ലാഹു നിങ്ങളോട് കൽപിച്ച വിധത്തിൽ നിങ്ങൾ അവരുടെ അടുത്ത് ചെന്നുകൊ ള്ളുക. തീർച്ചയായും അല്ലാഹു പശ്ചാതാപിക്കുന്നവരെ ഇഷ്ടപ്പെടുന്നു. ശുചിത്വം പാലിക്കുന്നവരെയും ഇഷ്ടപ്പെടുന്നു" (അൽബഖറ - 222)

---

ഞങ്ങളുടെ അഭിപ്രായങ്ങളെ സ്വീക രിക്കൽ ആർക്കും അനുവദനീയമല്ല തന്നെ, കാരണം ഞങ്ങൾ മനുഷ്യരാണ് ഇന്ന് ഒരു അഭിപ്രായം പറയും, നാളെ അതിൽ നിന്ന് ഞങ്ങൾ മടങ്ങുകയും ചെയ്യും.)

ആയതിനാൽ തെളിവിന്നെതിരായ അഭിപ്രായം നമുക്ക് സ്വീകരിക്കൽ എങ്ങിനെ അനുവദനീയമാകും.

പിന്നെ നാം മനസ്സിലാക്കേണ്ടത് നാം മൂന്ന് കാര്യങ്ങളിൽ തിരെഞ്ഞെടുക്കുവാനുള്ള സ്വാതന്ത്ര്യം നൽകിയത് (രക്തം കഴുകി ശുദ്ധിയാക്കുക, വുളുവെടുക്കുക, കുളിക്കുക) ഈ മൂന്ന് കാര്യങ്ങളിലും التطهر (ശുദ്ധീകരിക്കുക) എന്ന പദ ത്തിൻെറ ആശയം അടങ്ങിയിട്ടുണ്ട്. ഇബ്നു ഹസം പറയുന്നു: (വുളുവെടുക്കൽ ശുദ്ധീകരിക്കലാകുന്നു, അപ്രകാരം തന്നെയാണ് ഗുഹ്യാവയവം കഴുകുക യെന്നതും, ശരീരം മുഴുവനും കഴുകലായ കുളിയും ശുദ്ധീകരിക്കലാകുന്നു, ആർത്തവത്തിൽ നിന്ന് ശുദ്ധിയായ സ്ത്രീ ഇതിൽ ഏതെങ്കിലും ഒന്ന് സ്വീകരിച്ചാൽ തന്നെ ഭർത്താവിന്ന് അവളുമായി സംയോഗത്തിൽ ഏർപ്പെടൽ അനുവദനീയമാകുന്നു.)

ചുരുക്കിപറഞ്ഞാൽ (إذا تطهرن) എന്ന ആയത്തിൽ നിന്ന് കുളി മാത്രമാണ് ഉദ്ദേശിക്കുന്നതെന്നതിന്ന് തെളിവില്ല, മറിച്ച് മുകളിൽ വിവരിച്ച മൂന്ന് രൂപത്തിലുള്ള ശുദ്ധീകരണവും പെടുന്നതാകുന്നു. ഇതിൽ ഏതെങ്കിലും ഒന്ന് ചെയ്താൽ അവളുമായി ഭർത്താവിന്ന് സംയോഗ ത്തിലേർപ്പെടൽ അനുവദനീയമാണ്. ഇതിനെതിരായി സുന്നത്തിൽ യാതൊ രു തെളിവും ഞാൻ കണ്ടിട്ടില്ല ഇബ്നു അബ്ബാസി ൻെറ ഹദീസല്ലാതെ. അദ്ദേഹം പറയുന്നു: (ആരെങ്കിലും ആർത്തവകാരിയുമായി സംയോഗം ചെയ്താൽ അവൻ പ്രായശ്ചിത്തമായി ഒരു ദീനാർ ദാനം ചെയ്യട്ടെ, അത പോലെ അവൾ ശുദ്ധിയായതിന് ശേഷം കുളിക്കുന്നതിന്ന് മുമ്പ് അവളുമായി ബന്ധപ്പെട്ടാൽ അവൻ പകുതി ദീനാർ പ്രായശ്ചി ത്തമായി ദാനം ചെയ്യട്ടെ) എന്നാൽ ഈ ഹദീസ് ദുർബ്ബല മാകുന്നു. ഇതിൻെറ സനദിൽ അബ്ദുൽ കരീമ്ബ്നു അബീലമ ഹാരിഖ് അബൂഉമയ്യ: എന്ന ആൾ ഉണ്ടെന്നതിൽ ഇജ്മാഅ് ഉണ്ട്. എന്നാൽ ചിലയാളുകൾ വിചാരിക്കുന്നത് സികത്തായ അബ്ദുൽ കരീം അൽജസരി അബാ സഈദ് അൽഹർറാനി ആണെന്നാണ് എന്നാൽ അത് അവർക്ക് തെറ്റുപറ്റിയ താണ്. ഇത് നാം സ്വഹീഹ് അബീദാവൂദിൽ 258-ാം നമ്പ റായി വിശദമാ ക്കിയ ഹദീസിൽ വിശദമായി വിവരിച്ച കാര്യമാകുന്നു. മാത്രവു മല്ല ഇനി സനദ് ശരിയാണെങ്കിൽ തന്നെ ഇതിൻെറ മത്നിൽ തെളിവ് പിടിക്കുന്നതിൽ നിന്നും തടയുന്ന ഇള്തിറാബ് ഉണ്ടാകാനും. ആയതിനാൽ ഈ ഹദീസ് ദുർബ്ബലമാണ്.

# പതിനെട്ട്

## അസ്ൽ[7] അനുവദനീയം

ഗർഭം തടയുന്നതിന്ന് വേണ്ടി ഭാര്യയിൽ നിന്ന് ഭർത്താ വിന്റെ ശുക്ലം പുറത്ത് കളയുന്നത് ഇസ്‌ലാമിൽ അനുവദനീയ മാകുന്നു. ഇതിന് തെളിവായി ഒരുപാട് ഹദീസുകൾ ഉണ്ട്.

**ഒന്ന്:**

( عَنْ جَابِرٍ رضي الله عنه قَالَ: (كُنَّا نَعْزِلُ وَالْقُرْآنُ يَنْزِلُ) وفي رواية: ( كُنَّا نَعْزِلُ عَلَى عَهْدِ النَّبِيِّ صَلَّى اللهُ عَلَيْهِ وَسَلَّمَ فَبَلَغَ ذَلِكَ نَبِيَّ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ فَلَمْ يَنْهَنَا )

ജാബിർ(റ)വിൽ നിന്ന് നിവേദനം: “വിശുദ്ധഖുർആൻ ഇറങ്ങികൊണ്ടിരിക്കെ ഞങ്ങൾ അസ്ൽ ചെയ്യാറുണ്ടായി രുന്നു” മറ്റൊരുറിപ്പോർട്ടിൽ “പ്രവാചകന്റെ കാലത്ത് ഞങ്ങൾ അസ്ല് നടത്താറുണ്ടായിരുന്നു, ഈ വിവരം പ്ര വാചകന്റെയടുത്തെത്തി, പക്ഷെ, പ്രവാചകൻ ഞങ്ങളെ അതിൽനിന്നും തടഞ്ഞിരുന്നില്ല” എന്നാണുള്ളത്. (ബുഖാരി, മുസ്‌ലിം, രണ്ടാമത്തെ റിപ്പോർട്ട് മുസ്‌ലിമിന്റെതാണ്, നസാഇ ഇഷ്റത്തുന്നിസാഅ്ലും, തിർമിദി, ബഹ്‌വിയും ഉദ്ദരിച്ചത്)

**രണ്ട്:**

عن أَبِي سَعِيدٍ الخُدْرِيَّ قَالَ جَاءَ رَجُلٌ إِلَى النَّبِيِّ صَلَّى اللهُ عَلَيْهِ وَسَلَّمَ فَقَالَ: يَا رَسُولَ اللهِ إِنَّ لِي وَلِيدَةً، وَأَنَا أَعْزِلُ عَنْهَا وَأَنَا أُرِيدُ مَا يُرِيدُ الرَّجُلُ ، وَإِنَّ الْيَهُودَ زَعُمُوا: أَنَّ المَوْءُودَةَ الصُّغْرَى الْعَزْلُ فَقَالَ: رَسُولُ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ كَذَبَتْ يَهُودُ (كَذَبَتْ يَهُودُ) لو أَرَادَ اللهُ أَنْ يَخْلُقَهُ لَمْ تَسْتَطِعْ أَنْ يَصْرِفَهُ )

അബീസഅ്ദ് അൽഖുദ്രി(റ)വിൽ നിന്ന് നിവേദനം: “ഒരാൾ പ്രവാചകൻ(ﷺ)യുടെ അടുത്ത്‌വന്ന് പറയുകയു ണ്ടായി, എനിക്ക് ഒരു അടിമ സ്ത്രീയുണ്ട് ഞാൻ അവരിൽ നിന്ന് അസ്ൽ നടത്താറുണ്ട്, ഞാൻ മറ്റുള്ള പുരുഷന്മാർ ഉദ്ദേശിക്കുന്നത് ഞാനും ഉദ്ദേശിക്കുന്നു, എന്നാൽ ജൂതന്മാർ ജല്പിക്കാറുണ്ട്: (അസ്ൽ എന്ന് പറയുന്നത് ചെറിയ രൂപത്തിൽ കുട്ടികളെ വധിക്കലാകുന്നുവെന്ന്) എന്നാൽ പ്രവാചകൻ(ﷺ) പറഞ്ഞത്: (ജൂതന്മാർ കളവ് പറഞ്ഞിരിക്കുന്നു, (ജൂതന്മാർ കളവ് പറഞ്ഞിരിക്കുന്നു) എന്നാൽ അല്ലാഹു സൃഷ്ടിക്കുവാൻ ഉദ്ദേശിച്ചാൽ അതിൽനിന്ന് തടയുവാൻ ആർക്കും സാധ്യമല്ല)” (നസാഇ ഹിഷ്റയിലും, അബൂദാവൂദ്, ത്വഹാവി, തിർമിദി, അഹ്മദ് ശരിയായ സനദിലൂടെയും ഉദ്ദരിച്ചത്)

---

[7] عزل എന്ന് പറയുന്നത് സംയോഗം സമയത്ത് ഗർഭം തടയു ന്നതിന്ന് വേണ്ടി ശുക്ലം യോനിയിലേക്ക് പ്രവേ ശിക്കാൻ അനുവദിക്കാതെ പുറത്ത് കളയുന്നതിനാണ്.

മൂന്ന്:

( عَنْ جَابِرٍ أَنَّ رَجُلاً أَتَى رَسُولَ اللهِّ صَلَّى اللهُّ عَلَيْهِ وَسَلَّمَ فَقَالَ إِنَّ لِي جَارِيَةً هِيَ خَادِمُنَا وَسَانِيَتُنَا وَأَنَا أَطُوفُ عَلَيْهَا وَأَنَا أَكْرَهُ أَنْ تحَمِلَ فَقَالَ: اعْزِلْ عَنْهَا إِنْ شِئْتَ فَإِنَّهُ سَيَأْتِيهَا مَا قُدِّرَ لهَا. فَلَبِثَ الرَّجُلُ ثُمَّ أَتَاهُ فَقَالَ إِنَّ الجَارِيَةَ قَدْ حَبِلَتْ. فَقَالَ قَدْ أَخْبَرْتُكَ أَنَّهُ سَيَأْتِيهَا مَا قُدِّرَ لهَا)

ജാബിർ(റ)വിൽ നിന്ന് നിവേദനം: (പ്രവാചകൻെറ യടുത്ത് ഒരാൾ വന്ന് പറഞ്ഞു: "എനിക്ക് ഒരു അടിമയുണ്ട് അവൾ എൻെറ വേലക്കാരിയും, ഈത്തപന നനക്കുന്ന വളുമാകുന്നു, ഞാൻ അവളുമായി സംയോഗത്തിലേർ പ്പെടാറുണ്ട്, പക്ഷേ, അവൾ ഗർഭിണിയാകുന്നതിനെ ഞാൻ ഇഷ്ടപ്പെടുന്നില്ല. അപ്പോൾ പ്രവാചകൻ(ﷺ) പറയു കയുണ്ടായി: (നീ ഉദ്ദേശിക്കുകയാണെങ്കിൽ അവളിൽ നിന്ന് അസ്ൽ നടത്തുക, എന്നാൽ തീർച്ചയായും അവൾ അവൾക്ക് വിധിച്ചത് കൊണ്ട്വരുക തന്നെ ചെയ്യുന്നതാ ണ്. പിന്നീട് കുറച്ച് ദിവസങ്ങൾക്ക് ശേഷം അയാൾ വന്ന് കൊണ്ട് പറഞ്ഞു: എൻെറ അടിമ ഗർഭം ധരിച്ചിട്ടുണ്ട്, അപ്പോൾ പ്രവാചകൻ(ﷺ) പറയുകയുണ്ടായി: (ഞാൻ നിന്നെ അറിയിച്ചില്ലെ, അവൾക്ക് വിധിച്ചത് അവൾ കൊണ്ട്വരുമെന്ന്)" (മുസ്ലിം, അബൂദാവൂദ്, ബൈഅഖി, അഹ്മദ്)

# പത്തൊൻപത്

## അസ്ൽ ഉപേക്ഷിക്കൽ ഉത്തമം

ഒരുപാട് കാരണത്താൽ ഉപേക്ഷിക്കലാണ് ഉത്തമം.

1- വിവാഹത്തിൻെറ പ്രധാനപ്പെട്ട ലക്ഷ്യത്തിൽപെട്ട പരസ്പരം ആസ്വദിക്കുകയെന്നത് നഷ്ടപ്പെടുത്തുകയെന്ന ക്ലേശവും, ബുദ്ധിമുട്ടും സ്ത്രീകളിൽ അടിച്ചേൽപിക്കുക യെന്നതാണ് ഒരു കാരണം, ഇനി സ്ത്രീകൾ സമ്മതിച്ചാൽ തന്നെ താഴെവരുന്ന കാര്യങ്ങൾ അതിനോടനുബന്ധിച്ച് വരുന്നതാകുന്നു.

2- വിവാഹത്തിൻെറ ലക്ഷ്യങ്ങളിൽപെട്ട ചിലത് നഷ്ട പ്പെടുന്നു, അതിൽ പെട്ടതാണ് പ്രവാചകൻെറ സമുദായ ത്തെ വർദ്ധിപ്പിക്കുകയെന്നുള്ളത്. പ്രവാചകൻ(ﷺ) പറയ ുന്നു:

(تَزَوَّجُوا الْوَدُودَ الْوَلُودَ فَإِنِّي مُكَاثِرٌ بِكُمُ الأُمَمَ )

"നിങ്ങളെ കൊണ്ട് കൂടുതൽ അനുചരന്മാരുള്ളവൻ ഞാനാകുവാൻ വേണ്ടി കൂടുതൽ സ്നേഹവും, കുടുതൽ പ്രസവിക്കുകയും ചെയ്യുന്നവരെ നിങ്ങൾ വിവാഹം കഴിക്കുക" (സ്വഹീ ഹായ ഹദീസ് അബൂദാവൂദ്, നസാഇ, അഹ്മദ്, സ്വബ്റാനി ഔസത്വിലും, ബൈഅഖിയും ഉദ്ദരിച്ചത്) ഇത്കൊണ്ടാണ് നബി(ﷺ)യോട് അസ്ലിനെപ്പറ്റി ചോദിച്ചപ്പോൾ അത് ഗോപ്യമായ സന്താന വധമാകു ന്നുവെന്ന് പറഞ്ഞത്. പ്രവാചകൻ (ﷺ)പറയുന്നു:

(ذلك الوأد الخفي)

"അതാകുന്നു ഗോപ്യമായ സന്താനവധം" (മുസ്‌ലിം, ത്വഹാവി, അഹ്മദ്, ബൈഅഖി എന്നിവർ ഉദ്ദരിച്ചത്)[8]

ഇതിനാലാണ് നബി(ﷺ) അബീസഊദുൽ ഖുദ്‌രി(റ)വിൻെറ ഹദീസിൽ പറയുന്നത് അസ്ൽ ഉപേക്ഷിക്കലാകുന്നു നല്ലത്. പ്രവാചകൻ(ﷺ) പറയുന്നു:

( ذُكِرَ الْعَزْلُ عِنْدَ رَسُولِ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ فَقَالَ: وَلِمَ يَفْعَلُ ذَلِكَ أَحَدُكُمْ وَلَمْ يَقُلْ: فَلاَ يَفْعَلْ ذَلِكَ أَحَدُكُمْ فَإِنَّهُ لَيْسَتْ نَفْسٌ مخْلُوقَةٌ إِلاَّ اللهُ خَالِقُهَا. (وفث رواية)، فَقَالَ: وَإِنَّكُمْ لَتَفْعَلُونَ وَإِنَّكُمْ لَتَفْعَلُونَ وَإِنَّكُمْ لَتَفْعَلُونَ؟ مَا مِنْ نَسَمَةٍ كَائِنَةٍ إِلَى يَوْمِ الْقِيَامَةِ إِلاَّ هِيَ كَائِنَةٌ )

"പ്രവാചകൻ(ﷺ)യുടെ അടുത്ത് അസ്‌ലിനെ സംബന്ധിച്ച് പറയപ്പെട്ടു, അപ്പോൾ പ്രവാചകൻ(ﷺ)പറഞ്ഞു: നിങ്ങൾ എന്തിനാണ് അങ്ങിനെ ചെയ്യുന്നത്? പക്ഷേ, പ്രവാചക ൻ(ﷺ) അപ്പോൾ നിങ്ങൾ ആരും അങ്ങിനെ ചെയ്യരുതെന്ന് പറഞ്ഞില്ല. കാരണം അത് അല്ലാഹു സൃഷ്ടാവായിട്ടുള്ള ഒരു സൃഷ്ടിയല്ലാതെ മറ്റൊന്നുമല്ല. മറ്റൊരു റിപ്പോർട്ടിൽ ഉള്ളത് ഇങ്ങനെയാകുന്നു പ്രവാചകൻ (ﷺ)പറഞ്ഞു: നിങ്ങൾ അങ്ങിനെ ചെയ്യുന്നു വോ, നിങ്ങൾ അങ്ങിനെ ചെയ്യുന്നുവോ, നിങ്ങൾ അങ്ങിനെ ചെയ്യുന്നുവോ? അവസാനനാൾ വരെ സൃഷ്ടിക്കപ്പെടുന്ന സർവ്വ ആത്മാ വുകളും സൃഷ്ടിക്കപ്പെടാതെ പോകുന്നില്ല"[9]

---

[8] ഈ ഹദീസ് സ്വഹീഹാണെന്നതിൽ യാതൊരു സംശയവും ഇല്ലെന്ന് ഇബ്നു ഹജറുൽ അസ്ഖലാനി തൻെറ ഫത്ഹുൽ ബാരിയിൽ പറഞ്ഞിട്ടുണ്ട്. എന്നാൽ ഈ ഹദീസും മുൻപ് വിശദീകരിച്ച ജൂതന്മാർ കളവ് പറഞ്ഞിരി ക്കുന്നുവെന്ന് പറഞ്ഞ ഹദീസും തമ്മിൽ വൈരുദ്ധ്യം ഇല്ലേയെ ന്ന് ചിലയാളുകൾ ചോദിച്ചേക്കാം. ഈ രണ്ട് ഹദീസിനെയും യോജിപ്പിച്ച് കൊണ്ട് ഇബ്നു ഹജർ അസ്ഖലാനി തൻെറ ഫത്ഉൽ ബാരിയിൽ പറയുന്നു: (ജൂതന്മാർ പറയുന്നത് കളവാണെന്നുള്ള ഹദീസും, നബി(ﷺ) പറഞ്ഞ ജുദാമയുടെ ഹദീസിലുള്ള ഗോപ്യമായ സന്താന വധമെന്നുള്ള ഹദീസും പണ്ഡിതന്മാർ യോജിപ്പി ക്കുന്നത് ഇങ്ങനെയാണ്, അവർ പറയുന്നത്: (الموءودة الصغرى) എന്നതിൽ നിന്നും മനസ്സിലാകുന്നത് പ്രകടമായ സന്താന വധമാകുന്നു, പ്രസവത്തിന് ശേഷം ജീവനുള്ള കുട്ടിയെ വധിക്കുന്നതിനെ അപെക്ഷിച്ച് ചെറിയ രൂപത്തിലാണെന്നേ യൊള്ളൂ വ്യത്യാസം. എന്നാൽ പ്രവാചകൻ(ﷺ) പറഞ്ഞ (إن العزل وأد خفي) അസ്ൽ ഗോപ്യമായ സന്താനവധമാ കുന്നുവെന്നത് വൈരുദ്ധ്യമല്ല, പ്രവാചകൻെറ ഈ വചനത്തിൽ നിന്ന് യഥാർത്ഥത്തിൽ പ്രകടമായ ഒരു വിധിയെ സൂചിപ്പിക്കുന്നില്ല, ഇതിനെ തുടർന്ന് ഒരു വിധിയും വരുന്നില്ല, നേരെ മറിച്ച് ഇത്കൊണ്ട് മനസ്സിലാ കുന്നത് ഗർഭം തടയുകയെന്നതിൽ അസ്‌ലിനെയും സന്താനവധത്തെയും യോചിപ്പിച്ചുവെന്നേയൊള്ളൂ. ചിലയാളുകൾ പറയാറുണ്ട്: (وأد خفي ) എന്നത് സാമ്യപ്പെടുത്തി പറഞ്ഞതാകുന്നു, കാരണം അസ്ൽ എന്നുള്ളത് ഗർഭം തടയലാകുന്നു, അതിനെ ജനിച്ചതിന് ശേഷമുള്ള സന്താനത്തെ സാദൃശ്യപ്പെടുത്തി പറഞ്ഞുവെന്ന് മാത്രം.

[9] ഒന്നാമത്തെ രിവായത്തിനെ വിശദീകരിച്ച്കൊണ്ട് ഇബ് നുഹജർ ഹസ്ഖലാനി ഫത്ഹുൽബാരിയിൽ പറയുന്നു: "പ്രവാ ചകൻ അസ്ൽ

(മുസ്‌ലിം രണ്ട് റിപ്പോർട്ടിലൂടെ ഉദ്ദരിച്ചത്, ഇബ്നുമൻദ തന്റെ കിതാബുതൗഹിദിലും, ബുഖാ രിയും ഉദ്ദരിച്ചത്)

# ഇരുപത്

---

വിരോധിക്കപ്പെട്ടതാണെന്ന് വ്യക്തമായി പറഞ്ഞിട്ടില്ലെന്ന് അദ്ദേഹം സൂചിപ്പിക്കുന്നു, മറിച്ച് അത് ഉപേക്ഷിക്കലാകുന്നു നല്ലതെന്നാണ് സൂചിപ്പി ക്കുന്നത്. കാരണം ഗർഭം ധരിക്കുമോ എന്ന ഭയ ത്താലാണ് അസ്ൽ ചെയ്യുന്നത്, എന്നാൽ അത്കൊണ്ട് യാതൊരു പ്രയോചനവും ഇല്ലതാനും, കാരണം അല്ലാഹു സൃഷ്ടിക്കുവാൻ ഉദ്ദേശിച്ചാൽ അതിൽ നിന്ന് തടയു വാൻ ഒരു അസ്‌ലിനും സാധ്യമല്ല, അസ്ൽ ചെയ്യുന്നവ്യക്തി അറിയാതെതന്നെ അവന്റെ ശുക്ലം യോനിയിലേക്ക് പ്രവേശി ക്കുന്നു, അങ്ങിനെ സ്ത്രീയുടെ അണ്ഡവുമായി ബീജം സംയോജിച്ച് സന്താനം ഉണ്ടാകുന്നു, അല്ലാഹു വിന്റെ വിധിയെ തടുക്കുവാൻ ഒന്നിനും സാധ്യമല്ല"

അൽബാനി പറയുന്നു: (ഇബ്നു ഹജർ പറയുന്നത് അന്ന് നിലവിലുണ്ടായിരുന്ന അസ്‌ലിനെ സംബന്ധിച്ചാണ് സൂചിപ്പി ക്കുന്നത്, എന്നാൽ ഈ കാലഘട്ടത്തിൽ പൂർണ മായും ഗർഭം തടയുന്നതിന് വേണ്ടിയുള്ള ആധുനി ക ഉപകരണങ്ങൾ ധാരാളമുണ്ട്, ഉദാഹരണമായി സ്ത്രീകൾ ധരിക്കുന്നതും, പുരുഷന്മാർ സംയോഗ വേളയിൽ തന്റെ ലൈംഗിക അവയവത്തിൽ ധരിക്കുന്നതുമായ ഉറ പോലെയുള്ളതുമായ ഉപകരണങ്ങൾ ഇതൊന്നും തന്നെ ഈ ഹദീസിന്റെ ആശയത്തെ ഇല്ലായ്മ ചെയ്യുന്നില്ല, മറിച്ച് തടയപ്പെടുന്നത് നാം മുകളിൽ വിവരിച്ചത്പോലെ സ്ത്രീയുടെ സംയോഗ സുഖത്തെയും, അത്പോലെ പ്രവാചകൻ കൽപിച്ച സമുദായിക വർദ്ദനവിനെയുമാ കുന്നു ഇതെല്ലാം ഇല്ലായ്മ ചെയ്യുന്നത്, അത്കൊണ്ട് ഈ കാര്യം നാം വളരെ ഗൗരവമായി എടുക്കേണ്ടതുണ്ട്. എന്നാൽ എന്റെയടുത്ത് (അൽബാനിയുടെ) ഇങ്ങനെ ഗർഭം തടയുകയെന്നുള്ളത് കറാഹത്താകുന്നു (വെറുക്ക പ്പെട്ടത്) എന്നാൽ ഇസ്‌ലാമിന്റെ ശത്രുക്കൾ ഉദ്ദേശി ക്കുന്നപോലെ സന്താന ആധിക്യം കൊണ്ട് ദാരിദ്ര്യം ഭയപ്പെടുകയോ, അവരെ പരിപാലിക്കുന്നതിന്റെയും, അവർക്ക്‌വേണ്ടി ചിലവഴിക്കുന്നതി ന്റെയും പ്രയാസം ഓർത്ത് കൊണ്ടാണ് അങ്ങിനെ ചെയ്യുന്നതെങ്കിൽ കറാഹ ത്തിൽ നിന്നും അത് നിഷിദ്ധ ത്തിലേക്ക് കടക്കുന്നു, കാരണം അസ്ൽ ചെയ്യുന്നവന്റെ ഉദ്ദേശവും, ദാരിദ്ര്യം ഭയന്ന് കൊണ്ട് സന്താനങ്ങളെ കൊല്ലുന്ന അവിശ്വാ സികളുടെ ഉദ്ദേശവും ഒരേപോലെ വരുന്നത്കൊണ്ട്. എന്നാൽ ഒരു പ്രാപ്തനായ ഡോക്ട റുടെ നിർദ്ദേശം പ്രകാരം സ്ത്രീക്ക് ഗർഭധാരണം കൊണ്ട് അവളുടെ രോഗം വർദ്ദിക്കുമെന്ന് നാം ഭയപ്പെട്ടാൽ നമുക്ക് അസ്ൽ ചെയ്യുന്നത് അനുവദനീയമാകുന്നു, അവ ൾക്ക് സമയനിർണ്ണിതമായ രൂപത്തിൽ ഗർഭധാരണം നിർത്ത ലാക്കാവുന്നതാകുന്നു, എന്നാൽ അവൾ ഗർഭം ധരിച്ചാൽ വളരെ വലിയ അപകടം വരുമെന്നോ, മരണം സംഭവിക്കുമെന്നോ ഭയപ്പെടുകയാണെങ്കിൽ അവൾ ഗർഭം തടയുന്ന മാർഗങ്ങൾ സ്വീകരിക്കേണ്ടതാകുന്നു, അങ്ങിനെ ഗർഭം തടയൽ അവൾക്ക് നിർ ബ്ബന്ധവുമാകുന്നു, അവളുടെ ജീവിതം നിലനിർത്തുവാൻ വേണ്ടി. والله أعلم

# വിവാഹം കൊണ്ടുള്ള ഉദ്ദേശം

ഭാര്യഭർത്താക്കന്മാർ വിവാഹംകൊണ്ട് ദമ്പതികൾ രണ്ട് പേരുടെയും അഭിമാനം കാത്ത് സൂക്ഷിക്കുകയെന്നതാ യിരിക്കണം ഉദ്ദേശിക്കേണ്ടത്. അത്പോലെ അല്ലാഹു നിഷിദ്ധമാക്കിയ മ്ളേഛ പ്രവർത്തനങ്ങളിൽ നിന്നുള്ള ഒരു രക്ഷാകവചവുമായിരിക്കേണ്ടതുണ്ട് വിവാഹം. അത്കൊണ്ട് തന്നെയാണ് അവർ പരസ്പരം അനുഭവിക്കുന്ന സംയോ ഗസുഖം പോലും ഓരോ നന്മയായി രേഖപ്പെടുത്തു മെന്നാണ് നമുക്ക് ഹദീസുകളിൽ നിന്ന് മനസ്സിലാകു ന്നത്.

( عَنْ أَبِي ذَرٍّ رضي الله عنه: أَنَّ نَاسًا مِنْ أَصْحَابِ النَّبِيِّ صَلَّى اللهُ عَلَيْهِ وَسَلَّمَ قَالُوا لِلنَّبِيِّ صَلَّى اللهُ عَلَيْهِ وَسَلَّمَ يَا رَسُولَ اللهِ ذَهَبَ أَهْلُ الدُّثُورِ بِالأُجُورِ يُصَلُّونَ كَمَا نُصَلِّي وَيَصُومُونَ كَمَا نَصُومُ وَيَتَصَدَّقُونَ بِفُضُولِ أَمْوَالِهِمْ قَالَ أَوَ لَيْسَ قَدْ جَعَلَ اللهُ لَكُمْ مَا تَصَّدَّقُونَ؟ إِنَّ بِكُلِّ تَسْبِيحَةٍ صَدَقَةً وَكُلِّ تَكْبِيرَةٍ صَدَقَةً وَكُلِّ تَهْلِيلَةٍ صَدَقَةً وَكُلِّ تَحْمِيدَةٍ صَدَقَةً وَأَمْرٌ بِالمَعْرُوفِ صَدَقَةٌ وَنَهْيٌ عَنْ مُنْكَرٍ صَدَقَةٌ وَفِي بُضْعِ أَحَدِكُمْ صَدَقَةٌ! قَالُوا يَا رَسُولَ اللهِ أَيَأْتِي أَحَدُنَا شَهْوَتَهُ وَيَكُونُ لَهُ فِيهَا أَجْرٌ؟! قَالَ أَرَأَيْتُمْ لَوْ وَضَعَهَا فِي حَرَامٍ أَكَانَ عَلَيْهِ فِيهَا وِزْرٌ؟ (قالو: بلآ، قال:) فَكَذَلِكَ إِذَا وَضَعَهَا فِي الحَلَالِ كَانَ لَهُ (فيها) أَجْرًا ، (وذكر أشياء: صدقة، صدقة، ثم قال: ويجزىء من هذا كله ركعتا الضحي))

അബൂദർറ്(റ)വിൽ നിന്ന് നിവേദനം: "പ്രവാചകൻ(ﷺ) യോട് അദ്ദേഹത്തിൻെറ ചില അനുയായികൾ ഇപ്രകാരം പറയുകയുണ്ടായി: അല്ലയോ പ്രവാചകരെ, പ്രതിഫലങ്ങ ളെല്ലാം ധനികർ കരസ്ഥമാക്കിയിരിക്കുന്നു, അവർ ഞങ്ങൾ നമസ്കരിക്കുന്നത് പോലെ, നോമ്പനുഷ്ഠിക്കു ന്നത്പോലെ നമസ്കരിക്കുകയും, നോമ്പനുഷ്ഠിക്കുകയും ചെയ്യുന്നു, മാത്രമല്ല അവരുടെ സമ്പത്ത് കൊണ്ട് അവർ ദാനധർമ്മങ്ങൾ ചെയ്യുന്നു. പ്രവാചകൻ(ﷺ) അരുളി, ധർമ്മം ചെയ്യുവാൻ അല്ലാഹു നിങ്ങൾക്കൊന്നും നൽ കിയിട്ടില്ലേ? എല്ലാ തസ്ബീഹും ധർമ്മമാകുന്നു, എല്ലാ തക്ബീറുകളും ധർമ്മമാകുന്നു, എല്ലാ തഅ്മീദുകളും സ്വദഖയാകുന്നു, എല്ലാ തഅ്ലീലുകളും ധർമ്മമാകുന്നു, നന്മ കൽപിക്കലും, തിന്മ വിരോധിക്കലും ധർമ്മമാകുന്നു, മാത്രമല്ല നിങ്ങളിൽ ഒരാളുടെ ലൈഗികവേഴ്ചയിൽ പോലും ധർമ്മമുണ്ട്." അവർ ചോദിച്ചു: 'അല്ലയോ പ്രവാചകരെ ഒരാൾ തൻെറ ലൈഗികമായ ദാഹം തീർക്കുന്നതിനും അവന്ന് പുണ്യമോ? അവിടുന്ന് അരുളുകയുണ്ടായി, അയാൾ അത് ശമിപ്പിക്കുന്നത് നിശിദ്ധമാക്കിയ മാർഗ്ഗത്തിലാണ് എങ്കിൽ അവനതിന്ന് ശിക്ഷ ലഭിക്കുകയില്ലെ, എന്താണ് നിങ്ങളുടെ അഭിപ്രായം? അപ്രകാരം അത് അനുവദനീയ മാർഗത്തിലായാൽ അവന്നതിന് പ്രതിഫലവും ലഭിക്കുന്നതാണ്. ( ഇവിടെ ഒരുപാട് കാര്യം സ്വദഖയാണെന്ന് പറയുകയുണ്ടായി, തുടർന്ന് അവിടുന്നരുളുകയുണ്ടായി: "ളുഹായുടെ രണ്ട് റകഅത്ത് ഈ പ്രതിഫലമെല്ലാം ലഭിക്കത്തക്ക പ്രതിഫല മുള്ളതാണ്" ( മുസ്‌ലിം, നസാഇ തൻെറ ഇഷ്റത്തു ന്നിസാഅ്, അഹ്മദ് എന്നിവർ ഉദ്ദരിച്ചത്).

# ഇരുപത്തൊന്ന്

## വിവാഹദിനം ചെയ്യേണ്ട കാര്യങ്ങൾ

വിവാഹദിവസം രാവിലെ വരൻ തൻെറ വീട്ടിൽ സന്നിഹ് തരായിട്ടുള്ള ബന്ധുക്കളുടെയടുത്ത് ചെല്ലുകയും, അവരോട് സലാം പറഞ്ഞ് അവർക്ക് വേണ്ടി പ്രാർത്ഥി ക്കൽ സുന്നത്താകുന്നു, എന്നിട്ട് അവർ അവൻെറ അടുത്ത് പോയി അനസ്(റ)വിൻെറ ഹദീസിൽ വിശദീക രിച്ചത് പ്രകാരം ചെയ്യേണ്ടതാണ്.

( عَنْ أَنَسٍ رَضِي اللهَّ عَنْه قَالَ: أَوْلَمَ رَسُولُ اللهَّ صَلَّى اللهَّ عَلَيْهِ وَسَلَّمَ حِينَ بَنَى بِزَيْنَبَ ،فَأَشْبَعَ المسلمين خُبْزًا وَلحْمًا، ثُمَّ خَرَجَ إِلَى أُمَّهَاتِ الْمُؤْمِنِينَ وسَلَّم عَلَيْهِنَّ ، ودعا عليهن ، وَسَلِّمْنَ عَلَيْهِ وَدَعُونَ لَهُ، فَكَانَ يَفعلُ ذلك صَبِيحَةَ بِنَائِهِ )

അനസ്(റ) പറയുന്നു: "നബി(ﷺ) സൈനബിനെ വിവാഹം ചെയ്തപ്പോൾ വിവാഹസദ്യ നടത്തുകയുണ്ടായി, അങ്ങിനെ മുസ്ലീങ്ങൾ റൊട്ടിയും, മാംസവും നല്ലവണ്ണം ഭക്ഷിക്കുകയും ചെയ്തു, പിന്നീട് വിശ്വാസികളുടെ മാതാക്കളുടെയടുത്തേക്ക് പുറപ്പെടുകയും അവരോട് സലാം പറയുകയും, അവർക്ക് വേണ്ടി പ്രാർത്ഥിക്കു കയും ചെയ്തു, അവർ സലാം മടക്കുകയും, പ്രവാചക ന് വേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു, ഇപ്രകാരമാ യിരുന്നു തൻെറ വിവാഹദിവസത്തിൻെറ പ്രഭാതത്തിൽ ചെയ്യാറുണ്ടായിരുന്നത്" (ഇബ്നു സഅദ്, നസാഇ എന്നിവർ ശരിയായ സനദോട് കൂടി ഉദ്ദരിച്ചത്)

# ഇരുപത്തി രണ്ട്

## വീട്ടിൽ കുളിമുറി നിർബ്ബന്ധം

വിവാഹം കഴിക്കുന്നവർ തങ്ങളുടെ വീടുകളിൽ കുളിക്കുന്നതിന്ന് വേണ്ടി കുളിമുറികൾ ഉണ്ടാക്കൽ നിർബന്ധമാണ്, തൻെറ ഭാര്യയെ പൊതുജനങ്ങൾ കുളിക്കുന്ന പൊതു കുളിമുറി കളിൽ പ്രവേശിപ്പിക്കുവാൻ പാടില്ല, കാരണം അത് നിഷിദ്ധമാണ്. ഇതിന്ന് പ്രവാചക ചര്യയിൽ ഒരുപാട് തെളിവുകളുണ്ട്.

ഒന്ന്:

عَنْ جَابِرٍ رضي الله عنه قال: أَنَّ النَّبِيَّ صَلَّى اللهَّ عَلَيْهِ وَسَلَّمَ قَالَ: مَنْ كَانَ يُؤْمِنُ بِاللهَّ وَالْيَوْم الْآخِرِ فَلاَ يُدْخِلْ حَلِيلَتَهُ الحْمَّامَ وَمَنْ كَانَ يُؤْمِنُ بِاللهَّ وَالْيَوْمِ الْآخِرِ فَلاَ يَدْخُلِ الحْمَّامَ إلاَّبمئزر وَمَنْ كَانَ يُؤْمِنُ بِاللهَّ وَالْيَوْمِ الْآخِرِ فَلاَ يجَلِسْ عَلَى مَائِدَةٍ يُدَارُ عَلَيْهَا الخْمْرِ)

ജാബിർ(റ)വിൽ നിന്ന്: "പ്രവാചകൻ(ﷺ) പറയുന്നു: ആരെങ്കിലും അല്ലാഹുവിലും, അന്ത്യദിനത്തിലും വിശ്വസി ക്കുന്നുവെങ്കിൽ അവൻ തന്റെ ഭാര്യയെ പൊതുകുളി മുറിയിൽ പ്രവേശിപ്പിക്കാതിരിക്കട്ടെ, ആരെങ്കിലും അല്ലാഹു വിലും, അന്ത്യദിനത്തിലും വിശ്വസിക്കുന്നുവെങ്കിൽ അവൻ തുണിയെടുത്തല്ലാതെ കുളിമുറിയിൽ പ്രവേശിക്കാതിരി ക്കട്ടെ, ആരെങ്കിലും അല്ലാഹുവിലും, അന്ത്യദിനത്തിലും വിശ്വസിക്കുന്നുവെങ്കിൽ അവൻ മദ്യം വിളമ്പുന്ന സദ്യ യിൽ പങ്കെടുക്കാതിരിക്കട്ടെ" (ഹാഖിം, തിർമിദി, നസാഇ എന്നിവർ ഉദ്ദരിച്ചത്, ഹാഖിം പറയുന്നു: ഈ ഹദീസ് മുസ്‌ലിമിന്റെ നിബന്ധനയോടെ സ്വഹീഹാണെന്ന്, ഇതിനോട് ഇമാം ദഅബിയും യോജിച്ചിട്ടുണ്ട്)

രണ്ട്:

عن أُمَّ الدَّرْدَاءِ تَقُولُ: خَرَجْتُ مِنَ الحَمَّامِ فَلَقِيَنِي رَسُولُ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ فَقَالَ: مِنْ أَيْنَ يَا أُمَّ الدَّرْدَاءِ؟ قَالَتْ :مِنَ الحَمَّامِ فَقَالَ: وَالَّذِي نَفْسِي بِيَدِهِ مَا مِنِ امْرَأَةٍ تَضَعُ ثِيَابَهَا فِي غَيْرِ بَيْتِ أَحَدٍ مِنْ أُمَّهَاتِهَا إلاَّ وَهِيَ هَاتِكَةٌ كُلَّ سِتْرٍ بَيْنَهَا وَبَيْنَ الرَّحْمَنِ )

ഉമ്മുദർദാഅ്(റ)വിൽ നിന്ന് നിവേദനം: "ഞാൻ കുളിമു റിയിൽ നിന്നും പുറപ്പെട്ടു, അപ്പോൾ പ്രവാചകൻ(ﷺ) എന്നെ കണ്ടു, ഉമ്മുദർദാഅ് നീ എവിടെ നിന്നാണെന്ന് പ്രവാചകൻ(ﷺ) ചോദിച്ചു? ഞാൻ പറഞ്ഞു: കുളിമുറിയിൽ നിന്നാണെന്ന്, അപ്പോൾ പ്രവാചകൻ(ﷺ) പറയുകയു ണ്ടായി: "എന്റെ ആത്മാവ് ആരുടെ കയ്യിലാണോ, അവനെതൊട്ട് തന്നെ സത്യം, ഏതെങ്കിലും ഒരു സ്ത്രീ തന്റെ ഏതെങ്കിലും മാതാവിന്റെ വീടുകളിലല്ലാതെ ത ന്റെ വസ്ത്രം അഴിച്ച് വെക്കുകയാണെങ്കിൽ അവളു ടെയും, പരമകാരുണികനായ അല്ലാഹുവിന്റെ യിടയിലു മുള്ള അവളുടെ എല്ലാ മറകളും കീറിയതോ (വെളി വാക്കപ്പെട്ടതോ)[10] ആയിരിക്കും" (അഹ്മദ്)

മൂന്ന്:

(عَنْ أَبِي المَلِيحِ قَالَ دَخَلَ نِسْوَةٌ مِنْ أَهْلِ الشَّامِ عَلَى عَائِشَةَ رَضِيَ اللهُ عَنْهَا فَقَالَتْ مِمَّنْ أَنْتُنَّ؟ قُلْنَ مِنْ أَهْلِ الشَّامِ قَالَتْ لَعَلَّكُنَّ مِنَ الكُورَةِ الَّتِي تَدْخُلُ نِسَاؤُهَا الحَمَّامَ؟ قُلْنَ: نَعَمْ ، قَالَتْ: أَمَا إِنِّي سَمِعْتُ رَسُولَ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ يَقُولُ: مَا مِنِ امْرَأَةٍ تَخْلَعُ ثِيَابَهَا فِي غَيْرِ بَيْتِهَا إِلاَّ هَتَكَتْ مَا بَيْنَهَا وَبَيْنَ اللهِ تَعَالَى )

അബീമുലൈഹിൽ നിന്ന് നിവേദനം: "ശാമിൽപ്പെട്ട ചില സ്ത്രീകൾ ആഇഷാ(റ)യുടെയടുത്ത് പ്രവേശിച്ചു, അപ്പോൾ ആഇഷാ(റ) ചോദിച്ചു, നിങ്ങൾ

---

[10] ഈ ഹദീസിൽ സൂചിപ്പിച്ച حمام കൊണ്ടുദ്ദേശിക്കുന്നത് ഹിജാസിലുള്ള കുളിമുറികളെയാണ്. ഇതിന് ഉദാഹര ണമായി ചില ഹദീസുകളിൽ അങ്ങനെ ഉപയോഗിച്ചതായി നമുക്ക് കാണാൻ സാധിക്കും: "നിങ്ങൾ അനറബികളുടെ ദേശം വിജയിജച്ചടുക്കും, അവിടെ നിങ്ങൾക്ക് ചില വീടുകൾ കാണാൻ സാധിച്ചേക്കും, അതിന് حمام കുളിമുറിയെന്നവർ പേര് പറയും...) എന്നാൽ ഇതിന്റെ സനദ് ശരിയല്ല.

എവിടെനിന്നാണ്? അവർ പറഞ്ഞു: ഞങ്ങൾ ശാമിൽ നിന്നാണ്. അപ്പോൾ ആഇഷാ(റ) പറഞ്ഞു: (നിങ്ങൾ സ്ത്രീകൾ പൊതു കുളിമുറികളിൽ പ്രവേശിക്കുന്ന നാടുകളിൽ നിന്നായിരി ക്കുമല്ലേ? അവർ പ്രത്യുത്തരം നൽകി: അതേ, അപ്പോൾ ആഇഷാ(റ) പറയുകയുണ്ടായി: എന്നാൽ ഞാൻ പ്രവാച കൻ(ﷺ) പറയുന്നതായി കേട്ടിട്ടുണ്ട്, (ഏതെങ്കിലും ഒരു സ്ത്രീ തൻെറ വീട്ടിലല്ലാതെ തൻെറ വസ്ത്രം അഴിച്ച്വെ ക്കുകയാണെങ്കിൽ അവളുടെയും, അല്ലാഹുവിൻെറയു മിടയിലുള്ളത് കീറപ്പെടുന്നതാണ്" (അബീദാവൂദ്, തിർമിദി, ഇബ്നുമാജ, ദാരിമി, ത്വയാലിസി, അഹ്മദ്, ഇബ്നുൽ അഹ്റാബി, ഹാഖിം, ബഹ്വി എന്നിവർ ഉദ്ദരിച്ചത്. തിർമിദി ഹസനാക്കുകയും ചെയ്തിട്ടുണ്ട്, ഹാഖിം ബുഖാരിയുടെയും, മുസ്ലിമിൻെറയും നിബന്ധനയോടെ സ്വഹീഹാണെന്ന് പറയുകയും അതിനോട് ഇമാം ദഅബിയും യോചിച്ചിട്ടുണ്ട്)

# <u>ഇരുപത്തി മൂന്ന്</u>

## <u>കിടപ്പറരഹസ്യങ്ങൾ പരസ്യപ്പെടുത്തുന്നത് നിഷിദ്ധം</u>

ഭാര്യഭർത്താക്കന്മാർ തങ്ങളുടെ സ്വകാര്യമുറികളിൽ വെച്ച് നടത്തുന്ന സ്വകാര്യങ്ങൾ പരസ്യപ്പെടുത്തുന്നത് നിഷിദ്ധമാണ്. ഇതിനെ സംബന്ധിച്ച് രണ്ട് ഹദീസുകൾ നമുക്ക് പരിശോധിക്കാം.

<u>ഒന്ന്:</u>

( قَالَ: رَسُولُ اللهِّ صَلَّى اللهَّ عَلَيْهِ وَسَلَّمَ إِنَّ مِنْ أَشَرِّ النَّاسِ عِنْدَ اللهِّ مَنْزِلَةً يَوْمَ الْقِيَامَةِ الرَّجُلَ يُفْضِي إِلَى امْرَأَتِهِ وَتُفْضِي إِلَيْهِ ثُمَّ يَنْشُرُ سِرَّهَا )

പ്രവാചകൻ(ﷺ)പറയുന്നു: ജനങ്ങളിൽ വെച്ച് പരലോകത്ത് അല്ലാഹുവിൻെറയടുത്ത് ഏറ്റവും നിന്ദ്യരായവൻ തൻെറ ഭാര്യയുമായി സംയോഗസുഖം ആസ്വദിക്കുകയും പിന്നീട് അവളുടെ രഹസ്യങ്ങൾ ജനങ്ങൾക്കിടയിൽ പരസ്യപ്പെടു ത്തുന്നവനുമാകുന്നു" (ഇബ്നു അബീ ശൈബ, അഹ്മദ്, അബൂനുഐം, ഇബ്നു സുന്നി, ബൈഅഖി)

<u>രണ്ട്:</u>

عن أَسْمَاءُ بِنْتُ يَزِيدَ أَنَّهَا كَانَتْ عِنْدَ رَسُولِ اللهِّ صَلَّى اللهَّ عَلَيْهِ وَسَلَّمَ وَالرِّجَالُ وَالنِّسَاءُ قُعُودٌ عِنْدَهُ فَقَالَ: لَعَلَّ رَجُلاً يَقُولُ مَا يَفْعَلُ بِأَهْلِهِ وَلَعَلَّ امْرَأَةً تخْبِرُ بِمَا فَعَلَتْ مَعَ زَوْجِهَا فَأَرَمَّ الْقَوْمُ فَقُلْتُ إِي وَاللهِّ يَا رَسُولَ اللهِّ إِنهُنَّ لَيَقُلْنَ وَإِنهَّمْ لَيَفْعَلُونَ. قَالَ: فَلاَ تَفْعَلُوا فَإِنَّمَا ذَلِكَ مِثْلُ الشَّيْطَانِ لَقِيَ شَيْطَانَةً فِي طَرِيقٍ فَغَشِيَهَا وَالنَّاسُ يَنْظُرُونَ)

അസ്മാബിൻത്യസീദിൽ നിന്ന് നിവേദനം: അവർ പ്രവാചകൻ (ﷺ)യുടെ അടുത്തിരിക്കുകയായിരുന്നു, പുരുഷ ന്മാരും, സ്ത്രീകളും പ്രവാചകന് ചുറ്റും ഇരിക്കുന്നുണ്ട്, അപ്പോൾ പറയപ്പെട്ടു: "ചിലപ്പോൾ ഒരാൾ തൻെറ ഭാര്യയുമായി ചെയ്ത രതിലീലകൾ പറയാറുണ്ട്, അത്പോലെ ചിലപ്പോൾ ഒരു

സ്ത്രീ തൻെറ ഭർത്താ വുമായി പങ്കിട്ട രതിലീലകളും അറിയിക്കാറുണ്ട്, അപ്പോൾ ആളുകൾ അതിനെ സംബന്ധിച്ച് ഒന്നും പ്രത്യുത്തരം നൽകാതെ നിശബ്ദരായി, ഞാൻ(അസ്മ(റ)) പറഞ്ഞു: (അല്ലയോ പ്രവാചകരെ, അവർ (സ്ത്രീകൾ) അങ്ങിനെ ചെയ്യാറുണ്ട്, അത്പോലെ അവരും (പുരുഷന്മാരും) അങ്ങിനെ ചെയ്യാറുണ്ട്. പ്രവാചകൻ(ﷺ)പറയുകയുണ്ടായി: (നിങ്ങൾ അങ്ങിനെ ചെയ്യരുത്. കാരണം അത് ആൺ പിശാച് പെൺപിശാചിനെ വഴിയിൽ കണ്ട് മുട്ടുകയും എന്നിട്ട് ജനങ്ങൾ നോക്കിനിൽക്കേ അവളുമായി സംയോഗം ചെയ്യുകയും ചെയ്യുന്നപോലെയാണ്" (അഹ്മദ്, ഇതിന് തെളിവായി അബൂഹുറൈറയിൽ നിന്ന് ഇബ്നു അബീ ശൈബയും ഉദ്ദരിക്കുന്നുണ്ട്, ബൈഹഖി, ഇബ്നു സുന്നിയും ഉദ്ദരിച്ചിട്ടുണ്ട്. അത്പോലെ അബീസഈദിൽ നിന്നും ഒരു ശാഹിദ് ബസ്സാറും, സൽമാൻ ഹിൽയത്ത് എന്ന ഗ്രന്ഥത്തിലും ഒരു ശാഹിദ് കൂടി ഉദ്ദരിക്കുന്നുണ്ട്, ഈ ശാഹിദുകളുടെ അടിസ്ഥാ നത്തിൽ ഈ ഹദീസ് സ്വഹീഹാകുന്നു, അല്ലെങ്കിൽ ഏറ്റവും കുറഞ്ഞത് ഹസനാകുന്നു)

# ഇരുപത്തി നാല്

## വിവാഹസദ്യ നിർബ്ബന്ധം

വിവാഹ സദ്യയൊരുക്കൽ അനിവാര്യമാണ്. കാരണം നബി(ﷺ) അബ്ദുർ റഹ്മാനുബ്നു ഔഫിനോട് കൽപിക്കുന്നതായി ബുറൈദബ്നു അൽ ഹുസൈബിൻെറ ഹദീസിൽ നമു ക്കിങ്ങനെ കാണാൻ സാധിക്കുന്നതാണ്.

( قَالَ: لمَّا خَطَبَ عَلِيٌّ فَاطِمَةَ رَضِي اللهُ تَعَالَى عَنْهما قَالَ: قَالَ: رَسُولُ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ إِنَّهُ لاَ بُدَّ لِلْعُرْسِ (وفي رواية: للعروس) مِنْ وَلِيمَةٍ قَالَ: فَقَالَ سَعْدٌ: عَلَيَّ كَبْشٌ وَقَالَ: فُلَانٌ عَلَيَّ كَذَا وَكَذَا مِنْ ذُرَةٍ. وفي الرواية الأخرى: (وجمع له رهط من الأنصار أصوعا ذرة)

അലി(റ) ഫാത്വിമ(റ)വിനെ വിവാഹമന്വോഷിച്ച പ്പോൾ പറഞ്ഞു: "നബി(ﷺ) പറഞ്ഞിട്ടുണ്ട്: തീർച്ചയായും വിവാഹത്തിന് (വിവാഹങ്ങൾക്ക്) സദ്യ നിർബ്ബന്ധമാണ്" അപ്പോൾ പറയപ്പെട്ടു: സഅദ് പറഞ്ഞു: ഞാൻ ആട് കൊണ്ട് വരാം, വേറെയൊരാൾ പറഞ്ഞു: ഇത്രയിത്ര ഗോതമ്പ് മാവ് കൊണ്ട് വരാം. മറ്റൊരു റിപ്പോർട്ട് ഇങ്ങനെയാണ്: "അദ്ദേഹത്തിന് വേണ്ടി അൻ സാറുകളിൽപെട്ട കുറച്ചാളുകൾ ഏതാനും സ്വാഅ് ഗോതമ്പ് മാവ് ഒരുമിച്ച് കൂട്ടി") (അഹ്മദ്, ബൈഹഖി, ത്വഹാവി, ഇബ്നു അസാകിർ, ഇതിൻെറ സനദിനെ പ്പറ്റി لا بأس به കുഴപ്പമില്ലെന്ന് ഇബ്നുഹജർ തൻെറ ഫത്ഹുൽ ബാരിയിൽ പറഞ്ഞിട്ടുണ്ട്)

# ഇരുപത്തിയഞ്ച്

## വിവാഹസദ്യയിൽ പ്രവാചക ചര്യ

വിവാഹ സദ്യയിൽ താഴെ പറയുന്ന കാര്യങ്ങൾ പരിഗണിക്കേണ്ടതുണ്ട്.

ഒന്ന്:

വിവാഹ(വീട്കൂടുന്ന) ദിവസത്തിൻെറ തുടരെയുള്ള മൂന്ന് ദിവസമായിരിക്കുക, കാരണം അതാണ് നബി(ﷺ) യിൽ നിന്ന് ഉദ്ദരിക്കപ്പെട്ടിട്ടുള്ളത്.

عَـنْ أَنَـسِ بْـنِ مَالِـكٍ رَضِي اللهَّ عَنْـه قَـالَ: بَنَـى رَسُـولُ اللهَّ صَـلَّى اللهَّ عَلَيْـهِ وَسَـلَّمَ: بِـامْرَأَةٍ ، فَأَرْسَلَنِي، فَدَعَوْتُ رجالاً علَى الطَّعَامِ )

അനസ്(റ)വിൽ നിന്ന് നിവേദനം: "നബി(ﷺ) ഒരു സ്ത്രീയുമായി വീട്കൂടി, അങ്ങിനെ ആളുകളെ വിളിച്ച് കൂട്ടുവാൻവേണ്ടി എന്നെ നിയോഗിച്ചു, അങ്ങിനെ ഞാൻ വിവാഹസദ്യയിലേക്ക് ആളുകളെ ക്ഷണിക്കുകയുണ്ടായി" (ബുഖാരി, ബൈഹഖി)

അദ്ദേഹം തന്നെ റിപ്പോർട്ട് ചെയ്യുന്നു:

(تزوج النبي صَلَّى اللهَّ عَلَيْهِ وَسَلَّمَ صَفِيَّةَ وَجَعَلَ عِتْقَهَا صَدَاقَهَا، وجعل الوليمة ثلاثة أيام)

"സ്വഫിയ്യ:(റ)യുമായി നബി(ﷺ) വിവാഹ ബന്ധത്തിലേ ർപ്പെട്ടു, അവർക്ക് മഹർ കൊടുത്തത് അവരെ മോചി പ്പിക്കുകയെന്നതായിരുന്നു, വിവാഹസദ്യ മൂന്ന് ദിവസമാ യിരുന്നു" (അബൂയ ഹ്ല ഹസനായ സനദോ ടുകൂടി ഉദ്ദരിച്ചത്, ഇതേ ആശയമുള്ള ഹദീസ് ബുഖാരി യിൽ കാണാം, അടുത്ത മസ്അലയിൽ ഈ ഹദീസ് വരുന്നുണ്ട്)

രണ്ട്:

സദ്യയിലേക്ക് പാവപ്പെട്ടവരോ, ധനികന്മാരോ ആയിട്ടുള്ള സ്വാലിഹിങ്ങളെ ക്ഷണിക്കുക, കാരണം നബി(ﷺ) പറയുക യുണ്ടായി:

( لاَ تُصَاحِبْ إِلاَّ مُؤْمِنًا وَلاَ يَأْكُلْ طَعَامَكَ إِلاَّ تَقِيٌّ )

"നീ മുഅ്മിനുമായിയല്ലാതെ സഹവസിക്കരുത്, സൂക്ഷ് മതയുള്ളവരല്ലാതെ നിൻെറ ഭക്ഷണം കഴിക്കരുത്" (അ ബൂദാവൂദ്, തിർമിദി, ഹാഖിം, അഹ്മദ് എന്നിവർ ഉദ്ദരിച്ച ത്. ഇതിൻെറ സനദ് സ്വഹീഹാണെന്ന് ഹാഖിം പറയുക യും അതിനോട് ഇമാം ദഅബി യോജിക്കുകയും ചെ യ്തിട്ടുണ്ട്)

മൂന്ന്:

സാധിക്കുമെങ്കിൽ ഒന്നോ അതിൽ കൂടുതലോ ആടുകളെ അറുത്ത് സദ്യ ഒരുക്കുക, അനസ്(റ) നിവേദനം ചെയ്യുന്നു:

( عَنْ أَنَسٍ رَضِي اللهَّ عَنْه قَالَ: قَدِمَ عَبْدُالرَّ حمَنِ بْنُ عَوْفٍ الـمَدِينَةَ فَآخَى النَّبِيُّ صَـلَّى اللهَّ عَلَيْـهِ وَسَـلَّمَ بَيْنَهُ وَبَيْنَ سَـعْدِ بْـنِ الرَّبِيـعِ الأَنْصَـارِيِّ (فـانطلق بـه سـعد إلى منزلـه، فـدعا بطعـام فـأكلا)، فقـال لـه سعد:أَيْ أَخِي أَنَا أَكْثَرُ أَهْلِ الـمَدِينَةِ (وفـي روايـة : أكثـر الأنصـار) مَـالاً، فَـانْظُرْ شَـطْرَ مَـالِي فَخُـذْهُ (وفي رواية:هلم إلى حديقتي أشاطركها) وَتَحْتِي امْرَأَتَانِ (وفي رواية: وأنت أخي في الله لا إمـرأة لك) فَانْظُرْ أَيُّهُمَا أَعْجَبُ إِلَيْكَ (فسمها لي) حَتَّى أُطَلِّقَهَـا(لـك) (فـاذا انقضـت عـدتها فتزوجهـا)،

فَقَالَ عَبْدُ الرَّحْمَنِ : (لا والله) بَارَكَ اللهُ لَكَ فِي أَهْلِكَ وَمَالِكَ، دُلُّونِي عَلَى السُّوقِ فَدَلُّوهُ عَلَى السُّوقِ فَذَهَبَ فَاشْتَرَى وَبَاعَ وَرَبِحَ (ثم تابع الغدو)فَجَاءَ بِشَيْءٍ مِنْ أَقِطٍ وَسَمْنٍ (قد أفضله) (فأتى به أهل منزله) ثُمَّ لَبِثَ مَا شَاءَ اللهُ أَنْ يَلْبَثَ، فَجَاءَ وَعَلَيْهِ رَدْعُ زَعْفَرَانٍ (وفي رواية: وضر من خلوق) فَقَالَ رَسُولُ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ :مَهْيَمْ فَقَالَ يَا رَسُولَ اللهِ! تَزَوَّجْتُ امْرَأَةً (من الأنصار) فَقَالَ: مَا أَصْدَقْتَهَا؟ قَالَ وَزْنَ نَوَاةٍ مِنْ ذَهَبٍ، قَالَ:(فبارك الله لك) أَوْلِمْ وَلَوْ بِشَاةٍ (فأجاز ذلك)قَالَ عَبْدُ الرَّحْمَنِ :فَلَقَدْ رَأَيْتُنِي وَلَوْ رَفَعْتُ حَجَرًا لَرَجَوْتُ أَنْ أُصِيبَ (تحته) (ذَهَبًا أَوْ فِضَّةً ) ( قَالَ أَنَسٌ: لَقَدْ رَأَيْتُهُ قُسِمَ لِكُلِّ امْرَأَةٍ مِنْ نِسَائِهِ بَعْدَ مَوْتِهِ مِائَةَ أَلْفِ دِينَارٍ)

അബ്ദുർറഹ്മാനുബ്നുഔഫ് മദീനയിലേക്ക് ആഗത നായി, അങ്ങിനെ പ്രവാചകൻ അദ്ദേഹത്തെയും അൻസാരികളിൽപ്പെട്ട സഅദ്ബ്നു റബീഹിനെയുമിടയിൽ സാഹോദര്യ ബന്ധം സ്ഥാപിച്ചു "സഅദ് അദ്ദേഹത്തെ വീട്ടിലേക്ക് കൂട്ടികൊണ്ട്പോയി, ഭക്ഷണം നൽകി. അദ്ദേഹത്തോട് സഅദ് പറഞ്ഞു: അല്ലയോ സഹോദരാ, ഞാൻ മദീനക്കാരിലെ ധനികനാകുന്നു (മറ്റൊരു റി പ്പോർട്ടിൽ: അൻസാരികളിലെ ധനികനാകുന്നു) എൻെറ ധനത്തിൻെറ പകുതി നീ എടുക്കുക, (മറ്റൊരു റിപ്പോർട്ടി ൽ: എൻെറ തോട്ടത്തിലേക്ക് വരൂ നമുക്കിടയിൽ അത് പകുതിയാക്കാം) അത്പോലെ എൻെറ കീഴിൽ രണ്ട് ഭാര്യമാരുണ്ട് (നീ അല്ലാഹുവിൻെറ പേരിൽ എൻെറ കൂട്ടു കാരനാണ്, നിനക്ക് ഭാര്യയുമില്ല) അവരിൽ ആരാണോ നിന്നെ കൂടുതൽ അൽഭുതപ്പെടുത്തുന്നത് (എന്നോട് അവ ളുടെ പേര് പറയുക) അവളെ നിനക്ക് ഞാൻ വിവാഹ മോചനം ചെയ്ത് തരാം. (അവളുടെ ഇദ്ദാ കാലഘട്ടം കഴിഞ്ഞാൽ നിനക്ക് വിവാഹം ചെയ്യാം). അപ്പോൾ അബ്ദുർറഹ്മാൻ പറയുകയുണ്ടായി: അല്ലാഹു താങ്കളുടെ ഭാര്യമാരിലും, സമ്പത്തുകളിലും അനുഗ്രഹം ചൊരിയ ുമാറാവട്ടെ, താങ്കളെനിക്ക് അങ്ങാടി കാണിച്ച് തരിക, അവർ അദ്ദേഹത്തിന് അങ്ങാടി കാണിച്ച് കൊടുത്തു, അബ്ദുർറഹ്മാൻ അങ്ങാടിയിലേക്ക് പോകുകയും, കച്ചവടം ചെയ്യുകയും, ലാഭമുണ്ടാക്കുകയും ചെയ്തു. (കുറച്ച് നാൾ കടന്ന്പോയി) അങ്ങിനെ കുറച്ച് പാൽ കട്ടിയും, നെയ്യുമായി (അത് വർദ്ദിച്ചു) തൻെറ വീട്ടി ലേക്ക് വന്നു, പിന്നെ അല്ലാഹു ഉദ്ദേശിക്കുവോളം അവിടെ താമസിച്ചു, പിന്നീട് വന്നപ്പോൾ അദ്ദേഹത്തിൽ കുങ്കുമ ത്തിൻെറ അടയാളമുണ്ടായിരുന്നു. (വെറെ റിപ്പോർട്ടിൽ: ഖലൂക്കിൻെറ അടയാളമുണ്ടായിരുന്നു, (خلوق) എന്ന് പറഞ്ഞാ ൽ കുങ്കുമവും മറ്റും കൂട്ടികലർത്തിയ മഞ്ഞയും, ചുകപ്പും കലർന്ന നിറമുള്ള ഒരുതരം സുഗന്ധ ദ്രവ്യമാകുന്നു, സാധാരണ വിവാഹ ദിവസം ദമ്പതിമാർ ഉപയോഗിക്കുന്ന സുഗന്ധമാകുന്നു). അപ്പോൾ പ്രവാചകൻ(ﷺ) അദ്ദേഹത്തിനോട് ചോദിച്ചു: എന്താണ് നിൻെറ പ്രശ്നം? അദ്ദേഹം പറഞ്ഞു: (അല്ലയോ പ്രവാചകരെ, ഞാൻ ഒരു(അൻസാരി) സ്ത്രീയെ വിവാഹം കഴിച്ചു, പ്രവാചകൻ ചോദിച്ചു: നീ എന്താണ് അവൾക്ക് മഹർ കൊടുത്തത്? ഒരു نواة (ഇബ്നു അഥീർ തൻെറ നിഹായയിൽ പറയുന്നു: നവാത്ത് എന്ന് പറഞ്ഞാൽ അഞ്ച് ദിർഹമിന്നുള്ള പേരാകുന്നു, അസ്ഹരി പറയുന്നു: ഹദീസിൻെറ പദങ്ങൾ സൂചിപ്പിക്കുന്നത് അദ്ദേഹം അഞ്ച് ദിർഹമിൻെറ വില വരുന്ന

സ്വർണ്ണത്തിനാകുന്നു വിവാഹം കഴിച്ചത്.) സ്വർണ്ണമാകുന്നു കൊടുത്തത്. പ്രവാചകൻ അദ്ദേഹത്തിന് വേണ്ടി പ്രാർത്ഥിച്ചു (അല്ലാഹു താങ്കൾക്ക് അനുഗ്രഹം നൽകട്ടെ) നീ ഒരു ആടിനെയെങ്കിലും അറുത്ത് സദ്യയൊരുക്കുക, (അതിന് അനുവാദം നൽകി) അബ്ദുർറഹ്മാൻ പറയുകയുണ്ടായി: (ഞാൻ ഒരോ കല്ല് ഉയർത്തുമ്പോഴും അതിൻെറ ചുവട്ടിൽ സ്വർണ്ണമോ, വെള്ളിയോ കാണാൻ എനിക്ക് സാധിച്ചു അതായത് അദ്ദേഹം എന്ത് കച്ചവടം ചെയ്യുമ്പോഴും അതിൽ അല്ലാഹുവിൻെറ അനുഗ്രഹമായ ലാഭം വളരെയധികം ഉണ്ടായിരുന്നു, അനസ് പറയുന്നു: (അദ്ദേഹത്തിൻെറ മരണത്തിന് ശേഷം അനന്തിരവകാശം വീതിച്ചപ്പോൾ ഓരോ ഭാര്യമാർക്കും നൂറായിരം ദീനാറുണ്ടായിരുന്നു) ( ബുഖാരി വ്യത്യസ്ഥ സ്ഥലങ്ങളിലും, നസാഇ, ഇബ്നു സഅദ്, ബൈഅഖി, അഹ്മദ്, അബൂഹസൻത്വൂതി എന്നിവർ ഉദ്ദരിച്ചത്, വെറേയും പണ്ഡിതന്മാർ ഉദ്ദരിച്ചിട്ടുണ്ട്)
അനസ്(റ)വിൽ നിന്ന് വീണ്ടും ഉദ്ദരിക്കപ്പെടുന്നു:

( مَارأيت رَسُولُ اللهّٰ صَلَّى اللهّٰ عَلَيْهِ وَسَلَّمَ أَوْلمَ عَلَى امْرَأَةٍ مِنْ نِسَائِهِ ما أَوْلمَ عَلَى زَيْنَبَ ، فإنه ذبح شاة، (قَالَ: أَطْعَمَهُمْ خُبْزًا وَلحمًا حَتَّى تَرَكُوهُ )

നബി(ﷺ) സൈനബ(റ)യുടെ വിവാഹത്തിന് സദ്യ ഒരുക്കിയത് പോലെ മറ്റൊരു സ്ത്രീക്കും വിവാഹ സദ്യ ഒരുക്കിയതായിട്ട് ഞാൻ കണ്ടിട്ടില്ല, അദ്ദേഹം ആടിനെ അറുക്കുകയുണ്ടായി, (അനസ് പറയുന്നു: അവരെ റൊട്ടിയും, മാംസവും മതിയാവും വരെ തീറ്റിക്കുക യുണ്ടായി)" (ബുഖാരി, മുസ്ലിം, അബൂദാവൂദ്, ഇബ്നു മാജ, അഹ്മദ് എന്നിവർ ഉദ്ദരിച്ചത്)

# ഇരുപത്തിയാറ്

## മാംസം കൂടാതെയുള്ള വിവാഹസദ്യയും അനുവദനീയം

വിവാഹം കഴിക്കുന്നവന്ന് സാധ്യമാകുന്ന ഏത് തരത്തിലുള്ള വിവാഹസദ്യയും ഒരുക്കാവുന്നതാണ്, മാംസം തന്നെ വേണമെന്നില്ല. അനസ്(റ)വിൽ നിന്ന് നമുക്ക് ഇങ്ങനെ കാണാൻ സാധിക്കും.

( أَنَس رَضِي اللهّٰ عَنه يَقُولُ: أَقَامَ النَّبِيُّ صَلَّى اللهّٰ عَلَيْهِ وَسَلَّمَ بَيْنَ خَيْبَرَ وَالمَدِينَةِ ثَلاثَ لَيَالٍ يُبْنَى عَلَيْهِ بِصَفِيَّةَ فَدَعَوْتُ المُسْلِمِينَ إِلَى وَلِيمَتِهِ وَمَا كَانَ فِيهَا مِنْ خُبْزٍ وَلاَ لحمٍ وَمَا كَانَ فِيهَا إِلاَّ أَنْ أَمَرَ بِلالاً بِالإِنْطَاعِ فَبُسِطَتْ (وفي رواية : فحصت الأرض أفاحيص وجيء بِالإِنْطَاعِ فوضعت فيها) فَأَلْقَى عَلَيْهَا التَّمْرَ وَالأَقِطَ وَالسَّمْنَ (فشبع الناس))

"നബി(ﷺ) ഖൈബറിൻെറയും, മദീനയുടെയും ഇടയിൽ സഫിയ്യ (റ)യുമായി മൂന്ന് ദിവസം വീട്കൂടുകയുണ്ടായി, അവരുടെ വിവാഹസദ്യയിലേക്ക് മുസ്ലീങ്ങളെ ക്ഷണിക്കു കയും ചെയ്തു. എന്നാൽ ആ സദ്യയിൽ റൊട്ടിയോ,

മാംസമോ ഉണ്ടായിരുന്നില്ല, അങ്ങിനെ പ്രവാചകൻ ഒരു തോൽപായ വിരിക്കുവാൻ പറഞ്ഞു: അത് വിരിക്കപ്പെട്ടു, (വേറെ റിപ്പോർട്ടിലുള്ളത് ഭൂമിയിൽ കുറച്ച് സ്ഥലം ഒരു ചെറിയ കുഴി പോലെയുണ്ടാക്കി മണ്ണ് ശരിയാക്കുവാൻ പറയുകയും അവിടെ ഒരു തോലിൻെറ പായ വിരിക്കുവാ നും പറഞ്ഞുവെന്നാണ്) അങ്ങിനെ അതിൽ കാരക്കയും, പാൽകട്ടിയും, നെയ്യും ഇടുകയുണ്ടായി, (ജനങ്ങൾ വിശപ്പടങ്ങുന്നത് വരെ കഴിക്കുകയും ചെയ്തു)" (ബുഖാരി, മുസ്ലിമും ഉദ്ദരിച്ചത്, കുറച്ച് വർദ്ദനവോടെ നസാഇ ഉദ്ദരിച്ചിട്ടുണ്ട്, ബൈഅഖി. അഹ്മദ് വേറെ റിപ്പോർട്ടിലും ഉദ്ദരിച്ചിട്ടുണ്ട്).

# ഇരുപത്തേഴ്

## വിവാഹസദ്യ ഒരുക്കുവാൻ ധനികർക്ക് സഹായിക്കാം

സാമ്പത്തിക ശേഷിയുള്ളവർ തൻെറ സഹോദര ന്മാരെ വിവാഹസദ്യയിൽ സഹായിക്കൽ സുന്നത്താകുന്നു. സ്വഫിയ്യയുമായുള്ള നബി(ﷺ)യുടെ വിവാഹവുമായി ബന്ധപ്പെട്ട്കൊണ്ട് അനസ്(റ)വിൽ നിന്ന് നമുക്കിങ്ങനെ വായിക്കാവുന്നതാണ്:

(حَتَّى إِذَا كَانَ بِالطَّرِيقِ جَهَّزَتْهَا لَهُ أُمُّ سُلَيْمٍ فَأَهْدَتْهَا لَهُ مِنَ اللَّيْلِ فَأَصْبَحَ النَّبِيُّ صَلَّى اللهُ عَلَيْهِ وَسَلَّمَ عَرُوسًا، فَقَالَ مَنْ كَانَ عِنْدَهُ شَيْءٌ فَلْيَجِئْ بِهِ (وفي رواية: من كان عنده فضل زاد فليأتنا به) قَالَ: وَبَسَطَ نِطَعًا، قَالَ: فَجَعَلَ الرَّجُلُ يَجِيءُ بِالأَقِطِ وَجَعَلَ الرَّجُلُ يَجِيءُ بِالتَّمْرِ وَجَعَلَ الرَّجُلُ يَجِيءُ بِالسَّمْنِ فَحَاسُوا حَيْسًا (فجعلوا يأكلون من ذلك الحيس، ويشربون من حياض إلى جنبهم من ماء السماء) فَكَانَتْ وَلِيمَةَ رَسُولِ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ )

"ഞാൻ ഉമ്മുസുലൈമിനെ നബി(ﷺ)ക്ക് വീടുകൂ ടുവാൻ വേണ്ടി രാത്രി ഒരുക്കികൊടുത്തു, അങ്ങിനെ നബി(ﷺ) വിവാഹ സദ്യയൊരുക്കുവാൻ തുടങ്ങി, എന്നിട്ട് പറയുകയുണ്ടായി: വല്ലവരുടെയും അടുത്ത് എന്തെങ്കിലും ഉണ്ടെങ്കിൽ അവൻ അതുമായി വരട്ടെ, (വേറെയൊരു റിപ്പോർട്ടിൽ കാണുന്നത്, ആരുടെയടുത്താണോ അധിക മായി എന്തെങ്കിലുമുള്ളത് അവൻ അതുമായി വരട്ടെ യെന്നാണ്) എന്നിട്ട്നബി(ﷺ) ഒരു തോലിൻെറ പുതപ്പ് വിരിക്കുകയുണ്ടായി. അങ്ങിനെ ഒരാൾ പാൽകട്ടി കൊണ്ട് വന്നു, മറ്റൊരാൾ അൽപം കാരക്കകൊണ്ട്വന്നു, വെറെ യൊരാൾ നെയ്യ്കൊണ്ട്വന്നു, അതെല്ലാം കൂട്ടിക്കുഴച്ച് ഹൈസ്ഉണ്ടാക്കി (حيس) എന്ന് പറഞ്ഞാൽ പാൽകട്ടി യും, കാരക്കയും, ധാന്യപൊടിയും, നെയ്യും കൂട്ടികുഴ ച്ചു ണ്ടാക്കുന്ന ഒരു തരം ആഹാരമാകുന്നു) (അങ്ങിനെ അവർ ആ ഭക്ഷണം കഴിക്കുകയും, അടുത്തുണ്ടായിരുന്ന ഒരു ചെറിയ കുഴിയിൽ മഴപെയ്തുണ്ടായ വെള്ളം കുടിക്കു കയും ചെയ്തു) അതായിരുന്നു നബി(ﷺ)യുടെ വലീമത്ത് (വിവാഹസദ്യ)" (ബുഖാരി, മുസ്ലിം, അഹ്മദ്, ഇബ്നു സഅദ്, ബൈഅഖി എന്നിവർ ഉദ്ദരിച്ചത്)

# ഇരുപത്തെട്ട്

## ധനികരെ മാത്രം ക്ഷണിക്കൽ നിഷിദ്ധം

വിവാഹ സദ്യക്ക് പാവപ്പെട്ടവരെ ഒഴിവാക്കി ധനികരെ മാത്രം ക്ഷണിക്കുന്നത് നിഷിദ്ധമാകുന്നു. കാരണം നബി(ﷺ) പറയുന്നു:

(قُولُـه صَـلَّى اللهَّ عَلَيْـهِ وَسَـلَّمَ : شَرُّ الطَّعَـامِ طَعَـامُ الْوَلِيمَـةِ يُـدْعَى لَهَـا الأَغْنِيَـاءُ وَيمنعهـا الـمَسَاكِينُ وَمَنْ لمَ يجَب الدَّعْوَةَ فَقَدْ عَصَى اللهَّ وَرَسُولَهُ)

"ധനികന്മാരെ മാത്രം ക്ഷണിക്കുന്ന വിവാഹസദ്യ യുടെ ഭക്ഷണം എത്ര ചീത്തയാണ്. അതിൽ നിന്ന് പാവ പ്പെട്ടവരെ തടയുന്നു, ആരെങ്കിലും വിവാഹസദ്യയിലേക്ക് ക്ഷണിച്ചിട്ട് ഉത്തരം നൽകാത്തവൻ അല്ലാഹുവിനെയും, അവൻെറ പ്രവാചകനെയും ധിക്കരിച്ചിരിക്കുന്നു" (മുസ്‌ലിം, ബൈഅഖി)

# ഇരുപത്തൊൻപത്

## ക്ഷണം സ്വീകരിക്കൽ നിർബ്ബന്ധം

വിവാഹ സദ്യയിലേക്ക് ക്ഷണിച്ചാൽ ക്ഷണം സ്വീകരിക്കൽ നിർബ്ബന്ധമാണ്, ഇതിന്ന് തെളിവായി നമുക്ക് രണ്ട് ഹദീസ് കാണുവാൻ സാധിക്കും.

ഒന്ന്:

( عَنِ النَّبِيِّ (ﷺ)قَالَ: فُكُّوا الْعَانِيَ وَأَجِيبُوا الدَّاعِيَ وَعُودُوا الـمَرِيضَ)

പ്രവാചകൻ(ﷺ) പറയുന്നു: "നിങ്ങൾ ബന്ധനസ്ഥരെ മോചിപ്പിക്കുക, ക്ഷണിച്ചാൽ ക്ഷണം സ്വീകരിക്കുക, രോഗിയെ സന്ദർശിക്കുക" (ബുഖാരി)

രണ്ട്:

( أَنَّ رَسُـولَ اللهَّ صَـلَّى اللهَّ عَلَيْـهِ وَسَـلَّمَ قَـالَ: إِذَا دُعِـيَ أَحَـدُكُمْ إِلَى الْوَلِيمَـةِ فَلْيَأْتِهَـا (عرسا كـان أو نحوه)، (ومن لم يجب الدعوة، فقد عصى الله ورسوله))

പ്രവാചകൻ(ﷺ) പറയുന്നു: "ആരെങ്കിലും നിങ്ങളെ വിവാഹ സദ്യയിലേക്ക് ക്ഷണിച്ചാൽ നിങ്ങൾ ക്ഷണം സ്വീകരിക്കുക (വിവാഹസദ്യയിലേക്കോ, മറ്റുവല്ലസദ്യയി ലേക്കോ) ആരെങ്കിലും അതിലേക്ക് ക്ഷണിച്ചിട്ട് ഉത്തരം നൽകാത്തവൻ അല്ലാഹുവിനേയും, അവൻെറ പ്രവാചക നെയും ധിക്കരിച്ചിരിക്കുന്നു" (ബുഖാരി, മുസ്‌ലിം, അഹ്മദ്, ബൈഅഖി എന്നിവർ ഇബ്നു ഉമറിൽ നിന്ന് റിപ്പോർട്ട് ചെയ്തത്)

# മുപ്പത്

## നോമ്പ്കാരനാണെങ്കിൽ പോലും ക്ഷണം സ്വീകരിക്കണം

വിവാഹസദ്യയിലേക്ക് ക്ഷണിക്കപ്പെട്ടവൻ നോമ്പ്കാ രനാണെങ്കിൽ പോലും അതിന്ന് ഉത്തരം നൽകൽ അനിവാര്യമാകുന്നു. കാരണം നബി(ﷺ)പറയു ന്നതായി നമുക്ക് കാണാൻ സാധിക്കുന്നത് അങ്ങിനെയാണ്.

( قَالَ رَسُولُ اللّٰهِ صَلَّى اللّٰهُ عَلَيْهِ وَسَلَّمَ :إِذَا دُعِيَ أَحَدُكُمْ إلى طعام فَلْيُجِبْ، وَإِنْ كَانَ مُفْطِرًا فَلْيَطْعَمْ فَإِنْ كَانَ صَائِمًا فَلْيُصَلِّ (يعني الدعاء))

പ്രവാചകൻ(ﷺ) പറഞ്ഞു: "ആരെങ്കിലും ഒരു ഭക്ഷണ തളികയിലേക്ക് ക്ഷണിക്കപ്പെട്ടാൽ അതിന്നവൻ ഉത്തരം നൽകട്ടെ, അവൻ നോമ്പ്കാരനല്ലെങ്കിൽ അവൻ ഭക്ഷണം കഴിക്കട്ടെ, നോമ്പ്കാരനാണെങ്കിൽ അവൻ ക്ഷണിച്ചവന്ന് വേണ്ടി പ്രാർത്ഥിക്കട്ടെ" (മുസ്ലിം, നസാഇ, അഹ്മദ്, ബൈഅഖി എന്നിവർ ഉദ്ദരിച്ചത്) (അത്പോലെ ഇതിന്ന് തെളിവായി അബ്ദുല്ലാഇബ്നു മസ്ഊദിൽ നിന്ന് ത്വബ്റാനിയും, ഇബ്നു സുന്നിയും നല്ല സനദോടുകൂടി ഉദ്ദരിച്ചിട്ടുണ്ട്. ഇതിൻെറ സനദ് സ്വഹീഹാണെന്ന് ഇർവാഉൽ ഗലീൽ എന്ന അൽബാനിയുടെ ഗ്രന്ഥത്തിൽ 2013-ാം നമ്പറായി വിശദീകരിച്ചിട്ടുണ്ട്)

# മുപ്പത്തൊന്ന്

## ക്ഷണിച്ചവന്ന് വേണ്ടി നോമ്പ് ഉപേക്ഷിക്കൽ

സുന്നത്ത് നോമ്പ്കാരനാണെങ്കിൽ അവന്ന് നോമ്പ് ഉപേക്ഷിക്കാവുന്നതാണ്, പ്രത്യേകിച്ച് ക്ഷണിക്കുന്നവൻ നിർബ്ബന്ധിച്ചാൽ. ഇതിന്ന് ഒരുപാട് തെളിവുകൾ പ്രവാച ക ചര്യയിൽ നമുക്ക് കാണാൻ കഴിയും.

**ഒന്ന്:**

( قَالَ رَسُولُ اللّٰهِ صَلَّى اللّٰهُ عَلَيْهِ وَسَلَّمَ: إِذَا دُعِيَ أَحَدُكُمْ إِلَى طَعَامٍ فَلْيُجِبْ فَإِنْ شَاءَ طَعِمَ وَإِنْ شَاءَ تَرَكَ )

പ്രവാചകൻ(ﷺ) പറഞ്ഞു: "ആരെങ്കിലും ഒരു സദ്യക്ക് ക്ഷണിക്കപ്പെട്ടാൽ അവൻ അതിന്നുത്തരം നൽകട്ടെ, അവൻ ഉദ്ദേശിച്ചാൽ ഭക്ഷണം കഴിക്കട്ടെ, അല്ലെങ്കിൽ അവൻ ഉപേക്ഷിക്കട്ടെ" ( മുസ്ലിം, അഹ്മദ്, ത്വഹാവി എന്നിവർ ഉദ്ദരിച്ചത്. ഇമാം നവവി പറയുന്നു: (അവൻെറ നോമ്പ് സുന്നത്താണെങ്കിൽ ക്ഷണിച്ചവന്ന് അവൻെറ നോമ്പ് പ്രയാസമുണ്ടാക്കും ആയതിനാൽ അവൻ നോമ്പ് ഉപേക്ഷിക്കലാകുന്നു ഏറ്റവും നല്ലത്) ഇത് പോലെ ഇബ്നു തീമിയ്യയുടെ ഫതാവായിലും കാണാനാവും - 4/143.

**രണ്ട്:**

(قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ: الصَّائِمُ الْمُتَطَوِّعُ أَمِيرُ نَفْسِهِ إِنْ شَاءَ صَامَ وَإِنْ شَاءَ أَفْطَرَ )

പ്രവാചകൻ(ﷺ) പറഞ്ഞു: "സുന്നത്തായി നോമ്പ് അനുഷ്ടിക്കുന്നവൻ സ്വന്തം ശരീരത്തിന്റെ അമീറാകുന്നു, അവൻ ഉദ്ദേശിക്കുന്നുവെങ്കിൽ നോമ്പ് പൂർത്തിയാക്കട്ടെ, അവൻ ഉദ്ദേശിക്കുകയാണെങ്കിൽ നോമ്പ് മുറിക്കട്ടെ" (നസാഇ തന്റെ കുബ്റയിലും, ഹാഖിം, ബൈഹഖി എന്നിവരും ഉദ്ധരിച്ചത്. ഹാഖിം ഇതിന്റെ സനദ് സ്വഹീഹാണെന്ന് പറയുകയും അതിനോട് ഇമാം ദഅ ബി യോജിക്കുകയും ചെയ്തിട്ടുണ്ട്).

മൂന്ന്:

( عَنْ عَائِشَةَ رضي الله عنها قَالَتْ :دَخَلَ عَلَيَّ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ يَوْمًا فَقَالَ هَلْ عِنْدَكُمْ شَيْءٌ فَقُلْتُ لاَ قَالَ فَإِنِّي صَائِمٌ، ثُمَّ مَرَّ بِي بَعْدَ ذَلِكَ الْيَوْمِ وَقَدْ أُهْدِيَ إِلَيَّ حَيْسٌ، فَخَبَأْتُ لَهُ مِنْهُ وَكَانَ يُحِبُّ الْحَيْسَ ،قَالَتْ: يَا رَسُولَ اللَّهِ! إِنَّهُ أُهْدِيَ لَنَا حَيْسٌ فَخَبَأْتُ لَكَ مِنْهُ ،قَالَ: أَدْنِيهِ أَمَا إِنِّي قَدْ أَصْبَحْتُ وَأَنَا صَائِمٌ. فَأَكَلَ مِنْهُ، ثُمَّ قَالَ: إِنَّمَا مَثَلُ صَوْمِ الْمُتَطَوِّعِ مَثَلُ الرَّجُلِ يُخْرِجُ مِنْ مَالِهِ الصَّدَقَةَ، فَإِنْ شَاءَ أَمْضَاهَا، وَإِنْ شَاءَ حَبَسَهَا)

ആഇഷാ(റ)യിൽ നിന്ന് നിവേദനം:"ഒരു ദിവസം പ്രവാചകൻ(ﷺ) എന്റെയടുത്ത് പ്രവേശിക്കുകയുണ്ടായി എന്നിട്ട് ചോദിച്ചു: "നിങ്ങളുടെയടുത്തെന്തെങ്കിലും ഉണ്ടോ? അപ്പോൾ ഞാൻ പറഞ്ഞു: ഇല്ല. പ്രവാചകൻ(ﷺ) പറഞ്ഞു: എന്നാൽ ഞാൻ നോമ്പനുഷ്ടിക്കുകയാണ്. കുറച്ച് നേരത്തിന് ശേഷം പ്രവാചകൻ എന്റെയടുക്കലേക്ക് വീണ്ടും വന്നു, പ്രവാചകൻ(ﷺ) വരുന്നതിന്ന് മുമ്പെനിക്ക് ഹൈസ്(ഒരു പലഹാരം) ഹദ്‌യ(സമ്മാനം) കിട്ടിയിരുന്നു, ഞാനത് അദ്ദേഹത്തിൽ നിന്നും ഒളിപ്പിച്ച് വെച്ചു, കാരണം പ്രവാചൻ(ﷺ) ഹൈസ് വളരെയധികം ഇഷ്ടപ്പെട്ടിരുന്നു, അങ്ങിനെ ആഇഷാ(റ)പറഞ്ഞു: അല്ലയോ പ്രവാചകരെ, നമുക്ക് ഹൈസ് ഹദ്‌യ നൽകിയിട്ടുണ്ട്, ഞാനത് താങ്ക ളിൽ നിന്നും മറച്ച്‌വെച്ചിരിക്കുകയാണ്. പ്രവാചകൻ(ﷺ) അത് കൊണ്ട് വരുവാൻ ആ വശ്യപ്പെട്ടുകൊണ്ട് പറയുക യുണ്ടായി: എന്നാൽ ഞാൻ ഉറക്കിൽ നിന്നെഴുന്നേറ്റത് നോമ്പ്കാരനായി കൊണ്ടാകുന്നു, എന്നിട്ട് പ്രവാചക തിരുമേനി(ﷺ) അതിൽ നിന്ന് ഭക്ഷിക്കുകയുണ്ടായി, തുടർ ന്നദ്ധേഹം പറയുകയുണ്ടായി: "ഐഛികമായി നോമ്പനു ഷ്ടിക്കുന്നവൻ തന്റെ സമ്പത്തുമായി സ്വദഖനൽകുവാൻ പുറപ്പെടുന്നവനെപോലെയാകുന്നു, അവൻ ഉദ്ദേശിക്കു ന്നുവെങ്കിൽ അവൻ സ്വദഖ ചെയ്യട്ടെ, അവൻ ഉദ്ദേശിക്കു ന്നുവെങ്കിൽ അത് സ്വദഖ ചെയ്യാതെ പിടിച്ച് വെക്കു കയും ചെയ്യട്ടെ" (നസാഇ സ്വഹീഹായ സനദോടുകൂടി ഉദ്ധരിച്ചത്)

# മുപ്പത്തിരണ്ട്

## സുന്നത്തായ നോമ്പ് വീട്ടേണ്ടതില്ല

സുന്നത്തായ നോമ്പ് ഉപേക്ഷിച്ചാൽ അതിന്ന് പകരമായി നോമ്പ് വീട്ടേണ്ടതില്ല. ഇതിന്ന് രണ്ട് ഹദിസുകൾ തെളിവുകളായി നമുക്ക് കാണാൻ സാധി ക്കുന്നതാണ്.

ഒന്ന്:

عن أبي سعيد الخدري رضي الله عنه قال: صَنَعْتِ لِرَسُولِ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ طَعَامًا ، فأتاني هو وأصحابه، فلما وضع الطعام قال رجل من القوم: إني صائم ، فقال رَسُولِ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ: دعاكم أخوكم وتكلف لكم! ثم قال له: أفطر وصم مكانه يوما إن شئت)

അബീസഈദുൽ ഖുദ്‌രി(റ)ൽ നിന്ന് നിവേദനം: "പ്രവാചക ൻ(ﷺ)ക്ക് ഞാൻ ഭക്ഷണം പാകം ചെയ്യുകയുണ്ടായി, അങ്ങനെ അദ്ദേഹവും സ്വഹാബികളും എൻെറയടുത്ത് വന്നു, ഭക്ഷണം വിതരണം ചെയ്തപ്പോൾ കൂട്ടത്തിൽ ഒരാൾ പറഞ്ഞു: ഞാൻ നോമ്പുകാരനാകുന്നു, അപ്പോൾ പ്രവാചകൻ(ﷺ) പറയുകയുണ്ടായി: നിങ്ങൾക്ക്‌വേണ്ടി നിങ്ങളുടെ സഹോദരൻ ചിലവഴിക്കുകയും, ക്ഷണിക്കു കയും ചെയ്തിട്ടുണ്ട്, പിന്നീട് അദ്ദേഹത്തോട് പറഞ്ഞു: നീ നോമ്പ് ഉപേക്ഷിക്കുക, അതിന്ന് പകരമായി വേറെ ദിവസം നീ ഉദ്ദേശിക്കുന്നുവെങ്കിൽ നോമ്പനുഷ്ടിക്കുക" (ബൈഅഖിഹ സനായ സനദോ ടുകൂടി ഉദ്ദരിച്ചത്. അൽബാനി പറയുന്നു: ത്വബ്റാനി തൻെറ ഔസത്തിൽ ഉദ്ദരിച്ചിട്ടുണ്ട് അത് തൻെറ (അൽബാനി) ഇർവാഹിൽ 1952-ാം നമ്പറായി വിവരിച്ചിട്ടുമുണ്ട്).

രണ്ട്:

( عَنْ أَبِي جُحَيْفَةَ أن رسول الله صَلَّى اللَّهم عَلَيْهِ وَسَلَّمَ آخَى بَيْنَ سَلْمَانَ وَأَبِي الدَّرْدَاءِ، قال: فَجاءهُ سَلْمَانُ يزورهُ ، فإذا أُمَّ الدَّرْدَاءِ مُتَبَذِّلَةً، فَقَالَ لهَا مَا شَأْنُكِ يا أُمَّ الدَّرْدَاءِ؟ قَالَتْ: أَخاكَ أَبُو الدَّرْدَاءِ يقوم الليل ويصوم النهار، ولَيْسَ لَهُ في شيئ من الدُّنْيَا حَاجَةٌ! فَجَاءَ أَبُو الدَّرْدَاءِ فرحب به، وقرب إليه طَعَامًا، فَقَالَ له سَلْمَانُ: اطعم، قَالَ: فَإِنِّي صَائِمٌ ،قَالَ:أقسمت عليك لتفطرنه، مَا أَنَا بِآكِلٍ حَتَّى تَأْكُلَ ، فَأَكَلَ معه، ثم بات عنده، فَلَمَّا كَانَ من اللَّيْلُ أرادَ أَبُو الدَّرْدَاءِأن يَقُومُ ، فمنعه سَلْمَانُ، وقَالَ لَهُ: يا أبا الدرداء!إن لجسدك عليك حقا، ولربك عليك حقا، (ولضيفك عليك حقا) وَلِأَهْلِكَ عَلَيْكَ حَقًّا ، صم، وأفطر، وصلِّ، وائت أهلك ، فَأَعْطِ كُلَّ ذِي حَقٍّ حَقَّهُ، فلماكان في وجه الصبح، قَالَ: قُمِ الْآنَ إن شئت، قال: فقاما فتوضآ، ثم ركعا، ثم خرجا إلى الصلاة، فدنا أبو الدرداء ليخبر رسول الله صَلَّى اللَّهُ عَلَيْهِ وَسَلَّمَ بالذي أمره سلمان، فقال له رسول الله صَلَّى اللَّهُ عَلَيْهِ وَسَلَّمَ : ياأباالدرداء! إن لجسدك عَلَيْكَ حَقًّا ، مثل ما قال سلمان (وفي رواية: صَدَقَ سَلْمَانُ) )

അബീജുഹൈഫയിൽ നിന്ന്: "പ്രവാചകതിരുമേനി സൽമാനിൻെറയും, അബീദർദാഹിൻെറയുമിയിടയിൽ സാഹോദര്യ ബന്ധം സ്ഥാപിച്ചു, അദ്ദേഹം

പറയുന്നു: അദ്ദേഹത്തെ സന്ദർശിക്കുവാൻ വേണ്ടി സൽമാൻ വന്നപ്പോൾ, അബൂദർദാഇന്റെ ഭാര്യ ഉമ്മുദർദാഅ് വൃത്തികേടായ വസ്ത്രം ധരിച്ചിരിക്കുന്നു, അപ്പോൾ ചോദിക്കപ്പെട്ടു, ഉമ്മുദർദാഅ് എന്താ നിങ്ങളുടെ പ്രശ്നം? തുടർന്ന് ഉമ്മുദർദാഅ് പറഞ്ഞു: നിന്റെ സഹോദരൻ അബാദർ ദാഅ് രാത്രിമുഴുവനും നിന്ന് നമസ്കരിക്കു കയും, പകൽ മഴുവനും നോമ്പനുഷ്ടിക്കുകയും ചെയ്യുന്നു. അദ്ദേഹത്തിന് ഇഹലോകത്ത് യാതൊന്നും ആവശ്യമില്ല, അപ്പോൾ അബൂദർദാഅ് വരുകയും അദ്ദേഹത്തെ സ്വാഗതം ചെയ്യുകയും ചെയ്തു, അ ദ്ദേഹത്തിലേക്ക് ഭക്ഷണം അടുപ്പിച്ചു, അദ്ദേഹത്തോട് സൽമാൻ പറയുകയുണ്ടായി: ഭക്ഷണം കഴിക്കുവിൻ, അപ്പോഴതാ അദ്ദേഹം പറയുന്നു: ഞാൻ നോമ്പുകാര നാണ്. സൽമാൻ പറയുകയുണ്ടായി: ഞാൻ സത്യം ചെയ്യുന്നു, നിന്നെ ഞാൻ നോമ്പ് ഉപേക്ഷിപ്പിക്കുകതന്നെ ചെയ്യും, നീ ഭക്ഷണം കഴിക്കാതെ ഞാൻ ഭക്ഷണം കഴിക്കുകയില്ല തന്നെ, അപ്പോഴദ്ദേഹം ഭക്ഷണം കഴിച്ചു. പിന്നീട് അവിടെ രാത്രി കഴിച്ച് കൂട്ടി, എന്നാൽ രാത്രി കുറച്ച് കഴിഞ്ഞപ്പോൾ അബാദർദാഅ് നമസ്കരിക്കുവാൻ വേണ്ടി എഴുന്നേറ്റപ്പോൾ സൽമാൻ അദ്ദേഹത്തെ തടഞ്ഞുകൊണ്ട് പറഞ്ഞു: അല്ലയോ അബാദർദാഅ്, നിനക്ക് നിന്റെ ശരീരത്തോട് ഒരു കടപ്പാടുണ്ട്, നിന്റെ രക്ഷിതാവിനോട് ഒരു കടപ്പാടുണ്ട്, (നിന്റെ അതിഥിയോട് നിനക്കൊരു കടപ്പാടുണ്ട്) നിന്റെ ഭാര്യയോട് നിനക്കൊരു കടപ്പാടുണ്ട്, അത്കൊണ്ട് നീ നോമ്പനുഷ്ടിക്കുക, നോമ്പ് നോൽക്കാതിരിക്കുക, നമസ്കരിക്കുക, നിന്റെ ഭാര്യയുടെയടുത്ത് നീ ചെല്ലുക, എല്ലാവർക്കും അവരുടെ കടമകൾ നീ നൽകുക, അങ്ങിനെ പ്രഭാതത്തോടടു ത്തപ്പോൾ പറഞ്ഞു: ഇപ്പോൾ നീ ഉദ്ദേശിക്കുന്നുവെങ്കിൽ എഴുന്നേറ്റ് നമസ്കരിക്കുക, അങ്ങിനെ അവർ രണ്ട്പേരും എഴുന്നേറ്റ് വുളുവെടുക്കുകയും, തുടർന്നവർ നമസ്കരി ക്കുകയുണ്ടായി, പിന്നീട് നമസ്കാരത്തിന് പള്ളിയിലേക്ക് പോയി, തുടർന്ന് പ്രവാചകനോട് സൽമാൻ തന്നോട് കൽപിച്ചത് പ്രവാചകനെ അറിയിക്കുവാൻ വേണ്ടി നബി(ﷺ)യോടടുത്തു, അപ്പോൾ പ്രവാചകൻ അബാദർദാ അ്നോട് പറയുകയുണ്ടായി: അല്ലയോ അബാദർദാഅ് നിനക്ക് നിന്റെ ശരീരത്തോട് ഒരു കടപ്പാടുണ്ട്, (സൽമാൻ പറഞ്ഞത് പോലെ പറയുകയും ചെയ്തു) (വേറെ റിപ്പോർട്ടിലുള്ളത്, സൽമാൻ സത്യം പറഞ്ഞുവെന്നാകുന്നു)" (ബുഖാരി, തിർമിദി, ബൈ അഖി, ഇബ്നു അസാകിർ).

# മുപ്പത്തിമൂന്ന്

## നിഷിദ്ധമായ കാര്യങ്ങളുള്ള സദ്യകൾ ഉപേക്ഷിക്കുക

അല്ലാഹു നിഷിദ്ധമാക്കിയ കാര്യങ്ങൾ ഉൾകൊ ള്ളുന്ന സദ്യയിലേക്ക് ക്ഷണിക്കപ്പെട്ടാൽ ആ ക്ഷണം നിരസിക്കേണ്ടതാണ്. മാത്രമല്ല, നിരസിക്കുവാനുള്ള കാരണം വ്യക്തമാക്കുകയും, അതിനെ ഇല്ലാതാക്കുവാൻ നാം ശ്രമിക്കുകയും ചെയ്യേണ്ടതാണ്. അങ്ങിനെ അത് ഉപേക്ഷിച്ചാൽ അതിൽ പങ്കെടുക്കാം, അല്ലെങ്കിൽ മടങ്ങൽ നിർബ്ബന്ധമാണ്. ഇതിന്ന് തെളിവായി പ്രവാചക ചര്യയിൽ നിന്ന് അനേകം തെളിവുകൾ നമുക്ക് വായിക്കു വാൻ സാധിക്കും.

ഒന്ന്:

( عَنْ عَلِيٍّ :قَالَ صَنَعْتُ طَعَامًا فَدَعَوْتُ رَسُولَ اللهَّ صَلَّى اللهَّ عَلَيْهِ وَسَلَّمَ، فَجَاءَ فَرَأَى فِي الْبَيْتِ تَصَاوِيرَ فَرَجَعَ ( قال: فقلت: يا رسول الله ! ما أرجعك بأبي وأنت أمي؟ قال: إن في البيت ستراً فيه تصاوير، وإن الملائكة لا تدخل بيتا فيه تصاوير))

അലി(റ)വിൽ നിന്ന് നിവേദനം: "ഒരിക്കൽ കുറച്ച് ഭക്ഷണം ഉണ്ടാക്കി പ്രവാചകതിരുമേനിയെ ക്ഷണിക്കുകയും ചെയ്തു, അദ്ദേഹം വരുകയും വീട്ടിൽ ചില രൂപങ്ങൾ കാണുകയും ചെയ്തപ്പോൾ ഉടനെ മടങ്ങുകയും ചെയ്തു. അലി(റ) പറയുന്നു: "അല്ലാഹു തന്നെയാണ്, സത്യം, അല്ലയോ പ്രവാചകരെ എന്താണ് താങ്കളെ മടക്കിയത്? പ്രവാചകൻ(ﷺ) മറുപടി പറഞ്ഞു: (വീട്ടിൽ ഉള്ള മറയിൽ ചില രൂപങ്ങളുണ്ട്, ചിത്രങ്ങളുള്ള വീടുകളിൽ അല്ലാഹുവിൻെറ മലക്കുകൾ പ്രവേശിക്കുകയില്ല) (ഇബ്നു മാജ, അബൂയഹ്‌ല തൻെറ മുസ്നദിലും സ്വഹീഹായ സനദിലൂടെ ഉദ്ദരിച്ചത്).

രണ്ട്:

( عَنْ عَائِشَةَ أَنَّهَا اشْتَرَتْ نُمْرُقَةً فِيهَا تَصَاوِيرُ، فَلَمَّا رَآهَا رَسُولُ اللهَّ صَلَّى اللهَّ عَلَيْهِ وَسَلَّمَ قَامَ عَلَى الْبَابِ، فَلَمْ يَدْخُلْ فَعَرَفْتُ فِي وَجْهِهِ الْكَرَاهِيَةَ، فَقُلْتُ: يَا رَسُولَ اللهَّ أَتُوبُ إِلَى اللهَّ وَإِلَى رَسُولِهِ! مَاذَا أَذْنَبْتُ، فَقَالَ رَسُولُ اللهَّ صَلَّى اللهَّ عَلَيْهِ وَسَلَّمَ: مَا بَالُ هَذِهِ النُّمْرُقَةِ فَقُلْتُ: اشْتَرَيْتُهَا لَكَ لِتَقْعُدَ عَلَيْهَا وَتَوَسَّدَهَا، فَقَالَ رَسُولُ اللهَّ صَلَّى اللهَّ عَلَيْهِ وَسَلَّمَ: إِنَّ أَصْحَابَ هَذِهِ الصُّوَرِ(وفي رواية: إن الذين يعملون هذه التصاوير) يُعَذَّبُونَ يَوْمَ الْقِيَامَةِ، وَيُقَالُ لَهُمْ أَحْيُوا مَا خَلَقْتُمْ، وَقَالَ: إِنَّ الْبَيْتَ الَّذِي فِيهِ (مثل هذه) الصُّوَرُ لاَ تَدْخُلُهُ الْمَلاَئِكَةُ (قالت: فما دخل حتي أخرجتها))

ആഇഷാ(റ)യിൽ നിന്ന് നിവേദനം: "അവർ ഒരു തലയിണ വാങ്ങി, അതിൽ ജീവികളുടെ ചിത്രങ്ങളുണ്ടായിരുന്നു, അത് പ്രവാചകൻ(ﷺ) കണ്ടപ്പോൾ അകത്തേക്ക് പ്രവേശിക്കാതെ വാതിലിൽ തന്നെ നിൽക്കുകയുണ്ടായി, ഞാൻ അദ്ദേഹത്തിൻെറ മുഖത്ത് വെറുപ്പ് പ്രകടമായി കണ്ടു, ഞാൻ പറഞ്ഞു: അല്ലയോ പ്രവാചകരെ, അല്ലാഹുവിലേക്കും, അവൻെറ പ്രവാചകരിലേക്കും ഞാ ൻ ഖേദം പ്രകടിപ്പിക്കാം, ഞാനെന്ത് തെറ്റാണ് ചെയ്തത്? പ്രവാചകൻ(ﷺ) പ്രത്യുത്തരം നൽകി: ഈ തലയിണയുടെ കാര്യം എന്താണ്? ഞാൻ പറഞ്ഞു: താങ്കൾക്ക് ഉറങ്ങുവാനും, ഇരിക്കുവാനും വേണ്ടി വാങ്ങിയതാണ്, അപ്പോൾ പ്രവാചകതിരുമേനി(ﷺ) പറഞ്ഞു: (ഈ ചിത്രങ്ങ ളുടെ ഉടമകൾ (മറ്റൊരു റിപ്പോർട്ടിൽ ഉള്ളത്, ഇങ്ങനെ യുള്ള ചിത്രങ്ങൾ വരക്കുന്നവർ) അവസാന നാളിൽ ശിക്ഷിക്കപ്പെടുന്നതാണ്, എന്നിട്ട് അവരോട് പറയും: നിങ്ങൾ സൃഷ്ടിച്ചതിന്ന് ജീവൻ നൽകുക, ഇങ്ങനെയുള്ള ചിത്രങ്ങളുള്ള വീടുകളിൽ മലക്കുകൾ പ്രവേശിക്കുകയില്ല, (ആഇഷാ(റ) പറയുന്നു: ഞാനത് ഒഴിവാക്കുന്നത് വരെ അദ്ദേഹം വീട്ടിൽ പ്രവേശിച്ചില്ല)" (ബുഖാരി, മുസ്‌ലിം, ത്വയാലിസി തൻെറ മുസ്നദിലും, അബൂബക്കർ ശാഫിഈ തൻെറ ഫവാഇദിലും, ബൈഅഖി, ബഗ്‌വി എന്നിവരും ഉദ്ദരിച്ചത്)

**മൂന്ന്:**

(قَالَ صَلَّى اللهُ عَلَيْهِ وَسَلَّمَ: مَنْ كَانَ يُؤْمِنُ بِاللهِ وَالْيَوْمِ الآخِرِ فَلا يقعدن عَلَى مَائِدَةٍ يُدَارُ عَلَيْهَا بِالْخَمْرِ )

നബി(ﷺ) പറഞ്ഞു: "ആരെങ്കിലും, അല്ലാഹുവിലും, അന്ത്യദിനത്തിലും വിശ്വസിക്കുന്നുവെങ്കിൽ, മദ്യമുള്ള തീൻ മേശയിൽ ഇരിക്കാതിരിക്കട്ടെ" (ഉമറിനെ തൊട്ട് അഹ്മ ദും, തിർമിദി, ഹാഖിം ഹസനാക്കുകയും, ജാബിറി ൽ നിന്ന് സ്വഹീഹായി ഉദ്ധരിച്ചതും ഇമാം ദഅബി അതിനോട് യോജിക്കുകയും, ത്വബറാനി ഇബ്നു അബ്ബാസിനെ തൊട്ടും ഉദ്ധരിച്ച ഹദീസ്)

നാം ഉദ്ധരിച്ചത് പ്രകാരമായിരുന്നു മഹാന്മാരായ സലഫു സ്സ്വാലിഹീങ്ങൾ(റ) ജിവിച്ചിരുന്നത്, അതിന്ന് ഒരുപാട് ഉദാഹരണങ്ങൾ നമുക്ക് കാണാൻ സാധിക്കും, എനിക്കിപ്പോൾ ഓർമയുള്ളത് മാത്രം സൂചിപ്പിക്കട്ടെ,

1- ഉമർ(റ)ന്റെ അടിമയായിരുന്ന അസ്ലമിൽ നിന്ന്: ഉമർ(റ) ശാമിലേക്ക് വന്നപ്പോൾ ക്രൈസ്തവരിൽ പെട്ട ഒരാൾ ഭക്ഷണമുണ്ടാക്കികൊണ്ട് ഉമറിനോട് പറഞ്ഞു: നീയും നിന്റെ കൂട്ടുകാരും എന്റെയടുത്ത് വരുകയും, ആദരിക്കുകയും ചെയ്യുക) - അദ്ദേഹമന്ന് ശാമിലെ പ്രധാനിയായിരുന്നു - അദ്ദേഹത്തോട് ഉമർ (റ)പറയുക യുണ്ടായി: (നിങ്ങളുടെ ദേവാലയങ്ങളിലേക്ക് അതിലുള്ള ചിത്രങ്ങൾ കാരണം ഞങ്ങൾ പ്രവേശിക്കുകയില്ല) (ബൈഅ ഖി സ്വഹീഹായ സനദോടുകൂടി ഉദ്ധരിച്ചത്).

2- അബൂമസ്ഊദ് ഉഖ്ബബ്നു അംറ്-ൽ നിന്ന് അദ്ദേഹത്തിന് ഒരാൾ ഭക്ഷണം ഉണ്ടാക്കികൊടുത്ത് അതിലേക്ക് ക്ഷണിച്ചു, അപ്പോൾ ചോദിച്ചു: വീട്ടിൽ ജീവികളുടെ ചിത്രങ്ങളുണ്ടോ? അദ്ദേഹം പറഞ്ഞു: അതെ, അങ്ങിനെ ആ രൂപങ്ങൾ തകർക്കുന്നത് വരെ അദ്ദേഹം അവിടേക്ക് പ്രവേശിക്കുവാൻ വിസമ്മതിച്ചു, തുടർന്ന് (അത് തകർത്തപ്പോൾ) അദ്ദേഹം പ്രവേശിക്കുകയും ചെയ്തു) (ബൈഅഖി സ്വഹീഹായ സനദോടെ ഉദ്ധരിച്ചത്).

3- ഇമാം ഔസാഇ പറയുന്നു: (സംഗീതോപകരണങ്ങളുള്ള വിവാഹ സദ്യയിലേക്ക് നാം പ്രവേശിക്കുകയില്ല) (അബുൽ ഹസൻ അൽഹർബി തന്റെ അൽഫവഇദുൽ മുൻതഖ്വാ എന്ന ഗ്രന്ഥത്തിൽ സ്വഹീഹായ സനദോടുകൂടി ഉദ്ധരിച്ചത്).

# മുപ്പത്തിനാല്

## വിവാഹ സദ്യകളിൽ പങ്കെടുക്കുന്നവർക്ക് സുന്നത്തായ കാര്യങ്ങൾ

വിവാഹ സദ്യയിൽ പങ്കെടുക്കുന്നവർക്ക് രണ്ട് കാര്യങ്ങൾ സുന്നത്താകുന്നു,

**ഒന്ന്-A:**

സദ്യയിൽ നിന്ന് വിരമിച്ചാൽ ക്ഷണിച്ചവന്ന് വേണ്ടി പ്രവാചകനിൽ നിന്ന് വന്നിട്ടുള്ള ഏതെങ്കിലും പ്രാർത്ഥന പ്രാർത്ഥിക്കുക, ഒരുപാട് പ്രാർത്ഥനകൾ നമുക്ക് കാണാനാ വുന്നതാണ്.

أ- عن عَبْدَ اللهَّ بْنَ بُسْرٍأَنَّ أَبَاهُ صَنَعَ لِلنَّبِيِّ صَلَّى اللهَّ عَلَيْهِ وَسَلَّمَ طَعَامًا، فَدَعَاهُ، فَأَجَابَهُ، فَلَمَّا فَرَغَ مِنْ طَعَامِهِ قَالَ: اللَّهُمَّ اغْفِرْ لهُمْ، وَارْحَمْهُمْ ،وَبَارِكْ لهُمْ فِيمَا رَزَقْتَهُمْ)

“അബ്ദുല്ലാഇബ്നു ബിസ്റിൽ നിന്ന് നിവേദനം: അദ്ദേഹത്തിന്റെ പിതാവ് പ്രവാചക തിരുമേനിക്ക് വേണ്ടി ഭക്ഷണം പാകം ചെയ്ത് അതിലേക്ക് ക്ഷണിച്ചു, അദ്ദേഹം ഉത്തരം നൽകുകയും ചെയ്തു, അതിൽ നിന്ന് വിരമിച്ചതിന്ന് ശേഷം പറഞ്ഞു:

(اللَّهُمَّ اغْفِرْ لهُمْ وَارْحَمْهُمْ وَبَارِكْ لهُمْ فِيمَا رَزَقْتَهُمْ)

(അല്ലാഹുവെ, അവർക്ക് നീ പൊറുത്ത് കൊടുക്കേണമേ, അവരോട് കരുണ കാണിക്കേണമേ, അവരെ നീ ഭക്ഷിപ്പിച്ചതിൽ അനുഗ്രഹം ചൊരിയുകയും ചെയ്യേണമേ) (ഇബ്നു അബീശൈബ, മുസ്ലിം, അബൂദാവൂദ്, നസാഇ, തിർമിദി, ബൈഹഖി, അഹ്മദ്, ഇബ്നു സുന്നി, ത്വബ്റാനി, ഇബ്നുഅസാകിർ എന്നിവർ ഉദ്ദരിച്ചത്)

ب- ( عَنِ المِقْدَادِ بْنِ الأَسْوَدِ قَالَ: قَدِمْتُ أَنَا وَصَاحِبَانِ لِي عَلَى رَسُولِ اللهَّ صَلَّى اللهَّ عَلَيْهِ وَسَلَّمَ، فَأَصَابَنَا جُوعٌ شَدِيدٌ ،فَتَعَرَّضْنَا لِلنَّاسِ ،فَلَمْ يُضِفْنَا أَحَدٌ ،فَانْطَلَقَ بِنَا رَسُولُ اللهَّ صَلَّى اللهَّ عَلَيْهِ وَسَلَّمَ إِلَى مَنْزِلِهِ، وَعِنْدَهُ أَرْبَعُ أَعْنُزٍ، فَقَالَ لِي: يَا مِقْدَادُ جَزِّئْ أَلْبَانَهَا بَيْنَنَا أَرْبَاعًا: فَكُنْتُ أُجَزِّئُهُ بَيْنَنَا أَرْبَاعًا،(فيشرب كل إنسان نصيبه،ونرفع لرَسُولُ اللهَّ صَلَّى اللهَّ عَلَيْهِ وَسَلَّمَنصيبه) فَاحْتَبَسَ رَسُولُ اللهَّ صَلَّى اللهَّ عَلَيْهِ وَسَلَّمَ ذَاتَ لَيْلَةٍ ،فَحَدَّثْتُ نَفْسِي أَنَّ رَسُولَ اللهَّ صَلَّى اللهَّ عَلَيْهِ وَسَلَّمَ قَدْ أَتَى بَعْضَ الْأَنْصَارِ، فَأَكَلَ حَتَّى شَبِعَ وَشَرِبَ حَتَّى رَوِيَ، فَلَوْ شَرِبْتُ نَصِيبَهُ! فَلَمْ أَزَلْ كَذَلِكَ حَتَّى قُمْتُ إِلَى نَصِيبِهِ فَشَرِبْتُهُ! ثُمَّ غَطَّيْتُ الْقَدَحَ، فَلَمَّا فَرَغْتُ أَخَذَنِي مَا قَدُمَ وَمَا حَدُثَ، فَقُلْتُ: يَجِيءُ رَسُولُ اللهَّ صَلَّى اللهَّ عَلَيْهِ وَسَلَّمَ جَائِعًا وَلاَ يَجِدُ شَيْئًا ، فَتَسَجَّيْتُ ، (قال: وعلي شملة من صوف كلما رفعت على رأسي خرجت قدماي، وإذا أرسلت عاى قدمي خرج رأسي ، قال:) ( وجعل لا يجيئني النوم ) وَجَعَلْتُ أُحَدِّثُ نَفْسِي، (قال: وأما صاحباي فناما) فَبَيْنَا أَنَا كَذَلِكَ، إِذْ دَخَلَ رَسُولُ اللهَّ صَلَّى اللهَّ عَلَيْهِ وَسَلَّمَ، فَسَلَّمَ تَسْلِيمَةً يُسْمِعُ الْيَقْظَانَ، وَلاَ يُوقِظُ النَّائِمَ، (ثم أتى المسجد فصلى) ثُمَّ أَتَى الْقَدَحَ فَكَشَفَهُ ،فَلَمْ يَرَ شَيْئًا ، فَقَالَ: اللَّهُمَّ أَطْعِمْ مَنْ أَطْعَمَنِي وَاسْقِ مَنْ سَقَانِي وَاغْتَنَمْتُ الدَّعْوَةَ، (قال: فعمدت إلى الشملة فشددتها علي) فَقُمْتُ إِلَى الشَّفْرَةِ، فَأَخَذْتُهَا ثُمَّ أَتَيْتُ الأَعْنُزَ فَجَعَلْتُ أَجْتَسُّهَا أَيُّهَا أَسْمَنُ ، (فأدبح لسول اللهَّ صَلَّى اللهَّ عَلَيْهِ وَسَلَّمَ، فَلاَ تَمُرُّ يَدَيَّ عَلَى ضَرْعٍ وَاحِدَةٍ إِلاَّ وَجَدْتُهَا حَافِلاً (فعمدت إلى إناء لآل محمد ما كانوا يطعمون أن يحلبوا فيه)، فَحَلَبْتُ حَتَّى مَلأْتُ الْقَدَحَ ثُمَّ أَتَيْتُ (به) رَسُولَ اللهَّ صَلَّى اللهَّ عَلَيْهِ وَسَلَّمَ (فقال: أما شربتم شرابكم الليلة يا مقداد؟ قال:)

فَقُلْتُ: اشْرَبْ يَا رَسُولَ اللهِّ ! فَرَفَعَ رَأْسَهُ إِلَيَّ ، فَقَالَ بَعْضُ سَوْآتِكَ يَا مِقْدَادُ: مَا الْخَبَرُ؟ قُلْتُ :اشْرَبْ ثُمَّ الْخَبَرَ ،فَشَرِبَ حَتَّى رَوِيَ ، ثُمَّ نَاوَلَنِي فَشَرِبْتُ، فلما عرفت أن رَسُولَ اللهَّ صَلَّى اللهَّ عَلَيْهِ وَسَلَّمَ قد روي وأصابتني دعوته، ضحكت، حتى ألقيت إلى الأرض ، فَقَالَ: مَا الْخَبَرُ؟ فَأَخْبَرْتُهُ ، فَقَالَ:هَذِهِ بَرَكَةٌ نَزَلَتْ مِنَ السَّمَاءِ، فَهَلاَّ أَعْلَمْتَنِي حَتَّى نَسْقِيَ صَاحِبَيْنَا ؟ فَقُلْتُ : (والذي بعثك بالحق) إِذَا أَصَابَتْنِي وَإِيَّاكَ الْبَرَكَةُ، فَمَا أُبَالِي مَنْ أَخْطَأَتْ !)

മിഖ്ദാദ്ബ്നുൽ അസ്വദിൽ നിന്ന്: അദ്ദേഹം പറഞ്ഞു: "ഞാനും എൻെറ രണ്ട് കൂട്ടുകാരും പ്രവാചകൻെറയടുത്ത് പ്രവേശിച്ചു, അപ്പോൾ ഞങ്ങൾക്ക് കഠിനമായ വിശപ്പുണ്ടായിരുന്നു, ജനങ്ങൾ കാണുമാറ് ഞങ്ങൾ നിന്നു, പക്ഷെ, ഞങ്ങളെ ആരും ക്ഷണിച്ചില്ല, അപ്പോൾ പ്രവാചകൻ(ﷺ) ഞങ്ങളെ വീട്ടിലേക്ക് കൊണ്ട്പോയി, അവിടെ നാല് ആടുകളുണ്ടായിരുന്നു, എന്നോട് പറഞ്ഞു: അല്ലയോ മിഖ്ദാദ് അതിൻെറ പാല് നമുക്കിടയിൽ നാലാ യി ഭാഗിക്കുക, അങ്ങിനെ ഞാൻ അത് നാലായി ഭാഗിച്ചു, (ഓ രോരുത്തരും അവരവരുടെ വീതം കുടിക്കുവാൻ തുടങ്ങി, പ്രവാചക(ﷺ)ൻെറ ഓഹരി അദ്ദേഹത്തിലേക്ക് ഉയർത്തപ്പെട്ടു) എന്നാൽ ആ രാത്രി പ്രവാചകൻ(ﷺ) അത് കുടിക്കാതെവെച്ചു, അതിന്മുമ്പ് നബി(ﷺ)യുടെയടുത്ത് ചില അൻസാരികൾ വരുകയും അവരോടൊപ്പം പ്രവാചകൻ(ﷺ) ഭക്ഷണം കഴിക്കുകയും, ദാഹം തീരുന്നത് വരെ കുടിക്കുകയും ചെയ്തിട്ടുണ്ടാകുമെന്ന് ഞാൻ മനസിൽ കരുതി. അദ്ദേഹത്തിൻെറ ഓഹരി ഞാൻ കുടിച്ചാലോ എന്നും മനസ്സിൽ വിചാരിച്ചു, അങ്ങിനെ ഞാൻ എഴുന്നേറ്റ് അദ്ദേഹത്തിൻെറ ഓഹരി കുടിച്ചു, പിന്നീട് പാത്രം മൂടിവെക്കുകയും ചെയ്തു. അങ്ങിനെ അതിന് ശേഷം ഞാൻ ചെയ്തതിനെ സംബന്ധിച്ച് എന്നിൽ വേവലാതിയുണ്ടായി, പ്രവാചകൻ (ﷺ) വിശന്ന്കൊണ്ട് വന്നിട്ട് ഒന്നും കണ്ടില്ലെങ്കിൽ, അങ്ങിനെ ഞാൻ തലയിൽ പുതപ്പിട്ട് ഉറങ്ങുവാൻ കിടന്നു, (അദ്ദേഹം തുടരുന്നു, പരുത്തികൊണ്ടുള്ള വിരുപ്പ്കൊണ്ട് എൻെറ തലമൂടുമ്പോഴെല്ലാം തന്നെ എൻെറ കാൽ വെളിവാകും, എൻെറ കാലിലേക്കതിടുമ്പോൾ എൻെറ തല വെളിവാ കും) (അദ്ദേഹം തുടരുന്നു: എനിക്ക് ഉറക്കം വന്നില്ല) ഞാൻ എന്നോട് തന്നെ സ്വയം സംസാരിക്കുവാൻ തുടങ്ങി, (എൻെറ രണ്ട് കൂട്ടുകാരും ഉറങ്ങിയിരുന്നു) ഞാനങ്ങനെ കിടന്നു, അപ്പോഴതാ പ്രവാചക(ﷺ) തിരുമേനി അവിടേക്ക് കടന്ന് വന്ന് ഉണർന്നിരിക്കുന്നവർ കേൾക്കുമാറ് ഉറങ്ങുന്നവരെ ഉണർത്താതെ സലാം പറഞ്ഞു: (എന്നിട്ട് പള്ളിയിൽ വന്ന് നമസ്കരിച്ചു) പിന്നീട് വന്ന് പാത്രം തുറന്ന് നോക്കി, പക്ഷേ, അതിൽ ഒന്നും കണ്ടില്ല, എന്നിട്ട് പറഞ്ഞു:

(اللهم أطعم من أطعمني، واسق من سقاني) "അല്ലാഹുവെ ഞങ്ങളെ ഭക്ഷിപ്പിച്ചവരെ നീ ഭക്ഷിപ്പിക്കേണമേ, ഞങ്ങളെ കുടിപ്പിച്ചവരെ നീ കുടിപ്പിക്കുകയും ചെയ്യേണമേ) ആ പ്രാർത്ഥനകേട്ട് ഞാൻ സന്തുഷ്ടനായി, (അങ്ങിനെ ഞാൻ ഒന്നുകൂടി പുതപ്പിട്ട് മൂടി) തുടർന്ന് ഞാൻ എഴുന്നേറ്റ് ഒരു വലിയ മൂർച്ചയുള്ള കത്തിയെടുത്ത് ആടുകളുടെ യടുത്ത്വന്ന് ഏതാണ് വലുതെന്ന് തിരയാൻ തുടങ്ങി, (നബി(ﷺ)ക്ക് അറുക്കുവാൻ വേണ്ടി) എൻെറ കൈ ഓ രോ ആടിൻെറയും അകിട് തട്ടുമ്പോഴൊക്കെ ഞാൻ മനസ്സിലാക്കി

ഓരോന്നിൻെറയും അകിടിൽ പാൽ നിറഞ്ഞ് നിൽക്കുന്നതായിട്ട്, (അങ്ങിനെ മുഹമ്മദ്(ﷺ)യുടെ കുടും ബം ഒരിക്കലും പാല് കറക്കുവാൻ ഉപയോഗി ക്കാത്തൊരു പാത്രം ഞാൻ എടുത്തു) ആ പാത്രം നിറയുന്നത്വരെ ഞാൻ പാൽ കറന്നു, പിന്നീട് അതുമായി പ്രവാചക ൻെറയടുത്ത് ഞാൻ പോയി, (അപ്പോൾ പ്രവാചകൻ(ﷺ) ചോദിച്ചു, അല്ലയോ മിഖ്ദാദ് നിങ്ങൾ നിങ്ങളുടെ ഓഹരി ഇന്നലെ രാത്രി കുടിച്ചില്ലേ?) അപ്പോൾ ഞാൻ പറഞ്ഞു: അല്ലയോ പ്രവാചകരെ, നിങ്ങൾ കുടിക്കൂ, അദ്ദേഹം എന്നിലേക്ക് നോക്കികൊണ്ട് പറഞ്ഞു: അല്ലയോ മിഖ്ദാദ്, എന്താണ് നിൻെറ പ്രശ്നം? അപ്പോൾ ഞാൻ പറഞ്ഞു: ആദ്യം കുടിക്കുക, എന്നിട്ട് വിവരിച്ച് തരാം, അങ്ങിനെ മതിയാവുന്നത് വരെ കുടിച്ചു, പിന്നീടെനിക്ക് തരുകയും ഞാൻ കുടിക്കുകയും ചെയ്തു, പ്രവാ ചകൻ(ﷺ) കുടിച്ചതിന് ശേഷം പ്രാർത്ഥിച്ച പ്രാർത്ഥന എനിക്ക് ഫലിച്ചപോലെ തോന്നി, ഞാൻ ചിരിച്ചു, ഞാൻ ചിരി സഹിക്കവയ്യാതെ ഭൂമിയിൽ ഇരുന്നു, പ്രവാചകൻ(ﷺ) ചോദിച്ചു: എന്താണ് കാര്യം? ഞാനത് വിവരിച്ച് കൊടുത്തു, പ്രവാചകൻ(ﷺ) പറഞ്ഞു: അത് ആകാശത്തിൽ നിന്നും ഇറങ്ങിയ അവൻെറ അനുഗ്രഹമാകുന്നു, നീ എന്ത്കൊണ്ടാണ് എന്നെ അറിയിക്കാതിരുന്നത്? എന്നാൽ നമ്മുടെ കൂട്ടുകാരെയും കുടിപ്പിക്കാമായിരുന്നില്ലേ?, ഞാൻ പറഞ്ഞു: (സത്യവുമായി താങ്കളെ പറഞ്ഞയച്ചവൻ തന്നെ യാണ് സത്യം) താങ്ങളെയും, എന്നെയും അല്ലാഹു അനുഗ്രഹിച്ചിരിക്കേ, മറ്റുള്ളവരെ ഞാൻ എങ്ങിനെ പരിഗണിക്കുവാനാണ്)" ( മുസ്ലിം, അഹ്മദ്, ഇബ്നു സഅദ്, തിർമിദി).

**ഒന്ന്-B:**

( عَنْ أَنَسٍ أَوْ غَيْرِهِ أَنَّ رَسُولَ اللهِّ صَلَّى اللهُّ عَلَيْهِ وَسَلَّمَ (كان يزور الأنصار، فإذا جاء إلى دور الأنصار جاء صبيان الأنصار يدرقن حوله، فيدعو لهم، ويمسح رؤوسهم ويسلم عليهم، فلأتى إلى باب سعدبن عباد ف) اسْتَأْذَنَ عَلَى سَعْدِ بْنِ عُبَادَةَ فَقَالَ: السَّلَامُ عَلَيْكُمْ وَرَحْمَةُ اللهِّ، فَقَالَ سَعْدٌ: وَعَلَيْكَ السَّلَامُ وَرَحْمَةُ اللهِّ، وَلَمْ يُسْمِعِ النَّبِيَّ صَلَّى اللهُّ عَلَيْهِ وَسَلَّمَ حَتَّى سَلَّمَ ثَلَاثًا، وَرَدَّ عَلَيْهِ سَعْدٌ ثَلَاثًا ، وَلَمْ يُسْمِعْهُ(وكان النَّبِيُّ صَلَّى اللهُّ عَلَيْهِ وَسَلَّمَ لايزيد فوق ثلاث تسليمات ، فإن أذن له، وإلا انصرف)، فَرَجَعَ النَّبِيُّ صَلَّى اللهُّ عَلَيْهِ وَسَلَّمَ ، وَاتَّبَعَهُ سَعْدٌ، فَقَالَ يَا رَسُولَ اللهِّ !بِأَبِي أَنْتَ وَأُمِّي مَا سَلَّمْتَ تَسْلِيمَةً إِلاَّ هِيَ بِأُذُنِي وَلَقَدْ رَدَدْتُ عَلَيْكَ وَلَمْ أُسْمِعْكَ، أَحْبَبْتُ أَنْ أَسْتَكْثِرَ مِنْ سَلَامِكَ وَمِنَ الْبَرَكَةِ(فادخل يارسول الله) ثُمَّ أَدْخَلَهُ الْبَيْتَ، فَقَرَّبَ لَهُ زَبِيبًا، فَأَكَلَ نَبِيُّ اللهِّ صَلَّى اللهُّ عَلَيْهِ وَسَلَّمَ، فَلَمَّا فَرَغَ قَالَ: أَكَلَ طَعَامَكُمُ الأَبْرَارُ، وَصَلَّتْ عَلَيْكُمُ الْمَلَائِكَةُ ،وَأَفْطَرَ عِنْدَكُمُ الصَّائِمُونَ)

അനസിൽ നിന്നോ, അദ്ദേഹമല്ലാത്ത മറ്റുള്ളവരിൽ നിന്നോ നിവേദനം: "പ്രവാചക തിരുമേനി(ﷺ) അനസാറുകളെ സന്ദർശിക്കാറുണ്ടായിരുന്നു, അദ്ദേഹം അൻസാറുകളുടെ വീടുകളിൽ പ്ര വേശിച്ചാൽ കുട്ടികൾ അദ്ദേഹത്തോടൊപ്പം കൂടാറുണ്ടായിരുന്നു, അവർക്ക് വേണ്ടി അദ്ദേഹം പ്രാർത്ഥിക്കുകയും, അവരുടെ തലകൾ തടവുകയും, അവരോട് സലാം പറയുകയും ചെയ്യാറുണ്ടായിരുന്നു, അങ്ങിനെ സഅദ്ബ്നു ഉബാദയുടെ

വാതിലക്കൽ വ ന്ന് അദ്ദേഹത്തോട് അനുവാദം ചോദിക്കുകയും സലാം പറയു കയും ചെയ്തു, സഅദ് സലാം മടക്കി, നബി(ﷺ)യുടെ സലാം കേട്ടില്ലയോ എന്ന സംശയത്തിൽ മൂന്ന് പ്രാവശ്യം സലാം ചൊല്ലുകയും, സഅദ് മൂന്ന് പ്രാവശ്യം മടക്കു കയും ചെയ്തു, (നബി (ﷺ) സാധാരണ മൂന്ന് പ്രാവശ്യ ത്തിൽ കൂടുതൽ വർദ്ധിപ്പിക്കാറില്ല, അനുവാദം നൽകിയാൽ പ്രവേശിക്കും, ഇല്ലെങ്കിൽ മടങ്ങിപോകും) അങ്ങിനെ നബി(ﷺ) മടങ്ങി, അദ്ദേഹത്തെ സഅദ് പിൻപ റ്റുകയും ചെയ്ത് പറഞ്ഞു: അല്ലയോ പ്രവാചകരെ, താങ്കൾ പറഞ്ഞ സലാം ഞാൻ കേട്ടിട്ടുണ്ട്, ഞാൻ മടക്കുകയും ചെയ്തിട്ടുണ്ട്, പക്ഷേ, താങ്കൾ അത് കേട്ടില്ല, താങ്കൾ സലാം പറയുന്നതും, അനുഗ്രഹത്തിന് വേണ്ടിയുള്ള പ്രാർത്ഥനയും അധികരിപ്പിക്കുന്നത് ഞാൻ ഇഷ്ടപ്പെട്ടു, (അല്ലയോ പ്രവാചകരെ, താങ്കൾ പ്രവേശിച്ചാലും) തുടർന്ന് ഞാൻ അദ്ധേഹത്തെ വീട്ടിലേക്ക് പ്രവേശിപ്പിച്ചു, കുറച്ച് കാരക്ക അദ്ദേഹത്തിന് നൽകി, പ്രവാചക തിരുമേനി(ﷺ) ഭക്ഷിക്കുകയും ചെയ്തതിന് ശേഷം ഇങ്ങനെ പറഞ്ഞു: (നിങ്ങളുടെ ഭക്ഷണം പുണ്യവാളന്മാർ ഭക്ഷിച്ചു, നിങ്ങ ളുടെ മേൽ മലക്കുകൾ പ്രാർത്ഥിക്കുകയും ചെയ്തു, നോമ്പുകാർ നിങ്ങളുടെയടുത്ത് നോമ്പ് തുറക്കുകയും ചെയ്തു" ( അ ഹ്മദ്, ത്വഹാവി, ബൈഅഖി, ഇബ്നു അസാഖിർ, അബൂദാ വൂദ്, ഇബ്നുസുന്നി എന്നിവർ റിപ്പോർട്ട് ചെയ്തത്).

**രണ്ട്:**

**നവദമ്പതികൾക്ക് അനുഗ്രഹത്തിനും, നന്മക്കും വേണ്ടി പ്രാർത്ഥിക്കുക.**

ഇതിന് തെളിവായി നമുക്ക് ഒട്ടനവധി തെളിവുകൾ കാണാവുന്നാണ്.

**ഒന്ന്:**

( عَنْ جَابِرِ بْنِ عَبْدِاللهِ رَضِي اللهُ عَنْهمَا قَالَ: هَلَكَ أَبِي، وَتَرَكَ سَبْعَ بَنَاتٍ أَوْ تِسْعَ بَنَاتٍ ،فَتَزَوَّجْتُ امْرَأَةً ثَيِّبًا، فَقَالَ لِي رَسُولُ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ تَزَوَّجْتَ يَا جَابِرُ، فَقُلْتُ: نَعَمْ، فَقَالَ: أَبِكْرًا أَمْ ثَيِّبًا؟ قُلْتُ: بَلْ ثَيِّبًا، قَالَ: فَهَلاَّ جَارِيَةً تُلاَعِبُهَا وَتُلاَعِبُكَ وَتُضَاحِكُهَا وَتُضَاحِكُكَ؟، فَقُلْتُ: لَهُ إِنَّ عَبْدَاللهِ هَلَكَ وَتَرَكَ (تسع أو سبع) بَنَاتٍ وَإِنِّي كَرِهْتُ أَنْ أَجِيئَهُنَّ بِمِثْلِهِنَّ فَتَزَوَّجْتُ امْرَأَةً تَقُومُ عَلَيْهِنَّ وَتُصْلِحُهُنَّ فَقَالَ: بَارَكَ اللهُ لَكَ، أَوْ قَالَ لِي خَيْرًا)

ജാബിറുബ്നുഅബ്ദുല്ലായിൽ നിന്ന് നിവേദനം: "എന്റെ പിതാവ് മരിച്ചു, ഏഴോ, ഒൻപതോ പെൺമക്കൾ അനാഥരായി, ഞാൻ കന്യകയല്ലാത്ത ഒരു സ്ത്രീയെ വിവാഹം കഴിക്കുകയുണ്ടായി, പ്രവാചകതിരുമേനി(ﷺ) എന്നോട് ചോദിച്ചു: 'അല്ലയോ ജാബിർ നീ വിവാഹം കഴിച്ചോ? ഞാൻ പറഞ്ഞു: അതെ, കന്യകയാണോ, അതല്ല വിവാഹമോചിതയേയാണോ? ഞാൻ പറഞ്ഞു: വിവാഹമോചിതയെയാണ്. പ്രവാചകതിരുമേനി(ﷺ) പറയു കയുണ്ടായി നീ കന്യകയെ വിവാഹം കഴിച്ചാൽ നിനക്ക് അവളെയും, അവൾക്ക് നിന്നെയും കളിപ്പിക്കുകയും, ചിരിപ്പിക്കുകയും ചെയ്യാമായിരുന്നില്ലേ? അപ്പോൾ ഞാൻ പറയുകയുണ്ടായി, അബ്ദുല്ല മരിച്ച്, ഏഴോ, ഒൻപതോ പെൺമക്കളെ വിട്ടേക്കുകയും ചെയ്തിട്ടുണ്ട്, ആയതിനാൽ അവരെപോലെയുള്ളവരെ

കൊണ്ട് വരുന്നതിനെ ഞാൻ വെറുക്കുകയുണ്ടായി, അതിനാൽ അവരെ പരിപാലി ക്കുകയും, നിയന്ത്രിക്കുകയും ചെയ്യുന്ന സ്ത്രീയെയാണ് ഞാൻ വിവാഹം കഴിച്ചത്, അപ്പോൾ പ്രവാചക തിരുമേ നി (ﷺ) പ്രാർത്ഥിക്കുകയുണ്ടായി: (അല്ലാഹു നിനക്ക് അനുഗ്രഹം നൽകട്ടെ) (നിനക്ക് നന്മ) എന്ന് പറയുകയും ചെയ്തു" (ബു ഖാരി, മുസ്ലിം എന്നിവർ ഉദ്ധരിച്ചത്)

**രണ്ട്:**

( عَنِ ابْنِ بُرَيْدَةَ رضي الله عنه قَالَ:نفر من الأنصار لعلي: عندك فاطمة، فأتي رَسُولُ اللهِّ صَلَّى اللهَّ عَلَيْهِ وَسَلَّمَ فسلم عليه، فقال ما حاجة ابن أبي طالب؟ فقال: يا رسول الله!ذكرت فاطمة بنت رسول اللهِّ صَلَّى اللهَّ عَلَيْهِ وَسَلَّمَ ، فقال: مرحبا وأحلاً، لم يزد عليهما، فخرج علي بن أبي طالب على اولئك الرهط من الأنصار ينتظرونه،قالوا ما وراءك؟ قال: ما أدري غير أنه قال لي: مرحبا وأهلا، فقالوا: يكفيك من رسول اللهِّ صَلَّى اللهَّ عَلَيْهِ وَسَلَّمَ إحداهما، أعطاك الأهل والمرحب، فلما كان بعد ذلك، بعد ما زوجه قال: يا علي إِنَّهُ لا بُدَّ لِلْعُرْسِ مِنْ وَلِيمَةٍ ، فَقَالَ سَعْدٌ عَلَيَّ كَبْشٌ، وجمع له رهط من الأنصار أصوعا من ذرة، فلما كانت ليلة البناء، قال: لاتحدث شئا حتى تلقاني، فدعا رسول اللهِّ صَلَّى اللهَّ عَلَيْهِ وَسَلَّمَ بماء فتوضأ فيه، ثم أفرغه على علي، فقال:(اللهم بارك فيهما، وبارك لهما في بنائهما))

ബുറൈദ(റ)വിൽ നിന്ന് നിവേദനം: "അൻസാരികളിൽ പെട്ടചിലർ അലി(റ)വിനോട് ചോദിച്ചു, ഫാത്വിമ(റ) താങ്കളുടെയടുത്താണോ? അപ്പോൾ പ്രവാചകതിരുമേനി(ﷺ) അവരോട് സലാം പറഞ്ഞ് വന്നുകൊണ്ട് ചോദിച്ചു എന്താണ് ഇബ്നുഅബീത്വാലിബിൻെറ ആവശ്യം? പറയപ്പെട്ടു: അല്ലയോ പ്രവാചകരെ, പ്രവാചക പുത്രി ഫാത്വിമയെപ്പറ്റി പറയുകയുണ്ടായി, അപ്പോൾ പ്രവാച കൻ(ﷺ) പറഞ്ഞു: (مرحبا وأهلا) സ്വാഗതം എന്ന് പറഞ്ഞു, വേറെയൊന്നും കൂട്ടിചേർത്തില്ല, അങ്ങിനെ അലി(റ) തന്നെ കാത്തിരുന്ന അൻസാറുകളുടെ ആ സംഘത്തി ൻെറയടുത്തേക്ക് ചെന്നു, അവർ ചോദിച്ചു, താങ്കളുടെ പിന്നിൽ എന്താകുന്നു? അലി(റ) പറയുകയുണ്ടായി, എനിക്കറിയില്ല, പ്രവാചകൻ എന്നോട് (مرحبا وأهلا) എന്ന് പറഞ്ഞുവെന്നല്ലാതെ ഒന്നുമില്ല, അൻസാറുകൾ പറഞ്ഞു: താങ്കൾക്ക് പ്രവാചകനിൽ(ﷺ) നിന്ന് ഒന്ന് മാത്രം മതി, താ ങ്കൾക്ക് ഭാര്യയെ തന്നു, അത്പോലെ مرحبا യും തന്നു, അങ്ങിനെ പ്രവാചകൻ(ﷺ) തൻെറ മകളെ വിവാഹം കഴിച്ച്കൊടുത്തതിന് ശേഷം പറയുകയുണ്ടായി, അല്ലയോ അലി, വിവാഹത്തിന് വലിമത്ത്(സദ്യ) അനിവാര്യമാകുന്നു, ഉടനെ സഅദ് പറഞ്ഞു: എൻെറയടുത്ത് ഒരു ആടുണ്ട്, അത്പോലെ അൻസാറുകൾ അവരിൽ നിന്ന് ഏതാനും സ്വാഅ് ഗോതമ്പ് പൊടി ഒരുമിച്ച് കൂട്ടുകയും ചെയ്തു, അങ്ങിനെ വീട്കൂടുന്ന രാത്രിയായപ്പോൾ പറയുകയു ണ്ടായി: എന്നെ കണ്ട്മുട്ടുന്നത്വരെ ഒന്നും സംസാരി ക്കരുത്, എന്നിട്ട് പ്രവാചകൻ(ﷺ) വുളുവെടുക്കുവാൻ വെള്ളം ആവശ്യപ്പെടുകയും അതിൽനിന്ന്

വുളുവെടുക്കുകയും ചെയ്ത് കൊണ്ട് അലി(റ)ൻെറ യടുത്തേക്ക് ചെന്ന് പറയുകയുണ്ടായി: (اللّهُمَّ بارك فيهما، وبارك لهما في بنائهما) "അല്ലാഹുവെ, അവർ രണ്ടാളിലും നീ അനുഗ്രഹം ചൊരിയേണമേ, അവരുടെ ദാമ്പത്യത്തിലും നീ അനുഗ്രഹം നൽണേമേ" (ഇബ്നു സഅദ്, ത്വബറാനി, ഇബ്നു അസാകിർ)

മൂന്ന്:

( عَنْ عَائِشَةَ رَضِي اللهَّ عَنْهَا قالت: تَزَوَّجَنِي النَّبِيُّ صَلَّى اللهَّ عَلَيْهِ وَسَلَّمَ ،فَأَتَتْنِي أُمِّي، فَأَدْخَلَتْنِي الدَّارَ، فَإِذَا نِسْوَةٌ مِنَ الأَنْصَارِ فِي الْبَيْتِ، فَقُلْنَ :عَلَى الخَيْرِ وَالْبَرَكَةِ وَعَلَى خَيْرِ طَائِرٍ )

ആഇഷാ(റ)വിൽ നിന്ന്: (പ്രവാചക തിരുമേനി(ﷺ) എന്നെ വിവാ ഹം കഴിച്ചു, എൻെറ ഉമ്മ വന്ന് എന്നെ വീട്ടിലേക്ക് പ്രവേശിപ്പിച്ചു, അപ്പോഴതാ അവിടെ അൻസാരികളിൽപ്പെട്ട ചില സ്ത്രീകൾ, അവർ പറയുകയുണ്ടായി: ( عَلَى الخَيْرِ وَالْبَرَكَةِ وَعَلَى خَيْرِ طَائِرٍ) "നന്മയുടെയും, അനുഗ്രഹത്തിൻെറയും മേൽ, അനുഗ്രഹീതമായ ഭാഗ്യത്തിൻെറയും മേൽ" (ബുഖാരി, മസ്ലിം, ബൈഹഖി)

നാല്:

( عَنْ أَبِي هُرَيْرَةَ: أَنَّ النَّبِيَّ صَلَّى اللهَّ عَلَيْهِ وَسَلَّمَ :كَانَ إِذَا رَفَّأَ الإِنْسَانَ إِذَا تَزَوَّجَ، قَالَ: بَارَكَ اللهُ لَكَ وَبَارَكَ عَلَيْكَ وَجَمَعَ بَيْنَكُمَا فِي (وفي رواية: على) خَيْرٍ)

അബൂഹുറൈറ(റ)വിൽ നിന്ന് നിവേദനം: "പ്രവാചക തിരുമേനി(ﷺ) വിവാഹം കഴിച്ചവർക്ക് വേണ്ടി പ്രാർത്ഥിക്കു കയാണെങ്കിൽ, ഇങ്ങനെ പ്രാർത്ഥിക്കുമായിരുന്നു,

(بَارَكَ اللهُ لَكَ وَبَارَكَ عَلَيْكَ وَجَمَعَ بَيْنَكُمَا فِي (على) خير)

അല്ലാഹു താങ്കൾക്ക് അനുഗ്രഹം നൽകട്ടെ, താങ്കളുടെ മേൽ അല്ലാഹു അനുഗ്രഹം ചൊരിയട്ടെ, നിങ്ങളെ നന്മയിൽ (മറ്റൊരു റിപ്പോർട്ടിൽ നന്മയുടെമേൽ) ഒരുമിച്ച് കൂട്ടുമാറാവട്ടെ") (സഈ ദ്ബ്നു മൻസൂർ, അബൂദാവൂദ്, തിർമിദി, ദാരിമി, ഇബ്നു മാജ, അഹ്മദ്, ഹാഖിം)

# മുപ്പത്തഞ്ച്

## [11](الرفاء والبنين)

[11] ജാഹിലിയ്യ: കാലഘട്ടത്തിൽ അറബികൾക്കിടയിൽ നിലവിലുണ്ടായിരുന്ന ഒരു ആചാരമായിരുന്നു വിവാഹ ദിവസം നവദമ്പതികളോട് ഇങ്ങനെ പറയൽ,

## എന്നത് ജാഹിലിയ്യാ അഭിവാദ്യം

അറിവില്ലാത്ത ജനങ്ങൾ പറയുന്നത് പോലെ നിങ്ങൾ الرفـاء والبنـين എന്ന്പറയുവാൻ പാടില്ല, കാരണം അത് ജാഹിലിയ്യ: കാലഘട്ടത്തിലെ പ്രവർത്തനമാകുന്നു, പ്രവാചക വചന ങ്ങൾ കൊണ്ട് ഇത് നിരോധിക്കുകയുണ്ടായി, അതിൽപെട്ട ഒരു ഹദീസാകുന്നു, താഴെ വരുന്നത്:

(عَنِ الحُسَنِ قَالَ: تَزَوَّجَ عَقِيلُ بْنُ أَبِي طَالِبٍ امْرَأَةً مِنْ بَنِي جَثْمٍ، فدخل عليه القوم، فَقَالوا: بِالرِّفَاءِ وَالْبَنِينَ ، فقَالَ: لاتقعلوا ذلك (فإن رَسُولُ اللهَّ صَلَّى اللهَّ عَلَيْهِ وَسَلَّمَ نهى عن ذلك)، قَالُوا: فما نقول ياأبازيد؟ قال: قولوا: بَارَكَ اللهُّ لَكُمْ وَبَارَكَ عليَكُمْ ، إنا كذلك كنا نؤمر)

ഹസനിൽ നിന്ന് നിവേദനം: "ഹുബൈൽബ്നു അബൂ ത്വാലിബ് ചെഷം ഗോത്രത്തിൽ നിന്നുള്ള ഒരു സ്ത്രീയെ വിവാഹം കഴിക്കുകയുണ്ടായി, അപ്പോൾ ജനങ്ങൾ അ വരെ സന്ദർശിക്കുകയും الرفـاء والبنـين എന്ന് പ്രാർത്ഥിക്കുക യും ചെയ്തപ്പോൾ പറയപ്പെട്ടു: നിങ്ങൾ അപ്രാകാരം ചെയ്യരുത് കാരണം, പ്രവാചക തിരുമേനി(ﷺ)യത് വില ക്കിയിട്ടുണ്ട്, അപ്പോഴവർ ചോദിച്ചു, അബൂസൈദ് ഞങ്ങ ൾ എന്താണ് പറയേണ്ടത്? അദ്ദേഹം പറഞ്ഞു: بَارَكَ اللهُّ لَكُمْ وَبَارَكَ علـيَكُمْ "നിങ്ങൾക്ക് അനുഗ്രഹമുണ്ടാവട്ടെ, നിങ്ങളുടെ മേൽ അനുഗ്രഹമുണ്ടാവട്ടെ" ഇപ്രകാരം പറയുവാനാണ് ഞങ്ങൾ കൽപിക്കപ്പെട്ടിട്ടുള്ളത്" (ഇബ്നു അബൂ ശൈബ, അബ്ദുർറസാഖ്, നസാഇ, ഇബ്നു മാജ, ദാരിമി, അഹ്മദ് അത് വേറെയും പണ്ഡിതന്മാർ ഉദ്ദരിച്ചത്)

# മുപ്പത്താറ്

## ക്ഷണിക്കപ്പെട്ടവരെ പുതുമണവാട്ടിക്ക് സ്വാഗതം ചെയ്യാം

വിവാഹദിവസം പുതുമണവാട്ടിക്ക് ഫിത്ന ഭയപ്പെ ട്ടില്ലെങ്കിലും, ഇസ്ലാം നിർദ്ദേശിക്കുന്ന വസ്ത്രം[12]ധരിച്ചാ ലും ക്ഷണിക്കപ്പെട്ടവരെ സ്വാഗതം

---

ഇതിൻെറ അർത്ഥം: "സന്താന സമൃദ്ധിയും, രഞ്ജിപ്പും ഉണ്ടാകു മാറാവട്ടെ". ഈ അഭിവാദ്യം പ്രവാചക തിരുമേനി (ﷺ) വിലക്കിയിട്ടുണ്ട്.

[12] (1) അൽബാനി പറയുന്നു: ഇസ്ലാം നിർദ്ദേശിക്കുന്ന വസ്ത്രമാണ് ഇവിടെ ഉദ്ദേശിക്കുന്നത്, ഇതിന്ന് എട്ട് നിബന്ധനകളുണ്ട്:

1- മുഖവും, മുൻകൈകളും ഒഴിച്ചുള്ള എല്ലാ ശരീരഭാഗ ങ്ങളും മറക്കുന്നതായിരിക്കണം.

2- ധരിച്ചിരിക്കുന്ന വസ്ത്രം ഭംഗിക്ക് വേണ്ടി ധരിക്ക ന്ന തായിരിക്കരുത്.

ചെയ്യുന്നതിനും, അവർ ക്ക് വേണ്ടി സേവനം ചെയ്യുന്നതിനും കുഴപ്പമില്ല. അതിന് തെളിവായി നമുക്ക് സ്വഹീഹായ ഹദീസ് കാണാവുന്നതാണ്.

( عَنْ سَهْلٍ بن سعد قَالَ: لمَّا عَرَّسَ أَبُو أُسَيْدٍ السَّاعِدِيُّ دَعَا النَّبِيَّ صَلَّى اللهُ عَلَيْهِ وَسَلَّمَ وَأَصْحَابَهُ، فَمَا صَنَعَ لَهُمْ طَعَامًا، وَلاَ قَدَّمَهُ إِلَيْهِمْ إِلاَّ امْرَأَتُهُ أُمُّ أُسَيْدٍ، بَلَّتْ (وفي رزاية: أنقعت) تَمَرَاتٍ فِي تَوْرٍ مِنْ حِجَارَةٍ مِنَ اللَّيْلِ ، فَلَمَّا فَرَغَ النَّبِيُّ صَلَّى اللهُ عَلَيْهِ وَسَلَّمَ مِنَ الطَّعَامِ أَمَاثَتْهُ لَهُ فَسَقَتْهُ تُتْحِفُهُ بِذَلِكَ ، (فكانت إمرأته يومئذ خادمهم وهي العروس))

സഹ്ല്ബ്നു സഅദിൽ നിന്നും ഉദ്ദരിക്കുന്നു "അബൂ ഉസൈദ് അസ്സാഇദി വിവാഹം കഴിച്ചപ്പോൾ നബി(ﷺ)യെ യും, സ്വഹാബികളെയും ക്ഷണിച്ചു, പക്ഷെ, അവർക്ക് വേണ്ടി ഭക്ഷണമൊന്നും ഉണ്ടാക്കിയിരുന്നില്ല, അദ്ദേഹ ത്തിൻെറ ഭാര്യയായിരുന്ന ഉമ്മുഉ സൈദ് രാത്രിയിൽ കല്ല് കൊണ്ടുണ്ടാക്കിയ ഒരു പാത്രത്തിൽ കുറച്ച് വെള്ളം നനച്ച കാരക്കയല്ലാതെ മറ്റൊന്നും അവർക്ക് നൽകിയില്ല, അങ്ങിനെ അതിൽ നിന്ന് പ്രവാചകതിരുമേനി(ﷺ) വിര മിച്ചപ്പോൾ അദ്ദേഹത്തിന് തൻെറ കൈകൾ കൊണ്ട് കാരക്ക അലിയിപ്പിച്ച്കൊണ്ട് ആ വെള്ളം കുടിപ്പിച്ചു, അത് വിവാഹ സമ്മാനമായി നൽകുകയും ചെയ്തു, (മണവാട്ടിയായിരിക്കേ, അദ്ദേഹത്തിൻെറ ഭാര്യ അന്നെ ദിവസം അവർക്ക് വേണ്ടി സേവനം ചെയ്യുന്നവളാ യിരുന്നു" (ബുഖാരി, മുസ്ലിം, അബൂഅവാന, ഇബ്നു മാജ, ബഹ്വി, ത്വബ്റാനി എന്നിവർ ഉദ്ദരിച്ചത്"[13]

---

3- കട്ടിയുള്ളതായിരിക്കണം, കട്ടികുറഞ്ഞ നേരിയതാവരുത്.
4- ശരീരത്തിൻെറ ആകാരം വെളിവാകുന്ന രൂപത്തിൽ വ സ്ത്രം ഇടുങ്ങിയതാവാൻ പാടില്ല.
5- സുഗന്ധം പൂശുവാൻ പാടില്ല.
6- പുരുഷന്മാരുടെ വസ്ത്രത്തിന് സാമ്യമുള്ളതാവാൻ പാടില്ല.
7- അവിശ്വാസിനികൾക്ക് മാത്രമുള്ള വസ്ത്രത്തിനോട് സാമ്യമുള്ളതാവാൻ പാടില്ല.
8- പ്രശസ്തിയുടെ വസ്ത്രമാവാൻ പാടില്ല.
ഈ നിബന്ധനകൾ വളരെവിശദമായി അൽബാനി തന്നെ രചിച്ച (حجاب المرأة المسلمة في الكتاب والسنة) എന്ന കിതാബിൽ നിന്ന് ഇതിനെപ്പറ്റി നമുക്ക് കൂടുതൽ മനസ്സിലാക്കാനാവും, ആരെങ്കിലും കൂടുതൽ അറിയുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ മേൽപറയപ്പെട്ട ഗ്രന്ഥം വായിക്കട്ടെ.

[13] ഹഫിള് ഇബ്നു ഹജറുൽ അസ്ഖലാനി പറയുന്നു: "ഈ ഹദീസിൽ നിന്ന് മനസിലാക്കാനാവുന്നത് ഫിത്നയെ തൊട്ട് നിർഭയരാവുകയും, ഇസ്ലാം നിർദ്ദേശിക്കുന്ന പർദ്ദ ധരിക്കുകയും ചെയ്താൽ വിവാഹ സദ്യയിലേക്ക് ക്ഷണിച്ചവരെ സ്വാഗതം ചെയ്യലും, അവർക്ക് വേണ്ട സേ വനങ്ങൾ ചെയ്യലും മണവാട്ടിക്ക് അനുവദനീയമാ ണെന്നാണ്. അത്പോലെ വിവാഹ സദ്യയിൽ ലഹരിയു ണ്ടാക്കുന്ന യാതൊന്നും ഉപയോഗിക്കുവാൻ പാടില്ലാ യെന്നും, വിവാഹ സദ്യയിൽ വിഭവങ്ങൾ ഉണ്ടാക്കാതെ തന്നെ വിവാഹസദ്യയിലേക്ക് ഉന്നതന്മാരെ ക്ഷണിക്കു കയും ചെയ്യാവുന്നതാണ്".

ഇമാം അൽബാനി പറയുന്നു: "മേൽ ഉദ്ദരിച്ച ഹദീസിലെ സംഭവം നടക്കുന്നത് ഹിജാബിൻെറ ആയത്തി റങ്ങുന്നതിന് മുമ്പാണെന്ന വാദത്തിന്

# മുപ്പത്തേഴ്

## സംഗീതവും ദഫ്ഫ് മുട്ടലും

വിവാഹ ദിവസം സ്ത്രീകൾക്ക് നികാഹ് അറിയിക്കുവാൻ ദഫ്ഫുകൾ മാത്രം മുട്ടുവാനുള്ള അനു വാദം നൽകൽ അനുവദനീയമാകുന്നു, അതോടൊപ്പം തന്നെ അശ്ളീലമില്ലാത്ത, സൗന്ദര്യത്തിൻെറ വർണന യില്ലാത്ത, സംഗീതോപകരണങ്ങളില്ലാത്ത ഗാനവും അനുവദനീയമാണ്. ഈ വിഷയത്തിൽ നമുക്ക് ഒരുപാട് പ്രവാചക വചനങ്ങൾ കാണാവുന്നതാണ്.

ഒന്ന്:

(عن الرُّبَيِّعُ بِنْتُ مُعَوِّذِقالت: جَاءَ النَّبِيُّ صَلَّى اللهُ عَلَيْهِ وَسَلَّمَ يدْخُلُ حِينَ بُنِيَ عَلَيَّ ، فَجَلَسَ عَلَى فِرَاشِي مَجْلِسِكَ مِنِّي،(الخطاب للراوي عنها) فَجَعَلَتْ جُوَيْرِيَاتٌ لَنَا يَضْرِبْنَ بِالدُّفِّ، وَيَنْدُبْنَ مَنْ قُتِلَ مِنْ آبَائِي يَوْمَ بَدْرٍ ، إِذْ قَالَتْ إِحْدَاهُنَّ وَفِينَا نَبِيٌّ يَعْلَمُ مَا فِي غَدٍ. فَقَالَ: دَعِي هَذِهِ وَقُولِي بِالَّذِي كُنْتِ تَقُولِينَ )

റബീഅ്ബിൻത് മുഹവ്വിദിൽ നിന്നും നിവേദനം: “പ്രവാചക തിരുമേനി(ﷺ) എൻെറ വിവാഹ ദിവസം വന്നു, അങ്ങിനെ നിനക്കുള്ള (റബീഅ്ബിൻത് മുഹവ്വിദ് സ്വയം തന്നെയാണ് റിപ്പോർട്ട് ചെയ്യുതന്ന്) ഇരിപ്പിടമായ എൻെറ വിരിപ്പിൽ പ്രവാചകൻ(ﷺ) ഇരിക്കുകയുണ്ടായി, അപ്പോൾ ചില പെൺകുട്ടികൾ ദഫ്ഫുകൾ മുട്ടികൊണ്ട് പാട്ടുകൾ പാടുയും, ബദ്റിൽ മരിച്ചിട്ടുള്ള തങ്ങളുടെ പിതാക്കളെ സംബന്ധിച്ച് പുകഴ്തുകയും ചെയ്യുന്നുണ്ടാ യിരുന്നു,

---

യാതൊരു തെളി വുമില്ല. ഈ ഹദീസ് ദുർബ്ബലപ്പെടുത്തിയിരിക്കു ന്നുവെന്നത് സ്ഥാപിക്കുവാനായി മുകളിൽ ഉദ്ദരിച്ച ഹദീസിൽ പരമാർശിക്കപ്പെട്ട സ്ത്രീ ഇസ്ലാമിൻെറ ഹിജാബ് ധരിച്ചി രുന്നില്ലായെന്നതിന് ഒരു സൂചന പോലും നമുക്ക് കാണാൻ കഴിയുന്നില്ല. നാം ഇന്ന്വരെ വിവാഹ സദ്യ കളിൽ മണവാട്ടികൾ തന്നെ ഇസ്ലാമിക പർദ്ദ ധരിച്ചുകൊണ്ടും, ലജ്ജാ സ്വാഭാവത്തോടെ തന്നെ നല്ല രൂപത്തിൽ തന്നെ അഥിതികളെ സ്വാഗതം ചെയ്യുകയും അവർക്ക് വേണ്ടി സേവനം ചെയ്യുന്നതായി കാണുന്നു. എന്നാൽ യാഥാർത്ഥത്തിൽ ഈ ഹദീസ് മുഹ്ഖമാണ്, അത് ദുർബ്ബലപ്പെടുത്തിയിട്ടില്ല. ഇത് തന്നെയാണ് ഇമാം ബുഖാരി തൻെറ ഗ്രന്ഥത്തിൽ (باب قيام المرأة على الرجال في العرس وخدمتهم بالنفس) (വിവാഹ സദ്യയിൽ മണവാട്ടികൾ ക്ഷണിക്കപ്പെട്ടവർക്ക് വേണ്ടി സേവനം ചെയ്യൽ എന്ന അദ്ധ്യായം) എന്ന അദ്ധ്യായത്തിൽ സൂ ചിപ്പിക്കുന്നതും, അദ്ധ്യായത്തിന് ഇങ്ങനെ പേര് നൽകിയ തിൽ നിന്നും മനസിലാക്കുവാനും കഴിയുന്നത്. എന്നാൽ ഒരു കാര്യം നാം പ്രത്യേകം ശ്രദ്ധിക്കണം. അത് നാം മുക ളിൽ വിവരിച്ച നിബന്ധനകൾ കൃത്യമായും പലിച്ചിരി ക്കേണ്ടതാണ് എന്ന കാര്യമാകുന്നു. എന്നാൽ ഈ നിയമ ങ്ങളും, നിബന്ധനകളും ജീവിതത്തിലും, വസ്ത്ര ധാരണ ത്തിലും അധിക സ്ത്രീകളും പാലിക്കുന്നില്ലായെന്നതാണ് ഖേദകരമായ വസ്തുത.

അവരിൽപ്പെട്ട ഒരു കുട്ടി "ഞങ്ങളിൽ നാളെ വരാൻ പോകുന്ന കാര്യങ്ങളറിയുന്ന ഒരു നബിയുണ്ടെന്ന" വരി പാടിയപ്പോൾ നബിതിരുമേനി ആ കുട്ടിയെ വിളിച്ച് കൊണ്ട് പറഞ്ഞു: നീ പറഞ്ഞ ആ വരി ഉപേക്ഷിക്കുക, ആദ്യം പാടിയത് തന്നെ പാടുക" (ബുഖാരി, ബൈഹഖി, അഹ്മദ് എന്നിവർ ഉദ്ധരിച്ചത്).

<u>രണ്ട്:</u>

( عَنْ عَائِشَةَ أَنَّهَا زَفَّتِ امْرَأَةً إِلَى رَجُلٍ مِنَ الأَنْصَارِ فَقَالَ نَبِيُّ اللهِ صَلَّى اللَّهم عَلَيْهِ وَسَلَّمَ يَا عَائِشَةُ! مَا كَانَ مَعَكُمْ لَهْوٌ فَإِنَّ الأَنْصَارَ يُعْجِبُهُمُ اللَّهْوُ) وفي رواية بلفظ: ( فقال: فهل بعثتم معها جارية تضرب بالدف وتغني؟ قلت: تقول مذا؟ قال: تقول :

أَتَيْنَـاكُمْ أَتَيْنَـاكُمْ فَحَيّـونَا نحَيّـكُمْ

لولا الذهب الأحمـــر ما حلت بواديـــكم

لولا الحنطة السمـــراء ما سمنت عذاريـــكم

ആഇഷാ(റ) അൻസാരികളിൽപെട്ട ഒരാൾക്ക് വിവാഹം കഴിക്കുവാൻവേണ്ടി ഒരു സ്ത്രീയെ അണിയിച്ചൊരുക്കി, അപ്പോൾ പ്രവാചകതിരുമേനി(ﷺ) ചോദിച്ചു: അല്ലയോ ആഇഷാ, നിങ്ങളുടെയടുത്ത് കളിയുണ്ടായിരുന്നില്ലേ, കാരണം അൻസാരികൾ വിനോദം വളരെയധികം ഇഷ്ടപ്പെടാറുണ്ടല്ലോ?" (ബുഖാരി, ഹാഖിം, ബൈഹഖി) (മറ്റൊരു റിപ്പോർട്ടിലുള്ളത് ഇപ്രകാരമാകുന്നു). "പ്രവാചക തിരുമേനി(ﷺ) പറഞ്ഞു: ഗാനമാലപിക്കുകയും, ദഫ്ഫു കൾ മുട്ടുകയും ചെയ്യുന്ന ചെറിയ പെൺകുട്ടികളെ അവരോ ടൊപ്പം പറഞ്ഞയച്ചുവോ? അപ്പോൾ ഞാൻ ചോദിച്ചു: അവർ എന്താണ് പാടുക? പറയപ്പെട്ടു:

أَتَيْنَـاكُمْ أَتَيْنَـاكُمْ فَحَيّـونَا نحَيّـكُمْ

لولا الذهب الأحمـــر ما حلت بواديـــكم

لولا الحنطة السمـــراء ما سمنت عذاريـــكم

"ഞങ്ങൾ നിങ്ങളുടെയടുത്ത് വന്നിരിക്കുന്നു, ഞങ്ങൾ നിങ്ങളുടെ അടുത്ത് വന്നിരിക്കുന്നു, ചുവന്ന സ്വർണ്ണ മില്ലായിരുന്നില്ലെങ്കിൽ നിങ്ങളുടെ താഴ്വരയിൽ ഞങ്ങൾ ഇറങ്ങില്ലായിരുന്നു, ചാര നിറത്തിലുള്ള ധാന്യമില്ലായിരു ന്നുവെങ്കിൽ നിങ്ങളുടെ പുതുനാരികൾ തടിക്കുകയു മില്ലായിരുന്നു" (ത്വബറാനി ഉദ്ധരിച്ചത്, എന്നാൽ ഇതിൻെറ സനദിൽ ദുർബ്ബലതയുണ്ട്, എന്നാൽ അൽബാനി തൻെറ ഇർവാഹുൽ ഗലീൽ എന്ന ഗ്രന്ഥത്തിൽ 1995-ാം നമ്പ റായികൊണ്ട് വെറൊരു റിപ്പോർട്ടിൽ ഇതിനെ ശക്തിപ്പെ ടുത്തുന്നതായി വിശദീകരിക്കുന്നുണ്ട്).

<u>മൂന്ന്:</u>

عنهـا أيضـا: أن النبـي (ﷺ) سـمع ناسـا يغنـون في عـرس وهـم يقـول: وأهـــدي لـهـا أكـبش

يبحيحن في المربـــد

وحبـك في النـــادي ويعـلم مافــي غــد وفي رواية:

وزوجـك في النـادي ويعلـم مـا في غـد

قالت: فقال رسول الله (ﷺ): ( لايعلم ما في غد إلا الله سبحانه)

ആഇഷാ(റ)യിൽ നിന്ന് തന്നെ നിവേദനം: വിവാഹദിവസം ചിലയാളുകൾ പാടുന്നതായിട്ട് പ്രവാചക(ﷺ) കേട്ടു, അവർ പാടുന്നുണ്ട്:
“അവൾക്ക് വേണ്ടി ആടുകൾ നൽകപ്പെട്ടിരിക്കുന്നു, നിത്യമായി സുഖസൗകര്യത്തിലുമാണവർ. നിൻെറ സ്നേഹിതൻ ഉൽസവ സ്ഥലത്താകുന്നു, നാളെയുടെ കാര്യമറിയുന്നവനുമാണ്”.
വെറെ ഒരു റിപ്പോർട്ടിലുള്ളത് ഇങ്ങനെയാകുന്നു: “നിൻെറ പങ്കാളി ഉൽസവ സ്ഥലത്താകുന്നു, നാളെയുടെ കാര്യമറിയുന്നവനുമാണ്”
ആഇഷാ(റ)പറയുന്നു: ഈ വരികൾ കേട്ടപ്പോൾ നബി(ﷺ) പറഞ്ഞു: “നാളെ വരാൻപോകുന്ന കാര്യങ്ങൾ അല്ലാഹുവല്ലാതെ മറ്റാരുമറിയില്ല തന്നെ” (ത്വബ്റാനി തൻെറ സ്വഹീറി ലും, ഹാഖിം, ബൈഅഖി എന്നിവരും ഉദ്ദരിച്ചത്. ഹാഖിം പറയുന്നു: ഈ ഹദീസ് മുസ്ലിമിൻെറ നിബന്ധനയോ ടെ സ്വഹീഹാകുന്നു, ഈ അഭിപ്രായത്തോട് ഇമാം ദഅബി യോചിച്ചിട്ടുണ്ട്)

നാല്:

عن عامر بن سعد البجلي، قال: (دخلت على قرظة بن كعب وأبي مسعود، وذكر ثالثا – ذهب علي– وجواري يضربن بالدف ويغنين، فقلت: تقرون على هذا وأنتم أصحاب محمد صلى الله عليه وسلم؟ قالوا: إنه قد رخص لنا في العرسات، والنياحة عند المصيبة) ، وفي رواية: (وفي البكاء على الميت في غير نياحة)

ആമിറുബ്നുസഅദ് അൽബിജ്ലി(റ)വിൽനിന്ന് നിവേദനം: “ഞാൻ ഖുർളാ ബ്നു കഅബിൻെറയും, അബീമസ്ഊദി ൻെറയും മൂന്നാമതൊരാളെ കൂടി പറഞ്ഞു: - പക്ഷെ, ഞാൻ അതാരാണന്ന് മറന്നുപോയി- എന്നിവരുടെ അടുത്ത് പ്രവേശിച്ചു. അവിടെ എൻെറ അടിമസ്ത്രീ ദഫ്ഫ്മുട്ടു കയും, പാട്ട് പാടുകയും ചെയ്യുന്നുണ്ടായിരുന്നു, ഞാൻ പറഞ്ഞു: നിങ്ങൾ പ്രവാചക തിരുമേനി (ﷺ)യുടെ ആളുകളായിരിക്കെ ഇത് അംഗീകരിക്കുന്നുണ്ടോ? അവർ പറഞ്ഞു: പ്രവാചകൻ(ﷺ) ഞങ്ങൾക്ക് വിവാഹദിവസം ഇത് അനുവദിച്ച് തന്നിട്ടുണ്ട്, ആപത്തുകൾ വരുമ്പോൾ കരയുവാനും അനുവാദം നൽകിയിട്ടുണ്ട്” മറ്റൊരു റിപ്പോർട്ടിൽ നമുക്ക് കാണാം: “ആരെങ്കിലും മരിച്ചാൽ അട്ടഹസിക്കാതെ, മാറത്തടിക്കതെ കരയാവുന്നതാണ്” (ഹാഖിം, ബൈഅഖി, നസാഇ, ത്വയാലിസി എന്നിവർ ഉദ്ദരിച്ചത്).

അഞ്ച്:

عن أبي بَلْجٍ يَحْيَى بْنُ سُلَيْمٍ قَالَ: (قلت لمحمد بن حاطب: تزوجت امرأتين ما كان في واحدة منهما صوت، يعني دفاً، فقال محمد ضي الله عنه : قال رَسُولُ اللهَّ صَلَّى اللهَّ عَلَيْهِ وَسَلَّمَ :فَصل مَا بَيْنَ الحْلاَلَ وِالحْرَامَ الصَّوْتُ بالدُّفُّ )

അബീബൽജ് യഹ്യബ്നു സലീമിൽ നിന്ന് നിവേദനം: "ഞാൻ മുഹമ്മ്ദ്ബ്നു ആത്വിബ്നോട് പറഞ്ഞു: ഞാൻ രണ്ട് സ്ത്രീകളെ വിവാഹം കഴിച്ചു, അതിൽ ഒരു ഭാര്യയുടെ വിവാഹത്തിന് ദഫ്ഫ് ഉണ്ടായിരുന്നില്ല. അപ്പോൾ മുഹമ്മദ്(റ) പറയുന്നു: പ്രവാചക തിരുമേനി(ﷺ) പറഞ്ഞു: (അനുവദനീയവും, അനനുവദനീയമായ തിൻെറ ഇടയിലുള്ള (വിവാഹത്തിൽ) വ്യത്യാസം ദഫഫ് കൊണ്ടു ള്ള ശബ്ദമാകുന്നു" (നസാഇ, തിർമിദി, ഇബ്നു മാജ, ഹാഖിം, ബൈഹഖി, അഹ്മദ്, അബൂയഹ്ല അത്തൂസി എന്നിവർ ഉദ്ദരിച്ചത്).

ആറ്:

( أَنَّ النَّبِيَّ صَلَّى اللهَّ عَلَيْهِ وَسَلَّمَ قَالَ: أَعْلِنُوا النِّكَاحَ )

തിരുമേനി(ﷺ) പറഞ്ഞു: "നിങ്ങൾ വിവാഹം പരസ്യപ്പെടുത്തൂ" ( ഇബ്നു ഹിബ്ബാൻ, ത്വബ്റാനി ഔസത്തിൽ എന്നിവർ ഉദ്ദരിച്ചത്, ഇതിൻെറ സനദ് ഹസനാകുന്നു).

# മുപ്പത്തെട്ട്

## മതനിയമം ധിക്കരിക്കൽ നിഷിദ്ധം

വിവാഹ ദിവസങ്ങളിൽ മതത്തിൻെറ നിയമങ്ങൾ കാറ്റിൽപറത്തുന്ന രീതിയിലുള്ള സർവ്വവിധ കാര്യങ്ങളിൽ നിന്നും, ആഘോഷങ്ങളിൽ നിന്നും വിട്ട് നിൽക്കേണ്ട താണ്, വിവാഹനാളിൽ ചിലയാളുകൾ നാട്ടിൽ നടമാടി കൊണ്ടിരിക്കുന്ന ആചാരങ്ങൾ ചെയ്യുന്നതായി കാണാം, അറിവുള്ളവർ അതിനെതിരെ ബോധവൽകരണം നടത്താത്തത് കൊണ്ട് അതിന് കുഴപ്പമില്ലെന്ന് ജനങ്ങൾ കരുതുകയും, അത് ചെയ്യുകയും ചെയ്യുന്നു, ഞാനിവിടെ അങ്ങിനെയുള്ള ചില കാര്യങ്ങളെ സംബന്ധിച്ച് ഗൗരവതരമായി ഉണർത്തട്ടെ.

### 1- ഫോട്ടോ പതിക്കൽ:

ഒന്ന്:

ചുമരുകളിൽ ഫോട്ടോ പതിക്കുക, അത് ഫോട്ടോ ആയിരുന്നാലും, ചിത്രമായിരുന്നാലും ശരി, നിഴലുണ്ടാകുന്ന തായാലും, അല്ലെങ്കിലും, കൈകൊണ്ടുണ്ടാക്കിയതാണെങ്കി ലും, ക്യാമറ കൊണ്ടുണ്ടാക്കിയതാണെങ്കിലും ശരി അനുവ ദനീയമല്ല, അതിനെ ഇല്ലായ്മ ചെയ്യുവാനോ, കീറികള യുവാനോ കഴിയുന്നവർ അങ്ങിനെ ചെയ്യേണ്ടതാണ്. ഇതിന് തെളിവായി ഒരുപാട് ഹദീസുകൾ കാണാവുന്നതാണ്,

( عَنْ عَائِشَةَ رضي الله عنها قالت: دَخَلَ عَلَيَّ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ وَقَدْ سَتَرْتُ سَهْوَةً لِي بِقِرَامٍ فِيهِ تَمَاثِيلُ (وفي رواية: فيه الخيل ذوات الأجنحة)، فَلَمَّا رَآهُ هَتَكَهُ وَتَلَوَّنَ وَجْهُهُ، وَقَالَ يَا عَائِشَةُ! أَشَدُّ النَّاسِ عَذَابًا عِنْدَ اللَّهِ يَوْمَ الْقِيَامَةِ الَّذِينَ يُضَاهُونَ بِخَلْقِ اللَّهِ (وفي رواية: إن أصحاب هذه الصور يعذبون ، ويقال لهم: أحيوا ما خلقتم، ثم قال: إن البيت الذي فيه الصور لا تدخله الملائكة) ، قَالَتْ عَائِشَةُ: فَقَطَعْنَاهُ فَجَعَلْنَا مِنْهُ وِسَادَةً أَوْ وِسَادَتَيْنِ، (فقد رأيته متكأً على إحداهما وفيها صورة))

ആഇഷാ(റ)യിൽ നിന്ന് നിവേദനം: "എൻെറയടുത്ത് പ്രവാചക തിരുമേനി പ്രവേശിക്കുകയുണ്ടായി, ഞാൻ വീട്ടിൽ രൂപങ്ങളുള്ള ഒരു നേരിയ വിരികൊണ്ട് കുറച്ച് സ്ഥലം മറച്ചിരുന്നു, (മറ്റൊരു റിപ്പോർട്ടിൽ അതിൽ ചിറകുകളുള്ള കുതിരകളുടെ ഫോട്ടോ ഉണ്ടായിരുന്നു) അദ്ദേഹമത് കണ്ടപ്പോൾ അത്പിച്ചിചീന്തി കളഞ്ഞു, അദ്ദേഹത്തിൻെറ മുഖം വിവർണമായി, എന്നിട്ട് പറഞ്ഞു: അല്ലയോ ആയിഷാ, അവസാനനാളിൽ അല്ലാഹുവിൻെറ കഠിന ശിക്ഷക്ക് പാത്രമാകുന്നവർ അല്ലാഹുവിൻെറ സൃഷ്ടികളെ സാദൃശ്യപ്പെടുത്തുന്നവരാകുന്നു, (മറ്റൊരു റിപ്പോർട്ടിലുള്ളത്: ഈ ഫോട്ടോ ഉണ്ടാക്കിയവർ ശിക്ഷിക്കപ്പെടും, അവരോട് പറയപ്പെടും: നിങ്ങൾ സൃഷ്ടിച്ചവക്ക് ജീവൻ നൽകൂ, എന്നിട്ട് പറഞ്ഞു ചിത്രങ്ങളുള്ള വീടുകളിൽ മലക്കുകൾ പ്രവേശിക്കുകയില്ല) ആഇഷാ(റ) പറയുന്നു: അങ്ങിനെ ഞങ്ങൾ അത് ചീന്തിക്കളഞ്ഞു, അത്കൊണ്ട് ഒന്നോ, രണ്ടോ തലയിണയുണ്ടാക്കി, (അതിലൊന്നിൽ പ്രവാചകതിരുമേനി(ﷺ) ചാരിയിരിക്കുന്നതായി ഞാൻ കണ്ടു, അതിൽ ആ മുറിച്ച് കളഞ്ഞ ചിത്രം ഉണ്ടായിരുന്നു)[14] (ബുഖാരി, മുസ്‌ലിം, ബൈഹഖി, ബഹ്‌വി, അഹ്മദ് എന്നിവർ ഉദ്ദരിച്ചത്)

---

[14] അൽബാനി പറയുന്നു: ഈ ഹദീസിൽ രണ്ട് മഹത്തായ ഗുണപാഠങ്ങളടങ്ങിയിട്ടുണ്ട്.
ഒന്ന്: ഫോട്ടോയുള്ളതായ മറയോ, അത്പൊലെ ഫോട്ടോയോ തൂക്കിയിടൽ നിഷിദ്ധമാകുന്നു.
രണ്ട്: പ്രതിമകൾ പോലേയുള്ളതോ, ചിത്രങ്ങളോ ഉണ്ടാക്കുന്നതും, രൂപപ്പെടുത്തുന്നതും നിഷിദ്ധമാകുന്നു, മറ്റൊരു രൂപത്തിൽ പറഞ്ഞാൽ നിഴലുള്ളതോ, ഇല്ലാത്തതോ ആയ ഫോട്ടോകളും നിഷിദ്ധമാകുന്നു. ഇതാകുന്നു ഭൂരിപക്ഷ പണ്ഡിതന്മാരുടെയും അഭിപ്രായം. ഇമാം നവവി പറയുന്നു: (ചില സലഫികളായ പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നത് നിഴലുള്ള ചിത്രങ്ങളാകുന്നു, നിഴലില്ലാത്ത ചിത്രങ്ങൾ നിരുപാധികം സ്വീകരിക്കുന്നതിന്ന് കുഴപ്പമില്ലെന്ന്, എന്നാൽ ഇത് നിരർത്ഥകമാകുന്നു, കാരണം നബി(ﷺ) വെറുത്ത വിരിയിൽ ഉണ്ടായിരുന്ന ചിത്രങ്ങൾ നിഴലില്ലാത്തതായിരുന്നു, എന്നിട്ട്പോലും നബി(ﷺ) അത് നീക്കം ചെയ്യുവാൻ കൽപിക്കുകയുണ്ടായി).
(ആനുകാലിക ചില ഗ്രന്ഥങ്ങളിൽ ഈ പ്രശ്നങ്ങൾക്ക് മറുപടി നൽകുന്നത് ആഇഷാ(റ)വിൻെറ ഹദീസിൽ ഉണ്ടായിരുന്ന ചിത്രം യഥാർത്ഥത്തിൽ

( عَنْ عَائِشَةَ رَضِي اللهَّ عَنْهَا قَالَتْ: حَشَوْتُ وِسَادَةً لِلنَّبِيِّ صَلَّى اللهُّ عَلَيْهِ وَسَلَّمَ فِيهَا تمَاثِيلُ كَأَنَّهَا نُمْرُقَةٌ فَقَامَ بَيْنَ الْبَابَيْنِ وَجَعَلَ يَتَغَيَّرُ وَجْهُهُ، فَقُلْتُ مَا لَنَا يَا رَسُولَ اللهَّ؟ (أتوب الى الله مما أذنبت) قَالَ: مَا بَالُ هَذِهِ الْوِسَادَةِ؟ قَالَتْ: وِسَادَةٌ جَعَلْتُهَا لَكَ لِتَضْطَجِعَ عَلَيْهَا، قَالَ: أَمَا عَلِمْتِ أَنَّ الْمَلَائِكَةَ لَا تَدْخُلُ بَيْتًا فِيهِ صُورَةٌ ، وَأَنَّ مَنْ صَنَعَ الصُّورَةَ يُعَذَّبُ يَوْمَ الْقِيَامَةِ يَقُولُ أَحْيُوا مَا خَلَقْتُمْ؟! وفي رواية: إن أصحاب هذه الصور يعذبون يوم القيامة (قالت: فما دخل حتي أخرجتها))

പ്രവാചകതിരുമേനി(ﷺ)ക്ക് ചാരിയിരിക്കുവാൻ വേണ്ടി ഞാൻ ഒരു തലയിണ ഉണ്ടാക്കികൊടുത്തു, അതിൽ ചില ജീവികളുടെ പ്രതിരൂപമുണ്ടായിരുന്നു, അത്കണ്ടപ്പോൾ പ്രവാചകൻ(ﷺ) രണ്ട് വാതിലിനിടയിൽ നിന്നു, പ്രവാചക(ﷺ)ന്റെ മുഖം വിവർണമാകുവാൻ തുടങ്ങി, അപ്പോൾ ഞാൻ പറയുകയുണ്ടായി: എന്താണ് പ്രവാചകരെ? (ഞാൻ ചെയ്ത തെറ്റിന് അല്ലാഹുവിലേക്ക് പശ്ചാതാപിക്കുന്നു) പ്രവാചകൻ(ﷺ) പറഞ്ഞു: എന്താണ് ഈ തലയിണയുടെ അവസ്ഥ? ആഇഷാ(റ) പറയുകയുണ്ടായി: തലയിണ താങ്കൾക്ക് ചാരിയിരിക്കുവാൻ വേണ്ടി ഉണ്ടാക്കിയതാണ്, പ്രവാചകതിരുമേനി(ﷺ) പറഞ്ഞു: നീ മനസ്സിലാക്കിയിട്ടില്ലേ, തീർച്ചയായും

---

സംഭവിക്കാത്ത രൂപമാ യിരുന്നു, അത്പോലെ കളവായിരുന്നു, കാരണം യഥാർത്ഥത്തിൽ ചിറകുള്ള കുതിരയില്ല, ഇത്കൊണ്ടാണ് നബി(ﷺ) അത് വിലക്കിയത്) അൽബാനി മറുപടി പറയുന്നു:

ഈ വാദം ചില കാരണത്താൽ നിരർത്ഥകമാകുന്നു.

1- ഹദീസിൽ മേൽ സൂചിപ്പിക്കപ്പെട്ടത്പോലെ ഭൂമിലോകത്ത് യഥാർത്ഥ്യമല്ലാത്ത ഒരു ജീവിയുടെ ഫോട്ടോ ആയത് കൊണ്ടാണ് നബി(ﷺ) വിലക്കിയതെന്ന നേരിയ സൂചന പോലുമില്ല, മറിച്ച് വിലക്കിനുള്ള കാരണം മറ്റൊന്നാകുന്നു, അത് പ്രവാചക തിരുമേനി(ﷺ) പറയുന്നു: (ചിത്രങ്ങളുള്ള വീട്ടിൽ മലക്കുകൾ പ്രവേശിക്കുകയില്ല) ഇവിടെ ചിത്രങ്ങൾ എന്ന് നിരുപാധികം പ്രയോഗിച്ചിരിക്കുകയാണ്, ഒരു ഇനത്തേയും പ്രത്യേകമാക്കിയിട്ടില്ല, ഇത്കൊണ്ടാണ് പ്രവാചക തിരുമേനി(ﷺ) മറയെ കീറിയതും, മലക്കുകൾ പ്രവേശിക്കുന്നതിനെ തടയുന്ന കാരണത്തെ നീക്കം ചെയ്യുവാൻ കൽപിച്ചതും, ഇത് വളരെ വ്യക്തമാകുന്നു.

പ്രവാചകതിരുമേനി(ﷺ) തടയുവാൻ കാരണം മേൽ സൂചിപ്പിക്കപ്പെട്ടത് പോലെ ഭൂമിയിൽ ഉള്ള ജീവിയിൽ നിന്ന് വ്യത്യസ്ഥമായി നാം കാണാത്ത രൂപത്തിലുള്ള ചിത്രമാ യത് കൊണ്ടാണെങ്കിൽ നബി(ﷺ) ആഇഷാ(റ)യുടെ അടുത്തുണ്ടായിരുന്ന കളിപ്പാവകളിൽ രണ്ട് ചിറകുള്ള കുതിര ഉണ്ടായിരുന്നതിനെ - ഈ ഹദീസ് 40-ാമത്തെ മസ്അല കളിൽ വരുന്നുണ്ട് - അംഗീകരിക്കുമായിരുന്നില്ല.

ഈ കാര്യത്തിന് മുന്നിൽ മേൽ സൂചിപ്പിക്കപ്പെട്ട അഭിപ്രായ മുള്ളവർ മൗനം പാലിക്കുകയാണ് ചെയ്യുന്നത്, അപ്പോൾ നാം സൂചിപ്പിച്ച ഹദീസ് മുഹ്കമാണ്, അതിൽ യാതൊരു വൈരുദ്ധ്യവുമില്ല.

മലക്കുകൾ ചിത്രങ്ങളുള്ള വീടുകളിൽ പ്രവേശിക്കുകയില്ല, ചിത്രങ്ങളുണ്ടാക്കുന്നവർ അവസാന നാളിൽ ശിക്ഷിക്കപ്പെടുകയും ചെയ്യും, അവരോട് പറയപ്പെടും: നിങ്ങൾ സൃഷ്ടിച്ചതിന് ജീവൻ നൽകൂവെന്ന്? മറ്റൊരു റിപ്പോർട്ടിൽ: ഈ ചിത്രങ്ങളുടെ ഉടമകൾ അവസാനനാളിൽ ശിക്ഷിക്കപ്പെടുമെന്നാകുന്നു. (ആഇഷാ (റ)പറയുന്നു: ഞാൻ ആ തലയിണ വീട്ടിൽ നിന്നും ഒഴിവാക്കുന്നത് വരെ അദ്ധേഹം വീട്ടിൽ പ്രവേശിച്ചില്ല) " (ബുഖാരി).

<u>മൂന്ന്:</u>

( قَالَ رَسُولُ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ: أَتَانِي جِبْرِيلُ عَلَيْهِ السَّلاَمُ، فَقَالَ: لِي أَتَيْتُكَ الْبَارِحَةَ فَلَمْ يَمْنَعْنِي أَنْ أَكُونَ دَخَلْتُ إِلاَّ أَنَّهُ كَانَ عَلَى الْبَابِ تَمَاثِيلُ (الرجال)وَكَانَ فِي الْبَيْتِ قِرَامُ سِتْرٍ فِيهِ تَمَاثِيلُ، وَكَانَ فِي الْبَيْتِ كَلْبٌ ، فَمُرْ بِرَأْسِ التِّمْثَالِ الَّذِي فِي الْبَيْتِ يُقْطَعُ فَيَصِيرُ كَهَيْئَةِ الشَّجَرَةِ ،وَمُرْ بِالسِّتْرِ فَلْيُقْطَعْ، فَلْيُجْعَلْ مِنْهُ وِسَادَتَيْنِ مَنْبُوذَتَيْنِ تُوطَآنِ، وَمُرْ بِالْكَلْبِ فَلْيُخْرَجْ (فإنا لا ندخل بيتا فيه صورة ولا كلب) ، وإذا الكلب (جرو) لحسن أو حسين، كان تحت نضد لهم ( وفي رواية: تحت سريره) (فقال: يا عاشة! متى دخل هذا الكلب؟ فقالت: والله ما دريت) فَأَمَرَ بِهِ فَأُخْرِجَ (ثم أخذ بيده ماء فنضح مكانه)

പ്രവാചകൻ(ﷺ) പറയുന്നു: (ജിബ്‌രീൽ(അ) എൻെറയടുത്ത് വന്നു, ഇന്നലെ ഞാൻ നിൻെറയടുത്ത് വന്നു, പക്ഷേ, നിൻെറയടുത്ത് പ്രവേശിക്കുവാൻ എന്നെ തടഞ്ഞകാര്യം ഞാൻ പ്രവേശിക്കുമ്പോൾ വാതിലിൽമേൽ ചിത്രമു ണ്ടായിരുന്നു (പുരുഷന്മാർ), വീട്ടിൽ തൂക്കിയിട്ടിരുന്ന കട്ടിയില്ലാത്ത വിരിയിൽ ചിത്രമുണ്ടായിരുന്നു, വീട്ടിൽ നായയും ഉണ്ടായിരുന്നു, അത്കൊണ്ട് ആ ചിത്രത്തിൻെറ തല മുറിച്ച് കളയുവാൻ നീ കൽപിക്കുക, അപ്പോഴത് ഒരു മരത്തിൻെറ രൂപമാകും[15] ആ വിരികീറാനും നീ കൽപിക്കുക, അത്കൊണ്ട്

[15] അൽബാനി ഇവിടെ വളരെ പ്രധാനപ്പെട്ട കാര്യം സൂചിപ്പിക്കുന്നുണ്ട്. (അതിൻെറ രത്ന ചുരുക്കം ഇവിടെ സൂചിപ്പിക്കട്ടെ). അത് ചിലയാളുകൾ പറയുന്നത് കൈ കൊണ്ട് വരച്ചുണ്ടാക്കുന്ന ഫോട്ടോയാണ് നിഷിദ്ധമാക്കി യിട്ടുള്ളത്, എന്നാൽ ക്യാമറ കൊണ്ടോ, മറ്റു ഉപകരണ ങ്ങൾ കൊണ്ടോ ഉണ്ടാക്കിയ ഫോട്ടോ നി ഷിദ്ധമല്ലായെന്ന്. ഇതിന് അവർ തെളിവ് പിടിക്കുന്നത് ഹദീസി ൻെറ പദങ്ങളുടെ ള്വാഹിർ പിടിച്ച് കൊണ്ടാണ്. മാത്രമല്ല അവർ പറയുന്നു പോട്ടോഗ്രാഫിയിൽ നിന്ന് ലഭിക്കുന്ന ഫോട്ടോ മനുഷ്യൻെറ പ്രവർത്തനം കൊണ്ടല്ലാ ഉണ്ടാവുന്നതെന്നുമാണ്. എന്നാൽ അൽബാനി ഇതിന് മറുപടി പറയുന്നത്, ഇത് മതവിധികളെ കൊണ്ടുള്ള കളിയാവുന്നു, ശനിയാഴ്ച മീൻ പിടിക്കുവാൻ പാടില്ലെന്ന് പറഞ്ഞപ്പോൾ ആ സമുദായം തന്ത്രം പ്രയോഗിച്ച പോലെയുള്ള ഒരു അടവാണ് ഇത്, കൈകൊണ്ട് വരച്ചുണ്ടാക്കു ന്നതും, പോട്ടോഗ്രാഫി ചിത്രവും ഇസ്‌ലാമിക വിധിയുടെ കാര്യത്തിൽ ഒന്ന്തന്നെയാണ്, കാരണം ഇത്പോലെ നാം പ്രതിമയുടെ കാര്യത്തിൽ ചിന്തിക്കുകയാണെങ്കിലും സ്ഥിതി ഇത്തന്നെയാണ്, കൈകൊണ്ട് ഉണ്ടാക്കുന്ന വിഗ്രഹം അനനുവദനീയവും, ആധുനിക മെഷീനുകൾ കൊണ്ട്

ചാരിയിരിക്കുവാനുള്ള രണ്ട് തലയിണയുണ്ടാക്കുക, നായയെ വീട്ടിൽ നിന്ന് പുറത്താക്ക ുവാനും നി കൽപിക്കുക, (കാരണം ചിത്രങ്ങളും, നായയും ഉള്ള വീടുകളിൽ ഞങ്ങൾ പ്രവേശിക്കുകയില്ല) നായകുട്ടി ഹസനും, ഹുസൈനും ഉള്ളതായിരുന്നു, അത് സാധനങ്ങളെല്ലാം വെക്കുന്നതിൻെറ ചുവട്ടിലായിരുന്നു, (മറ്റൊരു റിപ്പോർട്ടിൽ: കട്ടിലിന് ചുവട്ടിലായിരുന്നു), (അല്ലയോ ആഇഷാ എപ്പോഴുണ് ഈ നായ അകത്ത് പ്ര വേശിച്ചത്? മറുപടി പറഞ്ഞു: അല്ലാഹുവാണ് സത്യം ഞാനറിഞ്ഞില്ല), അതിനെ പുറത്ത് കളയുവാൻ കൽപിച്ചു.

## 2- പരവതാനികൾ കൊണ്ട് ചുമരുകൾ പൊതിയുന്നത്:

നാം വെടിയേണ്ട പ്രധാനപ്പെട്ട ഒന്നാണ് പരവതാനികൾ പേലെയുള്ളത് കൊണ്ട് ചുമരുകൾ പൊതിയുകയെ ന്നുള്ളത്. അത് പട്ട് കൊണ്ടായിരുന്നാലും അല്ലെങ്കിലും ശരി വെടിയേണ്ടതാണ്. കാരണം അത് അമിതവ്യയവും, മതം അനുവദനീയമാക്കാത്ത ഭംഗി സ്വീകരിക്കലുമാകുന്നു, കാരണം ആഇഷാ(റ)യിൽ നിന്ന് നിവേദനം:

عَنْ عَائِشَةَ رَضِيَ اللهُ عَنْهَا قَالَتْ: كان رسول الله صَلَّى اللَّهم عَلَيْهِ وَسَلَّمَ غائبا في غزاة غزاها تَحَيَّنْتُ قُفُولَهُ، أَخَذْتُ نَمَطًا (فيه صورة) كَانَ لِي فَسَتَرْتُهُ عَلَى الْعَرَضِ، فَلَمَّا دخل رسول الله صَلَّى اللَّهم

---

മിനുട്ടുകൾക്കകം ഒന്നിലധികം ഉണ്ടാക്കപ്പെടുന്ന വിഗ്രഹം അനുവദനീയവും, ഇത് രണ്ടും തമ്മിൽ എന്ത് വ്യത്യാസമാണുള്ളത്. ആയതിനാൽ ഈ രൂപത്തിലുള്ള ന്യായം സ്വീകരിക്കാവതല്ല. ഇതിൽ നിന്ന് വിരമിക്കുന്നതിന്ന് മുമ്പ് അൽബാനി ഒരു കാര്യം കൂടി സൂചിപ്പിക്കുന്നുണ്ട്:- യഥാർത്ഥത്തിൽ ഉപകാരപ്രദമായ ചിത്രം അനുവദനീയമാണെന്നുള്ളതിന് യാതൊരു അഭിപ്രായവ്യത്യാസവുമില്ല, ഉദാഹരണമായി: ജീവശാസ്ത്ര, ഭൂമിശാസ്ത്ര വിദ്യാർത്ഥികൾ പഠിക്കുവാനും, കുറ്റവാളികളെ കണ്ടെത്തുവാൻ വേണ്ടി ഉപയോഗിക്കു ന്നതും പോലെയുള്ള പഠങ്ങൾ. അനുവദനീയമെന്ന് മാത്രമല്ല ചിലപ്പോൾ അനിവാര്യമായി വരുന്ന സന്ദർ ഭങ്ങൾ പോലുമുണ്ടാകും. ഇതിന്ന് തെളിവായികൊണ്ട് അൽബാനി ഹദീസുകൾ ഉദ്ദരിക്കുന്നുണ്ട്. അതിൽ ഒന്നാകുന്നു: ആഇഷാ(റ)യിൽ നിന്ന്, അവർ ചെറിയ കളിപ്പാവകൾ കൊണ്ട് കളിക്കാറുണ്ടായിരുന്നു, അപ്പോൾ പ്രവാചകതിരുമേനി(ﷺ) എൻെറയടുത്ത് വരും എന്നിട്ട് എന്നോടൊപ്പം കളിക്കുകയും ചെയ്യും) (ബുഖാരി, മുസ്‌ലിം, അഹ്മദ്, ഇബ്നു സഅദ് എന്നിവർ ഉദ്ദരിച്ചത) വേറെയും ഹദീസുകൾ ഉണ്ട്. അപ്പോൾ ഉപകാരമുള്ള, അനിവാര്യമായ ചിത്രങ്ങളും, രൂപങ്ങളും ഉപയോഗിക്കു ന്നതിന്ന് വിരോധമില്ല. പ്രവാചകൻെറ കാലത്ത് ചെറിയ കുട്ടികളെ നോമ്പനുഷ്ഠിക്കുന്നത് ശീലിപ്പിക്കുമായിരുന്നു സ്വഹാബാ വനിതകൾ, അവർ വിശപ്പ് കൊണ്ട് കരയു മ്പോൾ അവരുടെ ശ്രദ്ധ വിശപ്പിൽ നിന്ന് തെറ്റിപ്പിക്കു വാനും, നോമ്പ് പൂർത്തീകരിക്കുവാനും വേണ്ടി ഇത്തരത്തിലുള്ള കളിപ്പാവകളെ കൊണ്ട് തങ്ങളുടെ കുട്ടികളെ കളിപ്പിക്കുമായിരുന്നു, ഇതറിഞ്ഞ പ്രവാചക തിരുമേനി അവരെ അതിൽ നിന്ന് വിലക്കിയിട്ടില്ലെന്ന് നമുക്ക് ഹദീസുകളിൽ നിന്ന് മനസ്സിലാക്കുവാൻ സാ ധിക്കും. ഈ ഹദീസ് മുത്തഫഖുൻ അലൈഹി തന്നെയാകുന്നു.

عَلَيْهِ وَسَلَّمَ تلقيته في الحجرة، فَقُلْتُ السَّلَامُ عَلَيْكَ يَا رَسُولَ اللهِ وَرَحْمَةُ اللهِ وَبَرَكَاتُهُ الحَمْدُ للهِ الَّذِي أَعَزَّكَ فنصرك، وأقر عينيك وَأَكْرَمَكَ، قالت: فلم يكلمني ! وعرفت في وجهه الغضب، ودخل البيت مسرعا، وأخذ النمط بيده ، فجبذه حتي هتكه ثم قال: (أتسترين الجدار؟!) (بستر فيه تصاوير؟!) إِنَّ اللهَ لَمْ يَأْمُرْنَا فِيمَا رَزَقَنَا أَنْ نَكْسُوَ الْحِجَارَةَ (والطين. قَالَتْ فَقَطَعْنَا منه وِسَادَتَيْنِ وَحَشَوْتُهُمَا لِيفًا، فَلَمْ يُنْكِرْ ذَلِكَ عَلَيَّ ) (قالت: فكان صَلَّى اللهُ عَلَيْهِ وَسَلَّمَ يرتفق عليهما)

പ്രവാചകതിരുമേനി(ﷺ) യുദ്ധത്തിന് പോയസ ന്ദർഭത്തിൽ ഞാൻ അദ്ദേഹത്തിൻെറ വരവും പ്രതീക്ഷിച്ചിരിക്കുക യായിരുന്നു, ആ സന്ദർഭത്തിൽ എൻെറയടുത്തുണ്ടായിരുന്ന ചിത്രങ്ങളുള്ള വിരിയെടുത്ത് വീടിൻെറ ചില ഭാഗങ്ങൾ അത്കൊണ്ട് ഞാൻ മറച്ചു, അങ്ങിനെ നബി(ﷺ) എൻെറ റൂമിൻെറയടുത്ത് പ്രത്യക്ഷപ്പെട്ടപ്പോൾ ഞാൻ അദ്ദേഹത്തിന് സലാം പറയുകയും, താങ്കളെ സഹായിക്കുകയും, വിജയിപ്പിക്കുകയും, താങ്കൾക്ക് കൺകുളിർമ നൽകുക യും, താങ്കളെ ബഹുമാനിക്കുകയും ചെയ്ത അല്ലാഹു വിന്നാകുന്നു സർവ്വസ്തുതിയും എന്ന് ഞാൻ പ്രാർത്ഥിക്കു കയും ചെയ്തു, ആഇഷാ(റ) പറയുന്നു: അദ്ദേഹം എന്നോട് ഒന്നും സംസാരിക്കുന്നില്ല, പ്രവാചകൻെറ മുഖത്ത് കോപമുണ്ടെന്നെനിക്ക് മനസ്സിലായി, അദ്ദേഹം പെട്ടെന്ന് മുറിയിൽ പ്രവേശിക്കുകയും, കൈകൊണ്ട് ആ വിരിയെടുക്കുകയും അത് പിരിച്ച്കൊണ്ട് കീറുകയും ചെയ്തു, എന്നിട്ട് പറയുകയുണ്ടായി: (നിങ്ങൾ ചുമരുകൾ മറക്കുകയാണോ?) (ചിത്രങ്ങളുള്ള വിരികൾ കൊണ്ട്), തീർച്ചയായും അല്ലാഹു നമുക്ക് നൽകിയിട്ടുള്ളത് കൊണ്ട് കല്ലുകളെയും (മണ്ണുകളെയും) പൊതിയുവാൻ കൽപിച്ചിട്ടില്ല.

ആഇഷാ(റ)പറയുന്നു: ഞാൻ അത്കൊണ്ട് രണ്ട് തലയിണയുണ്ടാക്കി. അതിനെ തുന്നിയത് പനനാര് കൊണ്ടാകുന്നു, അതിൻെറ പേരിൽ അദ്ദേഹമെന്നെ ആ ക്ഷേപിച്ചില്ല) (ആഇഷാ(റ) പറയുന്നു: (പ്രവാചകതിരു മേനി(ﷺ) അതിന്മേൽ ചാരിയിരിക്കാറുണ്ടായിരുന്നു)" (മു സ്ലിം, അബൂഅവാന, ഇബ്നു സഅദ്, അഹ് മദ് എന്നിവർ ഉദ്ദരിച്ചത്).

ഇത്കൊണ്ടാണ് ചില പൂർവ്വസൂരികൾ ചുമരുകൾ പരവതാനികൾ കൊണ്ട് പൊതിയപ്പെട്ട വീടുകളിൽ പ്രവേശിക്കുന്നതിൽ നിന്ന് വിട്ട് നിന്നത് കാരണം, സാലിമുബ്നുഅബ്ദുല്ല പറയുന്നു: (എൻെറ പിതാവുണ്ടാ യിരുന്ന കാലത്ത് ഞാൻ വിവാഹസദ്യയുണ്ടാക്കി, അതിലേക്കെൻെറ പിതാവ് ആളുകളെ ക്ഷണിച്ചു, അങ്ങിനെ ക്ഷണിക്കപ്പെട്ടവരിൽ അബൂഅയ്യൂബുണ്ടായിരു ന്നു, എൻെറ വീട് പച്ചവിരികൾ കൊണ്ട് അലങ്കരിച്ചിരുന്നു ആ ദിവസം, അങ്ങിനെ അബൂഅയ്യൂബ് പ്രവേശിച്ചു, ഞാൻ നിൽക്കു ന്നതായിട്ട് അദ്ദേഹം കണ്ടു, അദ്ദേഹം ചുറ്റും നോക്കിയപ്പോൾ വീട് പച്ച വിരികൊണ്ട് അലങ്കരിച്ചതായിട്ടാണ് കണ്ടത്, അദ്ദേഹം എന്നോട് പറഞ്ഞു: അല്ലയോ അബ്ദുല്ലാ, നിങ്ങൾ ചുമർ ഇങ്ങനെ പൊതിയാറുണ്ടോ? എൻെറ പിതാവ് ലജ്ജയോടെ പറ യുകയുണ്ടായി: അല്ലയോ അബൂഅയ്യൂബ് ഞങ്ങളെ സ്ത്രീകൾ അതിജയിച്ചിരിക്കുന്നു, അദ്ദേഹം പറയുക യുണ്ടായി: (അവനെ (മകനെ) സ്ത്രീകൾ അതിജയി ക്കുമെന്ന് ഞാൻ ഭയപ്പെടുന്നു, എന്നാൽ താങ്കളെ സ്ത്രീകൾ അതിജയിക്കുമെന്ന് ഞാൻ ഭയപ്പെടുന്നില്ല) എന്നിട്ട് പറഞ്ഞു: ഞാൻ നിങ്ങളുടെ ഭക്ഷണം കഴി ക്കുകയില്ല, നിങ്ങളുടെ വീട്ടിൽ

ഞാൻ പ്രവേശിക്കുകയില്ല, പിന്നീട് അദ്ദേഹം അവിടെനിന്നും ഇറങ്ങിപോയി)" (ത്വബറാനി, ഇബ്നുഅസാകിർ, ഇതിൻെറ സനദ് നല്ലതാകുന്നു, ബഗ്‌വി എന്നിവർ ഉദ്ദരിച്ചത്).

## 3- കൺപുരികവും, അതുപോലുള്ളവയും പറിക്കൽ:

ചില സ്ത്രീകൾ സൗന്ദര്യം വർദ്ധിപ്പിക്കുവാൻ വേണ്ടി തങ്ങളുടെ കൺപുരികം വില്ലിൻെറ ആകൃതിയിലോ, ചന്ദ്രൻെറ ആകൃതിയിലോ പറിക്കുന്നതായിട്ട് കാണാം ഇത് ചെയ്യുന്നത് നിഷിദ്ധമാണ്, അങ്ങിനെ ചെയ്യുന്നവരെ പ്രവാചക തിരുമേനി(ﷺ) ശപിക്കുകയും ചെയ്തിരിക്കുന്നു.

( لَعَنَ اللهُ الْوَاشِمَاتِ وَالمُستوشِمَاتِ (والواصلات) والنامصات، وَالمتَنَمِّصَاتِ وَالمتُفَلِّجَاتِ لِلْحُسْنِ المغَيِّرَاتِ خَلْقَ اللهِ )

പ്രവാചകതിരുമേനി(ﷺ) പറയുന്നു: "പച്ചകുത്തുന്ന സ്ത്രീക ളെയും, പച്ചകുത്തുവാനാവശ്യപ്പെടുന്ന സ്ത്രീക ളെയും, (കൃത്രിമ മുടി സ്വീകരിക്കുന്ന സ്ത്രീകളെയും), മുഖത്തിൽ നിന്നോ കൺതടത്തിൽ നിന്നോ രോമം പറിക്കുന്നവരെ യും, അത് പറിക്കുവാൻ ആവശ്യപ്പെടുന്ന വരെയും, ഭംഗിക്ക്‌വേണ്ടി പല്ലുകൾക്കിടയിൽ അകലം ഉണ്ടാക്കി അല്ലാഹുവിൻെറ സൃഷ്ടിപ്പിനെ മാറ്റിമറിക്കുന്ന സ്ത്രീക ളെയും അല്ലാഹു ശപിച്ചിരിക്കുന്നു" (ബുഖാരി, മുസ്‌ലിം, അബദാവൂദ്, തിർമിദി, ദാരിമി, അഹ്മദ്, അബൂയഹ്‌ല എന്നിവരും വെറെയും പണ്ഡിതന്മാർ ഉദ്ദരിച്ചത്).

## 4- നഖം നിറം പിടിപ്പിക്കലും, നീട്ടലും:

യോറോപ്പിലെ നീചരായ സ്ത്രീകളിൽനിന്ന് അധിക മുസ്‌ലിം സ്ത്രീകളിലേക്കും പടർന്ന് പിടിച്ചിട്ടുള്ള നീചവും ഹീനമായ രോഗമാണ് ഇന്ന് "മിനികൂർ" എന്ന പേരിൽ അറിയപ്പെടുന്ന ചുവന്ന പശ കൊണ്ട് നഖം നിറം പിടിപ്പിക്കുകയെന്നുള്ളത്, അത്പോലെ നഖംനീട്ടി വളർത്തു കയെന്നുള്ളതും. - ഇത് ചില യുവാക്കളും ചെയ്യുന്നുണ്ട്- ഇതും തൊട്ട് മുകളിൽ നാം മനസ്സിലാക്കിയത് പോലെ അല്ലാഹുവിൻെറ സൃഷ്ടിപ്പിൽ മാറ്റം വരുത്തി അല്ലാഹുവിൻെറ ശാപം കിട്ടുന്നവരിൽ ഉൾപ്പെടുന്ന പ്രവർ ത്തനമാകുന്നു, അത്പോലെ ധാരാളം ഹദീസുകളാൽ വി രോധിക്കപ്പെട്ട അവിശ്വാസിനികളോട് സാദൃശ്യപ്പെടലുമാ ണ്, കാരണം അല്ലാഹുവിൻെറ പ്രവാചകൻ(ﷺ) പറയുന്നു:

(... مَنْ تَشَبَّهَ بِقَوْمٍ فَهُوَ مِنْهُمْ)

(... ആരെങ്കിലും ഒരു സമുദായത്തോട് സാദൃശ്യപ്പെട്ടാൽ അവൻ അവരിൽപെട്ടവനാകുന്നു) (അബുദാവൂദ്, അഹ്മദ്, ത്വഹാവി). അത്പോലെ ഫിത്‌റത്തിനോട് (പ്രകൃതിയോടട്) എതിര് പ്രവർത്തിക്കലുമാകുന്നു, അല്ലാഹു പറയുന്നു:

( فِطْرَةَ اللهِ الَّتِي فَطَرَ النَّاسَ عَلَيْهَا )

"അല്ലാഹു മനുഷ്യരെ ഏതൊരു പ്രകൃതിയിൽ സൃഷ്ടി ച്ചിരിക്കുന്നുവോ ആ പൃകൃതിയത്രെ അത്" (റൂം - 30)

പ്രവാചകതിരുമേനി(ﷺ) പറയുന്നു:

أَنَّ رَسُولَ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ قَالَ: الْفِطْرَةُ خَمْسٌ: الِاخْتِتَانُ، وَالِاسْتِحْدَادُ (وفي رواية: حلق العانة)، وَقَصُّ الشَّارِبِ، وَتَقْلِيمُ الأَظْفَارِ، وَنَتْفُ الإِبِطِ)

"ഫിത്'റത്തിൽ പെട്ടതാകുന്നു അഞ്ച് കാര്യങ്ങൾ: ചേലാകർമ്മം ചെയ്യൽ, ഗുഹ്യഭാഗങ്ങളിലെ രോമം നീക്കൽ, (മറ്റൊരു റിപ്പോർട്ടിലുള്ളത് ഗുഹ്യരോമം വടിക്കൽ എന്നാകുന്നു) മീശ വെട്ടൽ, നഖം മുറിക്കൽ, കക്ഷത്തിലെ രോമം പറിക്കൽ എന്നിവയാണ് അത്" (ബുഖാരി, മുസ്'ലിം, അബൂദവൂദ്, നസാഇ...).
അനസ്(റ) പറയുന്നു:

( قَالَ أَنَسٌ وُقِّتَ لَنَا(وفي رواية:وقَّتَ لنا رسول الله) فِي قَصِّ الشَّارِبِ وَتَقْلِيمِ الأَظْفَارِ وَنَتْفِ الإِبِطِ وَحَلْقِ الْعَانَةِ أَنْ لاَ نَتْرُكَ أَكْثَرَ مِنْ أَرْبَعِينَ لَيْلَةً)

"ഞങ്ങൾക്ക് സമയം നിർണ്ണയിച്ച് തന്നു (മറ്റൊരു റിപ്പോർട്ടിൽ പ്രവാചകൻ(ﷺ) ഞങ്ങൾക്ക് സമയം നിർണ്ണയിച്ച് തന്നു, മീശ വെട്ടുന്നതിനും, നഖം മുറിക്കുന്നതിനും, കക്ഷരോമം പറിക്കുന്നതിനും, ഗുഹ്യരോമം വടിക്കുന്നതിനും. അത് നാൽപത് ദിവസ ത്തേക്കാൾ കൂടുതൽ പിന്തിപ്പിക്കുവാൻ പാടില്ല." ( ബുഖാരി, മുസ്'ലിം, അബൂഅവാന, അബൂദാവൂദ്, നിസാഇ, തിർമിദി, അഹ്'മദ് എന്നിവരെല്ലാം തന്നെ ഉദ്ദരിച്ചതാകുന്നു).

## 5- താടി വടിക്കൽ:

അത്പോലെ -സുരക്ഷിതമായ ഫിത്'റത്തിന് മാറ്റം വരുത്തുള്ള ഒരു ചീത്ത പ്രവർത്തനം- അവിശ്വാസികളായ യൂറോപ്യന്മാരെ പിൻപറ്റികൊണ്ട് സൗന്ദര്യത്തിന്റെ പേര് പറഞ്ഞ് അധികമാളുകളും താടിവടിക്കുകയെന്ന ഹീന കരമായ പ്രവർത്തികളിൽ ഏർപ്പെട്ടിരിക്കുന്നു. എത്രമാത്ര മെന്ന് പറഞ്ഞാൽ താടിവടിക്കാതെ തന്റെ പുതു മണവാ ട്ടിയുടെ അടുത്ത് പ്രവേശിക്കുകയെന്ന് പറഞ്ഞാൽ അത് ഒരു ന്യൂനതയായി കണക്കാക്കുന്നത് വരെ യെത്തി രിക്കുന്നു ഈ ഹീന പ്രവർത്തനം. ഇങ്ങനെ ചെയ്യുന്ന തിലൂടെ മതത്തിന്റെ അനേകം നിയമങ്ങൾക്കെതിരി ലാണ് പ്രവർത്തിക്കുന്നത്: അവ:

1- അല്ലാഹുവിന്റെ സൃഷ്ടിപ്പിനെ മാറ്റിമറിക്കലാണിത്, അല്ലാഹു പിശാചിനെ സംബന്ധിച്ച് പറയുന്നു:

(لَعَنَهُ اللهُ وَقَالَ لأَتَّخِذَنَّ مِنْ عِبَادِكَ نَصِيبًا مَفْرُوضًا (*) وَلأُضِلَّنَّهُمْ وَلأُمَنِّيَنَّهُمْ وَلآمُرَنَّهُمْ فَلَيُبَتِّكُنَّ آذَانَ الأَنْعَامِ وَلآمُرَنَّهُمْ فَلَيُغَيِّرُنَّ خَلْقَ اللهِ وَمَنْ يَتَّخِذْ الشَّيْطَانَ وَلِيًّا مِنْ دُونِ اللهِ فَقَدْ خَسِرَ خُسْرَانًا مُبِينًا) (سورة النساء:١١٨-١١٩)

"അവനെ (പിശാചിനെ) അല്ലാഹു ശപിച്ചിരിക്കുന്നു. അവൻ (അല്ലാഹുവോട്) പറയുകയുണ്ടായി: നിന്റെ ദാസന്മാരിൽ നിന്ന് ഒരു നിശ്'ചിത വിഹിതം (എന്റെതായി) ഞാനുണ്ടാ ക്കിത്തീർക്കുന്നതാണ്. അവരെ ഞാൻ വഴിപിഴപ്പിക്കുകയും വ്യാമോഹിപ്പിക്കുകയും ചെയ്യും. ഞാനവരോട് കല്പിക്കു മ്പോൾ അവർ കാലികളുടെ കാതുകൾ കീറിമുറിക്കും, ഞാനവരോട് കല്പിക്കുമ്പോൾ അല്ലാഹുവിന്റെ സൃഷ്ടി (പ്രകൃതിയെ) അലങ്കോലപ്പെടുത്തും. വല്ലവനും അല്ലാഹുവിന് പുറമെ പിശാചിനെ

രക്ഷാധികാരിയായി സ്വീകരിക്കുന്ന പക്ഷം തീർച്ചയായും അവൻ പ്രത്യക്ഷമായ നഷ്ടം പറ്റിയവനാകുന്നു" (നിസാഅ് - 118-119)
ഇത് അല്ലാഹുവിൻെറ അനുവാദം കൂടാതെ അവൻെറ സൃഷ്ടിപ്പിൽ മാറ്റം വരുത്തുന്നതിന്നും, പിശാചിനെ അനുസരിക്കുന്നതിന്നും, പരമകാരുണികനെ ധിക്കരിക്കുന്ന തിന്നും സുവ്യക്തമായ തെളിവാകുന്നു, മേൽസൂചിപ്പിച്ച തെളിവിൻെറ അടിസ്ഥാനത്തിൽ ഭംഗിക്ക്വേണ്ടി അല്ലാഹു വിൻെറ സൃഷ്ടിപ്പിൽ മാറ്റം വരുത്തുന്നവർ പ്രവാചക തിരുമേനി(ﷺ)യുടെ ശാപ പ്രാർത്ഥനക്ക് അർഹരായി തീരുമെന്നതിൽ യാതൊരു സംശയവുമില്ല. ആയതിനാൽ താടിവടിക്കുന്നത് ഭംഗിക്ക് വേണ്ടിയാണെന്ന കാരണത്താൽ മേൽ സൂചിപ്പിക്കപ്പെട്ട ശാപ പ്രാർത്ഥനയിൽ അവരും ഉൾപ്പെടുമെന്നതിൽ യാതൊരു സംശയവുമില്ല, (അല്ലാഹുവിൻെറ അനുമതിയില്ലാതെ) എന്ന് പ്രത്യേക മാക്കി പറഞ്ഞത് മേൽ പറഞ്ഞ കക്ഷം പറിക്കുക പോലെയുള്ള സൃഷ്ടിപ്പിൽ ഭംഗം വരുത്തുകയെന്നത് മ തം സുന്നത്താക്കിയതോ, നിർബ്ബന്ധമാക്കിയതോ ആയ അല്ലാഹുവിൻെറ പ്രവാചകനിലൂ(ﷺ)ടെ അവതരിപ്പിച്ച കാര്യമാകുന്നതിനാലാണ്.

2- പ്രവാചകതിരുമേനി(ﷺ)യുടെ കൽപന ധിക്കരിക്കലാ കുന്നു, പ്രവാചകതിരുമേനി(ﷺ) പറയുന്നു:

( قَالَ رَسُولُ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ: انْهَكُوا الشَّوَارِبَ وَأَعْفُوا اللِّحَى )

"നിങ്ങൾ മീശ വെട്ടുക, താടി വളർത്തുക"[16] (ബുഖാരി, മുസ്ലിം, അബൂഅവാന എന്നിവർ ഇബ്നു ഉമറിൽ നിന്ന് ഉദ്ധ രിച്ച ഹദീസ്).
സർവ്വരാലും അംഗീകരിക്കപ്പെട്ട ഒരു കാര്യമാണ് കൽപന ക്രിയ സൂചിപ്പിക്കുന്നത് നിർബ്ബന്ധ സ്വഭാവത്തെയാണെ ന്നത്, അല്ലെങ്കിൽ മറ്റെന്തിനെയെങ്കിലും സൂചിപ്പിക്കുന്ന സൂചന ക്രിയ ആവശ്യമാണെന്നതും. എന്നാൽ ഇവിടെ സൂചന ക്രിയയും സൂചിപ്പിക്കുന്നത് നിർബ്ബന്ധ സ്വഭാവത്തെയാണ്, ആ സൂചന അ വിശ്വാസികളോട് സാദൃശ്യപ്പെടലാണ്താനും.

3- അവിശ്വാസികളോട് സാദൃശ്യപ്പെടൽ: പ്രവാചക തിരുമേനി(ﷺ) പറയുന്നു:

[16] )ഇവിടെ ഒരുകാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടത് മീശ വെട്ടാനാണ് കൽപിക്കുന്നത് വടിക്കുവാനല്ല, കാരണം അത് പ്രവാചകൻ(ﷺ) ചെയ്ത് കാണിച്ച് തന്ന സുന്ന ത്തിന് എതിരാകുന്നു, ഇക്കാരണം കൊണ്ടാകുന്നു മീശ വളർത്തുന്നവരെപ്പറ്റി ചോദിച്ചപ്പോൾ ഇമാം മാലിക്(റ) അവരെ അടിക്കണമെന്നും, മീശ വടിക്കുന്നവരെപ്പറ്റി ചോദിച്ചപ്പോൾ അത് ജനങ്ങളിൽ പ്രത്യക്ഷപ്പെട്ട ഒരു ബിദ്അത്താകുന്നു എന്നും പറഞ്ഞത്. ഇത് ബൈഅഖി ഉദ്ധ രിച്ചിട്ടുണ്ട്, അത്പോലെ ഫത്ഹുൽ ബാരിയിലും നമുക്ക് കാണാവുന്നതാകുന്നു, ഇത്കൊണ്ടാണ് ഇമാം മാലിക് നല്ലവണ്ണം മീശ വെക്കുവാൻ കാരണം, ഇതിനെ പ്പറ്റിചോദിച്ചപ്പോൾ ഇമാം മാലിക് പറയുകയുണ്ടായി: എന്നോട് സൈദ്ബ്നു അസ്ലം ആമിറു ബ്നു അ ബ്ദുല്ലാബ്നു സുബൈർ ഉദ്ദരിക്കുന്നു, ഉമർ(റ)വിന് കോപം വന്നാൽ അദ്ദേഹത്തിൻെറ മീശ പിരിക്കുകയും, ഊതുകയും ചെയ്യുമായിരുന്നു) ത്വബ്റാനി തൻെറ മു ഹ്ജമുൽ കബീറിൽ സ്വഹീഹായ സനദോടു കൂടി ഉദ്ദരിച്ചത്.

( قَالَ رَسُولُ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ: جُزُّوا الشَّوَارِبَ وَأَرْخُوا اللِّحَى خَالِفُوا الْمَجُوسَ )

"നിങ്ങൾ മീശ വെട്ടുക, താടി വളർത്തുക, അഗ്നിയാരാധകരോട് വ്യത്യസ്തമാകുകയും ചെയ്യുക" (മുസ്ലിം, അബൂഅവാന എന്നിവർ അവരുടെ സ്വഹീഹിൽ അബൂഹുറൈറയിൽ നിന്ന് ഉദ്ദരിച്ചത്).

4- സ്ത്രീകളോട് സാമ്യപ്പെടൽ:

( لَعَنَ رَسُولُ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ الْمُتَشَبِّهِينَ مِنَ الرِّجَالِ بِالنِّسَاءِ وَالْمُتَشَبِّهَاتِ مِنَ النِّسَاءِ بِالرِّجَالِ )

"പുരുഷന്മാരോട് സാദൃശ്യപ്പെടുന്ന സ്ത്രീകളെയും, സ്ത്രീകളോട് സാദൃശ്യപ്പെടുന്ന പുരുഷ ന്മാരെയും പ്രവാചക തിരുമേനി(ﷺ) ശ പിച്ചിരിക്കുന്നു" (ബുഖാരി, തിർമിദി, ബഹ്വി, ഇബ്നുഹി ബ്ബാൻ, അബൂനുഐം, ഇബ്നുഅസാകിർ എന്നിവർ ഉദ്ദരിച്ചത്).[17] അല്ലാഹു പുരുഷന്മാരെ സ്ത്രീകളിൽ നിന്ന് വ്യത്യസ്ഥമാക്കു വാൻ വേണ്ടി നൽകിയിട്ടുള്ള താടിരോമങ്ങൾ വടിക്കുകയെന്നത് സ്ത്രീകളോട് കൂടുതൽ സാദൃശ്യപ്പെടലാകുന്നു എന്നതിന് യാ തൊരു സംശയവും ഇല്ല, ആയതിനാൽ നാം മേൽ ഉദ്ദരിച്ച തെ ളിവുകൾ തന്നെ ഈ കാര്യത്തിൽ പരീക്ഷിക്കപ്പെട്ടവരെ അതിൽ നിന്ന് രക്ഷപ്പെടുത്തുവാൻ പര്യപ്തമാകുന്നു, അല്ലാഹു നമ്മെയും, അവരെയും അവൻ ഇഷ്ടപ്പെടുകയോ, തൃപ്തിപ്പെടുകയോ ചെയ്യാത്ത കാര്യങ്ങളിൽ നിന്ന് രക്ഷപ്പെടുത്തുമാറാവട്ടെ.

6- വിവാഹ മോതിരം:

ചിലയാളുകൾ (خاتم الخِطبة) എന്നപേരിൽ മോതിരം അണി യുന്നത് കണ്ടുവരുന്നു, ഇത് അവിശ്വാസികളോട് സാദൃശ്യപ്പെടലാണ്, കാരണം ഈ പതിവ് മുസ്ലിം സമൂഹത്തിൽ കടന്ന്വന്നത് ക്രിസ്ത്യാനികളിൽ നിന്നാ ണ്താനും.[18]

---

[17] താടിവളർത്തൽ നിർബ്ബന്ധമാകുന്നു ആരെങ്കിലും കൂടുതൽ തെളിവുകൾ ആഗ്രഹിക്കുന്നുവെങ്കിൽ അൽബാനിയുടെ (اللحية في نظر الدين) എന്ന ഗ്രന്ഥം പരിശോ ധിക്കുക, (അത്പോലെ അയ്യൂബി ബുക്ക്സ് ഇറക്കിയ കെ. ഉമർ മൗലവി(റ)യുടെയും, കെ. എൻ. എം സെക്രട്ട റിയായിരുന്ന കെ. പി. മുഹമ്മദ് മൗലവി(റ)യുടെയും അവതാരികയോടെ സെയ്തലവി പുറത്തൂർ രചിച്ച "താടി യിലാണോ ഇസ്ലാം?" എന്ന ലഘു കൃതി വായിക്കട്ടെ. വിവ:)

[18] ഈ ആചാരം ക്രിസ്ത്യനികളിൽ പണ്ടേ നിലവിലുണ്ടായിരുന്നതാണ്,ഈ കാര്യം നാം ലണ്ടനിൽ നിന്നും പുറത്തിറങ്ങുന്ന (WOMAN) എന്ന മാസികക്ക് എഴു തി ചോദിച്ചപ്പോൾ (1960 മാർച്ച് മാസം 19-ാം ലക്കം) അ തിൻെറ എഡിറ്റർ Anjela Talbot പറയുന്നു:
ചോദ്യം: എന്ത്കൊണ്ടാണ് വിവാഹമോതിരം ഇടത്തെ മോതിര വിരലിൽ ധരിക്കുന്നത്?
അവർ നൽകിയ ഉത്തരം: വിരലിനെ ഹൃദയവുമായി നേ രിട്ട് ബന്ധപ്പെടുത്തുന്ന ഒരു സിര(നാഡി)യുണ്ട് എന്ന് പറ യപ്പെടുന്നു.

അത്പോലെത്തന്നെ സ്വർണ്ണം ധരിക്കുന്നത് പുരുഷന്മാർക്കും, സ്ത്രീകൾക്കും (ഇതിനുള്ള തെളിവുകൾ നാം വിശദീകരിക്കുന്നുണ്ട്) നിശിദ്ധമാകുന്നുവെന്നതിന്ന് വളരെയധികം തെളിവുകൾ നമുക്ക് കാണാൻ സാധിക്കും അതിൽപ്പെട്ട ചില തെളിവുകൾ നമുക്ക് പരിശോധിക്കാം.

١– ( نهي صَلَّى اللهُ عَلَيْهِ وَسَلَّمَ عَنْ خَاتَمِ الذَّهَبِ )

"നബി(ﷺ) സ്വർണത്തിൻെറ മോതിരം ഹറാമാക്കിയിരി ക്കുന്നു" (ബുഖാരി, മുസ്‌ലിം, അഹ്മദ് ബറാഅ് ബ്നു ആസിബിൽ നിന്നും, ബുഖാരി, മുസ്‌ലിം, നസാഇ, അഹ്മദ്, ഇബ്നു സഅദ് എന്നിവർ അബൂഹു റൈറയിൽ നിന്നും ഉദ്ദരിച്ചത്).

٢– ( عَنْ عَبْدِ اللهِ ابْنِ عَبَّاسٍ أَنَّ رَسُولَ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ :رَأَى خَاتَمًا مِنْ ذَهَبٍ فِي يَدِ رَجُلٍ، فَنَزَعَهُ فَطَرَحَهُ، وَقَالَ: يَعْمِدُ أَحَدُكُمْ إِلَى جَمْرَةٍ مِنْ نَارٍ فَيَجْعَلُهَا فِي يَدِهِ! فَقِيلَ :لِلرَّجُلِ بَعْدَ مَا ذَهَبَ رَسُولُ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ خُذْ خَاتِمَكَ انْتَفِعْ بِهِ، قَالَ لاَ وَاللهِ لاَ آخُذُهُ أَبَدًا وَقَدْ طَرَحَهُ رَسُولُ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ)

ഇബ്നു അബ്ബാസിൽ നിന്നും നിവേദനം: പ്രവാചക തിരു മേനി (ﷺ) ഒരാളുടെ വിരലിൽ സ്വർണ മോതിരം കാണാ നിടയായി പ്രവാചകൻ(ﷺ) അത് ഊരി വലിച്ചെറിയു കയുണ്ടായി, എന്നിട്ട് പറയുകയുണ്ടായി: (ആരെങ്കിലും നരകത്തിൽ നിന്നും ഒരു കനൽ ധരിക്കുവാൻ ഉദ്ദേശിക്കു ന്നവർ ഇത് ധരിക്കട്ടെ) പ്രവാചകൻ(ﷺ) പോയതിന് ശേഷം ആ മോതിരം എടുക്കുവാനും, അത് കൊണ്ട് ഉപകാരമെടുക്കുവാനും പറഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞു: പ്രവാചകതിരുമേനി(ﷺ) വലിച്ചെറിഞ്ഞ ഒരു സാധനം ഒരിക്കലും ഞാൻ എടുക്കുകയില്ല തന്നെ" (മുസ്‌ലിം, ഇബ്നു

---

അത്പോലെ ഇതിനെ സ്ഥാപിച്ച് കൊണ്ട് പൗരാണികമായി അവർ വിശ്വസിച്ചിരുന്ന ഒരു വിശ്വാസ വും അടിത്തറയായി ഉദ്ധരിക്കുന്നുണ്ട്, അത് ഭർത്താവിൻെറ പെരുവിരലിൽ ഭാര്യ മേതിരം അണിയുമ്പോൾ അവർ പറയും 'പിതാവിൻെറ നാമത്തിൽ', എന്നിട്ട് അത് ചൂണ്ടു വിരലിൽ ഇടുമ്പോൾ അവർ പറയും 'പുത്രൻെറ നാമ ത്തിൽ' എന്ന്, പിന്നീട് നടുവിരലിൽ ഇടുമ്പോൾ അവർ പറയും 'പരിശുദ്ധാത്മാവി ൻെറ നാമത്തിൽ' എന്ന് അവസാനം മോതിര വിരലിൽ സ്ഥിരമായ അണിയുമ്പോ ൾ അവർ 'ആമീൻ' എന്നും പറയുന്നു.
മാസിക പറയുന്നത് കാണുക.

***It is said there is a vein that runs directly from the finger to the heart. Also, there is the ancient origin whereby the bridegroom placed the ring on the tip of bride's left thumb, saying: "In the name of the father" on the first finger, saying: "In the name of the son" on the second finger, saying: "And of the Holy Ghost", on the word "Amen", the ring was finally placed on the third finger where it remained.***

ഹിബ്ബാൻ, ത്വബ്റാനി, ഇബ്നു അദ്ദീബാജി അദ്ദേഹ ത്തിൻെറ ഫവാഇദുൽ മുൻതഖായിലും ഉദ്ദരിച്ചത്).

٣- ( عَنْ أَبِي ثَعْلَبَةَ الخُشَنِيِّ أَنَّ النَّبِيَّ صَلَّى اللهُ عَلَيْهِ وَسَلَّمَ أَبْصَرَ فِي يَدِهِ خَاتمًا مِنْ ذَهَبٍ، فَجَعَلَ يَقْرَعُهُ بِقَضِيبٍ مَعَهُ، فَلَمَّا غَفَلَ النَّبِيُّ صَلَّى اللهُ عَلَيْهِ وَسَلَّمَ أَلْقَاهُ، (فنظر النَّبِيُّ صَلَّى اللهُ عَلَيْهِ وَسَلَّمَ فلم يره في يده ف) قَالَ مَا أُرَانَا إِلاَّ قَدْ أَوْجَعْنَاكَ وَأَغْرَمْنَاكَ )

അബീഥഅ്ലബ അൽ ഖുശനി(റ)വിൽ നിന്ന് നിവേദനം: "പ്രവാചകതിരുമേനി(ﷺ) അദ്ദേഹത്തിൻെറ കയ്യിൽ സ്വർണത്തിൻെറ മോതിരം കാണാനിടയായി, അപ്പോൾ അദ്ദേഹത്തിൻെറ കയ്യിലുണ്ടായിരുന്ന മരകൊമ്പ് കൊണ്ട് അതിനെ അടിക്കുവാൻ തുടങ്ങി, പ്രവാചകൻ(ﷺ) അതിനെ തൊട്ട് അശ്രദ്ധനായപ്പോൾ അത് അഴിച്ച് വെച്ചു, (പ്രവാചകൻ(ﷺ) അദ്ദേഹത്തിലേക്ക് നോക്കിയപ്പോൾ അദ്ദേഹത്തിൻെറ കയ്യിൽ അത് കണ്ടില്ല) എന്നിട്ട് പറയു കയുണ്ടായി: ഞാൻ താങ്കളെ വേദനിപ്പിക്കുകയും, അത് ഉപേക്ഷിക്കുവാൻ പ്രേരിപ്പിക്കുകയും ചെയ്തതല്ലാതെ മറ്റൊന്നും താങ്കളിൽ ഞങ്ങൾ കാണുന്നില്ല" (നസാഇ, അഹ്മദ്, ഇബ്നു സഅദ്, അബൂ നുഐം എന്നിവർ ഉദ്ദരിച്ചത്, ഇതിൻെറ സനദ് മുർസലായ സ്വഹീഹാകുന്നു).

٤- عَنْ عبد الله بْنِ عَمْرٍو أَنَّ النَّبِيَّ صَلَّى اللهُ عَلَيْهِ وَسَلَّمَ رَأَى عَلَى بَعْضِ أَصْحَابِهِ خَاتمًا مِنْ ذَهَبٍ، فَأَعْرَضَ عَنْهُ، فَأَلْقَاهُ، واتخَذَ خَاتمًا مِنْ حَدِيدٍ، فَقَالَ: هَذَا شَرٌّ، هَذَا حِلْيَةُ أَهْلِ النَّارِ، فَأَلْقَاهُ فاتخَذَ خَاتمًا مِنْ وَرِقٍ فَسَكَتَ عَنْهُ)

അബ്ദുല്ലാഇബ്നു ഉമർ(റ)വിൽ നിന്ന് പ്രവാചക തിരുമേനി (ﷺ) തൻെറ അനുചരന്മാരിൽ ചിലരിൽ സ്വർണ്ണത്തിൻെറ മോതിരം കാണാനിടയായി, പ്രവാചക തിരുമേനി(ﷺ) അവരിൽ നിന്ന് പിൻ തിരിഞ്ഞു, അത് വലിച്ചെറിഞ്ഞു, ഇരുമ്പ്കൊണ്ട് ഒരു മോതിരം[19] സ്വീകരിച്ചു, അപ്പോൾ പ്രവാചകൻ(ﷺ)

---

[19] അൽബാനി ഇവിടെ ഒരുകാര്യം ഉണർത്തുന്നുണ്ട്: ഈ ഹദീസിൽ നിന്ന് നമുക്ക് മനസ്സിലാക്കുവാൻ സാധിക്കു ന്നത് ഇരുമ്പിൻെറ മോതിരം നിഷിദ്ധമാണ്, കാരണം അത് ശരീരത്തിന് ദോഷമുണ്ടാക്കും എന്നാൽ ചില പണ്ഡിതന്മാർ ഇരുമ്പിൻെറ മോതിരം അനുവദനീയമാ ണെന്ന് പറയുന്നുണ്ട് അതിനവർ തെളിവ് പിടിക്കുന്നത് ബുഖാരിയും, മുസ്ലിമും ഉദ്ദരിക്കുന്ന ഹദീസിൽ ഒരു സ്ത്രീയെ വിവാഹമന്വേഷിച്ചപ്പോൾ മഹ്റ് കൊടുക്കുവാ ൻ "നീ ഒരു ഇരുമ്പിൻെറ മോതിരമെങ്കിലും അന്വേ ഷിക്കുക" എന്ന ഹദീസാണ്. ഈ ഹദീസ് അൽബാനി തൻെറ ഇർവാഹിൽ 1983-ാം നമ്പറായി ഉദ്ദരിച്ചിട്ടുണ്ട്, എന്നാൽ ഈ ഹദീസ് ഇതിൽ പറഞ്ഞ വിഷയം അനുവദനീയമാണെന്നതിന്ന് തെളിവില്ല, അത്കൊണ്ട് തന്നെ ഹാഫിള്ബ്നു ഹജറുൽ അസ്ഖലാനി തൻെറ ഫതഹുൽ ബാരിയിൽ പറയുന്നു - 10- 266ൽ പറയുന്നു: (ഇരുമ്പിൻെറ മോതിരം അനുവദനീയമാണെന്നതിന് ഈ ഹദീസ് തെളിവ് പിടിക്കുന്നു, എന്നാൽ അതിന്നിതിൽ തെളിവില്ല, നീ മോതിരം അന്വേഷിക്കണമെന്നതിന്നുള്ള തെളിവ് അത് ധരിക്കുവാനുള്ള തെളിവല്ല, മറിച്ച് അത് നീ കണ്ടെത്തിയാൽ അതിൻെറ വിലയുടെ അടിസ്ഥാന ത്തിൽ

പറയുകയുണ്ടായി: ഇത് ഉപദ്രവമുണ്ടാക്കുന്നതാകുന്നു, ഇത് നരകവാസികളുടെ ആഭരണമാകുന്നു, അതും അവർ വലിച്ചെറിഞ്ഞു, അവർ വെള്ളികൊണ്ടുള്ള മോതിരം സ്വീകരിച്ചു, അപ്പോൾ അതിനെപ്പറ്റി പ്രവാചക തിരുമേനി(ﷺ) നിശബ്ദനായി" (അഹ്മദ്, ബുഖാരി (അദബുൽ മുഫ്റദ്) എന്നിവർ ഉദ്ദരിച്ചത്, ഹദീസ് സ്വഹീഹാകുന്നു).

٥- (قالّ رَسُولَ اللهّ صَلَّى اللهُّ عَلَيْهِ وَسَلَّمَ يَقُولُ مَنْ كَانَ يُؤْمِنُ بِاللهِّ وَالْيَوْمِ الآخِرِ فَلاَ يَلْبَسْ حَرِيرًا وَلاَ ذَهَبًا )

പ്രവാചകൻ(ﷺ) പറഞ്ഞു: "ആരെങ്കിലും അല്ലാഹുവിലും അവസാന നാളിലും വിശ്വസിക്കുന്നുവെങ്കിൽ പട്ടും, സ്വർണ്ണവും ധരിക്കാതിരിക്കട്ടെ" (അഹ്മദ് ഹസനനായ സനദിലൂടെ ഉമാമയിൽ നിന്ന് മർഫൂഹായി ഉദ്ദരിക്കുന്നു).

٦- (قالّ رَسُولَ اللهّ صَلَّى اللهُّ عَلَيْهِ وَسَلَّمَ: مَنْ لَبِسَ الذَّهَبَ مِنْ أُمَّتِي فَمَاتَ وَهُوَ يَلْبَسُهُ حَرَّمَ اللهُّ عَلَيْهِ ذَهَبَ الجُنَّةِ )

പ്രവാചകൻ(ﷺ) പറഞ്ഞു: "എൻെറ സമൂഹത്തിൽ ആരെങ്കിലും സ്വർണ്ണത്തിൻെറ മോതിരം ധരിക്കുകയും, എന്നിട്ട് അത് ധരിച്ച വനായികൊണ്ടവൻ മരണപ്പെട്ടാൽ അവന്ന് സ്വർഗ്ഗത്തിലെ സ്വർണ്ണം നിഷിദ്ധമാക്കിയിരിക്കുന്നു" (അഹ്മദ് അബ്ദുല്ലാഇബ്നു അംറിൽ നിന്ന് സ്വഹീഹായ സനദോടുകൂടി മർഫൂഹായി ഉദ്ദരിച്ചത്).

# മുപ്പത്തൊൻപത്

## സ്വർണ്ണ മോതിരവും, അത്പോലെ യുള്ളവയും സ്ത്രീകൾക്ക് നിഷിദ്ധം

മനസ്സിലാക്കുക: പുരുഷന്മാർക്ക് സ്വർണ്ണ മോതിരം നിഷിദ്ധമാക്കിയത് പോലെ സ്ത്രീകൾക്കും അത് നിഷിദ്ധമാകുന്നു, അത്പോലെ അതിനോട് സാമ്യമുള്ള വളയവും, ചണ്ഡാഭരണവും. കാരണം ഇവയെ പരാമർശിച്ച്കൊണ്ട് ഹദീസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്, ആ ഹദീസുകൾ താഴെ വരുന്നുണ്ട്, അത് പോലെതന്നെ പുരുഷന്മാരെ മാത്രം വ്യക്തമാക്കി പറയാത്ത നി രുപാധികമായ തെളിവുകളിൽ സ്ത്രീകളും ഉൾപ്പെടുന്ന തായി നമുക്ക് കാണാവുന്നതാണ്. ഉദാഹരണമായി: നാം മുകളിൽ ഒന്നാമതായി ഉദ്ദരിച്ച ഹദീസ്, അത്പോലെ ഇതിലേക്ക് സൂചന നൽകുന്ന സ്വഹീഹായ ഹദീസുകൾ താഴെ കൊടുക്കുന്നു:

---

നിനക്ക് സ്ത്രീയെ അനുവദനീയമാകുവാനുള്ള മഹ്റായി നൽകാം) അൽബാനിയുടെ വിശദമായ തെളിവിൻെറ അടിസ്ഥാനത്തിലുള്ള ചർച്ചയിൽ നമുക്ക് മനസ്സിലാക്കുവാൻ സാധിക്കുന്നത് ഇരുമ്പിൻെറ മോതിരം നിഷിദ്ധമാണെന്നാകുന്നു.

ഒന്ന്:

(قَالَ رَسُولَ اللهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ: مَنْ أَحَبَّ أَنْ يُحَلِّقَ حَبِيبَهُ حَلْقَةً مِنْ نَارٍ فَلْيُحَلِّقْهُ حَلْقَةً مِنْ ذَهَبٍ، وَمَنْ أَحَبَّ أَنْ يُطَوِّقَ حَبِيبَهُ طَوْقًا مِنْ نَارٍ فَلْيُطَوِّقْهُ طَوْقًا مِنْ ذَهَبٍ، وَمَنْ أَحَبَّ أَنْ يُسَوِّرَ حَبِيبَهُ سِوَارًا مِنْ نَارٍ فَلْيُطَوِّقْهُ طَوْقًا(وفي رواية: فَلْيُسَوِّرْهُ سِوَارًا ) مِنْ ذَهَبٍ ، وَلَكِنْ عَلَيْكُمْ بِالْفِضَّةِ فَالْعَبُوا بِهَا (الْعَبُوا بِهَا، الْعَبُوا بِهَا

പ്രവാചകൻ(ﷺ) പറഞ്ഞു: "ആരെങ്കിലും തന്റെ ഇണയെ നരകത്തിന്റെ ഒരു വട്ടകണ്ണി ധരിപ്പിക്കുവാൻ ഉദ്ദേശിക്കു ന്നുവെങ്കിൽ സ്വർണത്തിന്റെ മോതിരം ധരിപ്പിക്കട്ടെ, ആരെങ്കിലും തന്റെ ഇണയെ നരകത്തിന്റെ ഒരു കണ്ഠാഭരണം ധരിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുവെങ്കിൽ സ്വർണത്തിന്റെ കണ്ഠാഭരണം ധരിപ്പിക്കട്ടെ, ആരെങ്കിലും തന്റെ ഇണയെ നരകത്തിന്റെ ഒരു വള ധരിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുവെങ്കിൽ സ്വർണത്തിന്റെ വളയം ധരിപ്പിക്കട്ടെ, (മറ്റൊരു റിപ്പോർട്ടിലുള്ളത് സ്വർണത്തിന്റെ ഒരു വള ധരിപ്പിക്കട്ടെയെന്നാകുന്നു) പക്ഷേ, നിങ്ങൾ വെള്ളിയുടേത് സ്വീകരിക്കുക, അത് നിങ്ങൾ ഉപയോഗി ക്കുക (അത് നിങ്ങൾ ഉപയോഗിക്കുക, അത് നിങ്ങൾ ഉപയോഗിക്കുക)" (അബൂദാവൂദ്, അഹ്മദ് എന്നിവർ അബ്ദുൽ അസീസ്ബ്നു മുഹമ്മദ് ഉസൈദ്ബ്നു ഉസൈദുൽ ബറാദിൽ നിന്ന് അദ്ദേഹം നാഫിഅ് ബ്നുഅബ്ബാസിൽ നിന്നും, അദ്ദേഹം അബൂഹുറൈറയിൽ നിന്നും മർഫൂഹായി ഉദ്ദരിച്ച ഹദീസാകുന്നു ഇത്). ഇതിന്റെ സനദ് നല്ലതാകുന്നു, സനദിലെ ഉസൈദ് ഒഴിച്ച് ബാക്കിയുള്ള വരെല്ലാം തന്നെ മുസ്ലിമിന്റെ റാവികളാകുന്നു, എന്നാൽ ഉസൈദിനെ ഇബ്നു ഹിബ്ബാൻ ബലപ്പെടുത്തിയിട്ടുണ്ട്, അദ്ദേഹ ത്തിൽ നിന്നും ഒരുപാട് ثقة ആയ ആളുകൾ ഉദ്ദരിച്ചിട്ടുണ്ട്, അദ്ദേ ഹത്തെ തിർമിദി ഹസനാക്കിയിട്ടുണ്ട്, അത്പോലെ ഒുപാടാളുകൾ ഹസനാക്കിയിട്ടുണ്ട്, അത്കൊണ്ട് തന്നെ ദഅബിയും, ഇബ്നുഹജർ അസ്ഖലാനിയും പറഞ്ഞത് صدوق സത്യവാൻ എന്നാകുന്നു.[20]

രണ്ട്:

[20] ഇവിടെ വിശദമായി ഇമാം അൽബാനി ഈ ഹദീസിനെ സംബന്ധിച്ച ചർച്ച ചെയ്യുന്നുണ്ട്, ഈ ഹദീസ് ശരിയല്ല യെന്ന് പറയുന്നവർക്ക് തെളിവിന്റെയടിസ്ഥാനത്തിൽ വിശദമായി മറുപടി പറയുന്നുണ്ട്, അത്പോലെ സ്വർണമോതിരം പുരുഷന്മാർക്ക് നിഷിദ്ധമായത് പോലെ സ്ത്രീകൾക്കും നിഷിദ്ധമാകുന്നു വെന്നതിന് ഈ ഹദീസ് മതിയായ തെളിവാണെന്ന് സ്ഥാപിക്കുന്നു, വിശദീകരണം ആവശ്യമുള്ളവർ ഈ കിതാബിന്റെ അറബി മൂലത്തിലേ ക്ക് മടങ്ങുക.

عن ثَوْبَانَ رضي الله عنه قال: جَاءَتْ بِنْتُ هُبَيْرَةَ إِلَى النبي صَلَّى اللهُ عَلَيْهِ وَسَلَّمَ وَفِي يَدِهَا فَتَخٌ (من ذهب) (أَيْ خَوَاتِيمُ كبار) فَجَعَلَ النَّبِيُّ صَلَّى اللهُ عَلَيْهِ وَسَلَّمَ يَضْرِبُ يَدَهَا (بعصية معه يقول لها: أيسرك أن يجعل الله في يدك خواتيم من نار؟! )، فَأَتَتْ فَاطِمَةَ بِنْتِ تَشْكُو إِلَيْهَا ، قال ثوبان: فَدَخَلَ رَسُولُ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ على فاطمة وأنا معه، وقد أخذت من عُنُقِهَا سِلْسِلَةً مِنْ ذَهَبٍ ، فقَالَتْ: هَذِا أَهْدَى لِي أَبُو حَسَنٍ (تعني زوجها عليا رضي اله عنه)

– وَفِي يَدِهَا سِلْسِلَةٌ – فَقَالَ النبي صَلَّى اللهُ عَلَيْهِ وَسَلَّمَ: يَا فَاطِمَةُ! أَيسرك أَنْ يَقُولَ النَّاسُ:فاطمة بنت محمد في يدها سلسلة من نار؟! (ثم عذمها عذما شديدا) فَخَرَجَ وَلَمْ يَقْعُدْ ،فَعمدتْ فَاطِمَةُ إلى السِّلْسِلَةِ فَبَاعَتْهَا وَاشْتَرَتْ بِهَا نسمة، فَأَعْتَقَتْهَا، فبلغ النبيُّ صَلَّى اللهُ عَلَيْهِ وَسَلَّمَ، فَقَالَ: الحَمْدُ للهِ الَّذِي نَجَّى فَاطِمَةَ مِنَ النَّارِ

സൗബാൻ(റ)വിൽ നിന്ന് നിവേദനം: "ഹുബൈറയുടെ പുത്രി പ്രവാചകതിരുമേനി(ﷺ)യുടെ അടുത്ത് വരികയു ണ്ടായി, അവരുടെ കയ്യിൽ (സ്വർണത്തിൻെറ) മോതിരം ഉണ്ടായിരുന്നു (വലിയവർ ധരിക്കുന്ന മോതിരം) പ്രവാചകൻ(ﷺ) തൻെറ കയ്യിലുണ്ടായിരുന്ന വടികൊണ്ട് അവരുടെ കയ്യിൽ അടിച്ച്കൊണ്ട് പറയുകയുണ്ടായി: നിൻെറ കയ്യിന്മേൽ അല്ലാഹു നരകത്തിൽ നിന്നുള്ള ഒരു മോതിരം ധരിപ്പിക്കുന്നത് നീ ഇഷ്ടപ്പെടുന്നുണ്ടോ? അവളോട് പരാതി പറഞ്ഞ്കൊണ്ട് ഫത്വിമാ(റ) വന്നു. ഥൗബാൻ (റ) പറയുന്നു: പ്രവാചകതിരുമേനി(ﷺ) ഫാത്വിമ (റ)യുടെ അടുത്ത് പ്രവേശിച്ചു, ഞാൻ അദ്ദേഹത്തിൻെറ കൂടെ ഉണ്ടായിരുന്നു, ഫാത്വിമ(റ) തൻെറ കഴുത്തിൽ നിന്ന് സ്വർണത്തിൻെറ ഒരു കണ്ഠാഭരണം എടുത്തുകൊണ്ട് പറയുകയുണ്ടായി ഇതെനിക്ക് അബുൽ ഹസൻ(തൻെറ ഭർത്താവായ അലി(റ)) ഹദ്യ നൽകിയ താണ്, - അവരുടെ കയ്യിൽ കണ്ഠാഭരണം ഉണ്ടായിരുന്നു- അപ്പോൾ പ്രവാചകതിരുമേനി(ﷺ) പറയുകയുണ്ടായി: അല്ലയോ ഫാത്വിമ, മുഹമ്മദിൻെറ പുത്രിയുടെ കയ്യിൽ നരകത്തിൻെറ ഒരു ചങ്ങലയുണ്ടെന്ന് ജനങ്ങൾ പറയുന്നത് നീ ഇഷ്ടപ്പെടുന്നുണ്ടോ? (പിന്നീട് പ്രവാചകൻ(ﷺ) അവരെ നിശിദമായി ആക്ഷേപിക്കുകയു ണ്ടായി) അദ്ദേഹം അവിടെ ഇരിക്കാതെ പുറത്ത് പോയി, അങ്ങിനെ ഫാത്വിമ(റ) ആ ആഭരണം വിൽക്കുകയും അതിന്ന് അടിമയെ വാങ്ങി മോചിപ്പിക്കുകയും ചെയ്തു, ഈ വാർത്ത പ്രവാചകന്ന് എത്തിയപ്പോൾ പ്രവാചകൻ(ﷺ) പറഞ്ഞു: (ഫാത്വിമയെ നരകത്തിൽ നിന്നും രക്ഷിച്ച അല്ലാഹുവിന്ന് സർവ്വസ്തുതിയും" ( നസാഇ, ത്വയാലസി, ത്വബ്റാനി, ഇബ്നു റാഹവൈഹി, അഹ്മദ് എന്നിവർ ഉദ്ദരിച്ചത് ഇതിൻെറ സനദ് സ്വഹീഹാകുന്നു, ഇബ്നു ഹസം ഇത് സ്വഹീഹാക്കിയിട്ടുണ്ട്, ഹാകിം പറയുന്നു: ഈ ഹദീസ് ബുഖാരിയുടെയും മുസ്ലിമിൻെറയും നിബന്ധന ക്ക് യോ ചിച്ചതാകുന്നു, ഇതിനോട് ഇമാം ദഅബി യോചിച്ചിട്ടുണ്ട്, ഇമാം മുൻദിരി പറയുന്നു: നസാഇ സ്വഹീഹായ സനദോടുകൂടി ഉദ്ദരിച്ചത്. വേറെയും

സനദിലൂടെ നമുക്ക് ഈ ഹദീസ് സ്വഹീഹായിട്ട് കാണാ വുന്നതാകുന്നു അത് പലരും ഉദ്ദരിച്ചിട്ടുണ്ട്)

## മൂന്ന്:

عن عائشة رضي الله عنها أن النبيَّ صلى الله عليه وسلم رأى في يد عائشة قُلبين ملويين من ذهب، فقال: ألقيهما عنك، واجعلي قلبين من فضة، وصفريهما بزعفران)

ആഇഷാ(റ)യിൽ നിന്ന് നിവേദനം: "പ്രവാചകതിരു മേനി(ﷺ) ആഇഷാ(റ)യുടെ കയ്യിൽ സ്വർണംകൊണ്ട് പൊതിയപ്പെട്ട രണ്ട് വള കാണാനിടയായി, അപ്പോൾ പറയപ്പെട്ടു: അത്രണ്ടും നീ ഊരികളയുക, എന്നിട്ട് വെള്ളികൊണ്ട് രണ്ട് വള സ്വീകരിക്കുക, അതിനെ കുങ്കുമം കൊണ്ട് മഞ്ഞ നിറമാക്കുക" غريب الحديث ൽ സർഖസ്ത്വി സ്വഹീഹായ സനദോടുകൂടി ഉദ്ദരിച്ച ഹദീസ്, അത്പോലെ നസാഇയും, ഖത്വീബും, ബസാറും, വേറെ ഒരു രിവായത്തിലൂടെ ത്വബറാനിയും ഉദ്ദരിച്ചിട്ടുണ്ട്).

## നാല്:

( عَنْ أُمِّ سَلَمَةَ زَوْجِ النَّبِيِّ صَلَّى اللهُ عَلَيْهِ وَسَلَّمَ :قَالَتْ: جَعَلْتُ شَعَائِرَ مِنْ ذَهَبٍ فِي رَقَبَتِهَا فَدَخَلَ النَّبِيُّ صَلَّى اللهُ عَلَيْهِ وَسَلَّمَ فَأَعْرَضَ عَنْهَا، فَقُلْتُ: أَلاَ تَنْظُرُ إِلَى زِينَتِهَا ،فَقَالَ عَنْ زِينَتِكِ أُعْرِضُ، (قالت: فقطعتها، فأقبل علي وجهه) قَالَ: زَعَمُوا أَنَّهُ قَالَ مَا ضَرَّ إِحْدَاكُنَّ لَوْ جَعَلَتْ خُرْصًا مِنْ وَرِقٍ ثُمَّ جَعَلَتْهُ بِزَعْفَرَانٍ )

പ്രവാചക പത്നിയായ ഉമ്മുസലമ(റ)വിൽ നിന്ന് നിവേദനം: "ഞാൻ അവളുടെ കഴുത്തിൽ സ്വർണം കൊണ്ട് ഒരു കണ്ഠാ ഭരണം അണിയിച്ചു, പ്രവാചകൻ(ﷺ) അവിടേക്ക് പ്രവേശിച്ചു, പക്ഷേ, അവരിൽ നിന്ന് പിന്തിരിഞ്ഞു, അപ്പോൾ ഞാൻ ചോദിച്ചു, താങ്കൾ അവളു ടെ ഭംഗിയിലേക്ക് നോക്കുന്നില്ലേ? പ്രവാചക തിരുമേനി (ﷺ) പറയുകയുണ്ടായി: നിൻെറ ഭംഗിയിൽ നിന്ന് ഞാൻ പിൻതിരിയുന്നു, (അവർ പറഞ്ഞു: ഞാനത് മുറിച്ച് കളയുകയുണ്ടായി, അപ്പോൾ പ്രവാചക തിരുമേനി(ﷺ) എൻെറ നേരെ മുഖം തിരിക്കുകയുണ്ടായി) അങ്ങിനെ ഹദീസ് റിപ്പോർട്ടകനായ അത്വാഅ്ബ്നു അബീറബാഅ് പറയുന്നു: അവർ പറയുന്നു: തീർച്ചയായും പ്രവാചകതിരുമേനി(ﷺ) പറഞ്ഞിട്ടുണ്ട്: നിങ്ങളിൽ ആർക്കും തന്നെ ഒരു ഉപദ്രവും വരുകയില്ല നിങ്ങൾ വെള്ളി കൊണ്ട് ആഭരണം ഉണ്ടാക്കി പിന്നീടത് കുങ്കുമം കൊണ്ട് നിറം വെപ്പിക്കുകയും ചെയ്താൽ" (അഹ്മദ് ബുഖാരി യുടെയും മുസ്ലിമിൻെറയും നിബന്ധനയോടെ സ്വഹീഹായ സനദോടെ ഉദ്ദരിച്ചത്, അത്പോലെ غريب الحديث ൽ ഹർബി ഉദ്ദരിച്ചത്, അത് പോലെ അഹ്മദും, ത്വബ്റാനിയും ഉദ്ദരിച്ചിട്ടുണ്ട്).

വേറെ ഒരു സംഭവത്തിൽ ഇത്പോലെ അസ്മാഅ്ബി ൻത് യസീദിൻെറ ഹദീസിൽ നമുക്ക് കാണാവുന്നതാണ്:

(...وَتَتَّخِذَ لَهَا جُمَانَتَيْنِ مِنْ فِضَّةٍ، فَتُدَرِّجُهُ بَيْنَ أَنَامِلِهَا بِشَيْءٍ مِنْ زَعْفَرَانٍ، فَإِذَا هُوَ كَالذَّهَبِ يَبْرُقُ)

"... രണ്ട് മോതിരകല്ലുകളെ വെള്ളിയിൽ പൊതിഞ്ഞ് കൊണ്ടുള്ള ആഭരണം ഉണ്ടാക്കുകയും അത് കുങ്കുമം കൊണ്ട് പൊതിയുകയും ചെയ്തു, അപ്പോഴതാ അത് സ്വർണം പോലെ തിളങ്ങി കൊണ്ടിരുന്നു" (അഹ്മദ്, അബൂനുഐം, ഇബ്നു അസാകിർ എന്നിവർ ഉദ്ദരിച്ചത്. പക്ഷേ, ഈ ഹദീസിൻെറ സനദിൽ ശഹർ ബ്നു ഹൗഷബ് എന്ന് പറയുന്ന വ്യക്തി ഹദീസിൻെറ കാര്യ ത്തിൽ ദുർബ്ബലനാകുന്നു)[21]

## സ്ത്രീകൾക്ക് സ്വർണ്ണം കൊണ്ടുള്ള വളയങ്ങൾ നിഷിദ്ധമാണെന്നതിലുള്ള സംശയങ്ങളും മറുപടികളും

സ്ത്രീകൾക്ക് നിരുപാധികം സ്വർണം അനുവദനീയ മാണെന്ന് വാദിക്കുന്നവരുമായി ഇമാം അൽബാനി(റ) പണ്ഡിതോചിതവും, പ്രമാണബദ്ധവുമായ ഒരു ചർച്ച തന്നെ നടത്തുന്നുണ്ട്, വളരെ വിശാലമായ ഈ ചർച്ച സാധാരണക്കാരെ സംബന്ധിച്ചിടത്തോളം അനിവാര്യ മല്ലാത്തതിനാൽ വിശദമായ ആ ചർച്ച ഇവിടെ ഉദ്ദരി ച്ചിട്ടില്ല, ആർക്കെങ്കിലും അത് അറിയണമെന്ന് ആഗ്രഹ മുണ്ടെങ്കിൽ അവർ അറബിയിലുള്ള കിതാബിലേക്ക് മടങ്ങേണ്ടതാകുന്നു, ആ വിശദമായ ചർച്ചയുടെ രത്ന ചുരുക്കം മാത്രം ഇവിടെ സൂചിപ്പിക്കട്ടെ,,

### രത്ന ചുരുക്കം:

സ്ത്രീകൾക്ക് സ്വർണ്ണ മോതിരം, അതുപോലുള്ള വളയങ്ങൾ നിഷിദ്ധമാണെന്ന ഹദീസുകൾ ദുർബ്ബലപ്പെടു ത്തിയിട്ടുണ്ടെന്ന വാദത്തിന്

---

[21] ഇതിൻെറ വിശദീകരണത്തിൽ അൽബാനി പറയുന്നു: ഈ ആശയത്തിന് ബലം നൽകുന്ന വേറെയും ഹദീസുകൾ നമുക്ക് കാണാവുന്നതാകുണ്, അബൂഹുറൈറ(റ)യിൽ നിന്ന് ഒരു സ്ത്രീ പറയുകയു ണ്ടായി: സ്വർണം കൊണ്ടുള്ള രണ്ട് വളകൾ?, പ്രവാ ചകൻ(ﷺ) പറഞ്ഞു: നരകത്തിൽ നിന്നുള്ള രണ്ട് വളകൾ, അവൾ പറഞ്ഞു: സ്വർണത്തിൽ നിന്നുള്ള കണ്ഠാഭരണം?, പ്രവാചകൻ (ﷺ) പറഞ്ഞു: നരകത്തിൽ നിന്നുള്ള കണ്ഠാഭരണം, അവൾ പറഞ്ഞു: സ്വർണം കൊണ്ടുള്ള രണ്ട് വളയങ്ങൾ? പ്രവാചകൻ (ﷺ) പറഞ്ഞു: നരകത്തിൽ നിന്നുള്ള രണ്ട് വളയങ്ങൾ, അവർ പറയുന്നു: അവരുടെ അടുത്ത് സ്വർണം കൊണ്ടുള്ള രണ്ട് വള കളുണ്ടായിരുന്നു അവർ അത് രണ്ടും വലിച്ചെറിഞ്ഞു, അവൾ പറഞ്ഞു: അല്ലയോ പ്രവാചകരെ, സ്ത്രീ ഭർത്താവിന് വേണ്ടി അ ണിഞ്ഞൊരുങ്ങുന്നില്ലെങ്കിൽ..." ഹദീസ് (നസാഇ, അഹ്മദ് എന്നിവർ ഉദ്ദരിച്ചത്. എന്നാൽ ഇതിൻെറ സനദിൽ അബൂസൈദ് ഉണ്ട്. അദ്ദേഹം അറിയപ്പെടാത്തവനാണെന്ന് "തക്രീബിൽ" പറഞ്ഞിട്ടുണ്ട്. വേറെയും സനദിലൂടെ വന്നത് കൊണ്ട് ഇതിൻെറ സനദ് ഹസനാണെന്ന് الترغيب എന്ന ഗ്രന്ഥത്തിൽ കാണാം.

തെളിവില്ല, മാത്രമല്ല ആ വാദം علم الأصول ന് എതിരുമാകുന്നു, ആയതിനാൽ കൂടുതൽ യോജിച്ചിട്ടുള്ളത് രണ്ട് രൂപത്തിലുള്ള തെളിവുകളെയും യോചിപ്പിക്കലാണ്, ഒരു കാര്യം (عام) മൊത്തത്തിലും അതിൽ ചിലതിനെ (خاص) പ്രത്യേകമാക്കിയും പറഞ്ഞിരിക്കു ന്നു, രണ്ട് തെളിവിൻെറയും അടിസ്ഥാനത്തിൽ നമുക്ക് മനസ്സിലാക്കുവാൻ സാധിക്കുന്നത് സ്ത്രീകൾക്ക് സ്വർണം കൊണ്ടുണ്ടാക്കിയ വളയങ്ങൾ, മോതിരം തുട ങ്ങിയവ നിഷിദ്ധവും, സ്വർണം മുറിച്ച് മുറിച്ച് ഉണ്ടാക്കിയിട്ടുള്ള ആഭരണങ്ങൾ അനുവദനീയവുമാണെ ന്നാണ്. അവർക്ക് സ്വർണത്തിൻെറയും, വെള്ളിയുടെയും പാത്രങ്ങൾ നിഷിദ്ധ മാക്കിയത് പോലെ. അല്ലാഹുവാകുന്നു സന്മാർഗം നൽകുന്നവൻ, അവനല്ലാതെ രക്ഷിതാവില്ല.

# നാൽപത്

## ഭാര്യമാരോട് നന്മയിൽ വർത്തിക്കൽ നിർബ്ബന്ധം

തൻെറ ഭാര്യയോടുള്ള പെരുമാറ്റവും വർത്തനവും നല്ല നിലയിലാക്കൽ ഓരോ ഭർത്താവിനും അനിവാര്യ മാണ്. അത് പോലെ അല്ലാഹു അവൾക്ക് അനുവദിച്ച് കൊടുത്ത കാര്യങ്ങളിൽ അവളോടൊപ്പം ജീവിക്കലും, അവളോട് സൗമ്യമായി പെരുമാറലും നിർബ്ബന്ധമാകുന്നു, പ്രത്യേകിച്ച് അവൾക്ക് പ്രായം കുറവാണെങ്കിൽ, ഈ വിഷയത്തിൽ ഒട്ടനവധി ഹദീസുകൾ കാണാനാവു ന്നതാണ്.

١- قوله صلى الله عليه وسلم: (خيركم خيركم لأهله، وأنا خيركم لأهلي)

പ്രവാചക തിരുമേനി(ﷺ) പറയുന്നു: "നിങ്ങളിൽ ഉത്തമർ, തൻെറ വീട്ടുകാരോട് നന്മയിൽ വർത്തിക്കുന്നവരാണ്, ഞാൻ എൻെറ വീട്ട്കാരോട് നന്മയിൽ വർത്തിക്കുന്നു" (ത്വഹാവി ഉദ്ദരിച്ചത്, അത്പോലെ ഈ ഹദീസിൻെറ ആദ്യഭാഗം ഹാഖിമിലും ഉദ്ദരിച്ചിട്ടുണ്ട്).

٢- قوله صَلَّى اللهُ عَلَيْهِ وَسَلَّمَ حَجَّةَ (... أَلاَ وَاسْتَوْصُوا بِالنِّسَاءِ خَيْرًا، فَإِنَّهُنَّ عَوَانٌ عِنْدَكُمْ ، لَيْسَ تَمْلِكُونَ مِنْهُنَّ شَيْئًا غَيْرَ ذَلِكَ، إِلاَّ أَنْ يَأْتِينَ بِفَاحِشَةٍ مُبَيِّنَةٍ، فَإِنْ فَعَلْنَ فَاهْجُرُوهُنَّ فِي الْمَضَاجِعِ، وَاضْرِبُوهُنَّ ضَرْبًا غَيْرَ مُبَرِّحٍ، فَإِنْ أَطَعْنَكُمْ فَلاَ تَبْغُوا عَلَيْهِنَّ سَبِيلاً. أَلاَ إِنَّ لَكُمْ عَلَى نِسَائِكُمْ حَقًّا، وَلِنِسَائِكُمْ عَلَيْكُمْ حَقًّا، فَأَمَّا حَقُّكُمْ عَلَى نِسَائِكُمْ، فَلاَ يُوطِئْنَ فُرُشَكُمْ مَنْ تَكْرَهُونَ وَلاَ يَأْذَنَّ فِي بُيُوتِكُمْ لِمَنْ تَكْرَهُونَ، أَلاَ وَحَقُّهُنَّ عَلَيْكُمْ أَنْ تُحْسِنُوا إِلَيْهِنَّ فِي كِسْوَتِهِنَّ وَطَعَامِهِنَّ )

ഹജ്ജത്തുൽ വിദാഇൽ പ്രവാചകതിരുമേനി (ﷺ) പറയു കയുണ്ടായി: (... നിങ്ങൾ അറിയുക, നിങ്ങൾ സ്ത്രീകളെ നന്മകൊണ്ട് ഉപദേശിക്കുക, അവർ

നിങ്ങളുടെയടുത്ത് വിവാഹിതകളാകുന്നു, അതല്ലാതെ നിങ്ങൾ അവരിൽ നിന്ന് യാതൊന്നും ഉടമപ്പെടുത്തുന്നില്ല, അവരിൽ നിന്ന് വ്യക്തമായ വൃത്തികേട് വന്നാലല്ലാതെ, അവർ അങ്ങിനെ മ്ളേഛ പ്രവർത്തനം ചെയ്യുകയാണെങ്കിൽ നിങ്ങൾ അവരെ കിടപ്പറ വെടിയുക, ഉപദ്രവ മേൽക്കാത്ത രൂപത്തിൽ അവരെ അടിക്കുക, അങ്ങിനെ അവർ നിങ്ങളെ അനുസരിക്കുകയാണെങ്കിൽ യാതൊരു രൂപത്തിലും നിങ്ങൾ അവരോട് അതിക്രമം കാണിക്കരുത്. അറിയുക, നിങ്ങൾക്ക് സ്ത്രീകളോട് ചില ബാധ്യത കളുണ്ട്, സ്ത്രീകൾക്ക് നിങ്ങളോട് ചില ബാധ്യതകളും ഉണ്ട്, എന്നാൽ സ്ത്രീകളുടെ മേൽ നിങ്ങൾക്കുള്ള അവകാശം നിങ്ങളുടെ കിടപ്പറയിലേക്ക് നിങ്ങൾ വെറു ക്കുന്നവരെ പ്രവേശിപ്പിക്കാതിരിക്കുക, അത്പോലെ നിങ്ങളുടെ വീടുകളിലേക്ക് നിങ്ങൾ ഇഷ്ടപ്പെടാത്തവരെ പ്രവേശിപ്പിക്കാതിരിക്കുക എന്നതാകുന്നു, എന്നാൽ നിങ്ങളുടെമേൽ സ്ത്രീകൾക്കുള്ള അവകാശം അവർ ക്കുള്ള ഭക്ഷണവും, വസ്ത്രവും നല്ല രൂപത്തിൽ നൽകുകയെന്നുള്ളതാകുന്നു,) (തിർമിദി, ഇബ്നു മാജ എന്നിവർ ഉദ്ദരിച്ചത്).

٣- ( قَالَ رَسُولُ اللهِّ صَلَّى اللهُّ عَلَيْهِ وَسَلَّمَ لاَ يَفْرَكْ (أي: لايبغض) مُؤْمِنٌ مُؤْمِنَةً إِنْ كَرِهَ مِنْهَا خُلُقًا رَضِيَ مِنْهَا آخَرَ )

പ്രവാചകതിരുമേനി(ﷺ) പറയുന്നു: "സത്യ വിശ്വാസി, സത്യവിശ്വാസിനിയുമായി പിണങ്ങുവാൻ പാടില്ല, അവളിൽ നിന്നുള്ള ഒരു സ്വഭാവത്തെ നിങ്ങൾ വെറുത്താൽ, മറ്റു കുറെ സ്വഭാവങ്ങൾ നിങ്ങളെ തൃപ്തപ്പെടുത്തും" (മുസ്ലിം അബൂഹുറൈറയിൽ നിന്ന് ഉദ്ദരിച്ച ഹദീസ്).

٤- ( قَالَ رَسُولُ اللهِّ صَلَّى اللهُّ عَلَيْهِ وَسَلَّمَ :أَكْمَلُ الْمُؤْمِنِينَ إِيمَانًا أَحْسَنُهُمْ خُلُقًا وَخِيَارُهُمْ خِيَارُهُمْ لِنِسَائِهِمْ )

പ്രവാചകതിരുമേനി(ﷺ) പറയുന്നു: "സത്യവിശ്വാസികളുടെ വിശ്വാസം പൂർണമാകുന്നത് സൽസ്വഭാവം കൊണ്ടാകുന്നു, നിങ്ങളിൽ ഉത്തമർ, തൻെറ വീട്ടുകാരോട് നല്ലനിലയിൽ വർത്തിക്കുന്നവരാകുന്നു" (തിർമിദി, അഹ്മദ് എന്നിവർ ഉദ്ദരിച്ചത്).

٥- ( عَنْ عَائِشَةَ رضي الله عنهاقالت: دَعَانِي رَسُولِ اللهِّ صَلَّى اللهُّ عَلَيْهِ وَسَلَّمَ (والحَبَشَةُ يلعبون بحرابهم في المسجد)، (في يوم عيد)، فقال لي: (يا حميراء! أتحبين أن تنظري إليهم؟ فقلت: نعم) (فأقامني وراءه) فطأطأ لي منكبيه لأنظر إليهم، (فوضعت ذقني على عاتقه، وأسندت وجهي إلى خده) فَنَظَرْتُ مِنْ فَوْقِ مَنْكِبِهِ (وفي رواية: من بين أذنه وعاتقه) (وهو يقول دونكم يا بني أرفدة) (يقول: ياعائشة! ما شبعت؟ فأقول: لا، لأنظر منزلتي عنده) حَتَّى شَبِعْتُ)

(قالت: ومن قولهم يومئذ: أباالقاسم طيبا)، وفي رواية: (حتى إذا مللت، قال حسبك؟ قلت: نعم، قال: فاذهبي)، وفي أخرى: (قلت: لا تعجل، فقام لي، ثم قال حسبك؟ قلت: لا تعجل، (ولقد

رأيته يراوح بين قدميه)، قالت: وما بي حب النظر إليهم، ولكن أحببت أن يبلغ النساء مقامه لي، وماني منه (وأنا جارية)، (فاقدروا قدر الجارية (العربة) الحديثة السن، الحريصة على اللهو)، (قالت: فطلع عمر، فتفرق الناس عنها والصبيان، فقال النبي صَلَّى اللهُ عَلَيْهِ وَسَلَّمَ: رأيت شياطين الإنس والجن فروا من عمر)، (قالت: عائشة: قال صَلَّى اللهُ عَلَيْهِ وَسَلَّمَ:يومئذ لتعلم يهود أن في ديننا فسحة))

ആഇഷാ(റ)യിൽ നിന്ന് നിവേദനം: "പ്രവാചകൻ (ﷺ) എന്നെ വിളിച്ച് കൊണ്ട് പറഞ്ഞു: (ചില എത്യോപ്യക്കാർ അവരുടെ കുന്തം കൊണ്ട് പള്ളിയിൽ കളിക്കുകയാ യിരുന്നു,) അവരുടെ കളി കാണാൻ നീ ഇഷ്ടപ്പെടു ന്നുണ്ടോ? ഞാൻ പറഞ്ഞു: അതേ, (അദ്ദേഹത്തിൻെറ പിന്നിൽ എന്നെ നിറുത്തി) കളി കാണുവാൻ വേണ്ടി എനിക്ക് പ്രവാചകൻെറ ചുമൽ താഴ്ത്തി തരുകയുണ്ടായി, (എൻെറ താടിയെല്ല് പ്രവാചകൻെറ ചുമലിൽ ഞാൻ വെച്ചു, എൻെറ മുഖത്തെ പ്രവാചക(ﷺ)ൻെറ കവിളിലേക്ക് ഞാൻ ചേർത്ത് വെച്ചു) അങ്ങിനെ പ്രവാചക(ﷺ)ൻെറ ചുമലിന് മീതെ ഞാൻ കളി കാണുകയുണ്ടായി (വേറെയൊരു റിപ്പോർട്ടിലുള്ളത് പ്രവാചക(ﷺ)ൻെറ ചുമലിൻെറയും ചെവിയുടെയും ഇടയിലൂടെ എ ന്നാകു ന്നു) (പ്രവാചകൻ(ﷺ)പറയുന്നു: അല്ലയോ എത്യേപ്യക്കാരെ, നിങ്ങൾ എന്നിൽ നിന്ന് കുറച്ച് വിട്ട് നിൽക്കുക) (പിന്നീട് എന്നോട് ചോദിച്ചു? അല്ലയോ ആഇഷാ മതിയായില്ലേ? ) അപ്പോൾ പ്രവാചകൻെറ(ﷺ) യടുത്ത് എനിക്ക് എത്രമാത്രം സ്ഥാനം ഉണ്ടെന്ന റിയുവാൻ വേണ്ടി ഞാൻ പറയു കയുണ്ടായി: ഇല്ല, അങ്ങിനെ എനിക്ക് മതിയാകുന്നത് വരെ ഞാൻ കണ്ട് കൊണ്ടിരുന്നു)

(ആഇഷാ(റ) പറയുന്നു: (അബൽ ഖാസിം(ﷺ) സൽസ്വഭാവിയായിരുന്നു) മറ്റൊരു റിപ്പോർട്ടിലുള്ളത് (എനിക്ക് മടുത്തപ്പോൾ എന്നോട് പറയുകയുണ്ടായി: നിനക്ക് തൃപ്തിയായില്ലേ? ഞാൻ പറഞ്ഞു: അതെ, എന്നാൽ നീ മടങ്ങുക,) വേറെ റിപ്പോർട്ടിൽ (ഞാൻ പറഞ്ഞു: താങ്കൾ ദൃതികൂട്ടാതിരിക്കുക, അപ്പോൾ വീണ്ടും എഴുന്നേറ്റു, പിന്നീട് ചോദിച്ചു, നിനക്ക് തൃപ്തിയായില്ലേ? ഞാൻ പറഞ്ഞു: താങ്കൾ ദൃതി കൂട്ടാതിരിക്കുക, (പ്രവാചകൻ(ﷺ) തൻെറ രണ്ട് കാലുകളിലും മാറി മാറി നിൽക്കുന്നത് ഞാൻ കണ്ടു) ആഇഷാ(റ) പറയുന്നു: എനിക്ക് കളികാണുവാനല്ലായിരുന്നു താൽപര്യം മറിച്ച് മറ്റു സ്ത്രീകളെ അപേക്ഷിച്ച് പ്രവാചക(ﷺ)ൻെറ യടുത്ത് എനിക്കുള്ള സ്ഥാനത്തൊണെന്ന് മനസ്സിലാക്കലായി രുന്നു,(ആയതിനാൽ അധികം പ്രായമില്ലാത്ത ബാലിക മാർക്ക് അവർ അർഹിക്കുന്ന പരിഗണന നൽകുക, പ്രത്യേകിച്ച് വിനോദം ഇഷ്ടപ്പെടുന്നവർക്ക്) (ആഇഷാ(റ) പറയുന്നു: അങ്ങിനെ അവിടെ ഉമർ(റ) കടന്ന് വന്നു, അവിടെ നിന്നും കുട്ടികളും, ജനങ്ങളും പിന്തിരിഞ്ഞ് പോയി, അപ്പോൾ പ്രവാചകതിരുമേനി(ﷺ) പറഞ്ഞു: (മനുഷ്യ ജിന്നുകളിൽ പെട്ട പിശാചുക്കൾ ഉമർ(റ) വിനെ കണ്ടപ്പോൾ പിന്തിരിഞ്ഞ് പോകുന്നതായി ഞാൻ കണ്ടു) ( ആഇഷാ(റ) പറയുന്നു: അപ്പോൾ പ്രവാചകതിരുമേനി(ﷺ) പറഞ്ഞു: നമ്മുടെ മതത്തിൽ വിശാലതയുണ്ടെന്ന് ജൂതന്മാർ മനസ്സിലാക്കുവാൻ വേണ്ടി)" (ബുഖാരി, മുസ്ലിം, നസാഇ, ത്വയാലിസി, അഹ്മദ് എന്നിവർ ഉദ്ദരിച്ചത്).

٦- ( عَنْ عَائِشَةَ رَضِي اللَّهُ عَنْهَا :قَالَتْ قَدِمَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ مِنْ غَزْوَةِ تَبُوكَ أَوْ خَيْبَرَ، وَفِي سَهْوَتِهَا سِتْرٌ ، فَهَبَّتْ رِيحٌ، فَكَشَفَتْ نَاحِيَةَ السِّتْرِ عَنْ بَنَاتٍ لِعَائِشَةَ لُعَبٍ، فَقَالَ: مَا هَذَا يَا عَائِشَةُ؟ قَالَتْ: بَنَاتِي، وَرَأَى بَيْنَهُنَّ فَرَسًا لَهُ جَنَاحَانِ مِنْ رِقَاعٍ، فَقَالَ: مَا هَذَا الَّذِي أَرَى وَسْطَهُنَّ؟ قَالَتْ: فَرَسٌ، قَالَ: وَمَا هَذَا الَّذِي عَلَيْهِ ؟ قَالَتْ: جَنَاحَانِ ،قَالَ: فَرَسٌ لَهُ جَنَاحَانِ؟ قَالَتْ: أَمَا سَمِعْتَ أَنَّ لِسُلَيْمَانَ خَيْلاً لها أَجْنِحَةٌ ؟قَالَتْ: فَضَحِكَ حَتَّى رَأَيْتُ نَوَاجِذَهُ)

ആഇഷാ(റ)ൽ നിന്ന് നിവേദനം: "ഖൈബർ യുദ്ധത്തിൽ നിന്നോ, തബൂക്ക് യുദ്ധത്തിൽ നിന്നോ പ്രവാചകൻ(ﷺ) മടങ്ങിവന്ന സന്ദർഭത്തിൽ വീടിൻെറ ഉപരിഭാഗത്തിൽ തൂക്കിയിട്ട വിരി കാറ്റിൽ പറന്ന്പോയി, ആ സമയത്ത് ആഇഷാ(റ) കളിക്കാറുണ്ടായിരുന്ന കളിപ്പാവകൾ കാണാനിടയായി, അപ്പോൾ ചോദിക്കപ്പെട്ടു ഇ തെന്താകുന്നു? ആഇഷാ(റ) പറഞ്ഞു: അതെൻെറ കളിപ്പാട്ടങ്ങളാണ്, അവക്കിടയിൽ തോൽ കൊണ്ട് നിർ മ്മിക്കപ്പെട്ട രണ്ട് ചിറകുള്ള കുതിരയുണ്ടായിരുന്നു, പ്രവാചകൻ(ﷺ) ചോദിച്ചു: ആ മധ്യത്തിൽ കാണുന്നതെ ന്താകുന്നു? ആഇഷാ(റ) പറഞ്ഞു: കുതിര. എന്താണതിൻെറ പുറത്ത്? ആഇഷാ(റ) പറഞ്ഞു: രണ്ട് ചിറകുകൾ, പ്രവാചകൻ(ﷺ) പറയുകയുണ്ടായി: രണ്ട് ചിറകുകളുള്ള കുതിരയോ? ആഇഷാ(റ) പറഞ്ഞു: (താങ്കൾ സുലൈമാൻ നബിക്ക് ചിറകുകളുള്ള കുതിരുയുണ്ടായിരുന്നുവെന്ന് കേട്ടിട്ടില്ലേ? ആഇഷാ(റ) പറയുന്നു: പ്രവാചക (ﷺ) അദ്ദേഹത്തിൻെറ പല്ലുകൾ വെളിവാകുന്നത് വരെ ചിരിക്കുകയുണ്ടായി" (അബൂദാവൂദ്, നസാഇ എന്നിവർ ശരിയായ സനദിലൂടെ ഉദ്ദരിച്ചത്).

٧- ( عَنْ عَائِشَةَ قَالَتْ : أنها كانت مع رسول الله صَلَّى اللَّهُ عَلَيْهِ وَسَلَّمَ فِي سَفَرٍ وَهِي جَارِيَةٌ (قالت:لَمْ أَحْمِلِ اللَّحْمَ، وَلَمْ أَبْدُنْ) فَقَالَ لأصحابه: تَقَدَّمُوا( فَتَقَدَّمُوا)، ثُمَّ قَالَ: لِي تَعَالَيْ أُسَابِقَكِ فَسَابَقْتُهُ فَسَبَقْتُهُ على رجلي، فلما كان بعد، خرجت معه في سفر، فَقَالَ لأصحابه: : تَقَدَّمُوا ثُمَّ قَالَ: تَعَالَيْ أُسَابِقَكِ ونسيت الذي كان، وقد حملت اللحم، (وبدنت)، فقلت: كيف أسابقك يا رسول الله وأنا على هذه الحال؟ فقال: لتفعلن، فَسَابَقْتُهُ فَسَبَقَنِي فـ(جَعَلَ يَضْحَكُ، و)قال: هذه بِتِلْكَ السبقة)

ആഇഷാ(റ)യിൽ നിന്ന് നിവേദനം: "ആഇഷാ(റ) പ്രവാചക (ﷺ)ൻെറ കൂടെ ഒരു യാത്രയിലായിരുന്നു ആ സമയം ആഇഷാ(റ) ബാലികയായിരുന്നു, (ആഇഷാ(റ) പറയുന്നു ആ സന്ദർഭത്തിൽ ഞാൻ തടിയൊന്നും ഇല്ലാത്ത ചെറിയ ബാലികയായിരുന്നു) പ്രവാചകൻ(ﷺ) തൻെറ അനുചര ന്മാരോട് പറഞ്ഞു: നിങ്ങൾ കുറച്ച് ദൂരെ പോകുക, അവർ ദൂരെ പോയി, എന്നിട്ട് എന്നോട് പറയുക യുണ്ടായി: ഓട്ട മൽസരത്തിന് വന്നാലും, അങ്ങിനെ ഞങ്ങൾ മൽസരിക്കുകയും, ഞാൻ വിജയിക്കുകയും ചെയ്തു. കുറച്ച് നാളുകൾക്ക് ശേഷം ഞങ്ങൾ ഒരു യാത്രയിലായിരിക്കേ പ്രവാചകൻ(ﷺ)

വീണ്ടും മൽസരത്തിന് ക്ഷണിച്ചു, മുൻകഴിഞ്ഞ സംഭവം ഞാൻ മറന്നിരുന്നു, അപ്പോഴേക്കും ഞാൻ തടി കൂടിയിരുന്നു, (ആഇഷാ(റ) പറഞ്ഞു: ഈ അവസ്ഥയിൽ ഞാനെങ്ങനെ താങ്കളെ അതിജയിക്കും? പ്രവാചകൻ(ﷺ) പറയുകയുണ്ടായി: മൽസരിക്കണം, അങ്ങിനെ മൽസരം നടന്നു, പ്രവാചകൻ (ﷺ)വിജയിക്കുകയും ചെയ്തു. പ്രവാചകൻ (ﷺ) തിരുമേനി ചിരിച്ച് കൊണ്ട് പറഞ്ഞു: ഇത് മുൻകഴി ഞ്ഞതിന് പകരമാകുന്നു" (അബൂദാവൂദ്, നിസാഇ (ഇശ്റതു ന്നിസാഅ്) അഹ്മദ്, ത്വബറാനി, ഇബ്നുമാജ എന്നിവർ ഉദ്ദരിച്ചത്).

٨- ( عَنْ عَائِشَةَ قَالَتْ: إِنْ كَانَ رَسُولُ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ لَيُؤْتَى بِالإِنَاءِ، فَأَشْرَبُ مِنْهُ وَأَنَا حَائِضٌ ، ثُمَّ يَأْخُذُهُ فَيَضَعُ فَاهُ عَلَى مَوْضِعِ فِيَّ ، وَإِنْ كُنْتُ لآخُذُ الْعَرْقَ فَآكُلُ مِنْهُ، ثُمَّ يَأْخُذُهُ فَيَضَعُ فَاهُ عَلَى مَوْضِعِ فِيَّ)

ആഇഷാ(റ)വിൽ നിന്ന് നിവേദനം: "പ്രവാചകതിരുമേനി(ﷺ) എന്തെങ്കിലും കുടിക്കുവാൻ കൊണ്ട് വന്നാൽ ഞാൻ ആർത്തവകാരിയായിരിക്കേ അതിൽ നിന്ന് കുടിക്കും, പിന്നീട്ട് പ്രവാചകൻ(ﷺ) എൻെറ വായ വെച്ച സ്ഥലത്ത് തൻെറ വായ വെച്ച് കുടിക്കുകയും ചെയ്യും, അത്പോലെ ഞാൻ മാംസം (ഭൂരിഭാഗം മാംസവും എടുത്ത എല്ലുകൾക്കാണ് (العــرْق) എന്ന് പറയുന്നത്) ഭക്ഷിച്ചാൽ ആ മാംസത്തിൻെറ ബാക്കി ഭാഗം എൻെറ വായവെച്ച സ്ഥല ത്ത് തന്നെ പ്രവാചകതിരുമേനി(ﷺ) തൻെറ വായ വെച്ച് ഭക്ഷിക്കുമായിരുന്നു" (മുസ്ലിം, അഹ്മദ്).

٩- (عن جابر بن عبد الله، وجابر بن عمير، قالا: قال رسول الله (ﷺ) ( كل شيئ ليس فيه ذكر الله، وهو (لغو) وسهو ولعب، إلا أربع (خصال): ملاعبة الرجل امرأته، وتأديب الرجل فرسه، ومشيه بين الغرضين، وتعليم الرجل السباحة)

ജാബിറുബ്നു അബ്ദില്ലായിൽ നിന്നും, ജാബിറുബ്നു ഉമൈറിൽ നിന്നും നിവേദനം: "പ്രവാചക തിരുമേനി(ﷺ) പറയുന്നു: (അല്ലാഹുവിനെ സ്മരിക്കാത്ത ഏത് കാര്യവും കളിയും തമാശയും ആകുന്നു, നാല് കാര്യങ്ങൾ ഒഴിച്ച്: ഒരാൾ തൻെറ ഭാര്യയുമായി സല്ലാപിക്കുന്നതും, തൻെറ കുതിരയെ പരിശീലിപ്പിക്കുന്നതും, രണ്ട് ലക്ഷ്യങ്ങക്കിട യിൽ നടക്കുന്നവനും, ഒരാൾ നീന്തൽ പഠിക്കുന്നതും ഒഴിച്ച്" (ഇമാം നസാഇ തൻെറ ഹിഷ്റത്തു ന്നിസാഇൽ ഉദ്ധരിച്ചത്).

# നാൽപത്തിയൊന്ന്

## ദമ്പതിമാർക്കുള്ള ഒസ്യത്ത്

അവസാനമായി ഭാര്യഭർത്താക്കർക്ക് ചില ഒസ്യത്തുകൾ നൽകുന്നു:

ഒന്ന്:

അല്ലാഹുവിനെ സൂക്ഷിക്കുവാനും, അനുസരിക്കുവാനും പരസ്പരം ഉപദേശിക്കുക, വിശുദ്ധ ഖുർആനിലും, പ്രവാചക ചര്യയിലും സ്ഥിരപ്പെട്ട കാര്യങ്ങൾ പരമാവധി ജീവിതത്തിൽ പകർത്തുവാൻ ശ്രമിക്കുക, ഈ പ്രമാണ ങ്ങൾക്കെതിരിൽ ഒരു മദ്ഹബിനെയും, ഒരു ചര്യയേയും, നാട്ടാചാരത്തേയും മുന്തിപ്പിക്കാതിരിക്കുക, അല്ലാഹു പറയുന്നു:

(وَمَا كَانَ لِمُؤْمِنٍ وَلاَ مُؤْمِنَةٍ إِذَا قَضَى اللهُ وَرَسُولُهُ أَمْرًا أَنْ يَكُونَ لَهُمْ الْخِيَرَةُ مِنْ أَمْرِهِمْ وَمَنْ يَعْصِ اللهَ وَرَسُولَهُ فَقَدْ ضَلَّ ضَلاَلاً مُبِينًا) (سورة الأحزاب:٣٦ )

"അല്ലാഹുവും അവൻെറ റസൂലും ഒരു കാര്യത്തിൽ തിരുമാനമെടുത്തു കഴിഞ്ഞാൽ സത്യവിശ്വാസിയായ ഒരു പുരുഷനാകട്ടെ സ്ത്രീയാകട്ടെ, തങ്ങളുടെ കാര്യത്തെ സംബന്ധിച്ച് സ്വതന്ത്രമായ അഭിപ്രായം ഉണ്ടായിരി ക്കാവുന്നതല്ല. വല്ലവനും അല്ലാഹുവിനെയും അവൻെറ ദൂതനെയും ധിക്കരിക്കുന്നപക്ഷം അവൻ വ്യക്തമായ നിലയിൽ വഴിപിഴച്ചു പോയിരിക്കുന്നു"( അഹ്സാബ് - 36)

<u>രണ്ട്:</u>

ദമ്പതിമാർക്ക് അല്ലാഹു നിയമമാക്കിയിട്ടുള്ള ബാധ്യത കൾ പരസ്പരം അങ്ങോട്ടുമിങ്ങോട്ടും നിർവ്വഹിക്കേണ്ടതാ കുന്നു, ഒരു ഭാര്യക്കും തന്നെ എല്ലാ കാര്യങ്ങളിലും തൻെറ ഭർത്താവിൻെറ അതേ അധികാരം വേണമെന്ന് ആവശ്യപ്പെടാവുന്നതല്ല, അതോടൊപ്പം തന്നെ പുരുഷൻ തനിക്ക് അല്ലാഹു നൽകിയ അധികാരം ദുരുപയോ ഗപ്പെടുത്തി അവളെ അക്രമിക്കുവാനും, അനുവദനീയ മായ രൂപത്തിലല്ലാതെ അടിക്കുവാനും പാടില്ലാത്തതാണ്. അല്ലാഹു പറയുന്നു:

(وَلَهُنَّ مِثْلُ الَّذِي عَلَيْهِنَّ بِالْمَعْرُوفِ وَلِلرِّجَالِ عَلَيْهِنَّ دَرَجَةٌ وَاللهُ عَزِيزٌ حَكِيمٌ ) (سورة البقرة : ٢٢٨)

"സ്ത്രീകൾക്ക് (ഭർത്താക്കന്മാരോട്) ബാധ്യതകൾ ഉള്ളത്പോലെ തന്നെ ന്യായപ്രാകാരം അവർക്ക് അവകാശങ്ങൾ കിട്ടേണ്ടതുണ്ട്. എന്നാൽ പുരുഷന്മാർക്ക് അവരെക്കാളുപരി ഒരു പദവിയുണ്ട്. അല്ലാഹു പ്രതാപശാ ലിയും യുക്തിമാനുമാകുന്നു" ( അൽ ബഖറ - 228)

(الرِّجَالُ قَوَّامُونَ عَلَى النِّسَاءِ بِمَا فَضَّلَ اللهُ بَعْضَهُمْ عَلَى بَعْضٍ وَبِمَا أَنفَقُوا مِنْ أَمْوَالِهِمْ فَالصَّالِحَاتُ قَانِتَاتٌ حَافِظَاتٌ لِلْغَيْبِ بِمَا حَفِظَ اللهُ وَاللاَّتِي تَخَافُونَ نُشُوزَهُنَّ فَعِظُوهُنَّ وَاهْجُرُوهُنَّ فِي الْمَضَاجِعِ وَاضْرِبُوهُنَّ فَإِنْ أَطَعْنَكُمْ فَلاَ تَبْغُوا عَلَيْهِنَّ سَبِيلاً إِنَّ اللهَ كَانَ عَلِيًّا كَبِيرًا) (سورة النساء- ٣٤)

"പുരുഷന്മാർ സ്ത്രീകളുടെമേൽ നിയന്ത്രണാധികാര മുള്ളവരാകുന്നു. മനുഷ്യരിൽ ഒരു വിഭാഗത്തിന് മറു വിഭാഗത്തേക്കാൾ അല്ലാഹു കൂടുതൽ കഴിവ് നൽകിയത് കൊണ്ടും, (പുരുഷന്മാർ) അവരുടെ ധനം ചിലവഴിച്ച ത്കൊണ്ടുമാണത്, അതിനാൽ നല്ല വരായ സ്ത്രീകൾ അനുസരണശീലമുള്ളവരും, അല്ലാഹു സംരക്ഷിച്ചപ്രകാരം (പുരുഷന്മാരുടെ)

അഭാവത്തിൽ (സംരക്ഷിക്കേണ്ടതെല്ലാം) സംരക്ഷിക്കുന്നവരുമാണ്. എന്നാൽ അനുസരണക്കേട് കാണിക്കുമെന്ന് നിങ്ങൾ ആശങ്കിക്കുന്ന സ്ത്രീകളെ നിങ്ങൾ ഉപദേശിക്കുക. കിടപ്പറകളിൽ അവരുമായി അകന്ന് നിൽക്കുക. അവരെ അടിക്കുകയും ചെയ്തുകൊ ള്ളുക. എന്നിട്ടവർ നിങ്ങളെ അനുസരിക്കുന്ന പക്ഷം പിന്നെ നിങ്ങൾ അവർക്കെതിരിൽ ഒരു മാർഗ്ഗവും തേടരുത്. തീർച്ചയായും അല്ലാഹു ഉന്നതനും മഹാനുമാകുന്നു" (നിസാഅ് - 36).

(وقد قَالَ مُعَاوِيَةَ بن حيدة رضي الله عنه: يَا رَسُولَ اللهَّ !مَا حَقُّ زَوْجِ أَحَدِنَا عَلَيْهِ؟ قَالَ: أن تُطْعِمُهَا إِذَاطعمتَ ،وَتَكْسُوهَا إِذَا اكْتَسَيْتَ، وَلَا تُقَبِّحْ الْوَجْهَ، وَلاَ تَضْرِبِ، ( وَلاَ تَهْجُرْ إِلاَّ فِي الْبَيْتِ، كيف وقد أفضي بعضكم إلى بعض، إلا بما حل عليهن)

മുആവിയബ്നു ഹൈദ(റ) പറയുന്നു: "അല്ലയോ പ്രവാചകരെ, ഭാര്യയോട് ഞങ്ങൾക്കുള്ള കടമകൾ എന്തെല്ലാമാകുന്നു? പ്രവാചകൻ(ﷺ) പറഞ്ഞു: (നീ ഭക്ഷണം കഴിക്കുകയാണെങ്കിൽ അവളെയും ഭക്ഷിപ്പിക്കുക, നീ ഉടുക്കുകയാണെങ്കിൽ അവളെയും ഉടുപ്പിക്കുക, അവളുടെ മുഖത്തെ ശപിക്കരുത്, അവളുടെ മുഖത്തടിക്കരുത്, (വീട്ടിലല്ലാതെ അവളെ നീ വെടിയരുത്, എങ്ങിനെ യാണത് ചെയ്യുക കാരണം നിങ്ങൾ പരസ്പരം ബന്ധ പ്പെടുകയും, ആസ്വദിക്കുകയും ചെയ്യുന്നുണ്ടല്ലോ - എന്നാൽ അത് ആവശ്യമായി വന്നാൽ ഒഴിച്ച് - അതായത് അവൾ നിന്നെ ധിക്കരിക്കുകയാണെങ്കിൽ നിനക്കവളെ അടിക്കാം, കിടപ്പറ വെടിയാം" (അബൂദാവൂദ്, ഹാകിം, അഹ്മദ് എന്നിവർ ഉദ്ധരിച്ചത്).

(قال صَلَّى اللهَّ عَلَيْهِ وَسَلَّمَ: الْمُقْسِطُونَ عِنْدَ اللهَّ يَوْمَ الْقِيَامَةِ عَلَى مَنَابِرَ مِنْ نُورٍ عَنْ يَمِينِ الرَّحْمَنِ عَزَّ وَجَلَّ- وَكِلْتَا يَدَيْهِ يَمِينٌ- الَّذِينَ يَعْدِلُونَ فِي حُكْمِهِمْ وَأَهْلِيهِمْ وَمَا وَلُوا )

പ്രവാചകൻ(ﷺ) പറയുന്നു: "തൻെറ കീഴിലുള്ളവരോടും, വീട്ടുകാരോടും നീതിയോട് വർത്തിക്കുന്നവർ പരലോകത്ത് അവരുടെ നീതി കാരണം അല്ലാഹുവിൻെറ - അല്ലാഹുവിൻെറ രണ്ട് കൈകളും വലത് കൈ ആകുന്നു- വലത് ഭാഗത്ത് മിമ്പറുകളിൽ പ്രകാശത്താലായിരിക്കുന്ന താണ്" (മുസ്ലിം ഉദ്ദരിച്ചത്).

ഭാര്യഭർത്താക്കന്മാർ ഈ കാര്യങ്ങളെല്ലാം മനസ്സിലാ ക്കുകയും, അതിനനസുരിച്ച് പ്രവർത്തിക്കുകയും ചെയ്താൽ അല്ലാഹു അവരെ നല്ല രൂപത്തിൽ ജീവിപ്പിക്കുന്നതാണ്. അങ്ങിനെ ശാന്തിയോടും, സമാധാന ത്തോടും കൂടി അവർ ജീവിക്കുന്നു. അല്ലാഹു പറയുന്നു:

( مَنْ عَمِلَ صَالِحًا مِنْ ذَكَرٍ أَوْ أُنثَى وَهُوَ مُؤْمِنٌ فَلَنُحْيِيَنَّهُ حَيَاةً طَيِّبَةً وَلَنَجْزِيَنَّهُمْ أَجْرَهُمْ بِأَحْسَنِ مَا كَانُوا يَعْمَلُونَ) (سورة النحل:٩٧ )

"ഏതൊരു ആണോ പെണ്ണോ സത്യവിശ്വാസിയായി കൊണ്ട് സൽകർമ്മം പ്രവർത്തിക്കുന്നപക്ഷം നല്ലൊരു ജീവിതം തീർച്ചയായും ആ വ്യക്തിക്ക് നാം നൽകുന്ന താണ്. അവർ പ്രവർത്തിച്ച് കൊണ്ടിരുന്നതിൽ ഏറ്റവും ഉത്തമമായതിന് അനുസൃതമായി അവർക്കുള്ള പ്രതിഫലം തീർച്ചയായും നാം അവർക്ക് നൽകുകയും ചെയ്യും" (നഹ്ൽ - 97).

മൂന്ന്:

ഭാര്യ കഴിവിൻെറ പരമാവധി തൻെറ ഭർത്താവ് കൽപിക്കുന്ന കാര്യങ്ങൾ അനുസരിക്കേണ്ടതാണ്, ഇത് നാം മുകളിൽ വിവരിച്ച ആയത്തുകളിൽ അല്ലാഹു പുരുഷന്മാർക്ക് സ്ത്രീകളുടെ മേൽ നൽകിയിട്ടുള്ള ശ്രേഷ്ടത കൊണ്ടാകുന്നു.

(الرِّجَالُ قَوَّامُونَ عَلَى النِّسَاءِ) (പുരുഷന്മാർ സ്ത്രീകളുടെ മേൽ നിയന്ത്രണാധികാരമുള്ളവരാകുന്നു)

(وَلِلرِّجَالِ عَلَيْهِنَّ دَرَجَةٌ) (എന്നാൽ പുരുഷന്മാർക്ക് അവരെക്കാളുപരി ഒരു പദവിയുണ്ട്.)

ഈ ആശയത്തിന് കൂടുതൽ ഊന്നൽ നൽകുന്ന ഒരുപാട് ഹദീസുകൾ നമുക്ക് കാണാവുന്നതാണ്. അത്പോലെ സ്ത്രീകൾക്കുള്ള അവകാശവും, അവരുടെ ബാധ്യതയെന്തല്ലാമാണെന്നും, അവർ ഭർത്താക്കന്മാരെ അനുസരിച്ച് ജീവിച്ചാൽ അവർക്ക് ലഭിക്കുവാൻ പോകുന്ന പ്രതിഫലവും, അവരെ ധിക്കരിച്ചാൽ അവർക്ക് കിട്ടുവാൻ പോകുന്ന ശിക്ഷയെന്തെല്ലാമാണെന്നും വിവരിക്കുന്ന ഹദീസുകൾ നമുക്ക് കാണാൻ സാധിക്കും. അതിൽ ചിലത് ആധുനിക സ്ത്രീകളെ ഉണർത്തുകയെന്ന നിലക്ക് നമുക്ക് പരിശോധിക്കാം. അല്ലാഹു പറയുന്നു:

( وَذَكِّرْ فَإِنَّ الذِّكْرَى تَنفَعُ الْمُؤْمِنِينَ ) (سورة الذاريات:٥٥)

"നീ ഉൽബോധിപ്പിക്കുക. തീർച്ചയായും ഉൽബോധനം സത്യവി ശ്വാസികൾക്ക് പ്രയോജനം ചെയ്യും" (ദാരിയാത്ത്: 55)

*ഒന്ന്:*

( أَنَّ رَسُولَ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ قَالَ : لاَ يَحِلُّ لِلْمَرْأَةِ أَنْ تَصُومَ (وفي رواية: لاتصم المرأة) وَزَوْجُهَا شَاهِدٌ إِلاَّ بِإِذْنِهِ (غير رمضان) وَلاَ تَأْذَنَ فِي بَيْتِهِ إِلاَّ بِإِذْنِهِ )

പ്രവാചകൻ(ﷺ) പറയുന്നു: "ഭർത്താവ് നാട്ടിലുള്ള ഒരു സ്ത്രീക്ക് അവൻെറ അനുമതിയോടെയല്ലാതെ നോമ്പ നുഷ്ടിക്കൽ (റമളാനിൽ ഒഴിച്ച്) അനുവദനീയമല്ല, (മറ്റൊരു റിപ്പോർട്ടിൽ സ്ത്രീ നോമ്പനുഷ്ടിക്കുവാൻ പാടില്ലായെന്നാകുന്നു), അവൻെറ അനുമതികൂടാതെ വീട്ടിലേക്ക് ആർക്കും പ്രവേശനം നൽകുവാൻ പാടില്ല" (ബുഖാരി, മുസ്ലിം, അബൂദാവൂദ്, നസാഇ, അഹ്മദ് എന്നിവർ ഉദ്ധരിച്ചത്).

*രണ്ട്:*

( قَالَ قَالَ رَسُولُ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ: إِذَا دَعَا الرَّجُلُ امْرَأَتَهُ إِلَى فِرَاشِهِ فَأَبَتْ فَبَاتَ غَضْبَانَ عَلَيْهَا لَعَنَتْهَا الْمَلاَئِكَةُ حَتَّى تُصْبِحَ (وفي رواية: أو حتي ترجع، وفي أخرى: حتي يرضي عنها)

പ്രവാചകൻ(ﷺ) പറയുന്നു: "ഒരാൾ തന്റെ ഭാര്യയെ വിരിപ്പിലേക്ക് ക്ഷണിച്ചിട്ട് അവൾ അതിന് വിസമ്മതിക്കു കയും, ഭർത്താവ് അവളോട് കോപിച്ച്കൊണ്ട് കഴിച്ച് കൂട്ടുകയും ചെയ്താൽ നേരം വെളുക്കുന്നത്വരെ അവളെ മലക്കുകൾ ശപിക്കുന്നതാകുന്നു, (മറ്റു റിപ്പോർട്ടിൽ അവൾ മടങ്ങുന്നത് വരെയെന്നും, അവൻ അവളെ തൊട്ട് തൃപ്തിപ്പെടുന്നത് വരെയെന്നുമാകുന്നു)" (ബുഖാരി, മുസ്‌ലിം, അബൂദാവൂദ്, ദാരിമി, അഹ്മദ് എന്നിവർ ഉദ്ധരിച്ചത്).

***മൂന്ന്:***

(قَالَ رَسُولُ اللهَّ صَلَّى اللهَّ عَلَيْهِ وَسَلَّمَ: وَالَّذِي نَفْسُ مُحَمَّدٍ بِيَدِهِ ن لاَ تُؤَدِّي الْمَرْأَةُ حَقَّ رَبِّهَا حَتَّى تُؤَدِّيَ حَقَّ زَوْجِهَا، وَلَوْ سَأَلَهَا نَفْسَهَا وَهِيَ عَلَى قَتَبٍ لَمْ تَمْنَعْهُ(نفسها))

പ്രവാചകൻ(ﷺ) പറയുന്നു: "മുഹമ്മദിന്റെ ആത്മാവ് ആരുടെ കയ്യിലാണോ അവനെതൊട്ട് സത്യം, തന്റെ ഭർത്താവിന്റെ അവകാശം നൽകാത്തിടത്തോളം തന്റെ യജമാനന്റെ അവകാശം അവൾ നിർവ്വഹിക്കേണ്ടതില്ല, ഭർത്താവ് അവളെ ആവശ്യപ്പെട്ടാൽ അവൾ ഒട്ടകജീനി വഹിക്കുന്ന അവസരത്തിൽ പോലും തടസ്സം നിൽക്കുവാൻ പാടില്ല" (ഇബ്നുമാജ, അഹ്മദ്, ഇബ്നു ഹിബ്ബാൻ എന്നിവർ ഉദ്ധരിബ്ബത്).

***നാല്:***

(النَّبِيِّ صَلَّى اللهَّ عَلَيْهِ وَسَلَّمَ قَالَ: لاَ تُؤْذِي امْرَأَةٌ زَوْجَهَا فِي الدُّنْيَا إِلاَّ قَالَتْ زَوْجَتُهُ مِنَ الْحُورِ الْعِينِ: لاَ تُؤْذِيهِ قَاتَلَكِ اللهُّ فَإِنَّمَا هُوَ عِنْدَكَ دَخِيلٌ يُوشِكُ أَنْ يُفَارِقَكِ إِلَيْنَا )

പ്രവാചകൻ(ﷺ) പറയുന്നു: "ഒരു സ്ത്രീ തന്റെ ഭർത്താവിനെ ബുദ്ധിമുട്ടിപ്പിക്കുമ്പോഴെക്കെയും അവന്റെ (حور العين) സ്വർഗ സുന്ദരികൾ പറയും: നീ അവനെ ബുദ്ധിമുട്ടിപ്പിക്കരുത്, അല്ലാഹു നിന്നെ വധിക്കട്ടെ, തീർച്ച യായും അവൻ നിന്റെയടുത്ത് അഥിതിയാകുന്നു, അവൻ നിന്റെയടുത്ത് നിന്ന് ഞങ്ങളുടെയടുത്തേക്ക് വരാറാ യിട്ടുണ്ട്" (തിർമിദി, ഇബ്നുമാജ എന്നിവർ ഉദ്ധരിച്ചത്).

***അഞ്ച്:***

( عَنْ حُصَيْنِ بْنِ مِحْصَنٍ قال:حدثتني عَمَّتي قالت: أَتَتِ النَّبِيَّ صَلَّى اللهَّ عَلَيْهِ وَسَلَّمَ فِيبعض الحَاجَةِ، فقال: أي هذه! أَذَاتُ بعل؟ قلت: نَعَمْ ، قال: كَيْفَ أَنْتِ لَهُ؟ قَالَتْ: مَا آلُوهُ، إِلاَّ مَا عَجَزْتُ عَنْهُ، قَالَ : (فانْظُرِي) أَيْنَ أَنْتِ مِنْهُ؟ فَإِنَّهُ جَنَّتُكِ وَنَارُكِ)

ഹുസൈനിബ്നു മുഹ്സ്വിനിൽ നിന്ന് നിവേദനം: എന്നോട് എന്റെ എളാമ പറഞ്ഞു: "ചില ആവശ്യങ്ങൾക്ക് വേണ്ടി ഞാൻ പ്രവാചക(ﷺ) ന്റെയടുത്ത് വന്നു, അപ്പോൾ എന്നോട് ചോദിച്ചു: നിനക്ക് ഭർത്താവുണ്ടോ? ഞാൻ പറഞ്ഞു: അതെ, പ്രവാചകതിരുമേനി(ﷺ) ചോദിച്ചു നീ എങ്ങിനെ അദ്ദേഹത്തോട് പെരുമാറുന്നു? അവൾ പറഞ്ഞു: ഞാൻ അയാളെ അനുസരിക്കുന്നതിലും, സേവനം ചെയ്യുന്നതിലും കുറവ് വരുത്താറില്ല, എനിക്ക് അതിന് കഴിയാതിരിക്കുമ്പോഴല്ലാതെ, പ്രവാചകതിരുമേനി (ﷺ) പറയുകയുണ്ടായി: നീ (നീ ശ്രദ്ധിക്കുക) നീ അദ്ധേഹത്തിന് സേവനം ചെയ്യുന്നതിൽ എന്ത്കൊണ്ട്

കുറവ് വരുത്തുന്നു? തീർച്ചയായും അവൻ നിൻെറ സ്വർഗവും നരകവുമാകുന്നു" (ഇബ്നു അബീ ശൈബ, ഇബ്നു സഅ്ദ്, നസാഇ ഹിശ്റത്തു ന്നിസാഇൽ, അഹ്മദ്, ത്വബറാനി എന്നിവർ ഉദ്ദരിച്ചത്).

*ആറ്:*

( قَالَ رَسُولُ اللهَّ صَلَّى اللهَّ عَلَيْهِ وَسَلَّمَ :إِذَا صَلَّتِ المَرْأَةُ خَمْسَهَا وحصنت فَرْجَهَا، وَأَطَاعَتْ بعلها، دخلت مِنْ أَيِّ أَبْوَابِ الجَنَّةِ شاءتْ)

പ്രവാചകൻ(ﷺ) പറയുന്നു: "ഒരു സ്ത്രീ അഞ്ച് നേരം നമസ്കരിക്കുകയും, ഗുഹ്യാവയവം സൂക്ഷിക്കുകയും, തൻെറ ഭർത്താവിനെ അനുസരിക്കുകയും ചെയ്താൽ അവൾക്ക് സ്വർഗത്തിലേക്ക് അവൾ ഉദ്ദേശിക്കുന്ന കവാടത്തിലൂടെ പ്രവേശിക്കാവുന്ന താകുന്നു" (ത്വബറാനി, ഇബ്നുഹിബ്ബാൻ, അഹ്മദ് എന്നിവർ ഉദ്ധരിച്ചത്).

## ഭർത്താവിന്
## സേവനം ചെയ്യൽ ഭാര്യക്ക് നിർബ്ബന്ധം

അൽബാനി പറയുന്നു: നാം മുകളിൽ ഉദ്ധരിച്ച ഹദീസു കളുടെ വെളിച്ചത്തിൽ ഒരു സ്ത്രീക്ക് തൻെറ ഭർത്താവിന് തൻെറ കഴിവിനനുസരിച്ച് സേവനം ചെയ്ത് കൊടുക്കൽ അനി വാര്യമാകുന്നു, ഇതിൽ ഒന്നാമതായി വരുന്നത് വീട്ട്ജോലികളും, സന്താന പരിപാലനവും അതുപോലുള്ള മറ്റു പ്രവർത്തനങ്ങളുമാണെന്നുള്ളതിൽ യാതൊരു സംശയവുമില്ല. എന്നാൽ പണ്ഡിതന്മാർ ഇതിൽ ഭിന്നാഭിപ്രായക്കാരാകുന്നു.

ശൈഖുൽ ഇസ്ലാം ഇബ്നു തീമിയ്യ: തൻെറ ഫതാവ - 2/234-235- ൽ പറയുന്നു:

(വീട് വൃത്തിയാക്കുക, ഭക്ഷണ പാനീയമുണ്ടാക്കുക, റൊട്ടിയുണ്ടാക്കുവാൻ ധാന്യം പൊടിക്കുക, അടിമകൾക്കും, മൃഗങ്ങൾക്കും ഭക്ഷണമുണ്ടാക്കുക, അവർക്ക് തീറ്റകൊടു ക്കുക പോലെയുള്ള പ്രവർത്തികൾ ഒരു ഭാര്യ ചെയ്യേണ്ട തുണ്ടോ? എന്ന കാര്യത്തിൽ പണ്ഡിതന്മാർക്കിടയിൽ ചർച്ചയുണ്ട്.

ഒരു വിഭാഗം പറയുന്നു: സേവനം ചെയ്യൽ അവളുടെ മേൽ നിർബ്ബന്ധമില്ല. എന്നാൽ ഈ അഭിപ്രായം, ഭാര്യയുമായി ബന്ധപ്പെടുക, അവളുമായി നല്ലനിലയിൽ വർത്തിക്കുക പോലെയുള്ള കാര്യങ്ങൾ ഭർത്താവിൻെറ മേൽ ഭാധ്യതയില്ലെന്ന് പറയുന്നത് പോലെ യുള്ള ബലഹീനമായ അഭിപ്രായം പോലെ തന്നെയാണ്. മറിച്ച് യാത്രയിലെ കൂട്ടുകാരനെ പോലെ തന്നെയാണ് വീട്ടിലെ ഇണയും, അവന്ന് നന്മ വരുന്ന കാര്യത്തിൽ സഹായിക്കുന്നില്ലായെങ്കിൽ നന്മയിൽ വർത്തിക്കുന്നവരാകുകയില്ല.

മറ്റൊരു അഭിപ്രായം: -ഈ അഭിപ്രായമാണ് ശരി- തൻെറ ഇണയായ ഭർത്താവനി സേവനം ചെയ്യൽ അവൾക്ക് നിർബന്ധമാകുന്നു. കാരണം അല്ലാഹുവിൻെറ ഗ്രന്ഥത്തിൽ ഭർത്താവ് അവളുടെ നേതാവാകുന്നു, പ്രവാചകൻെറ ചര്യ പ്രകാരം അവൾ അവൻെറയടുത്ത് ഇണയുമാകുന്നു, ഇണയുടെയും, അടിമയുടെയും മേൽ ബാധ്യതയായ കാര്യമാണ് തൻെറ യജമാനനെ സഹായിക്കൽ എന്നുള്ളത്. ചിലയാളുകൾ പറയുന്നത് ചെറിയ ചെറിയ സേവനങ്ങളെല്ലാം ചെയ്യൽ അനിവാര്യ മാകുന്നുവെന്നാകുന്നു. മറ്റു

ചിലർ പറയുന്നത് നന്മയിൽ സേവനം ചെയ്യൽ നിർബന്ധമാകുന്നുവെന്നാണ്. ഇതാണ് ശരിയായ അഭിപ്രായം. ഭാര്യയുടെമേൽ ഭർത്താവിന് ഗുണകരമായ രൂപത്തിലും, തന്റെ അവസ്ഥക്കനുസരിച്ചും സേവനം ചെയ്യൽ അനിവാര്യമാണ്. അവസ്ഥകൾക്ക നുസരിച്ച് സേവനത്തിന്റെയവസ്ഥയും മാറുന്നു, ഒരു നാട്ടിൻ പുറത്ത് താമസിക്കുന്നവരുടെയും, പട്ടണത്തിൽ താമസിക്കുന്നവരുടെയും അവസ്ഥ ഒരു പൊലെയല്ല, ആരോഗ്യമുള്ള സ്ത്രീയുടെയും, ആരോഗ്യമില്ലാത്തവ ളുടെയും സേവനം ഒരുപോലെയാകുകയില്ല)

അൽബാനി പറയുന്നു: ഈ അഭിപ്രായമാകുന്നു ശരിയായത് إن شــاء الله , സ്ത്രീ വീട്ടുവേല ചെയ്യൽ നിർബ്ബന്ധമാകുന്നു. ഇത് തന്നെയാണ് ഇമാം മാലിക് ഉറപ്പിച്ച് പറയുന്ന അഭിപ്രായവും. ഇത് ഫത്ഉൽ ബാരിയിൽ 9/418ൽ നമുക്ക് കാണാവുന്നതാണ്. അബീബക്കർ ബ്നു അബീശൈബ, ഹമ്പലി മദ്ഹബിൽ പെട്ട ജൂസ്ജാനി (الاختيارات ١٤٥ ) ആധുനികവും, പൗരാണികരു മായിട്ടുള്ള പണ്ഡിതന്മാരിൽ ചിലരും ഈ അഭിപ്രായക്കാരാകുന്നു (സാദുൽ മആദ് - 4/46). സ്ത്രീക്ക് ഭർത്താവിനെ സേവിക്കൽ നിർബ്ബന്ധമില്ലെന്ന് വാദിക്കുന്നവർക്ക് ശരിയായ തെളിവു ള്ളതായിട്ട് നാം കണ്ടിട്ടില്ല.

ചിലർ പറയുന്നു: നിക്കാഹ് ചെയ്യുന്നത് ആസ്വദി ക്കുവാ നാകുന്നു, അതല്ലാതെ സേവനം ചെയ്യിക്കുവാനല്ല) എന്നാൽ ഈ അഭിപ്രായം തള്ളപ്പെടേണ്ടതാണ്, കാരണം സ്ത്രീ തന്റെ ഭർത്താവിനെ കൊണ്ടും ആസ്വദിക്കുന്നു, ഈ മേഘലയിൽ രണ്ട് പേരും ഒരു പോലെയാകുന്നു. അല്ലാഹു ഭർത്താവിന്റെ മേൽ ഇതല്ലാതെ തന്റെ ഭാര്യക്ക് ചെയ്ത് കൊടുക്കേണ്ട ചില കാര്യ ങ്ങൾകൂടി നിർബ്ബന്ധമാക്കിയിട്ടുണ്ട്, അത് അവളുടെ ഭക്ഷണവും, വസ്ത്രവും, പാർപ്പിടവുമാകുന്നു. ഇതിന് പകരമായി ഭാര്യ തന്റെ ഭർത്താവിന് സേവനം ചെയ്ത്കൊടുക്കുക യെന്നത് നീതിയുടെ വരുതിയിൽ വരുന്നതാണ്. പ്രത്യേകിച്ച് ഖുർആൻ പറയുന്നത് ഭർത്താവ് അവളുടെ നിയന്ത്രണാധികാരമുള്ള വനാകുന്നുവെന്നാണ്. അവൾ ഭർത്താവിന് സേവനം ചെയ്യുന്നില്ലെങ്കിൽ ഭർത്താവ് അവളുടെ വീട്ടിൽ അവൾക്ക് സേവനം ചെയ്യാൻ നിർബ്ബന്ധിതനാകും, ഇത് ഭാര്യയെ ഭർത്താവിന്റെ മേ ൽ നിയന്ത്രണാധികാരമുള്ളവളാക്കുകയാണ്. അപ്പോഴത് വിശുദ്ധഖുർആനിന് എതിരുമായിവരുന്നുമെന്നതിൽ യാതൊരു സംശയവുമില്ല. ആയതിനാൽ അവൾ ഭർത്താവിന് സേവനം ചെയ്യൽ നിർബ്ബന്ധമാകുന്നു, ഇതാണ് ഇവിടെ ഉദ്ദേശിക്കുന്നത്.

ഇപ്രകാരം തന്നെ പുരുഷൻ സ്ത്രീക്ക് സേവനം ചെയ്യണമെന്നാണെങ്കിൽ വളരെ വ്യക്തമായ വിപരീത മുള്ള രണ്ട് കാര്യങ്ങൾ കടന്ന് വരുന്നു, പുരുഷൻ അവൾക്ക് സേവനം ചെയ്യണം അത്പോലെ ഉപജീവനം കണ്ടെത്തുവാനും, ഉപകാരപ്രദമായ കാര്യങ്ങൾ കരഗത മാക്കുവാനും പരിശ്രമിക്കണം, സ്ത്രീയാകട്ടെ വീട്ടിൽ ഒരു കാര്യവും ചെയ്യാൻ ബാധ്യതയില്ലാതെ ഒഴിഞ്ഞിരിക്കുകയും ചെയ്യുകയെന്നുള്ളത് ബാധ്യതയിൽ പരസ്പരം തുല്ല്യത കൽപിച്ച ഈ ശരീഅത്തിൽ കുഴപ്പമുണ്ടാക്കുന്നതാണെന്നു ള്ളതിൽ യാതൊരു സംശയവുമില്ല, ഇക്കാരണം കൊണ്ടാകുന്നു തന്റെ അടുത്ത് പരാതിയുമായി വന്ന സ്വന്തം മകളായ ഫാത്വിമ(റ)യോട് ഇങ്ങനെ പറയുവാൻ കാരണം:

( أَنَّ فَاطِمَةَ رضي الله عنها أَتَتِ النَّبِيَّ صَلَّى اللهُ عَلَيْهِ وَسَلَّمَ تَشْكُو إِلَيْهِ مَا تَلْقَى فِي يَدِهَا مِنَ الرَّحَى وَبَلَغَهَا أَنَّهُ جَاءَهُ رَقِيقٌ فَلَمْ تُصَادِفْهُ، فَذَكَرَتْ ذَلِكَ لِعَائِشَةَ فَلَمَّا جَاءَ أَخْبَرَتْهُ عَائِشَةُ قَالَ: فَجَاءَنَا وَقَدْ أَخَذْنَا مَضَاجِعَنَا، فَذَهَبْنَا نَقُومُ فَقَالَ: عَلَى مَكَانِكُمَا، فَجَاءَ فَقَعَدَ بَيْنِي وَبَيْنَهَا حَتَّى وَجَدْتُ بَرْدَ قَدَمَيْهِ عَلَى بَطْنِي فَقَالَ: أَلاَ أَدُلُّكُمَا عَلَى خَيْرٍ مِمَّا سَأَلْتُمَا إِذَا أَخَذْتُمَا مَضَاجِعَكُمَا أَوْ أَوَيْتُمَا إِلَى فِرَاشِكُمَا فَسَبِّحَا ثَلاَثًا وَثَلاَثِينَ وَاحْمَدَا ثَلاَثًا وَثَلاَثِينَ وَكَبِّرَا أَرْبَعًا وَثَلاَثِينَ فَهُوَ خَيْرٌ لَكُمَا مِنْ خَادِمٍ (قال عليٌّ: فما تركتها بعد، قيل: ولا ليلة صفين؟ قال: ولا ليلة صفين!))

"പ്രവാചക(ﷺ)ൻെറയടുത്ത് വേലക്കാരി വന്നിട്ടുണ്ടെ ന്നറിഞ്ഞപ്പോൾ ഫാത്വിമ(റ) താൻ ആസുകൽ പിടിച്ച് ക്ഷീണിച്ചിട്ടുണ്ട് അതിനാൽ തനിക്കൊരു വേലക്കാരി വേണമെന്ന് ആവലാതി ബോധിപ്പിച്ച് പിതാവായ പ്രവാചകൻെറയടുത്ത് വരുകയുണ്ടായി, പക്ഷേ, പ്രവാച കനെ(ﷺ) കണ്ടില്ല, ആഇഷാ(റ)യോട് കാര്യം പറഞ്ഞു. പ്രവാചകൻ(ﷺ) വന്നപ്പോൾ ആഇഷാ(റ) കാര്യം പറഞ്ഞു: അലി(റ) പറയുന്നു: പ്രവാചകൻ(ﷺ) ഞങ്ങളുടെ അടുത്ത് വന്നു, അപ്പോൾ ഞങ്ങൾ വിരിപ്പിൽ പ്രവേശിച്ചിരുന്നു, ഞങ്ങൾ എഴുന്നേൽക്കുവാൻ തുനിഞ്ഞപ്പോൾ നിങ്ങൾ അവിടെയിരിക്കുകയെന്ന് പ്രവാചകൻ(ﷺ) പറയുകയു ണ്ടായി: എന്നിട്ട് ഞങ്ങളുടെയടുത്ത്വന്ന് ഞങ്ങൾക്കിടയിൽ ഇരുന്നു, പ്രവാചകൻെറ കാലിൻെറ തണുപ്പ് എൻെറ വയറിൽ അനുഭവപ്പെടുമാറ് ഞങ്ങളുടെയടുത്ത് വന്ന് ഞങ്ങൾക്കിടയിൽ ഇരുന്നുകൊണ്ട് പറഞ്ഞു: ഞാൻ നി ങ്ങൾ ആവശ്യപ്പെട്ടതിനെക്കാളും ഉത്തമമായത് അറിയിച്ച് തരട്ടേയോ? നിങ്ങൾ നിങ്ങളുടെ വിരിപ്പിലേക്ക് പ്രവേശിച്ച് കഴിഞ്ഞാൽ 33 പ്രാവശ്യം سبحان الله യെന്നും, 33 പ്രാവശ്യം الحمد لله യെന്നും, 34 പ്രവാശ്യം الله أكبر എന്നും പറയുക, അതാണ് നിങ്ങൾക്ക് വേലക്കാരിയേക്കാളും ഉത്തമമായത്. (അലി(റ) പറയുന്നു: ഞാൻ ഇതിന് ശേഷം അത് ഒരിക്കലും ഉപേക്ഷിച്ചിട്ടില്ല, ചോദിക്കപ്പെട്ടു സിഫ്ഫീൻ യുദ്ധത്തിൻെറ രാത്രിയിൽ പോലും ഉപേക്ഷിച്ചിട്ടില്ലേ? പറയുകയുണ്ടായി: സിഫ്ഫീൻ യുദ്ധത്തിൻെറ രാത്രിയിൽ പോലും ഉപേക്ഷിച്ചിട്ടില്ല" (ബുഖാരി).

ഇവിടെ നാം ശ്രദ്ധിക്കുക: പ്രവാചകൻ(ﷺ) അലി(റ)നോട് പറഞ്ഞില്ല നിനക്ക് സേവനം ചെയ്യൽ അവൾക്ക് ബാധ്യതയില്ല, കാര്യം മറിച്ചാകുന്നുവെന്നും പറഞ്ഞില്ല. പ്രവാചകൻ(ﷺ) ആരെയും തൃപ്തിപ്പെടുത്തുവാൻ വേണ്ടി വിധി പ്രസ്താവിക്കുകയില്ല, ആരെങ്കിലും കൂടുതൽ ഈ കാര്യത്തിൽ മനസ്സിലാക്കുവാൻ ഉദ്ദേശിക്കുന്നുവെങ്കിൽ സാദുൽ മആദ് 4/45-46 പരിശോധിക്കട്ടെ)

മുകളിൽ വിവരിച്ചത് പ്രകാരം സ്ത്രീക്ക് ഭർത്താ വിനെ പരിചരിക്കൽ നിർബ്ബന്ധമാണെന്ന് നാം പറയുമ്പോൾ ഭർത്താവ് മേൽ വിവരിച്ചതിലെല്ലാം തന്നെ തൻെറ ഭാര്യയെ സഹായിക്കേണ്ടതില്ലെന്ന് വരുന്നില്ല. മറിച്ച് തനിക്ക് ഒഴിവുണ്ടാകുന്ന സമയങ്ങളിലെല്ലാം തന്നെ നിർവ്വഹിക്കേണ്ടതും, തൻെറ ഭാര്യയോട് നന്മയിൽ വർത്തിക്കുന്നതിൽപ്പെട്ടത് തന്നെയാണ്. ഇത്കൊണ്ടാണ് ആഇഷാ(റ)പറഞ്ഞത്:

( كَانَ النَّبِيُّ صَلَّى اللهُ عَلَيْهِ وَسَلَّمَ يَكُونُ فِي مِهْنَةِ أَهْلِهِ، يَعْنِي خِدْمَةَ أَهْلِهِ، فَإِذَا حَضَرَتِ الصَّلاَةُ خَرَجَ إِلَى الصَّلاَةِ)

"പ്രവാചകതിരുമേനി(ﷺ) തന്റെ വീട്ടുകാരോടൊപ്പം വീട്ടുജോലികളിൽ ഏർപ്പെട്ടിരുന്നു, നമസ്കാര സമയമാ യാൽ പള്ളിയിലേക്ക് പോകുകയും ചെയ്യുമായിരുന്നു" (ബുഖാരി, തിർമിദി (അദ്ദേഹം സ്വഹീഹാക്കീട്ടുണ്ട്) ഇബ്നു സഅദ് എന്നിവരും ഉദ്ദരിച്ചിട്ടുണ്ട്).
വേറെയൊരു റിപ്പോർട്ടിലൂടെ മറ്റുപദങ്ങളിൽ ശമാഇലുൽ മുഹമ്മദിയയിലും ഉദ്ദരിച്ചിട്ടുണ്ട്:

(كان بشرا من البشر، يفلي ثوبه، ويحلب شاته، ويخدم نفسه)

"പ്രവാചകൻ(ﷺ) മനുഷ്യരിൽപ്പെട്ടൊരു മനുഷ്യനാകുന്നു, തന്റെ വസ്ത്രം വൃത്തിയാക്കിയിരുന്നു, ആടിനെ കറന്നിരു ന്നു, സ്വയം തന്നെ സേവനം ചെയ്തിരുന്നു" (അഹ്മദ്, അബൂബക്കർ ശാഫിഈ എന്നിവർ ഉദ്ദരിച്ചത്, അൽബാനി തന്റെ സിൽസിലയിൽ 670-ാം നമ്പറായി സ്വഹീഹാ ക്കിയത്).

ഇത്രയും കാര്യങ്ങളാണ് "ദാമ്പത്ത്യജീവിതം തിരു സുന്നത്തിൽ" എന്ന കൃതിയിൽ നമുക്ക് ക്രോഡീകരിക്കു വാനുള്ളത്.

سبحانك اللهم وبحمدك ، أشهد أن لا إله إلا أنت ،

أستغفرك وأتوب إليك

# താളുകളിൽ


| | | |
|---|---|---|
| 1 | മുഖവുര | 4 |
| 2 | മൂന്നാം പതിപ്പിന്റെ മുഖവുര | 8 |
| 3 | രക്ഷിതാവിന്റെ നാമത്തിൽ | 12 |
| 4 | വീട്കൂടുമ്പോൾ ഭാര്യയോട് അനുകമ്പ കാണിക്കുക | 15 |
| 5 | ഭാര്യയുടെ തലയിൽ കൈ വെച്ച് കൊണ്ട് പ്രാർത്ഥിക്കുക | 17 |
| 6 | ദമ്പതികളുടെ ഒന്നിച്ചുള്ള നമസ്കാരം | 19 |
| 7 | സംയോഗം ചെയ്യുമ്പോഴുള്ള പ്രാർത്ഥന | 21 |
| 8 | ഭാര്യയെ സമീപിക്കേണ്ട രൂപം | 22 |
| 9 | ഗുദ മൈഥുനം നിഷിദ്ധം | 26 |
| 10 | രണ്ട് സംയോഗങ്ങൾക്കിടയിൽ വുളുവെടുക്കൽ | 31 |
| 11 | സംയോഗങ്ങൾക്കിടയിലുള്ള കുളി | 32 |
| 12 | ദമ്പതിമാരുടെ ഒന്നിച്ചുള്ള കുളി | 33 |
| 13 | വലിയ അശുദ്ധിയുള്ളവർ ഉറങ്ങുന്നതിന് മുമ്പ് വുളൂഅ് ചെയ്യൽ | 38 |
| 14 | ഈ വുളുവിന്റെ വിധി | 41 |
| 15 | വലിയ അശുദ്ധിയുള്ളവന് വുളുവിന് പകരം തയമ്മും ചെയ്യാം | 44 |
| 16 | കുളിക്കൽ ഏററവും ഉത്തമം | 45 |
| 17 | ഋതുമതികളെ സംയോഗം ചെയ്യൽ നിഷിദ്ധം | 46 |
| 18 | ഋതുമതിയെ സംയോഗം ചെ്യതാലുള്ള പ്രായ്ശ്ചിത്തം | 50 |
| 19 | ഋതുമതിയിൽ നിന്ന് അനുവദനീയമായ കാര്യങ്ങൾ | 51 |
| 20 | ആർത്തവകാരി ശുദ്ധിയായാൽ സമീപിക്കേണ്ടതെപ്പോൾ | 52 |
| 21 | അസ്ൽ അനുവദനീയം | 58 |
| 22 | അസ്ൽ ഉപേക്ഷിക്കൽ ഉത്തമം | 61 |
| 23 | വിവാഹം കൊണ്ടുള്ള ഉദ്ദേശം | 66 |
| 24 | വിവാഹദിനം ചെയ്യേണ്ട കാര്യങ്ങൾ | 68 |
| 25 | വീട്ടിൽ കുളിമുറി നിർബ്ബന്ന്ധം | 70 |
| 26 | കിടപ്പറരഹസ്യങ്ങൾ പരസ്യപ്പെടുത്തുന്നത് നിഷിദ്ധം | 73 |
| 27 | വിവാഹസദ്യ നിർബ്ബന്ധം | 75 |
| 28 | വിവാഹസദ്യയിൽ പ്രവാചക ചര്യ | 77 |
| 29 | മാംസം കൂടാതെയുള്ള വിവാഹസദ്യയും അനുവദനീയം | 82 |
| 30 | വിവാഹസദ്യ ഒരുക്കുവാൻ ധനികർക്ക് സഹായിക്കാം | 83 |
| 31 | ധനികരെ മാത്രം ക്ഷണിക്കൽ നിഷിദ്ധം | 85 |
| 32 | ക്ഷണം സ്വീകരിക്കൽ നിർബ്ബന്ധം | 86 |
| 33 | നോമ്പ്കാരനാണെങ്കിൽ പോലും ക്ഷണം സ്വീകരിക്കണം | 87 |
| 34 | ക്ഷണിച്ചവന്ന് വേണ്ടി നോമ്പ് ഉപേക്ഷിക്കൽ | 88 |
| 35 | സുന്നത്തായ നോമ്പ് വീട്ടേണ്ടതില്ല | 91 |
| 36 | നിഷിദ്ധമായ കാര്യങ്ങളുള്ള സദ്യകൾ ഉപേക്ഷിക്കുക | 95 |
| 37 | വിവാഹ സദ്യകളിൽ പങ്കെടുക്കുന്നവർക്ക് സുന്നത്തായ കാര്യങ്ങൾ | 99 |

| | | |
|---|---|---|
| 38 | (الرفاء والبنين)[22] എന്നത് ജാഹിലിയ്യാ അഭിവാദ്യം | 112 |
| 39 | ക്ഷണിക്കപ്പെട്ടവരെ പുതുമണവാട്ടിക്ക് സ്വാഗതം ചെയ്യാം | 114 |
| 40 | സംഗീതവും ദഫ്ഫ് മുട്ടലും | 117 |
| 41 | മതനിയമം ധിക്കരിക്കൽ നിഷിദ്ധം | 123 |
| 42 | സ്വർണ്ണ മോതിരവും, അത്പോലെയുള്ളവയും സ്ത്രീകൾക്ക് നിഷിദ്ധം | 149 |
| 43 | ഭാര്യമാരോട് നന്മയിൽ വർത്തിക്കൽ നിർബ്ബബ്ബന്ധം | 158 |
| 44 | ദമ്പതിമാർക്കുള്ള ഒസ്യത്ത് | 168 |
| 45 | ഭർത്താവിന് സേവനം ചെയ്യൽ ഭാര്യക്ക് നിർബ്ബന്ധം | 177 |